ആലോചിച്ചുവരികയാണ്. 130 രൂപവരെ ചിലവഴിക്കാവൂ എന്നുള്ളതും ഗവൺമെൻറ് പുനഃപരിശോധിച്ചുവരികയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട സീതിഹാജി പറഞ്ഞ ഒരു വശത്തോട് ഞാൻ യോജിക്കുന്നു. ഇതേപ്പറ്റി ഗവൺമെൻറ് ഒരു പുനരവലോകനം നടത്തുന്നതാണ്. ഗവൺമെൻറിന്റെ വികാരം ഇതുമാത്രമാണ്. ഫോറിൻ മണി ദുരുപയോഗപ്പെടുത്താൻ പാടില്ല, കുട്ടികളുടെ പേര് പറഞ്ഞുകൊണ്ട് മറ്റു നിലയിൽ ആ പണം ദുരുപയോഗപ്പെടുത്തുന്നവരുണ്ടെങ്കിൽ അതു നിയന്ത്രിക്കുക മാത്രമാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ഇത് പുനഃപരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാണ്.

IV. ധനകാര്യം

1986–87–സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറിന്റെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ—XXXVIII വ്യവസായങ്ങൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, വ്യവസായങ്ങൾ എന്ന 38-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു†

സഹകരണവകുപ്പുമന്ത്രി (ശ്രീമതി കെ. കമലം): ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,82,85,700 രൂപയിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,82,85,700 രൂപയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,82,85,700 രൂപയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

† അനുബന്ധം—V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: സർ, വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,82,85,700 രൂ. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പരമ്പരാഗത വ്യവസായങ്ങൾ പ്രത്യേകിച്ച് കയർ, കശുവണ്ടി, കൈത്തറി എന്നിവ പൂർണ്ണമായും സ്തംഭനത്തിലായതിനാൽ ഈ രംഗങ്ങളിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു എന്ന കാര്യവും വൻകിട വ്യവസായരംഗത്ത് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് സംസ്ഥാനത്തിന് അർഹമായ മുതൽ മുടക്കിക്കുന്ന സ്ഥിതിയിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു എന്ന കാര്യവും ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ: സർ, വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,82,85,700 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. പത്മനാഭൻ: സർ, വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,82,85,700 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

Shri T. P. Peethambaran Master: Sir, I move that the amount of Rs. 25,82,85,700 under Demand XXXVIII-Industries be reduced by Rs. 100.

(To discuss generally)

Smt. Rachel Sunny Panavelil: Sir, I move that the amount of Rs. 25,82,85,700 under Demand XXXVIII-Industries be reduced by Rs. 100.

(To discuss generally)

Shri A. K. Sasheendran: Sir, I move that the amount of Rs. 25,82,85,700 under Demand XXXVIII-Industries be reduced by Rs. 100.

(To discuss generally)

Shri P. Vijayadas: Sir, I move that the amount of Rs. 25,82,85,700 under Demand XXXVIII-Industries be reduced by Rs. 100.

(To discuss generally)

Shri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 25,82,85,700 under Demand XXXVIII-Industries be reduced by Rs. 100.

(To discuss the Anti-labour policy of the Government resulting in the destruction of traditional and public sector Industries)

LIBRARY ARCHIVES Kerala Legislative Assembly

Shri T. K. Abdu: Sir, I move that the amount of Rs. 25,82,85,700 under Demand XXXVIII- Industries be reduced by Rs. 100.

(To di cuss in general)

Shri K. Moossakutty: Sir, I move that the amount of Rs. 25,82,85,700 under Demand XXXVIII-Industries be reduced by Rs. 100.

(To discuss in general)

Dr. A. Subba Rao: Sir, I move that the amount of Rs. 25,82,85,700 under Demand XXXVIII Industries be reduced by Rs. 100.

(To discuss about the failure of the Government to take steps to develop the backward District of Kasaragod by setting up public sector Industries there)

ശ്രീ. ടി. കെ. അബ്ദു: സർ, വ്യവസായ വകുപ്പിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. നമ്മുടെ വ്യവസായ വകുപ്പുമന്ത്രി വർഷങ്ങളായി കൈകാര്യം ചെയ്തുവരുന്ന ഈ രംഗമാകെയൊന്നു പരിശോധിച്ചാൽ ചില പ്രഖ്യാപനങ്ങൾ മാത്രമാണ് ഈ രംഗത്ത് അവശേഷിക്കുന്നത്. താലൂക്കുതോറും ഒരു കോടി രൂപ വീതം മുതൽമുടക്കുള്ള പുതിയ വ്യവസായങ്ങൾ തുടങ്ങുമെന്ന് മന്ത്രിയുടെ ഒരു പ്രഖ്യാപനമുണ്ടായിരുന്നു. അങ്ങനെ ഏതെങ്കിലും താലൂക്കിൽ എവിടെയെങ്കിലും പുതുതായി ഈ നാലുവർഷത്തിനുള്ളിൽ വ്യവസായങ്ങൾ തുടങ്ങിയിട്ടുണ്ടോ? അങ്ങനെ പ്രഖ്യാപനം നടത്തുമ്പോൾ നമ്മുടെ രാജ്യത്ത് നിലവിലുണ്ടായിരുന്ന വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം തകർച്ചയിൽനിന്ന് ആ വ്യവസായത്തെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് മന്ത്രി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? ആലുവ പ്രധാനപ്പെട്ട ഒരു വ്യവസായമേഖലയാണ്, ആലുവ വ്യവസായ മേഖലയിലെ വളരെ പഴക്കമുള്ള ഒരു വ്യവസായമാണ് ഒറ്റയ്ൽ ഗ്ലാസ് ഫാക്ടറി. ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു ആധുനിക രീതിയിൽ വ്യവസായങ്ങൾ പുതുതായി ആരംഭിക്കുന്നതുകൊണ്ട് പഴയ വ്യവസായങ്ങളെ രക്ഷിക്കാൻ കഴിയുകയില്ലായെന്ന്. ആലുവായിലെ ഒറ്റയ്ൽ ഗ്ലാസ് ഫാക്ടറിയെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ പല വർഷങ്ങളായി പലരും ആ വ്യവസായത്തിലുള്ള തൊഴിലാളി കുടുംബങ്ങളെ രക്ഷിക്കുന്നതിനെ സംബന്ധിച്ച് വളരെ ശക്തിയായി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പത്തിരുപത്തഞ്ച് കൊല്ലം മുമ്പ് അതായത് ഈ വ്യവസായം ആരംഭിച്ച കാലംതൊട്ടുതന്നെ ആ വ്യവസായത്തിൽ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക് ശമ്പളമില്ല, മറ്റു യാതൊരു വേതനവുമില്ല. ഇന്ന് അവരെല്ലാം പുറന്തള്ളപ്പെട്ടു, പലരും മരിച്ചു, പലരും ആത്മഹത്യ ചെയ്തു. ആ സ്ഥാപനം പിടിച്ചെടുക്കുന്നതിനുവേണ്ടി തൊഴിലാളികൾ കക്ഷിവ്യത്യാസം കൂടാതെ നടത്തിയ അവരുടെ എല്ലാ പ്രവർത്തനങ്ങളേയും അടിച്ചുതകർക്കുകയാണ് ചെയ്തത്, ആ വ്യവസായം ഇന്ന് ആ നിലയിൽത്തന്നെ കിടക്കുകയാണ്. കോടിക്കണക്കിന് രൂപ താലൂക്കുതോറും മുടക്കി പുതിയവ്യവസായങ്ങൾ ആരംഭിക്കുമെന്ന് പറയുമ്പോൾ എന്തുകൊണ്ട് പഴയ വ്യവസായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പുനഃസംഘടിപ്പിക്കാൻ ഗവൺമെൻറ് തയ്യാറാകുന്നില്ല? ഇന്നലെ അസംബ്ലിയിൽ സംസാരിച്ചപ്പോൾ ബാബു കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അവർക്ക് ആവശ്യമായ അസംസ്കൃത വിഭവങ്ങൾ ഗവൺമെൻറ് സൗജന്യമായി കൊടുക്കുന്നുവെന്നാണ് പറഞ്ഞത്, ഇന്ന് അതിൻറെ സ്ഥിതി എന്താണ്, സർ. ഈ രാജ്യത്തെ പാവപ്പെട്ട ആളുകളായ ഹരിജനങ്ങളും ഗിരിജനങ്ങളുമെല്ലാം ഈറയും മുളയും വാങ്ങി കൊട്ടയും വട്ടിയും മാറ്റു ഉപകരണങ്ങളുമെല്ലാമുണ്ടാക്കി മാർക്കറ്റിൽ വിറ്റ് ജീവിക്കുന്നവരാണ്. അവർ ഏറ്റവും പാവപ്പെട്ട ആളുകളാണ്. ഗവൺമെൻറിൽനിന്ന് കോർപ്പറേഷൻ വിഭവങ്ങൾ സൗജന്യമായി കൊടുക്കുമെന്ന് മന്ത്രി പറഞ്ഞു. ആ കൊടുക്കുന്ന വിഭവങ്ങൾ പുറം മാർക്കറ്റിൽ വിൽക്കുന്ന വിലയെക്കാൾ കൂടുതൽ വിലയ്ക്കാണ് ഇന്ന് കോർപ്പറേഷൻ ഈ പാവപ്പെട്ട തൊഴിലാളികൾക്ക് കൊടുക്കുന്നത്. ഈ പാവപ്പെട്ട ആളുകളെ രക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും ഒരു നടപടി സ്വീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറായിട്ടുണ്ടോ? ഇന്ന് അങ്കമാലിക്കടുത്ത് ബാബു കോർപ്പറേഷൻറെ ചില പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അവിടെ കോൺഗ്രസിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലുംപെട്ട ഐ. എൻ. ടി. യു. സി., എ ഐ. ടി. യു. സി. വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികളും പണിയെടുക്കുന്നുണ്ട്. എന്നിട്ടും അവിടത്തെ ഉൽപ്പാദനം വളരെ മോശമാണ്. അങ്ങനെ നടത്തുന്ന ഒരു സ്ഥാപനത്തിൽ പുതുതായി ജീവനക്കാരെ നിയമിക്കുന്നത് ശരിയല്ലായെന്ന് അവർ ഒറ്റക്കെട്ടായി പറഞ്ഞതിനുശേഷവും എത്ര ജീവനക്കാരെയാണ് പതിനായിരവും പതിനയ്യായിരവും രൂപ കൈക്കൂലി വാങ്ങിച്ച് അതിൻറെ നടത്തിപ്പുകാർ പുതുതായി നിയമിച്ചിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ച് മന്ത്രി ഒന്നന്വേഷിക്കാൻ തയ്യാറാകുമോ? ഒരൊറ്റ ജീവനക്കാരെയും അവിടെ എടുക്കാൻ പാടില്ലെന്ന് മുഴുവൻ തൊഴിലാളികളും ഒറ്റക്കെട്ടായി ആവശ്യപ്പെട്ടിട്ടും ആ കോർപ്പറേഷൻ ഭരിക്കുന്നവർ ഭരണത്തിൽ സ്വാധീനം ഉപയോഗിച്ചുകൊണ്ട് പതിനായിരവും പതിനയ്യായിരവും രൂപക്ക് ലേലം വിളിച്ച് എത്രയാളുകളെയാണ് അവിടെ നിയമിച്ചത്? ശ്രീ. പി. പി. തങ്കച്ചൻ അറിയാവുന്ന ഒരു കേസ് സൂചിപ്പിച്ചു. അങ്ങേക്ക് ഇത് നിഷേധിക്കാൻ സാധിക്കുമോ?

ശ്രീ. പി. പി. തങ്കച്ചൻ: സർ, അങ്ങനെ എടുത്തിട്ടുള്ള ജീവനക്കാരിൽ നല്ലൊരു പങ്കും താങ്കളുടെ പാർട്ടിയിൽപ്പെട്ട ആളുകളാണെന്നറിയാമോ?

ശ്രീ. ടി. കെ. അബ്ദു: സർ, എനിക്കറിയാം തൊഴിലാളികളാണത്. ഇപ്പുറത്തിരിക്കുന്നവരുടേയും അപ്പുറത്തിരിക്കുന്നവരുടേയും വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ പുതുതായി ജീവനക്കാരെ എടുക്കുന്നതിനെ സംബന്ധിച്ച് ശക്തിയായി പ്രതിഷേധിച്ചിട്ടുണ്ട്. അപ്പോൾ എൻറെ പാർട്ടിയിൽപ്പെട്ട ആളുകളാണോ അത് ഭരിക്കുന്നത്? ഭരിക്കുന്നതിന് ഭരണത്തിൽ സ്വാധീനമുള്ള കുറെ ആളുകളെ തിരുകിക്കയറ്റി പതിനായിരവും, പതിനയ്യായിരവും രൂപ വാങ്ങിക്കുന്നത് ശരിയാണോ? അതിനെ സംബന്ധിച്ച് ഒന്നന്വേഷിക്കാൻ തയ്യാറാകുമോ? ശ്രീ: പി. പി. തങ്കച്ചനേയും കൂട്ടിയിട്ട് ഒരു കമ്മിറ്റി വച്ച് അതൊന്നന്വേഷിപ്പിക്കണമെന്നാണ് എനിക്ക് അക്കാര്യത്തിൽ പറയാനുള്ളത്.

മറ്റൊരു സംഗതി ആലുവായിലെ പ്രധാനപ്പെട്ട വ്യവസായമാണ് എഫ്. എ. സി. റ്റി. ആ എഫ്. എ. സി. റ്റി. യിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് ഏഴെട്ട് ചെറിയ കമ്പനികൾ

LIBRARY ARCHIVES Kerala Legislative Assembly

അവിടെ പ്രവർത്തിക്കുന്നുണ്ട്. കറൻറിന്റെ ക്ഷാമം മൂലം എഫ്. എ. സി. റി. യുടെ ഉൽപ്പാദനം വളരെ കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ വിദേശത്തുനിന്നും വള ഇറക്കുമതി ചെയ്യുകയാണ്. അതുകൊണ്ട് എഫ്. എ. സി. റി. ക്ക് പവർക്കട്ട് കൂടാതെ കറൻറ് സപ്ലൈ ചെയ്യുന്നതിനുള്ള നടപടി വ്യവസായ വകുപ്പുമന്ത്രി മുൻകൈയെടുത്തു ചെയ്യണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): എഫ്. എ. സി. റി. യിൽ നൂറു ശതമാനം ലേ-ഓഫും പിൻവലിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അവിടെ കറൻറു കിട്ടുന്നുണ്ട്.

ശ്രീ. ടി. കെ. അബ്ദു: സർ, എഫ്. എ. സി. റി. ക്ക് 100 ശതമാനം കറൻറ് സപ്ലൈ ചെയ്യുന്നപക്ഷം മറ്റു ചെറിയ ചെറിയ കമ്പനികൾക്ക് കറൻറു നൽകിയില്ലെങ്കിലും ശരി അവർ ജനറേറർ ഇതിന്റെ റെപ്രസന്റേഷനുവേണ്ടി ഉപയോഗപ്പെടുത്തി. അതിന്റെ കുറവുകൾ പരിഹരിക്കാൻ അവർ തയ്യാറാണെന്ന് മന്ത്രിയെ അറിയിക്കുന്നതിന് ഒരു നിവേദകസംഘംതന്നെ ഇന്നിവിടെയുണ്ട്. അവരെ അങ്ങനെ സഹായിക്കുന്നപക്ഷം ഈ വ്യവസായ മേഖലയിലുള്ള മറ്റു ചെറിയ ചെറിയ വ്യവസായങ്ങളെ പ്രവർത്തിപ്പിക്കാൻ കഴിയും. അതിനുവേണ്ടി മന്ത്രി മുൻകൈയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പാരമ്പര്യേതര വ്യവസായത്തെ സംബന്ധിച്ച് പറയുമ്പോൾ മന്ത്രി പല ചോദ്യങ്ങൾക്കും മറുപടി പറഞ്ഞ കൂട്ടത്തിൽ കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്ത് സംഭരിച്ച ഏതാണ്ട് 18 കോടി തൊണ്ട് ഒരു വലിയ റിക്കാർഡാണെന്ന് പറയുകയുണ്ടായി. 'ഒരു 80—100 കോടി തൊണ്ട് സംഭരിച്ചാൽ മാത്രമേ ആ വ്യവസായരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്കെല്ലാം തൊഴിൽ ചെയ്യാൻ കഴിയുകയുള്ളുവെന്ന് കയർ വ്യവസായത്തെ സംബന്ധിച്ചറിയാവുന്നവർക്കെല്ലാം അറിയാവുന്ന ഒരു കാര്യമാണ്. ഇവിടെ റിക്കാർഡായി സംഭരിച്ചുവെന്നുപറയുന്നത് 18 കോടി തൊണ്ടാണ്. 18 കോടി തൊണ്ടേ ഇതുവരെ സംഭരിച്ചിട്ടുള്ളു. 80—100 കോടി തൊണ്ട് സംഭരിക്കേണ്ടിയിരുന്ന സ്ഥാനത്ത് അതിൽനിന്ന് ഒഴിഞ്ഞുമാറിക്കൊണ്ട് തൊണ്ടുസംഭരണസംവിധാനം തന്നെ ഇല്ലായ്മചെയ്തുകൊണ്ട്, കുത്തകസംഭരണം എന്നുള്ളത് ഇല്ലായ്മചെയ്തുകൊണ്ട് ലെവിസമ്പ്രദായം നടപ്പിലാക്കുകയെന്നതാണ് ഗവൺമെൻറിന്റെ നയം. അങ്ങനെ ലെവിസമ്പ്രദായം നടപ്പിലാക്കുന്നതുകൊണ്ട് ആർക്കാണ് ഗുണം കിട്ടുന്നത്? തൊണ്ടു രാജാക്കൻമാർക്കാണ് ഗുണം കിട്ടുന്നത്. അവർക്ക് കോടിക്കണക്കിന് തൊണ്ടു സംഭരിച്ച് ഈ രാജ്യത്ത് കരിഞ്ചന്തയിൽ വിൽക്കുന്നതിനുള്ള സൗകര്യങ്ങൾക്ക് കൂട്ടുനിൽക്കുന്നുവെന്ന് പറയുമ്പോൾ അതിൽ പരിഭവിച്ചിട്ട് കാര്യമൊന്നുമില്ല. കുത്തകസമ്പ്രദായം ഈ രാജ്യത്ത് കർശനമായി നടപ്പിലാക്കുന്നതിൽക്കൂടിയല്ലാതെ കയർ വ്യവസായത്തെരക്ഷിക്കാൻ കഴിയുകയില്ല. ആ വ്യവസായത്തെപ്പറ്റി കൂടുതൽ പഠിച്ചിട്ടുള്ള, നമ്മുടെ സാമ്പത്തികകാര്യം കൈകാര്യം ചെയ്യുന്ന ഇന്നത്തെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കയർ വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ ടാക്സുകളും പിൻവലിക്കുന്നതാണെന്ന ഒരു പ്രഖ്യാപനം ഇവിടെ നടത്തിയിട്ടുണ്ട്. കയർ വ്യവസായത്തിന് സെയിൽടാക്സ് ഉപേക്ഷിക്കപ്പെടുമെന്നുള്ളത് നല്ല കാര്യംതന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ മന്ത്രി ഒരുകോടിരൂപ താലൂക്കുതോറും ചെലവുചെയ്തു വ്യവസായത്തെ രക്ഷിക്കുമെന്നുപറഞ്ഞതുപോലെയായിരിക്കരുത് നമ്മുടെ ധനകാര്യവകുപ്പുമന്ത്രിയുടെ പ്രഖ്യാപനമെന്നാണെന്റെ അഭ്യർത്ഥന. നടപ്പിലാക്കുമെന്ന് പറഞ്ഞകാര്യം ഉടനെ നടപ്പിലാക്കണം. നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ പതിനഞ്ചോ പതിനെട്ടോ ശതമാനം മാത്രമാണ് വിദേശ മാർക്കറ്റിൽ വിറ്റഴിക്കാൻ കഴിയുന്നത്. ബാക്കിയെല്ലാം ഇൻഡ്യയിൽത്തന്നെയാണ് വിറ്റഴിക്കുന്നത്. വിദേശ മാർക്കറ്റിൽ കയർ വിറ്റഴിക്കുന്നതിനുള്ള ഉപാധികൾ കണ്ടെത്തുന്നതിൽക്കൂടിയല്ലാതെ ഈ വ്യവസായത്തെ രക്ഷിക്കാൻ കഴിയുകയില്ല. അതിനുവേണ്ടുന്ന എല്ലാ നടപടികളും ആ രംഗത്ത് ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്.

അതുപോലെതന്നെയാണ് കൈത്തറിമേഖല. കൈത്തറിമേഖലയെ സംബന്ധിച്ച് പറയുമ്പോൾ ഇന്ന് ഏതാണ്ട് നാലഞ്ചുകോടിരൂപ റിബേറ്റിനത്തിൽ കുടിശ്ശിക ഉണ്ട്. പണ്ട് 8 കോടിയും 10 കോടിയും രൂപ ഈയിനത്തിലുണ്ടായിരുന്നു. ഈയടുത്തകാലത്തായി ഞാൻ ശ്രദ്ധിക്കുന്നതുകൊണ്ടാണ് കുടിശ്ശിക ഇങ്ങനെ കുറഞ്ഞുവരുന്നതെന്നെല്ലാം മന്ത്രി പറയുന്നുണ്ട്. നാലഞ്ചുകോടി രൂപ സ്ഥിരമായി കുടിശ്ശിക വരുമ്പോൾ നെയ്യുന്നതുണിമുഴുവൻ അവിടെ കെട്ടിക്കിടക്കുന്ന സന്ദർഭത്തിൽ എങ്ങനെങ്കിലും ബാങ്കിൽനിന്നോ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നോ സൊസൈറ്റികൾ പണം കടം വാങ്ങും. അങ്ങനെ പണം കടം വാങ്ങുമ്പോൾ ആ പണത്തിന് ഭാരിച്ച പലിശ കൊടുക്കേണ്ടതായി വരും. അങ്ങനെ ഭാരിച്ച പലിശകൊടുക്കുന്നതുകൊണ്ട് നെയ്ത്തുതൊഴിലാളികൾ ദിവസമുഴുവൻ എത്ര തന്നെ നെയ്താലും അവർക്ക് ജീവിക്കാനുള്ള കൂലി അതിൽ നിന്നുണ്ടാക്കാൻ കഴിയുകയില്ല. പട്ടിണികിടന്ന് കഷ്ടപ്പെട്ട് ജോലി ചെയ്തുണ്ടാക്കുന്നമുണ്ട് റിബേറ്റടിസ്ഥാനത്തിൽ വിൽക്കുകയും അത് മാറ് സംഘങ്ങൾക്ക് കൊടുക്കുകയും ചെയ്തതിനുശേഷം അവർ കടം വാങ്ങിയ പണത്തിന് പലിശ കൊടുക്കുകയെന്നുള്ള ആ സമ്പ്രദായം ഇല്ലായ്മചെയ്യുന്നതിനുവേണ്ടി മന്ത്രി മുൻകൈയെടുത്ത് പ്രവർത്തിക്കണം. അഥവാ അവർക്ക് ബാങ്കിന് പലിശ കൊടുക്കേണ്ടതായി വന്നാൽ ആ പലിശയുടെ വിഹിതം അവർക്ക് റിബേറ്റായി വ്യവസായ വകുപ്പ് കൊടുക്കണം. അല്ലെങ്കിൽ അവർ ഉപയോഗിക്കാത്ത പണത്തിന് തൊഴിലാളികൾ പലിശകൊടുത്ത് ആ സംഘം മുടിക്കുകയെന്നുള്ള ഒരു സമ്പ്രദായമുണ്ടാകും. നഷ്ടം പരിഹരിക്കുന്നതിനുള്ള ധനസഹായം സംഘങ്ങൾക്ക് ഗവൺമെന്റ് കൊടുക്കണം. പണംകൊടുക്കാത്തതുകൊണ്ട് റിബേറ്റ് കുടിശ്ശിക വരുന്നു. നാലു കോടിരൂപ റിബേറ്റ് കുടിശ്ശിക വന്നുകഴിഞ്ഞാൽ ആ കുടിശ്ശിക നിലനിറുത്തുന്നതിനുവേണ്ടി ബാങ്കുകളെ സമീപിച്ച് അവർ പണം എടുത്താൽ ആ പണത്തിന് അവർ പലിശ കൊടുക്കേണ്ടതായി വരുന്നു. ആ സ്ഥിതിക്ക് ഗവൺമെന്റ്, സംഘങ്ങൾക്ക് പലിശ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം.

അതുപോലെതന്നെ ഈ വ്യവസായത്തെ രക്ഷിക്കാൻ കഴിയണമെങ്കിൽ നൂൽ, ചായം, മറ് രാസവസ്തുക്കൾ ഇതിനെല്ലാം സ്ഥിരമായ വില നിലനിറുത്തിക്കൊണ്ട് അവർക്ക് അത് സപ്ലൈ ചെയ്യാനുള്ള സൗകര്യമുണ്ടാക്കണം. പണിയില്ലാത്ത ഒരുപാട് സംഘങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്, റിബേറ് തട്ടിപ്പ് നടത്തുന്ന അത്തരം സംഘങ്ങളെ കണ്ടു പിടിച്ച് അതിന്റെ പേരിൽ കർശനമായ നടപടി സ്വീകരിക്കണം. ആരുതന്നെ അതിന്റെ പിന്നിൽ പ്രവർത്തിച്ചാലും ശരി കുളളസംഘങ്ങൾ ഈ രാജ്യത്ത് പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ ഒരിക്കലും ഉണ്ടാകാൻ പാടില്ല. ഈ രീതിയിൽ കൈത്തറി തൊഴിലാളികളെ രക്ഷിക്കണം. കൈത്തറി തൊഴിലാളികളെ സംബന്ധിച്ചും കയർ തൊഴിലാളികളെ സംബന്ധിച്ചും അന്നന്ന് ജോലി ചെയ്താൽ അന്നന്ന് ജീവിക്കാം. ജോലിയില്ലെങ്കിൽ അവർ പട്ടിണിയിലാണ്. അങ്ങനെ പട്ടിണിമൂലം കഷ്ടപ്പെടുന്ന ആ തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി അവർക്ക് വാർദ്ധക്യകാലപെൻഷനോ മറ്റ് സൗകര്യങ്ങളോ ഉണ്ടാക്കിക്കൊടുക്കുവാൻ പരമാവധി ഗവൺമെന്റ് സഹകരിക്കുകയും സഹായിക്കുകയും ചെയ്യണം. അവരുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് അലവൻസ് കൊടുക്കണം. റാട്ടും അതുപോലെതന്നെ നെയ്യുന്ന ഉപകരണങ്ങളുമെല്ലാം വാങ്ങുന്നതിന് ഉപകരണ അലവൻസ് ഗവൺമെന്റിൽ നിന്ന് കൊടുക്കുകയും അവരുടെ ആരോഗ്യം നിലനിറുത്തുകയും ചെയ്യണം. മറ്റ് രംഗങ്ങളിൽ പാവപ്പെട്ട തൊഴിലാളികൾക്ക് നൽകുന്ന സൗജന്യങ്ങളോ അല്ലെങ്കിൽ പെൻഷൻ പദ്ധതിയോ നൽകണം. അവരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനുമാവശ്യമായ എന്തെങ്കിലും സംവിധാനം ഉണ്ടാകണം. വ്യവസായരംഗം കൈകാര്യം ചെയ്യുന്ന മന്ത്രി ഇതൊരു മാനുഷികപ്രശ്നമെന്നുള്ള നിലയിൽ കണക്കിലെടുത്തുകൊണ്ട് അവരെ സഹായിക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പന്തളം സുധാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പ്രശ്നങ്ങളും പ്രതിസന്ധികളും മൂലം എന്നും ശപിക്കപ്പെട്ട ഒരു മേഖലയായിരുന്ന കേരളത്തിലെ വ്യാവസായികരംഗത്തെ ഊർജ്ജസ്വലതയുടേയും പുരോഗതിയുടേയും അദ്ഭുതലോകത്തേക്ക് കരകയറിയ അസൂയാവഹമായ നേട്ടമാണ് നമ്മുടെ ബഹുമാന്യനായ വ്യവസായ വകുപ്പു മന്ത്രി ഇ. അഹമ്മദ് കേരളത്തിലെ വ്യവസായരംഗത്തിന് സംഭാവന ചെയ്തിട്ടുള്ളത്. അതിന് അദ്ദേഹത്തെ ഞാൻ അനുമോദിക്കുകയാണ്. ബദൽ രേഖ അവതരിപ്പിച്ചതിനാൽ മാർക്സിസ്റ്റു പാർട്ടിയിൽനിന്നും ശ്രീ. എം. വി. രാഘവൻ പുറത്തായി. ഇപ്പോഴും ബദൽ അവിശ്വാസപ്രമേയം അവതരിപ്പിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇ. കെ നായനാരും കൂട്ടരും നിയമസഭയ്ക്കകത്തുനിന്നും പുറത്താകാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ വ്യവസായത്തകർച്ചയുടെ ദുർഘടപ്രതിസന്ധിയിൽ, വളരെ അഭിമാനത്തോടുകൂടിയാണ് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നത്. അപ്പുറത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആവേശം കൊള്ളേണ്ട. ശ്രീ. കോടിയേരി ബാലകൃഷ്ണനും അതുപോലെയുള്ള മാർക്സിസ്റ്റു പാർട്ടിയുടെ പല പാർട്ടി സഖാക്കളും ഇന്ന് പണിമുടക്കിലാണ്. പണി മുടക്കിയ പല മാർക്സിസ്റ്റു സഖാക്കൾക്കും ഷോകാസ് നോട്ടീസ് കൊടുത്തിരിക്കുകയാണ്. ശങ്കരസ്തവം ജപിക്കാത്ത മാർക്സിസ്റ്റു സഖാക്കളെ മുഴുവൻ പുറത്താക്കാനുള്ള ശ്രമത്തിലാണ് മാർക്സിസ്റ്റു പാർട്ടിയിലെ നേതാക്കൾ.

കോടിയേരി ബാലകൃഷ്ണനുവേണ്ടി ഞാൻ ഈ ശങ്കരസ്തവം ഒന്ന് പറയാം. 'അച്യുതാനന്ദായ നമഃ, ഗൗരീശങ്കരായ നമഃ, ബാലാനന്ദായ നമഃ' ഈ ശങ്കരസ്തവം ജപിക്കാത്ത ഒറ്റ പാർട്ടി സഖാക്കളേയും പാർട്ടിയിൽ വച്ചു

LIBRARY ARCHIVES Kerala Legislative Assembly

പൊറുപ്പിക്കുകയില്ലെന്നാണ് ഇപ്പോൾ അവരുടെ അച്യുതാനന്ദായ പ്രഭൃതികൾ പറഞ്ഞിരിക്കുന്നത്. 1980-ൽ മാർക്സിസ്റ്റു പാർട്ടി കേരളം ഭരിച്ചിരുന്ന കാലഘട്ടത്തിൽ, കേരളത്തിലെ അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ പേരിൽ, ആവേശം കൊള്ളുന്ന ശ്രീ. ബാലകൃഷ്ണൻ ഉൾപ്പെടെയുള്ളവരുടെ നേതാവ് സഖാവ് ഇ. കെ. നായനാരുടെ നേതൃത്വത്തിൽ ഇവിടെ ഗവൺമെന്റ് ഉണ്ടായിരുന്ന കാലത്ത് ഇവിടെ 100 കണക്കിന് വ്യവസായസ്ഥാപനങ്ങൾ പൂട്ടിയിട്ടിരുന്നു. അന്ന് ഒരു വ്യവസായസ്ഥാപനം പോലും തുറന്ന് പ്രവർത്തിപ്പിക്കാനോ പട്ടിണിയും ദാരിദ്ര്യവും അനുഭവിച്ചിരുന്ന പാവപ്പെട്ട തൊഴിലാളികളെ രക്ഷിക്കാനോ അവരുടെ ദാരിദ്ര്യം മാറുന്നതിനുള്ള നടപടിയെടുക്കാനോ ഒരു ചെറുവിരൽപോലും അനക്കാൻ കഴിയാത്ത ശ്രീ. നായനാരും കൂട്ടരുമാണ് ഇപ്പോൾ ബഹുമാന്യനായ ശ്രീ. ഇ. അഹമ്മദിനേയും വ്യവസായ വകുപ്പിനേയും കുറ്റപ്പെടുത്തുന്നത്. ഞങ്ങൾക്ക് അതിൽ യാതൊരു പരിഭവവും ഇല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കരുണാകരന്റെ കാലുപിടിച്ച് ഇവിടെ വന്ന ഒരു മെമ്പർ, മാർക്സിസ്റ്റ് പാർട്ടിയിലെ അംഗങ്ങളെക്കുറിച്ച് ഇപ്രകാരം പറയുന്നത് ഓർഡറിലാണോ?

ശ്രീ. പന്തളം സുധാകരൻ: സർ, എന്റെ ബഹുമാന്യനായ സഹപ്രവർത്തകൻ ശ്രീ. പി. പി. തങ്കച്ചൻ, ഈ സഭ ആരംഭിച്ച അന്നുമുതൽ നിരന്തരമായി സബ്മിഷനോ അതല്ലെങ്കിൽ ഒരു കാളിംഗ് അറ്റൻഷനോ മുഖാന്തിരം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നത് പെരുമ്പാവൂർ റയോൺസിനെ സംബന്ധിച്ചുള്ളതായിരുന്നു. എന്നാൽ കഴിഞ്ഞ ആഴ്ചയിൽ 1800-ലധികം തൊഴിലാളികളെ ജോലിചെയ്യുന്ന ആ പെരുമ്പാവൂർ റയോൺസ് തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള ധീരമായ നടപടിക്ക് ഈ വ്യവസായവകുപ്പും അതുപോലെതന്നെ ഈ ഗവൺമെന്റുമെല്ലാം നേതൃത്വം കൊടുത്തിരിക്കുകയാണ്. ഏതാണ്ട് 18 കോടിയിലധികം രൂപ പുറത്തുള്ള ഏജൻസികളിൽനിന്ന് കടം വാങ്ങിക്കൊണ്ടാണ് അവിടത്തെ തൊഴിലാളികളെ ദാരിദ്ര്യത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി ആ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള നിരവധി ധീരമായ നേട്ടങ്ങൾ... പള്ളുരുത്തിയിലെ ...(ബഹളം).... നായനാർ ഗവൺമെന്റ് ഏറെടുത്തുവെന്ന് പറയുന്ന ബിന്നി കമ്പനി, ആ ബിന്നി കമ്പനി ഏറെടുത്തുവെന്ന് പറഞ്ഞിട്ട് അതിന്റെ ഒരു ജന്നൽ പോലും തുറക്കാൻ കഴിയാത്ത അന്നത്തെ ഗവൺമെന്റിന്റെ നേതാക്കൻമാർ ഇന്ന് പ്രതിപക്ഷത്തു വന്നിരുന്നുകൊണ്ട്, ധീരമായ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വ്യവസായ വകുപ്പിനെ പല്ലിളിച്ചുകാണിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു അദ്ഭുതവും ഇല്ല.

സർ, എനിക്ക് ബഹുമാന്യനായ വ്യവസായ മന്ത്രിയോട് പറയുവാനുള്ളത്, ഏതാണ്ട് 25 ലക്ഷത്തോളം അഭ്യസ്തവിദ്യരായ ആളുകൾ തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന ഒരു സ്ഥാനത്ത് അതിനനുസരിച്ചുള്ള വ്യാവസായിക വളർച്ച ഉണ്ടായിട്ടില്ലെന്നാണ്. കാരണം പൂർണ്ണമായും ഈ അഭ്യസ്തവിദ്യരെ എല്ലാപേരേയും ഉൾക്കൊള്ളുവാൻ കഴിയുകയില്ല. അതിനുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നിരവധി സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. അത് നടപ്പിലാക്കുമ്പോൾ അതിന്റെ ഫയലുകളുടെ ചുവപ്പുനാടകളുടെ നൂലാമാലകൾ ഉണ്ടാകാതിരിക്കുവാൻ വേണ്ടി അത് വേഗത്തിൽ നടപ്പിലാക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുവാൻ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് എനിക്ക് അപേക്ഷിക്കുവാനുള്ളത്. തൊഴിലാളികളും തൊഴിലു

LIBRARY ARCHIVES Kerala Legislative Assembly

ടമകളും തമ്മിലുള്ള വ്യക്തമായ ധാരണയും, അതുപോലെതന്നെ വൈദ്യുതി, ഗതാഗതം, ഇവയെല്ലാം കൂടി ഇന്ന് കേരളത്തിൽ നല്ല വ്യാവസായികാന്തരീക്ഷം ഉണ്ടാക്കിയിരിക്കുകയാണ്. കേരളംപോലെ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് വൻകിട വ്യവസായങ്ങളേക്കാൾ എന്റെ അഭിപ്രായത്തിൽ ഏറ്റവും കൂടുതൽ പ്രയോജനം ചെയ്യുന്നത് ചെറുകിട വ്യവസായങ്ങളാണ്. കാരണം, ആ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനു വേണ്ട പണം മുടക്കാൻ പലരും തയ്യാറാകാതിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും തികച്ചും വിഭിന്നമായി കൂടുതൽ കൂടുതൽ ആളുകൾ മൂലധനം സ്വരൂപിച്ചുകൊണ്ട് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ മുമ്പോട്ട് വന്നിട്ടുണ്ട്. പക്ഷേ ഈ ഇൻവെസ്റ്റ്മെന്റ് സബ്സിഡി എന്നു പറയുമ്പോൾ പ്രോത്സാഹനപരമായ ഒരു കാര്യത്തിനാണെങ്കിൽപോലും, പലപ്പോഴും ഈ ഇൻവെസ്റ്റുമെന്റ് സബ്സിഡി നൽകുന്നത് പല ഉദ്യോഗസ്ഥൻമാരും യാതൊരു വിധമായ മാനദണ്ഡങ്ങളും നോക്കാതെയാണ്. അതുപോലെതന്നെ ഇൻഡസ്ട്രിയൽ ഇൻവെസ്റ്റുമെന്റ് സബ്സിഡി എന്ന പേരിൽ വാങ്ങുന്ന പണം അതല്ലെങ്കിൽ ഗവൺമെന്റിന്റെ ലോൺ, ചെറുകിട വ്യവസായത്തിനുതന്നെയാണോ വിനിയോഗിക്കുന്നത് എന്നു നോക്കുവാൻ ഇതിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ യാതൊരു താൽപ്പര്യവും കാണിക്കുന്നില്ല എന്നുള്ളതാണ് സത്യം. എനിക്ക് അതിൽ അഭിപ്രായ വ്യത്യാസമുണ്ട്. അതുപോലെതന്നെ പല സ്ഥലങ്ങളിലും ഇൻവെസ്റ്റുമെന്റ് ലോണുകളും ഉദ്യോഗസ്ഥൻമാരുടെ ഒത്താശയോടുകൂടി പലരും തട്ടിയെടുക്കുന്ന ഒരു സ്ഥിതിയുണ്ട്. അതിന് മാറ്റം വരുത്തുന്നതിന് ബഹുമാന്യനായ വ്യവസായവകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

അതുപോലെതന്നെ കേരളത്തിലെ ചില ജില്ലകൾ പണ്ടുമുതലേ വ്യാവസായികമായി പിന്നോക്ക ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. അതായത്, മലപ്പുറം, ആലപ്പുഴ, പുതിയ പത്തനംതിട്ട മുതലായവ. എന്നാൽ കാലങ്ങൾ പലത് കഴിഞ്ഞിട്ടും ആ പിന്നോക്കജില്ലകൾ, ഇന്നും പിന്നോക്കജില്ലകളായി നിലനിൽക്കുകയാണ്. മലബാറിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നത് മലപ്പുറം ജില്ലയും, ആ ജില്ലയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നത് എന്റെ മണ്ഡലമായ വണ്ടൂർ നിയോജകമണ്ഡലവുമാണ്. അവിടത്തെ നിരവധി അഭ്യസ്തവിദ്യരും അനഭ്യസ്തവിദ്യരും ആയ സാധാരണജനങ്ങൾക്ക് തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭിക്കുന്നതിന് സഹായിക്കുന്ന ഏതെങ്കിലും ഒരു വ്യവസായം ആരംഭിക്കുവാൻ വ്യവസായ വകുപ്പുമന്ത്രി നിർദ്ദേശം നൽകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

അതുപോലെതന്നെ, കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണജനങ്ങളുടെ നട്ടെല്ല് തകർക്കുന്ന ഒരു വിപത്താണ് പരമ്പരാഗതവ്യവസായങ്ങളുടെ തകർച്ച. പക്ഷേ കയർ, കൈത്തറി, കശുവണ്ടി, ഈറ തുടങ്ങിയ പരമ്പരാഗതവ്യവസായങ്ങൾക്ക് ഇന്ന് സൂതൃർഹമായ പുരോഗതി ഉണ്ടായിരിക്കുന്നു. പക്ഷേ ഉദ്യോഗസ്ഥതലങ്ങളിൽ കൂടുതൽ ആകർഷണീയമായ കമ്മീഷൻ സഹകരണസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതുകൊണ്ട് ഈ പരമ്പരാഗതവ്യവസായികം നടത്തുന്ന സ്ഥാപനങ്ങളിൽനിന്ന് സാധനങ്ങൾ വാങ്ങുന്നതിന് ഉദ്യോഗസ്ഥൻമാർ വൈമനസ്യം കാണിക്കുന്നതായിട്ടാണ് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത്. അതുകൊണ്ട് കർശനമായും ഈ പരമ്പരാഗത വ്യവസായികം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് വേണം

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുള്ള സാധനങ്ങൾ കഴിവതും വാങ്ങേണ്ടതെ. അതുപോലെ തന്നെ സാധാരണ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്താതെയെന്നു ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടു ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതിൽ തെറ്റില്ല.

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനത്തിൻെറ പേരിൽ ഇന്ന് ഏറ്റവും വലിയ അഴിമതിയാണ് നടക്കുന്നത്. കേരളത്തിലെ നൂറുകണക്കിന് വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ യാതൊരു വിധമായ കാളിഫിക്കേഷനോ നിയമനത്തിനുവേണ്ട യാതൊരുവിധമായ പരിധിയോ ഇല്ലാതെ നിയമിക്കുകയാണ്. ഇത്തരം നിയമനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർക്കോ അതല്ലെങ്കിൽ ബന്ധപ്പെട്ട ചെയർമാൻമാർക്കോ സ്വന്തക്കാരേയോ അല്ലെങ്കിൽ വേണ്ടപ്പെട്ടവരേയോ തിരുകികയറ്റാനുള്ള സാഹചര്യം ഇന്ന് നിലവിലുണ്ട്. കേരളത്തിലെ അഭ്യസ്തവിദ്യരായ ആയിരക്കണക്കിന് ചെറുപ്പക്കാരുടെ വികാരം മാനിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇനി നടക്കുവാനുള്ള മുഴുവൻ നിയമനങ്ങളും പി.എസ്.സി. മുഖേന നടത്തുന്നതിന് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഇൻഡ്യയുടെ വ്യവസായഭൂപടത്തിൽ ഇലക്ട്രോണിക്സ് രംഗത്ത് കേരളത്തിൻെറ സ്ഥാനം അഭിമാനത്തോടുകൂടി അവതരിപ്പിക്കുവാൻ കഴിഞ്ഞത് ഒരു നേട്ടമാണ്. ഈ സാഹചര്യം കേരളത്തിലെ ഇലക്ട്രോണിക്സ് വ്യവസായരംഗത്ത് ഉണ്ടാക്കിയത് ശ്രീ. ഇ. അഹമ്മദ് ആണ്. വ്യക്തിപരമായി അദ്ദേഹം താല്പര്യമെടുത്ത് കേരളത്തിൽ ഏറ്റവും കൂടുതൽ നേട്ടങ്ങൾ വ്യാവസായികരംഗത്ത് ഉണ്ടാക്കിയതിൻെറ ഫലമായി.....ഈ രംഗത്ത് പ്രവർത്തിച്ച ഉദ്യോഗസ്ഥൻമാരും സ്തുത്യർഹമായ സേവനമാണ് ചെയ്തിട്ടുള്ളത്. 1984-85 വർഷത്തിൽ ഏതാണ്ട് നാൽപ്പതിലധികം ലോകരാഷ്ട്രങ്ങൾ പങ്കെടുത്ത ന്യൂഡൽഹിയിൽ നടന്ന ഇൻറർനാഷണൽ ട്രേഡ് ഫെയറിനെക്കുറിച്ച് നമുക്കറിയാം. ആ ട്രേഡ് ഫെയറിൽ കേരളത്തിലെ വ്യവസായവകുപ്പ് ഏറ്റവും നല്ല പ്രദർശനം നടത്തിയതിന് രണ്ടുതവണ സ്വർണ്ണമെഡൽ നേടുകയുണ്ടായി. അങ്ങനെ എല്ലാ രംഗത്തും സ്തുത്യർഹമായ നേട്ടം കൈവരിച്ച, തൊഴിലവസരങ്ങളുണ്ടാക്കിയ സമാധാനപരമായ നല്ല ഒരു വ്യാവസായികാന്തരീക്ഷം ഉണ്ടാക്കിയ ശ്രീ. കരുണാകരൻ സർക്കാരിൻെറ കീഴിലുള്ള ഈ വ്യവസായവകുപ്പിനേയും അതിൻെറ നേതൃത്വം നൽകുന്ന ശ്രീ. ഇ. അഹമ്മദിനേയും ഒരിക്കൽകൂടി അനുമോദിച്ചുകൊണ്ടു, കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഒരു നേരത്തെ ആഹാരം ലഭിക്കുന്നതിനുള്ള നിയമപരമായ നടപടി കർശനമായും എടുക്കുന്നതിന് പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകണമെന്നും വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനായെ എതിർക്കുകയാണ്. കേരളത്തിൽ വലിയ വ്യാവസായിക പുരോഗതിയുണ്ടായി എന്നൊക്കെ ശ്രീ. പന്തളം സുധാകരൻ പറഞ്ഞുവെങ്കിലും അദ്ദേഹം തന്നെ സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലായ്മ വർദ്ധിച്ചുവരികയാണ്. വ്യവസായ വികസനത്തിന്റെ മാറ്റം ഉരച്ചുനോക്കേണ്ടതു പ്രധാനമായും, എത്ര പേർക്ക് കൂടുതലായി തൊഴിൽ ഉണ്ടാക്കുവാൻ കഴിഞ്ഞു, തൊഴിലില്ലായ്മ എത്രമാത്രം പരിഹരിക്കുവാൻ കഴിഞ്ഞു എന്നുള്ളതിനെ ആശ്രയിച്ചാണ്. ഈ കഴിഞ്ഞ 4 വർഷത്തിനിടയിൽ മുമ്പ് ഒരു കാലത്തും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ ഈ സംസ്ഥാനത്തെ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിക്കുകയാണ് ചെയ്തത്. 1982-ൽ 19 ലക്ഷമുണ്ടായിരുന്നത് ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 26 ലക്ഷമായി മാറി. അതുമാത്രമാണോ സർ? ഇവിടെ രജിസ്റ്റേർഡ് ഫാക്ടറികളുണ്ട്. തൊഴിലാളികളുടെ എണ്ണം "എക്കണോമിക് റവ്യൂവിൽ" പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ പറയുന്നത്, 1982-ൽ 2,86,268 തൊഴിലാളികൾ ഉണ്ടായിരുന്നുവെങ്കിൽ 1984-ൽ 2,87,713 ആണ്. രണ്ടുവർഷംകൊണ്ട് 1445 തൊഴിലാളികൾക്കു മാത്രമേ രജിസ്റ്റേർഡ് ഫാക്ടറികളിൽ കൂടുതലായി ജോലി നൽകാൻ സാധിച്ചിട്ടുള്ളൂ. ഇതാണ് വ്യാവസായിക വികസനം, സർ, ഇതെങ്ങനെയാണ് സംഭവിച്ചത്? കേന്ദ്രഗവൺമെന്റ് വ്യവസായത്തിനു മുടക്കുന്ന മുതലിന്റെ ആനുപാതികമായി ഈ സംസ്ഥാനത്തിനു ലഭിക്കേണ്ട വിഹിതം നമുക്ക് ഇന്നുവരെ ലഭിച്ചിട്ടില്ല എന്നുള്ളതാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണം. അതിനുവേണ്ടി ഈ ഗവൺമെന്റ് എന്തു ശ്രമിച്ചു? 5-ാം പഞ്ചവൽസരപദ്ധതി അവസാനിക്കുമ്പോൾ 1979-80-ൽ കേരളത്തിനകത്ത് കേന്ദ്രം മുടക്കിയ മൂലധന നിക്ഷേപം ഇൻഡ്യയിലൊട്ടാകെ അതുവരെ കേന്ദ്രം മുടക്കിയ സംഖ്യയുടെ 2.33% ആയിരുന്നു. അതു തന്നെ വളരെ കുറവാണ്. 1980-81-ൽ അത് 2.27% ആയി കുറഞ്ഞു. 1981-82-ൽ 2.10%വും, 1982-83-ൽ 1.93%, 1983-84-ൽ 1.80%. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ അനുപാതത്തിൽ ഭീമമായ ഇടിച്ചിലാണ് ഉണ്ടായത്. സർ, കൂടുതലായി ഒന്നും നേടിയെടുത്തില്ല എന്നു മാത്രമല്ല, നമുക്ക് അർഹതപ്പെട്ട വിഹിതം പോലും നേടാൻ ഇവർക്കു കഴിഞ്ഞിട്ടില്ല. കേന്ദ്രം നിർല്ലോഭമായി എല്ലാ രംഗത്തും സഹായിക്കുന്നുണ്ട് എന്നാണ് പറയുന്നത്. കേന്ദ്രം മൂലധനം മുടക്കിയതുകൊണ്ട് വ്യവസായരംഗത്ത് എന്തു പുരോഗതിയാണ് ഉണ്ടായത് എന്നു പറയാൻ വ്യവസായവകുപ്പു മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. മുപ്പത്—മുപ്പത്തയ്യായിരത്തോളം ആളുകൾക്ക് തൊഴിൽ സാദ്ധ്യതയുണ്ടായിരുന്ന കോച്ചു ഫാക്ടറി പാലക്കാട് കേന്ദ്രഗവൺമെന്റ് അനുവദിച്ചതാണ്. അതുപോലും ഇവിടെനിന്ന് എടുത്ത് പഞ്ചാബിലേക്ക് മാറിയപ്പോൾ അതിന്റെ മുമ്പിൽ വായ പൊത്തി നിൽക്കാൻ അല്ലാതെ അതിനെപ്പറ്റി ഒരക്ഷരം പറയാൻ ഈ ഗവൺമെന്റിനു കഴിഞ്ഞില്ല. അത് രാഷ്ട്രീയമായ കാരണം ആണെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിനുപകരം നമുക്ക് എന്തു സ്ഥാപനം കിട്ടി? 7-ാം പദ്ധതിയിൽ പുതിയ യാതൊരു യൂണിറ്റും നമുക്ക് കിട്ടിയിട്ടില്ല. ഇതാണ് കേന്ദ്ര വ്യവസായരംഗത്ത് പണം മുടക്കിയതിന്റെ സ്ഥിതി. ഇവിടെ പൊതുമേഖലയിൽ ഉള്ള വ്യവസായങ്ങളുടെ സ്ഥിതി എന്താണ്? 1985-ലെ എ. ജി.യുടെ റിപ്പോർട്ട് നമുക്ക് ഈ സഭയിൽ വിതരണം ചെയ്തു. അതിൽ പറയുന്നത് പൊതുമേഖലയിലുള്ള 94 വ്യവസായസ്ഥാപനങ്ങളിൽ 56 എണ്ണവും നഷ്ടത്തിലാണ്. അത് മാത്രമല്ല 1982-85 കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചതെന്നാണ് എ. ജി. യുടെ റിപ്പോർട്ടിൽ പറയുന്നത്. 141.92 കോടി രൂപ മൂലധനമുണ്ടായിരുന്ന ഈ വ്യവസായങ്ങളിൽ 1985-ൽ വന്നിച്ച നഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ്. അതിൽ ഏറ്റവും കൂടുതൽ നഷ്ടം വന്നത് 29 വ്യവസായങ്ങളിലാണ്. 39 കോടി നാൽപ്പത്തിയെട്ടു ലക്ഷം രൂപ മൂലധനമുണ്ടായിരുന്ന വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ നഷ്ടം നൂറിപ്പ്രതിനൊന്നു കോടി അറുപതിയേഴു ലക്ഷം രൂപയാണ്. മുടക്കിയ മൂലധനത്തിന്റെ മൂന്നിരട്ടിയും നഷ്ടം വണ്ണിരിക്കുകയാണ്. 1982-83 കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ നഷ്ടം വന്നതെന്നാണ് എ. ജി.യുടെ റിപ്പോർട്ടിൽ നിന്ന് നമുക്ക് കാണാൻ കഴിയുന്നത്. പക്ഷേ നമ്മുടെ സ.സ്ഥാനത്തിന്റെ നേരിട്ടുള്ള വ്യവസായ സ്ഥാപനമല്ലെങ്കിലും കൂടുതലാളുകൾക്ക് തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചിരുന്ന, അതിനുള്ള സാഹചര്യം ഉണ്ടാകുന്ന, ഫുഡ്മല നാവിക അക്കാഡമി മറ്റ് സ.സ്ഥാനത്തേക്ക് കൊണ്ടുപോകുമെന്നാണ് കേൾക്കുന്നത്. അതുപോലെതന്നെ വ്യോമസേനയുടെ സതേൺ കമാൻഡ് ഇവിടെനിന്ന് മാറുമെന്ന് കേൾക്കുന്നു. ഇതിന്റെയൊക്കെ മുമ്പിൽ മാറ്റു സാക്ഷിയായി നിൽക്കാനേ നമുക്ക് കഴിയുന്നുള്ളു. ഇവിടെ നഷ്ടത്തിൽ നടക്കുന്ന വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ കഴിയുന്നില്ല.

ചെറുകിട വ്യവസായത്തിന്റെ കാര്യം പറഞ്ഞു. അത് കൂടുതൽ തൊഴിലുണ്ടാക്കാൻ കഴിയുന്ന രംഗമാണ്. കൂടുതൽ യൂണിറ്റുകളും ഉണ്ടാക്കാൻ സാധിച്ചുവെന്ന് ഗവൺമെന്റ് അവകാശപ്പെടുന്നുണ്ട്. പതിമൂവായിരം യൂണിറ്റുകളും പുതുതായി സ്ഥാപിച്ചുവെന്ന് പറയുന്നു. അതേ യവസരത്തിൽ എത്രയെണ്ണം പൂട്ടിയെന്ന് പരിശോധിക്കണം. അതൊക്കെ വെറും കടലാസ്സിലാണ്. ഗവൺമെന്റിന്റെ ആധികാരികമായ കണക്കനുസരിച്ച് 6001 യൂണിറ്റുകളും പൂട്ടിയതായി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. 1762 എണ്ണം പീഡിത വ്യവസായ യൂണിറ്റുകളാണെന്ന് ഗവൺമെന്റ് തന്നെ സമ്മതിക്കുന്നു. 1984-ൽ പ്ലാനിംഗ് ബോർഡിന്റെ സ്റ്റഡി ഗ്രൂപ്പ് നടത്തിയ പഠനത്തിൽ, ഇവിടുത്തെ ചെറുകിട വ്യവസായ അസോസിയേഷൻ നൽകിയ കണക്കനുസരിച്ച് ഇപ്പോഴും മുപ്പത്തിരണ്ടായിരം ചെറുകിട വ്യവസായ യൂണിറ്റുകളും ഉള്ളതിൽ അൻപതു ശതമാനം പീഡിത വ്യവസായങ്ങളാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഇന്ന് പല വ്യവസായങ്ങളും ഇപ്പോഴും പൂട്ടിക്കിടക്കുകയാണ്. തൊഴിൽ വകുപ്പിന് യാതൊരു കാര്യവുമില്ല, ഗവൺമെന്റല്ല പൂട്ടിയത് എന്നാണ് ഇന്നലെ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത്. ഇവിടെ ഒരു സർക്കാറില്ലേ, വ്യവസായ വകുപ്പിന് ഉത്തരവാദിത്വമില്ലേ? മാവൂർ റയോൺസ് ഒന്നര വർഷമായിട്ട് പൂട്ടിക്കിടക്കുകയാണ്. തൊഴിൽ വകുപ്പിന് യാതൊരു ചുമതലയും ഇല്ലെന്ന് പറയുന്നു. ഈ വ്യവസായം ബിർളയുടെ സ്വകാര്യസ്വത്തു മാത്രമല്ല, അത് ഇവിടെ സ്ഥാപിക്കുന്നതിന് സ.സ്ഥാനത്തിന്റെ ഒട്ടനവധി മുതലും മനുഷ്യപ്രയത്നവും ചെലവാക്കിയിട്ടുണ്ട്. ബിർള സ്ഥാപിച്ചതിന്റെ പത്തിരട്ടി രൂപ ലാഭം കൊണ്ടുപോയിക്കഴിഞ്ഞതാണ്. ആ സ്ഥാപനം ഒരു മുതലാളിക്കാരനായി തുറക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് ഒന്നര വർഷത്തിലധികം പൂട്ടിക്കിടന്നാൽ അത് തുറന്ന് പ്രവർത്തിപ്പിക്കേണ്ട കാര്യത്തിൽ വ്യവസായ വകുപ്പിന് ചുമതലയില്ലേ? വ്യവസായങ്ങളുടെ മാനേജ്മെന്റ് ഗവൺമെന്റ് ഏറ്റെടുത്ത് നടത്തിയ അനുഭവങ്ങളുണ്ട്. തൊഴിൽ വകുപ്പിനും മുഖ്യമന്ത്രിക്കും ഒന്നും ചെയ്യാനില്ല എന്നാണ് പറയുന്നത്. വ്യവസായ വകുപ്പ് ഇത് ഏറ്റെടുത്ത് നടത്താനുള്ള ധീരമായ നടപടിയുമായി മുന്നോട്ടുവരണം. അതാണ് ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാ തൊഴിലാളികളും ആവശ്യപ്പെടുന്നത്. ഇതിലൊന്നും രാഷ്ട്രീയമില്ല. എല്ലാത്തിനെപ്പറ്റിയും പറയാൻ എനിക്ക് സമയമില്ല. ഗവൺമെന്റുമയിലുള്ള സീതാറാം ടെക്സ്റ്റൈൽസിന്റെ കാര്യമെടുക്കാം. 1984-ൽ ഭരണം ആ കമ്പനി ലാഭകരമായി മാത്രമേ പ്രവർത്തിക്കുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

പന്തീരായിരം സ്പിൻഡിൽസ് ഉള്ളതിൽ അയ്യായിരവും 336 തറികളുള്ളതിൽ 30-ഉം 44 ആയിരം മീറ്റർ പ്രോസസ് ചെയ്യാവുന്ന മെഷീൻ ഇടയ്ക്ക് വല്ലപ്പോഴുമാണ് 1984-ന് ശേഷം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എ. ജി. യുടെ റിപ്പോർട്ടിൽ പറയുന്ന മൂലധനത്തേക്കാൾ ഇരട്ടി നഷ്ടം ആ കമ്പനിക്ക് സ്ഥാപിച്ചുവെന്നാണ് പറയുന്നത്. അത് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഉണ്ടായ സ്ഥിതിയാണ്. അത് ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വച്ച് സ്റ്റഡി നടത്തി റിപ്പോർട്ട് കൊടുത്തു. അത് നടപ്പിലാക്കണമെങ്കിൽ ഒരു കോടി മുപ്പതു ലക്ഷം രൂപ കൂടുതൽ പ്രവർത്തന മൂലധനമുണ്ടാകണം. അതിനുവേണ്ടി യാതൊന്നും ഗവൺമെന്റ് ചെയ്തിട്ടില്ല. ഒരു വർഷം മുമ്പ് ഈ സഭയിൽതന്നെ ഞാൻ ഉന്നയിച്ചതാണ്. അടിയന്തിരമായി മൂലധനം ലഭ്യമാക്കുന്നതിനുള്ള ഏർപ്പാട് ചെയ്യാം എന്ന് ഗവൺമെന്റ് സഭയിൽ ഉറപ്പ് നൽകിയെങ്കിലും ഒരു വർഷത്തിനുശേഷവും യാതൊന്നും ചെയ്തിട്ടില്ല. ഇപ്പോഴും ആ കമ്പനി പ്രവർത്തനരഹിതമായിട്ടു കിടക്കുകയാണ്. എന്നാണ് ആ കമ്പനി അടച്ചുപൂട്ടുന്നത് എന്നു പറയാൻ കഴിയുകയില്ല. ഇക്കൊല്ലത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ അതിനുവേണ്ടിയുള്ള ധനസഹായം ചെയ്യുന്നതിന് സീതാറാം കെക്സ്റ്റൈൽസ് എന്ന ഹെഡ്ഡിംഗ് അല്ലാതെ ഒരു നയാപൈസപോലും അലോട്ട്മെന്റില്ല. തൃശ്ശൂർ ജില്ലയിൽ വാക്കാഞ്ചേരിയിൽ ഒരു സ്റ്റീൽ റോളിംഗ് മില്ലുണ്ടായിരുന്നു. ഒരു വർഷത്തിലധികമായി അതും പൂട്ടിയിട്ടിരിക്കുകയാണ്. ഗവൺമെന്റിന് 41 ശതമാനം ഷെയറുള്ള കൊച്ചിൻ മാലബാർസ് പൂട്ടിയിട്ട് വർഷങ്ങളായി. 6-ാം പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ അനുവദിച്ച ഒരു കോ-ഓപ്പറേറ്റീവ് മില്ലുണ്ട്. ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് നാലരക്കോടി രൂപ ബ്രിഡ്ജ് ലോൺ വാങ്ങിയിട്ടാണ് അതിന്റെ പണി പൂർത്തിയാക്കിയിരിക്കുന്നത്. ഇതിന് ഐ. ഡി. ബി. ഐ.യിൽ നിന്നോ ഐ. സി. ഐ.യിൽ നിന്നോ ലോൺ കിട്ടുന്നതിനുള്ള സ്കീം ഉണ്ടാക്കിയിട്ടില്ല. അതിന്റെ ഫലമായി ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമോ എന്നുള്ള ആശങ്കയിലിരിക്കുകയാണ്. കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി റബ്ബർ വർക്സ് രണ്ടു വർഷമായിട്ട് പൂട്ടിക്കിടക്കുകയാണ്. അത് സിക്ക് മില്ലായിട്ട് ഗവൺമെന്റ് ഏറ്റെടുത്തതാണ് ഐ.ഡി.ബി.ഐ.യുടേയും മറ്റും ധനസഹായത്തോടുകൂടി. പക്ഷേ ഗവൺമെന്റ് അതിന്റെ പങ്ക് വഹിക്കാത്തതിന്റെ ഫലമായി ഇപ്പോൾ ഐ. ഡി.ബി.ഐ. പിൻമാറി. അതിന്റെ ഫലമായിട്ടാണ് ഇപ്പോൾ പൂട്ടിക്കിടക്കുന്ന സ്ഥിതി വിശേഷമുണ്ടായത്. ഇതൊക്കെ തുറക്കാമെന്ന് പല പ്രാവശ്യവും വ്യവസായ വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും ഉറപ്പ് നൽകിയെങ്കിലും ഇന്നുവരെ അത് തുറന്നിട്ടില്ല. നാനൂറോളം തൊഴിലാളികളും തെരുവാധാരമാണ്. ഒരു കോടി രൂപ മുതൽമുടക്കി സ്ഥലം വാങ്ങി ഇട്ടിരുന്നതാണ്. കോട്ടയം പൂവന്തുരുത്ത് ഇൻഡസ്ട്രിയൽ കോംപ്ലക്സിനുവേണ്ടി സ്ഥലമെടുത്തല്ലാതെ അവിടെ യാതൊന്നും തുടങ്ങിയില്ല.

ആലപ്പുഴയിലെ ഏറ്റവും നല്ല പൊതുമേഖലാസ്ഥാപനമായിരുന്നു ഫോംമാറ്റിംഗ്സ്. വളരെയേറെ വികസന സാദ്ധ്യതയുള്ള ഒരു വ്യവസായസ്ഥാപനമായിരുന്നു അത്. 1984 ജൂൺ 16-ന് അത് പൂട്ടിയതാണ്, ഇതുവരെ തുറന്നിട്ടില്ല. കയറുപായുടെ ഒരു ഭാഗം റബ്ബർ പിടിപ്പിച്ചു കെട്ടേണ്ട് ഉണ്ടാക്കുന്ന ഉൽപ്പന്നത്തിന് വിദേശത്തു വലിയ മാർക്കറ്റുണ്ടായിരുന്നു. ഇവിടെ തന്നെ കരിങ്കൽഭിത്തി കെട്ടുന്നതിനേക്കാൾ ആദായകരമായി കരിങ്കൽഭിത്തി കെട്ടുന്നതിന് ഇതുപയോഗിച്ചുകൊണ്ടുള്ള ചാക്ക് ഉപ

LIBRARY ARCHIVES Kerala Legislative Assembly

യോഗിക്കുന്നു. അതുകൊണ്ട് സുരക്ഷിതമായി കെട്ടാൻ കഴിയുമെന്ന് പരീക്ഷണം നടത്തി തെളിഞ്ഞതാണ്. നാനൂറ് മീറ്റർ കെട്ടിയത് യാതൊരു കേടുമില്ലാതെ നിലനിൽക്കുകയാണ്. അത് വികസിപ്പിക്കുന്നതിന് ബഡ്ജറ്റ് എസ്റ്റിമേറ്റില്ല. ഇത് തുറക്കുന്നതിന് യാതൊരു ചിന്തയുമുള്ളതായി കാണുന്നില്ല. 164 കോടി റിസർവ്വ് ബാങ്കിൽ സൂക്ഷിച്ചുവച്ചിരിക്കുകയാണ്.

താലൂക്ക് വ്യവസായ കേന്ദ്രങ്ങളുടെ കാര്യം പറഞ്ഞു. ഒരു കോടി മുതൽ മുടക്കുള്ള ഓരോ വ്യവസായം ഓരോ താലൂക്കുകളിലും വരുമെന്ന് പറഞ്ഞിട്ട് മൂന്നു കൊല്ലമായി. ഗവൺമെൻറിന്റെ പ്രസിദ്ധീകരണത്തിൽ പറയുന്നതാണ്. അത് എത്രമാത്രം ശരിയാണെന്ന് എനിക്കറിയില്ല. 25 താലൂക്കുകളിൽ 66 വ്യവസായങ്ങൾ സ്ഥാപിച്ചുവെന്ന് പറഞ്ഞു. അതിൽ 9 എണ്ണത്തിലേ ഉല്പാദനം ആരംഭിച്ചിട്ടുള്ളു. ഇനി 36 താലൂക്കുകൾ വേറെ കിടക്കുകയാണ്. ഈ 36 താലൂക്കുകളിൽ പത്തു മാസത്തിനുള്ളിൽ എന്ത് യൂണിറ്റാണ് തുടങ്ങുന്നത്. ആളുകളെ പ്രലോഭിപ്പിക്കാനോ അല്ലെങ്കിൽ എന്തെങ്കിലും പറഞ്ഞ് വഞ്ചിക്കാനോ മാത്രമേ കഴിയുന്നുള്ളു. ഒന്നുകിൽ നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങൾ പറയണം. ആളുകൾ തൊഴിലില്ലാതെ വേഴാമ്പലിനെപ്പോലെ കാത്തിരിക്കുകയാണ്. ഇതാണ് താലൂക്ക് വ്യവസായ യൂണിറ്റുകളുടെ സ്ഥിതി.

സർ, നമ്മുടെ സംസ്ഥാന ഗവൺമെൻറിന്റെ സമീപനമെന്താണ്. ബഡ്ജറ്റ് എസ്റ്റിമേറ്റ് ഒന്നു പരിശോധിച്ചാൽ വ്യവസായ വികസനത്തിന്റെ കാര്യത്തിൽ ഈ ഗവൺമെൻറിന് യാതൊരു താൽപ്പര്യവും ഇല്ലെന്ന് വളരെ സ്പഷ്ടമായി കാണാം. പ്ലാനിംഗ് ബോർഡിന്റെ സ്റ്റഡി ഗ്രൂപ്പ് വിവിധ മേഖലയെ സംബന്ധിച്ച് സ്റ്റഡി നടത്തി. അതിൽ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും മുന്തിയ പരിഗണന നൽകേണ്ടത് വ്യവസായവൽക്കരണത്തിനാണെന്ന് പറഞ്ഞിട്ടുണ്ട്. തൊഴിലില്ലായ്മയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്ന് പ്ലാനിംഗ് ബോർഡിന്റെ സ്റ്റഡി ഗ്രൂപ്പിന്റെ റിപ്പോർട്ട് വ്യക്തമാക്കിയിരിക്കുന്നു. ആ മുന്തിയ മുൻഗണനയുള്ള ഈ വ്യവസായ വകുപ്പിന് ബഡ്ജറ്റിൽ ആകെ വികസന പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിരിക്കുന്ന സംഖ്യ 3.41 ശതമാനം മാത്രമാണ്. വിദ്യാഭ്യാസത്തിന് 45.33 ശതമാനം ആണ്. അത് ഇനിയും വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളാണ്.

അതേ സമയത്ത് ഏറ്റവും കൂടുതൽ മുൻഗണന നൽകണമെന്ന് പ്ലാനിംഗ് ബോർഡിന്റെ സ്റ്റഡി ഗ്രൂപ്പുപോലും നിർദ്ദേശിച്ച

11 A.M.] വ്യവസായ വികസനത്തിന്റെ കാര്യത്തിൽ നിത്യനിദാന ചെലവുകൾ നടത്തുന്നതിനുള്ള സംഖ്യ അല്ലാതെ മറ്റൊന്നുമില്ല. 1985-1986-ൽ വ്യവസായ മൂലധനച്ചെലവ് 2,19,59,000 രൂപ ആയിരുന്നുവെങ്കിൽ 1986-87-ലേക്ക് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത് 21 കോടി 38 ലക്ഷമാണ്. 57 ലക്ഷം കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. അതാണ് മുൻഗണന. ഉപഭോക്തൃ വ്യവസായങ്ങൾക്കുള്ള മുതൽ മുടക്കിൽ ഒരു കോടി 95 ലക്ഷവും വായ്പ ഇനത്തിൽ 2 കോടി 70 ലക്ഷവും ഈ വർഷം കുറച്ചിരിക്കുകയാണ്. പുതിയ വ്യവസായ യൂണിറ്റുകളൊക്കെ തുടങ്ങുന്നതിനുള്ള സഹായം നൽകുന്ന ഒരു സ്ഥാപനമാണ് വ്യവസായ വികസന കോർപ്പറേഷൻ. ആ കോർപ്പറേഷന് കഴിഞ്ഞ വർഷം തന്നെ 7 കോടി രൂപ ലഭ്യമാക്കണമെന്ന് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സബ്ജക്ട് കമ്മിറ്റി ഏകകണ്ഠമായി ആവശ്യപ്പെട്ടതാണ്. അന്നും 3 കോടി ഇന്നും 3 കോടി. ഇന്ന് ഇവിടെ എവിടെയാണ്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വികസനം നടക്കുന്നത്"? മുഖ്യമന്ത്രി പറഞ്ഞു സെൻട്രൽ സ്പോൺസേർഡ് സ്കീമിൽപോലും കഴിഞ്ഞ വർഷത്തെ സംഖ്യ ഇത്തവണ നീക്കിവച്ചില്ലായെന്ന്. കഴിഞ്ഞ തവണ 85 ലക്ഷത്തി പതിനായിരം രൂപയാണ് കയർ വികസനത്തിന് മാറ്റിവച്ചതെങ്കിൽ ഈ തവണ 74 ലക്ഷത്തി എൺപതിനായിരം രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇങ്ങനെ പല ഹെഡ്ഡുകളും എടുത്തു പരിശോധിച്ചാൽ വ്യവസായ വികസനത്തിന് യാതൊരു മുൻഗണനയും നൽകിയില്ലായെന്നു മാത്രമല്ല കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിരുന്നതുപോലും ഈ ബഡ്ജറ്റിൽ കുറച്ചിരിക്കുകയാണ്. 2—3 വർഷത്തെ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ എടുത്തു പരിശോധിച്ചാൽ, അത് ഭരണപക്ഷ പ്രതിപക്ഷ ഭേദമില്ലാതെ ഏകകണ്ഠമായി നൽകിയിട്ടുള്ള ശുപാർശകൾ ഒന്നുപോലും മാനിക്കാൻ ഈ ഗവൺമെൻറ് തയ്യാറായിട്ടില്ല. അങ്ങനെ കിട്ടുന്ന കാശുവെച്ച് വഴിപാടു നടത്തുന്നതല്ലാതെ ഇവിടെ വ്യവസായവൽക്കരണത്തിനു വേണ്ടിയുള്ള യാതൊരു താൽപ്പര്യവും ഈ ഗവൺമെൻറ് കാണിക്കുന്നില്ല. മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. തെയ്വാനിൽ നിന്നൊക്കെ ഇവിടെ സിമൻറ് കൊണ്ടുവന്ന് കച്ചവടം നടത്തുന്നതിന് എന്തു താൽപ്പര്യമായിരുന്നു വ്യവസായ വകുപ്പിന്. ഇവിടെ 10 ആളുകൾക്ക് തൊഴിൽ ഉണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ശ്രദ്ധയില്ല. പരേതനായ ശ്രീ. ടി. വി. തോമസ്സിന്റെ കാലത്ത് രൂപകൽപ്പന ചെയ്തതും, മുൻഗവൺമെൻറുകളുടെ കാലത്ത് പ്രവർത്തനം ആരംഭിച്ചതുമായിട്ടുള്ള ചില ഫാക്ടറികളുടെ ഉൽഘാടനകർമ്മം നിർവ്വഹിച്ചു എന്നുള്ളതിൽ കവിഞ്ഞ് തൈറാനിയം കോംപ്ലക്സിനെപ്പോലെയോ അല്ലെങ്കിൽ സിമൻറ് ഫാക്ടറിയെപ്പോലെയോ പേപ്പർ മില്ലിനെപ്പോലെയോ ഈ ഗവൺമെൻറിനു തനതായി അവകാശപ്പെടാവുന്ന ഒരൊറ്റ വ്യവസായ സ്ഥാപനം പോലും ഈ 4 വർഷത്തിനിടയിൽ കേരളത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ വ്യവസായ വികസനത്തിൽ തികഞ്ഞ പരാജയം ആണ് ഈ ഗവൺമെൻറ് എന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. സി. തോമസ് (തിരുവല്ല): സർ, ബഹുമാനപ്പെട്ട വ്യവസായ മന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുന്നു. നമ്മുടെ കൊച്ചുകേരളം പല കാര്യങ്ങളിലും അനുഗൃഹീതമാണ്. പ്രകൃതി ഭംഗിയിലും, വിദ്യ സമ്പത്തിലും മറ്റു പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുമ്പിലാണ്. അഭ്യസ്തവിദ്യരായ ജനങ്ങളും നമുക്ക് ധാരാളമുണ്ട്. എന്നിട്ടും വ്യവസായത്തിന്റെ കാര്യത്തിൽ നാം ഇന്ത്യയിലേക്കും ഏറെ പിന്നിലാണ്. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട് നമ്മേക്കാൾ എത്രയോ മെച്ചമാണ്. കേരളത്തിന്റെ അതിർത്തിയിൽനിന്നും ഏതാനും കിലോമീറ്റർ മാത്രം അകലെയുള്ള കോയമ്പത്തൂരിൽ മാത്രമുള്ള വ്യവസായ സംരംഭങ്ങൾ നമ്മുടെ സ്റ്റേറ്റ് ഒട്ടാകെയുണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്.

എന്താണ് നമ്മുടെ പിന്നോക്കാവസ്ഥയുടെ കാരണമെന്ന്, നാം കാര്യമായി ചിന്തിക്കേണ്ടതാണ്. നമ്മുടെ "മൂലധനം" അറച്ചുനിൽക്കുകയാണ്. വിദേശനാണ്യം വളരെയേറെ സമ്പാദിക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഈ അമൂല്യമായ നിധി ഉപയോഗിച്ച് വ്യവസായങ്ങൾ തുടങ്ങാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സംരംഭകർ അറച്ചു നിൽക്കുന്നതിന്റെ പ്രധാന കാരണം കേരളത്തിലെ തൊഴിൽ സമരങ്ങളെപ്പറ്റിയുള്ള ഭയമാണ്. എന്നാൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിൽ പിന്നെ തൊഴിൽ സമരങ്ങൾ വളരെ കുറഞ്ഞിട്ടുണ്ടെന്നോണ് കണക്കുകൾ കാണിക്കുന്നത്. ഇന്ന് വ്യവസായത്തിന് പറ്റിയ കാലാവസ്ഥയാണ് നമ്മുടെ സ്റ്റേറ്റിലുള്ളത്. ഇതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ ധാരാളം പ്രചരണം നടത്തേണ്ടതുണ്ട്. മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യവസായികളെ ഇങ്ങോട്ട് ആകർഷിക്കുന്നതിന് എല്ലാ ശ്രമവും നടത്തേണ്ടതാണ്.

പശ്ചിമ ബംഗാളിൽ കുത്തകകളെ ക്ഷണിച്ചു അവിടെ വ്യവസായം ആരംഭിക്കുന്നു. എന്നാൽ അതേ കൂട്ടർ ഇവിടെ എല്ലാം ദേശസാൽക്കരിക്കണമെന്നും പറയുന്നു. ഇതൊരാരു വിരോധാഭാസമാണ്. കുറഞ്ഞപക്ഷം പശ്ചിമ ബംഗാളിൽ ചെയ്യുന്നതുപോലെയെങ്കിലും, കേരളത്തിൽ വ്യവസായങ്ങൾ ഉണ്ടാക്കാനുള്ള ഒരു ശ്രമം ഗവൺമെൻറിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം.

ഒരു താലൂക്കിൽ ഒരു വ്യവസായമെന്ന് ഈ ഗവൺമെൻറ് പ്രഖ്യാപിച്ചിട്ട് കൊല്ലം നാലു കഴിഞ്ഞു. എന്നാൽ എത്ര താലൂക്കുകളിൽ വ്യവസായങ്ങൾ ആരംഭിച്ചു എന്നൊരു കണക്കെടുത്താൽ വളരെ രസാവഹമായിരിക്കും. പുതിയത് ഉണ്ടാകുന്നില്ല എന്നതോ പോകട്ടെ, പരമ്പരാഗതമായ വ്യവസായങ്ങൾ പോലും ഇന്ന് മാന്ദ്യത്തിലാണ്.

ഞാൻ പ്രതിനിധീകരിക്കുന്ന പത്തനംതിട്ട ജില്ല വ്യാവസായികമായി ഏറ്റവും പിന്നോക്കമാണ്. തിരുവല്ലയിലുള്ള പമ്പാ ഷുഗർ ഫാക്ടറി ഇന്ന് അധഃപതനത്തിലാണ്. കരിമ്പ് കർഷകർക്ക് ശരിയായ വില ലഭിക്കുന്നില്ല. കരിമ്പിനെ ബാധിക്കുന്ന ''തണ്ടു ചീയൽ'' രോഗത്തിന് പ്രതിവിധി ഒന്നുമില്ലായെന്ന മട്ടിലാണ് ഇന്ന് കാര്യങ്ങൾ പോകുന്നത്. ഇന്ന് ആ ഫാക്ടറി നിലനിൽക്കുന്നത്, മറ്റു സംസ്ഥാനങ്ങളിൽ നിന്നും സ്പിരിറ്റ് വാങ്ങിക്കൊണ്ടുവന്ന് ചാരായം ഉണ്ടാക്കി വിറ്റ് കിട്ടുന്ന പണം കൊണ്ടാണ്. ഈ ഫാക്ടറിയെ ഉദ്ധരിക്കുന്നതിൽ ഗവൺമെൻറ് തികച്ചും അനാസ്ഥയാണ് കാണിക്കുന്നതെന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഒരു കൃഷി ഗവേഷണ ഓഫീസ് വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരുന്നത്, കരിമ്പു കൃഷി തണ്ടു ചീയൽ രോഗം മൂലം നശിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ മറ്റേതോ സ്ഥലത്തേക്ക് മാറ്റാനുദ്ദേശിക്കുന്ന നടപടി നിറുത്തി വയ്ക്കാനുള്ള നീക്കം, ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം. ഇന്നത്തെ ഘടകകക്ഷികളും ചേർന്നുള്ള ഗവൺമെൻറ് രൂപം കൊടുത്ത ജില്ലകളാണ് പത്തനംതിട്ടയും കാസർകോഡും. എന്നാൽ ഈ ജില്ലകളോട് വ്യത്യസ്തമായ നയമാണ് ഗവൺമെൻറ് കാട്ടുന്നത്. വ്യാവസായികമായി രണ്ടു ജില്ലകളും ഒരുപോലെ അവികസിതമാണ്. കാസർകോഡ് ജില്ലയെ No Industrial District-ആയി പ്രഖ്യാപിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയുന്നു. അത്രയും നല്ലതുതന്നെ. എന്നാൽ പത്തനംതിട്ട ജില്ലയെക്കൂടി ഈ പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. ബഹുമാനപ്പെട്ട വ്യവസായ മന്ത്രി കാസർകോടുപോലെതന്നെ പത്തനംതിട്ട ജില്ലയേയും കാണേണ്ടതാണ്. ഇനിയെങ്കിലും പത്തനംതിട്ട ജില്ലയെ No Industrial District-ആയി പ്രഖ്യാപിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ നിയോജക മണ്ഡലമായ തിരുവല്ലയിൽ "മൂട്ടപ്പൊടി" ഫാക്ടറിക്ക് തറക്കല്ലിട്ടിട്ട് 18 കൊല്ലം കഴിഞ്ഞു. വന്ദ്യനായ അന്നത്തെ വ്യവസായമന്ത്രി ശ്രീമാൻ എ., എൻ. ഗോവിന്ദൻനായർ ഇഹലോകവാസം വെടിഞ്ഞു. എന്നിട്ടും ആ കല്ലിന് ഇന്നും ശാപമോക്ഷം ലഭിച്ചിട്ടില്ല. അതിനുവേണ്ടി വേർതിരിച്ചെടുത്ത ഉദ്ദേശം 12 ഏക്കർ സ്ഥലം അനാഥമായി കിടക്കുകയാണ്.

സർ, ഇതുപോലെതന്നെ തിരുവല്ലയിലെ പുളിക്കീഴ് ഒരു സ്ട്രോ ബോർഡ് ഫാക്ടറിക്ക് സ്ഥലമെടുത്തിട്ട് ഒന്നര പതിറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. അവിടെയും പ്രവർത്തനമൊന്നും നടക്കുന്നില്ല.

തിരുവല്ലയുടെ പിന്നോക്കപ്രദേശമായ ചുമത്രയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന "Traco Cable Factory"-യുടെ കഥയും വ്യത്യസ്തമല്ല. അവിടെ 25 ഏക്കർ ഭൂമി പൊന്നും വിലയ്ക്ക് എടുത്തിട്ട് വർഷങ്ങൾ പലതായി. അവിടെയും പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. ഇങ്ങനെയാണ് എന്റെ നിയോജകമണ്ഡലത്തിലെ സ്ഥിതി.

'Sick Unit'-ആയി ഐ. ആർ. ബി. ഐ. ഏറെടുത്തിരുന്ന റൂബി റബ്ബർ വർക്സ് ഒന്നര വർഷമായി പൂട്ടിക്കിടക്കുകയാണ്. ഈ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുവാൻ വ്യക്തമായ ഒരു പദ്ധതി ഈ മാസം 18-ാം തീയതി റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയും വ്യവസായമന്ത്രിയും പങ്കെടുത്ത ഒരു ഹൈ ലെവൽ കോൺഫറൻസ് നടന്നെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാവുകയുള്ളൂ. എത്രയും വേഗത്തിൽ ഇങ്ങനെയൊരു കോൺഫറൻസ് വിളിച്ചുകൂട്ടണം. മദ്ധ്യ തിരുവിതാംകൂറിലെ പ്രമുഖ വ്യവസായ സ്ഥാപനമാണ് റൂബി റബ്ബർ വർക്സ്. അഞ്ഞൂറോളം തൊഴിലാളികളാണ് ഒന്നര വർഷമായി പട്ടിണി കിടക്കുന്നത്.

വളരെക്കാലമായി പൂട്ടിക്കിടന്നിരുന്ന പെരുമ്പാവൂർ റയോൺസ് കഴിഞ്ഞയാഴ്ചയിൽ തുറന്നു. അതിൽ സന്തോഷമേയുള്ളൂ. ഇതേ രീതിയിൽ കാലങ്ങളായി പൂട്ടിക്കിടക്കുന്ന റൂബി റബ്ബർ വർക്സിന്റെ കാര്യത്തിലും വ്യവസായമന്ത്രി താൽപ്പര്യം കാണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യങ്ങളെപ്പറ്റിയൊക്കെ ഞങ്ങൾ കൂട്ടുന്ന മുറവിളി എന്തുകൊണ്ടോ ബഹുമാനപ്പെട്ട മന്ത്രിയുടെ കാതിൽ പതിക്കുന്നില്ല. ഞങ്ങളുടെ ദീനരോദനങ്ങൾ കൂടി കേൾക്കാൻ അദ്ദേഹത്തിന്റെ കാത് ഒന്ന് കൂർപ്പിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോവുകയാണ്. ദൗർഭാഗ്യമെന്നു പറയട്ടെ ഞങ്ങളുടെ പ്രദേശങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കാൻ അദ്ദേഹത്തിന് കഴിയുന്നില്ല.

കുറഞ്ഞപക്ഷം തുടങ്ങിയ വ്യവസായങ്ങളെങ്കിലും ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ ഈ വൈകിയ വേളയിലെങ്കിലും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. പി. വിജയദാസ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. ഏകദേശം 5 വർഷം പൂർത്തിയാക്കാൻ പോകുന്ന ഗവൺമെന്റ് ഈ സംസ്ഥാനത്ത് വ്യവസായ സമാധാനം പുനഃസ്ഥാപിച്ചുവെന്നാണ് വ്യവസായ വകുപ്പുമന്ത്രി അവകാശപ്പെടുന്നത്. പക്ഷേ ഈ 5 വർഷക്കാലത്തിനിടയിൽ ഈ സംസ്ഥാനത്തുണ്ടായ വ്യവസായ പുരോഗതി എന്താണെന്ന് ചൂണ്ടിക്കാണിക്കാൻ വ്യവസായ വകുപ്പുമന്ത്രി തയ്യാറാകണം. യഥാർത്ഥത്തിൽ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിയുടെ അധീനവ്യവസായം മാത്രമേ ഇവിടെ കടലാസ്സുകളിൽകൂടി കാണാൻ കഴിയൂ. വ്യവസായം വരുന്നു എന്നു പറഞ്ഞു പരത്തി വ്യവസായത്തിൽ വ്യവസായം കണ്ടെത്തുന്ന ശ്രമമാണ് ഈ വ്യവസായവകുപ്പും വ്യവസായ വകുപ്പുമന്ത്രിയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ ഇരുന്നാൽ കേന്ദ്രത്തിൽനിന്നു മുതൽമുടക്ക് ഉണ്ടാകുകയില്ല. മാത്രവുമല്ല ഇവിടെ വ്യവസായ സമാധാനം നിലനിൽക്കുകയില്ലയെന്ന കുറ്റം പറഞ്ഞ് അതിൽനിന്നും വ്യത്യസ്തമായ ഒരു ഗവൺമെന്റ് ഉണ്ടായപ്പോൾ കേന്ദ്രത്തിൽനിന്ന കൂടുതൽ മുതൽമുടക്ക് ഉണ്ടാകുമെന്ന് വീമ്പിളക്കി. ഈ 5 വർഷക്കാലത്തിനിടയിൽ എടുത്തുകാണിക്കാവുന്ന ഏതെങ്കിലും ഒരു വ്യവസായ കേന്ദ്രത്തിന്റെ മുതൽമുടക്കിൽ ഉണ്ടായി എന്ന് ചൂണ്ടിക്കാണിക്കാൻ ഇവർക്കു കഴിയുമോ?

സർ, കേന്ദ്രത്തിന്റെ മുടക്കുമുതലിൽ മാത്രമല്ല, നോക്കൂ ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ചെറുകിട വ്യവസായങ്ങളുടെ രജിസ്ട്രേഷന്റെയും നമ്മൾ തുടങ്ങിയ വ്യവസായങ്ങളുടെയുമൊക്കെ കണക്കുകൾ കൂമ്പാരമായി എടുത്തുകാണിക്കും. അടച്ചിടുന്നതിന്റെ, സിക്കായതിന്റെ പീഡിതമായതിന്റെ കണക്കുകൾ ചൂണ്ടിക്കാണിക്കാറില്ല. ഇവിടെ യഥാർത്ഥത്തിൽ വ്യവസായങ്ങളുണ്ടാകുന്നില്ല. കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ, ചെറുകിട വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും പരിപോഷിപ്പിക്കണം. എന്നാൽ മാത്രമേ രക്ഷയുണ്ടാവുകയുള്ളൂ. ഈ ഗവൺമെന്റിന്റെ വ്യവസായനയമെന്താണെന്നു ചോദിച്ചാൽ എന്താണെന്നു എനിക്കറിയില്ല. വ്യവസായനയമെന്നല്ല മറ്റ് നയങ്ങളും അങ്ങനെതന്നെയാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഒരു നയവുമില്ലാത്ത വ്യവസായമാണ് ഈ മന്ത്രി അല്ലെങ്കിൽ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ കൂനിൻമേൽ കുരുവെന്നപോലെ കേരളത്തിന് മറെറാരു കഷ്ടകാലംകൂടി വന്നിരിക്കുന്നു. വൈദ്യുതിക്ഷാമം. ഒരു കാലത്ത് വൈദ്യുതി കേരളത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമായിരുന്നു. വ്യവസായങ്ങൾ തുടങ്ങാൻ കേരളത്തിൽ വൈദ്യുതി സുലഭമായിരുന്നു. എന്നാൽ ഇന്ന് കേരളത്തിൽ വൈദ്യുതി സുലഭമല്ലെന്നുമാത്രമല്ല, വൈദ്യുതിയില്ലാത്ത സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുന്നു. ഇന്ന് ഒട്ടും വ്യവസായമില്ലാത്ത സ്ഥിതിയിലേക്ക് നിങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ സ്ഥിതി വൈദ്യുതികൂടിയില്ലാതെ വന്നാൽ എവിടെ ചെന്നു നിൽക്കുമെന്നു നാം ഒന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. വന നശിപ്പിച്ച് നശിപ്പിച്ച് ഓരോ വർഷം കഴിയുന്തോറും മഴയില്ലാതാക്കിയതിന്റെ പരിണിതഫലമായി നമ്മുടെ വൈദ്യുതിയുൽപ്പാദനം ഗണ്യമായി കുറഞ്ഞു. ഒട്ടുംതന്നെ വൈദ്യുതി ലഭ്യമല്ലാതാകുന്ന നിലയിലേക്ക് കാര്യങ്ങൾ നിങ്ങിക്കൊണ്ടിരിക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുമ്പോൾ വൈദ്യുതിക്കുവേണ്ട മോട്ടോറുകൾ അല്ലെങ്കിൽ അത്തരം നടപടികൾ വേണമെന്നു ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നിഷ്കർഷിക്കാതിരുന്നാൽ കേരളത്തിൽ വ്യവസായം ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. കൂനിൻമേൽ കുരു എന്നപോലെയുണ്ടായ ഈ വിപത്തിനുകൂടി പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ഭാഗത്തുനിന്നും നീക്കം ഉണ്ടാകണം.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ പൊതുമേഖലാസ്ഥാപനങ്ങളിലുള്ള നഷ്ടം നികത്തും, അവിടെയുള്ള അപാകതകൾ പരിഹരിക്കുമെന്നൊക്കെ പറഞ്ഞു. ഏതു പൊതുമേഖലാസ്ഥാപനത്തിലെ നഷ്ടമാണ് നികത്തിയത്? ഏതു പൊതുമേഖലാസ്ഥാപനമാണ്

LIBRARY ARCHIVES Kerala Legislative Assembly

ലാഭകരമായി നടത്താൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുള്ളത്? എല്ലാ കാലഘട്ടങ്ങളിലും ഇതിന് മറുപടിയായി ഗവൺമെൻറ് പറയുന്നത് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇതൊന്നും നടപ്പാക്കാതെപോകുന്നത് ഇവിടെ നിലനിൽക്കുന്ന തൊഴിൽത്തർക്കങ്ങൾമൂലമാണെന്നാണ്. ഒരാറ പൊതുമേഖലാസ്ഥാപനവും തൊഴിൽത്തർക്കംമൂലം അടച്ചിട്ടില്ല. എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും അടയ്ക്കേണ്ടിവന്നിട്ടുള്ളത് മിസ്മാനേജ്മെൻറ്കൊണ്ടുമാത്രമാണ്. മിസ്മാനേജുമെൻറെന്നു ഞാൻ പറയുന്നത്, മന്ത്രിയുടെ അല്ലെങ്കിൽ ഗവൺമെൻറിൻറെ ആളുകളെ, വ്യവസായത്തിൻറെ ചങ്കും മത്തങ്ങയും തിരിച്ചറിഞ്ഞുകൂടാത്ത ചിലയാളുകളെ വ്യവസായത്തിൻറെ തലപ്പത്ത് കൊണ്ടുവന്നിരുത്തുന്നു. അവരുടെ മിസ്മാനേജ്മെൻറ് ഒന്നുകൊണ്ടുമാത്രമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ഇത്രമാത്രം നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഒരൊറയെണ്ണം പോലും ലാഭകരമാക്കാനുള്ള ശ്രമം ഇന്ന് ഈ ഗവൺമെൻറിൻറെ മുഖത്തില്ല. ഓരോന്നായി എടുത്തു പരിശോധിച്ചുനോക്കിയാൽ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും ഇന്ന് അടച്ചുപൂട്ടേണ്ട സ്ഥിതിയിലാണ്.

തിരുവനന്തപുരം ജില്ലയിലെ ടൈറാനിയം കേരളത്തിനുതന്നെ അഭിമാനിക്കാവുന്ന ഒരു വ്യവസായസ്ഥാപനമായിരുന്നു. ഈ ഗവൺമെൻറിനോ അല്ലെങ്കിൽ മറാർക്കെങ്കിലുമോ അവകാശപ്പെടാൻ കഴിയാത്ത നിലയിൽ വളർന്നു പന്തലിച്ച ഒരു സ്ഥാപനമാണിത്. ഇന്ന് അതിൻറെ സ്ഥിതി മോശമായ നിലയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ ക്വാളിറ്റി കുറച്ചത് മനഃപൂർവ്വം മറാർക്കെങ്കിലും ആദായമുണ്ടാക്കാൻ വേണ്ടിയാണോയെന്നെനിക്കറിയില്ല. ഇപ്പോൾ അവിടത്തെ ഉൽപ്പന്നങ്ങളുടെ ക്വാളിറ്റി കുറച്ചതുകൊണ്ട് ടൈറാനിയത്തിൻറെ ഉൽപ്പന്നങ്ങൾക്ക് വിലയില്ലാതാകുകയും അതിൻറെ ഫലമായി ടൈറാനിയത്തിൽ മുമ്പുണ്ടായിരുന്നതിനെക്കാളും ലാഭം കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഞാൻ ഇത് എടുത്തുപറയാൻ കാരണം അൽപ്പമെങ്കിലും ലാഭത്തിൽ നടന്നുകൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നു അത്. അതിനെയും നശിപ്പിക്കുന്ന തരത്തിലാണ് കാര്യങ്ങൾ ഇന്നു നീങ്ങിക്കൊണ്ടിരിക്കുന്നത്.

അതുപോലെ കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ 5 കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്തെ റബ്ബർ വർക്സ് ഫാക്ടറിയുടെ സ്ഥിതി ഇന്നെന്താണ്? വ്യവസായവകുപ്പ്, അത് കെ. എസ്. ആർ. ടി. സി. ക്ക് കൈമാറ്റം ചെയ്തു. 1981-82 വർഷത്തിൽ ഒരു കോടിയായിരുന്നു അതിൻറെ നഷ്ടം. ഇതൊരു റിക്കാർഡാണ്. വർഷന്തോറും നഷ്ടമാണ്. അക്യുമുലേറ്റഡ് ലോസ് എന്നു പറയുന്നത് 2 കോടി 45 ലക്ഷമാണ്. ഇങ്ങനെ നഷ്ടത്തിൽനിന്ന് നഷ്ടത്തിലേക്കാണ് റബ്ബർ വർക്സ് പൊയ്ക്കൊണ്ടിരിക്കുന്നത്. ദീർഘവീക്ഷണമില്ലാത്ത, ടാവനയില്ലാത്ത ആരെങ്കിലുമൊക്കെ അതിൻറെ തലപ്പത്തു പിടിച്ചുവച്ച് അതുമായി ബന്ധമില്ലാത്തയാളുകൾ നയിക്കുന്നതുകൊണ്ടാണ് ഈ സ്ഥാപനങ്ങൾ നഷ്ടത്തിലേക്ക് നീങ്ങികൊണ്ടിരിക്കുന്നത്. അതുപോലെതന്നെ ചാക്ക പി.ഡബ്ലിയു.ഡി. എഞ്ചിനീയറിംഗ് വർക്സ് കഴിഞ്ഞ കുറെ നാളുകളായി പൂട്ടിയിട്ടിരിക്കുന്നു. അത് ഏറെടുത്തു നടത്താൻ ആരുമില്ല. അതിനുവേണ്ടി ഗവൺമെൻറ് മുതൽമുടക്കി വരുത്തിയിട്ടുള്ള മെഷിനറികൾ തുരുമ്പെടുത്തു നശിക്കുന്നു. കെ.എസ്.ആർ.ടി.സിക്ക് ആവശ്യമായ ബോഡി നിർമ്മിക്കുന്നതിനുള്ള ഉപകരണങ്ങൾ വരെ,

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ അതിനുള്ള എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഒരു സ്ഥാപനമാണത്. തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതിനുവേണ്ടി അത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല.

അതുപോലെ തിരുവനന്തപുരത്തുള്ള ഒരു സ്ഥാപനമാണ് ടി. കെ. കെമിക്കൽസ്. അത് പൂട്ടിയിട്ടിട്ട് അതേ ആളുകൾതന്നെ കോഴിക്കോട്ടോ മറ്റോ പോയി വേറെ കമ്പനിയുണ്ടാക്കി വ്യവസായം തുടങ്ങാൻ ശ്രമിക്കുകയാണ്. തിരുവനന്തപുരത്തെ മെട്രോ പൊളിറ്റൻ കമ്പനിയുടെ സ്ഥിതിയെന്താണ്? അത് മുമ്പു സഹകാര്യമേഖലയിൽ തുടങ്ങിയതാണ്. ഇന്ന് അതിന്റെ മാനേജ്മെന്റ് ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന ആളുകളാണ്. ആ മെട്രോപൊളിറ്റൻ കമ്പനിയുടെ പ്രവർത്തനങ്ങൾ നശിപ്പിക്കുന്ന തരത്തിലുള്ള ആലോചനകൾ ഇന്നു തുടങ്ങിയിരിക്കുന്നു. അവിടെ ചില കെട്ടിടങ്ങൾ നിർമ്മിക്കാൻ ആലോചിക്കുന്നു. പത്താളുകൾക്ക് പുതിയതായി തൊഴിൽ കൊടുക്കാനോ ഇരുന്നൂറോളം തൊഴിലാളികൾക്ക് അവരുടെ ജീവിതം പോറ്റിക്കൊണ്ടുപോകാനോ അവരെ സംരക്ഷിക്കാനോയുള്ള നീക്കമല്ല, മറിച്ച് അവിടെ കെട്ടിടമുണ്ടാക്കാനോ വേറെയെന്തോ ആരംഭിക്കാനോ ശ്രമം നടക്കുന്നു.

ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിൽ മുഴുവൻ പരസ്പരപൂരകങ്ങളായി പ്രവർത്തിക്കേണ്ട ചില ഘടകങ്ങളുണ്ട്. റബ്ബർ ഫാക്ടറിയും കെ.എസ്.ആർ.ടി.സി.യും മെട്രോപൊളിറ്റൻ കമ്പനിയും ഇലക്ട്രിസിറ്റി ബോർഡും തമ്മിൽ ബന്ധം വേണം. അവിടെയുൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ഗവൺമെന്റിന്റെ പൊതുമേഖലാസ്ഥാപനങ്ങൾ വാങ്ങാൻ തയ്യാറാകണം. അങ്ങനെ വാങ്ങിയാലല്ലേ ഈ സംസ്ഥാനത്ത് അതു നിലനിൽക്കുകയുള്ളു. എന്നാൽ മാത്രമല്ലേ ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുകയുള്ളു. നിങ്ങളുടെ ഉന്നം അതല്ല, ഈ വ്യവസായ വകുപ്പിന്റെ ഉന്നം അതല്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നു സാധനങ്ങൾ വരുത്തണം. അതിനുപിന്നിലുള്ള രഹസ്യം ഞാൻ വെളിപ്പെടുത്തുന്നില്ല. മെട്രോപൊളിറ്റൻ കമ്പനി പുതുക്കിപ്പണിത് അവിടെ ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിക് ഉൽപ്പന്നങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് വാങ്ങിയാൽ എന്താണ് തകരാറ്? കൊല്ലത്തെയുണൈറ്റഡ് ഇലക്ട്രിക്കൽസ് കമ്പനിയിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ഇലക്ട്രിസിറ്റി ബോർഡിന് വാങ്ങിക്കൂടെ? കൊല്ലത്തെ പ്രിമോപൈപ്പ് ഫാക്ടറിയിൽ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വാട്ടർ അതോറിറ്റിക്ക് വാങ്ങിക്കൂടെ? അങ്ങനെ ഈ പൊതുമേഖലാസ്ഥാപനങ്ങൾ തമ്മിൽ പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനു പകരം ഈ പൊതുമേഖലാസ്ഥാപനങ്ങളെ നഷ്ടത്തിലാക്കുകയാണ്, കേരളത്തിലെ ജനങ്ങൾക്ക് തൊഴിലില്ലാതാക്കുകയാണ്. എന്നിട്ട് ലാഭമുണ്ടാക്കി പുറത്തുനിന്ന് അത് ഇവിടെ വരുത്തുകയാണ്, നിങ്ങൾ പുതിയ വ്യവസായങ്ങൾ തുടങ്ങിയെന്നു പെരുമ്പറയടിക്കേണ്ട. പൂട്ടിയിട്ടിരിക്കുന്ന വ്യവസായസ്ഥാപനങ്ങളായ റബ്ബർ വർക്സ്, ചാക്ക പി.ഡബ്ലിയു.ഡി. എഞ്ചിനീയറിംഗ് വർക്സ്, മെട്രോപൊളിറ്റൻ കമ്പനി, കുന്നത്തുർ ടെക്സ്റ്റൈൽസ്, മാവൂർ റയോൺസ് ഇങ്ങനെയുള്ള വ്യവസായശാലകളുടെ പേരു പറഞ്ഞാൽ ഒരു പറമുണ്ട്. അങ്ങനെ മുടങ്ങിക്കിടക്കുന്ന വ്യവസായങ്ങൾ ഏതെങ്കിലും ഒന്നെടുത്തു ഒരു പരീക്ഷണമെന്നുള്ള നിലയിൽ, വിവരമുള്ള ആളുകളെ ഏൽപ്പിച്ച് വിവരമുള്ള റിപ്പോർട്ട് തയ്യാറാക്കി അത് ഈ രാജ്യത്തെ ജനങ്ങൾക്ക് പ്രയോജനപ്രദമായി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയോ ഈ ഗവൺമെന്റോ തയ്യാറാകുന്നില്ല. കണ്ണിക്കുകൂ അവതരിപ്പിച്ച് കണക്കുകൂ കൊണ്ടു കൂമ്പാരം കൂട്ടും. പക്ഷേ ജനങ്ങളുടെ സ്ഥിതിയെന്താണ്? വ്യവസായങ്ങളുടെ സ്ഥിതിയെന്താണ്? അതാണ് എനിക്ക് അറിയേണ്ടത്.

പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങളെ സംബന്ധിച്ച് ഈ സഭയിൽ പ്രമേയം പാസ്സാക്കിയതാണ്. പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം ഒരു പുതിയ സംവിധാനമുണ്ടാക്കി അവരെ ഏൽപ്പിക്കണമെന്ന് പ്രമേയം പാസ്സാക്കി. അത് മന്ത്രി പൂഴ്ത്തിവച്ചിരിക്കുന്നു. ഇവിടെ കമ്മ്യൂണൽ റൊട്ടേഷൻ പാലിക്കുമെന്നൊക്കെ പറയുമായിരിക്കാം. പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങളിലെ യോഗ്യതകൂം തമ്മിലും സ്കെയിലുകൂം തമ്മിലുമുള്ള അന്തരങ്ങളൊക്കെ ഏകീകരിച്ചു നിയമനങ്ങൂം നടത്താൻ ഒരു പുതിയ സംവിധാനമുണ്ടാക്കണം. അവിടെ സ്വന്തക്കാരെ തിരുകിക്കയറ്റാനുള്ള ലക്ഷ്യങ്ങളല്ല നമ്മൂം ഉണ്ടാക്കേണ്ടത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരത്ത് ഒരൊറ്റ വ്യവസായം പോലും പുതുതായി ആരംഭിച്ചിട്ടില്ല. ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി സി. ചാക്കോ വ്യവസായമന്ത്രിയായിരുന്നപ്പോൂ കഴക്കൂട്ടത്ത് ഒരു ആസ്പിരിൻ ഔഷധനിർമ്മാണശാല തുടങ്ങാൻ തീരുമാനിച്ചു. ഇന്ന് അത് എവിടെയിരിക്കുന്നെന്ന് എനിക്ക് അറിയില്ല. എന്റെ സുഹൃത്ത് ശ്രീ. ഹസ്സൻ ഇന്ന് പ്രസ് ഗിക്കുമായിരിക്കും. അദ്ദേഹം പ്രസംഗിക്കുമ്പോൂ അതിനെക്കുറിച്ച് മറുപടി പറയണം. ശ്രീ. ചാക്കോ തുടങ്ങിവച്ച, ഒരേയൊരു വ്യവസായശാല ഇന്ന് എവിടെ നിൽക്കുന്നുവെന്ന് എനിക്കറിയില്ല.

അതുപോലെതന്നെയാണ് പരമ്പരാഗത വ്യവസായങ്ങളുടെ കാര്യവും. കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗതവ്യവസായങ്ങൂം ഇന്ന് എവിടെ നിൽക്കുന്നു എന്നറിയില്ല. കയർത്തൊഴിലാളികൂം ഇന്ന് കയറെടുക്കേണ്ട സ്ഥിതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ മന്ത്രിയു ഈ ഗവൺമെന്റും കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗതവ്യവസായങ്ങളോട് ഒരു ചിറ്റമ്മനയമാണ് സ്വീകരിച്ചിരിക്കുന്നത്. അതിനോടെല്ലാം വ്യാവസായികമായ ഒരു സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കണം.

5,000 രൂപ വീതം ഷെയറെടുത്താണ് കുന്നത്തുറ ടെക്സ്റൈൽസ് തുടങ്ങിയത്. അറുന്നൂറോളം തൊഴിലാളികൂക്ക് 6 മാസക്കാലമായി തൊഴിലില്ലാതെ അത് അടച്ചിട്ടിരിക്കുന്നു. അത് ഏറ്റെടുത്തുനടത്താൻ ഈ മന്ത്രിക്ക് കഴിഞ്ഞിട്ടില്ല. അങ്ങനെ വ്യവസായങ്ങളെക്കുറിച്ച് പറയാൻ വളരെയധികം കാര്യങ്ങളുണ്ട്. ഈ ഗവൺമെന്റിന്റെ നയമില്ലാത്ത, വെറും അധരവ്യവസായമായി മാറിയിരിക്കുന്ന വ്യവസായങ്ങൂംക്കുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. നമ്മുടെ വ്യാവസായിക രംഗത്തെ പിന്നോക്കാവസ്ഥ പൂർണ്ണമായി പരിഹരിച്ച് വ്യാവസായികവളർച്ച പൂർണ്ണമായിട്ടുണ്ടെന്ന കാരണം കൊണ്ടൊന്നുമല്ല, മറിച്ച് വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ പറ്റുന്ന വിധത്തിൽ ധീരോദാത്തമായ ചില ചുവടുവയ്പുകൂം നമ്മുടെ നാട്ടിൽ നടന്നിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നതുകൊണ്ടാണ് ഞാൻ ഇതിനെ അനുകൂലിക്കുന്നത്. മുങ്ങിത്താണു കൊണ്ടിരുന്ന പരമ്പരാഗത വ്യവസായങ്ങളെ കൈപിടിച്ചുയർത്താൻ കരവിരുതോടുകൂടി പ്രവർത്തിച്ച ഒരു വ്യവസായവകുപ്പുമന്ത്രി ഈ സ.സ"ാനത്ത് ഉണ്ടെന്നത് ഭാഗ്യമാണെന്ന" ഞാൻ സൂചിപ്പിക്കുന്നു. അതിന" അവല.ബമായി ചില കണക്കുകൾ ഉദ"ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ കശുവണ്ടി മേഖലയെടുക്കാം. കശുവണ്ടി വ്യവസായരംഗത്തുള്ള പീഡാനുഭവങ്ങൾ പൂർണ്ണമായി മാറി നന്നാക്കി തീർത്തിരിക്കുന്നു എന്നു ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ സഹകരണ, വൽക്കരണപ്രക്രിയ അതിൽ കൊണ്ടുവന്നുകൊണ്ട" കാപ്പെക്സ് ഒരു വൻപിച്ച സമാശ്വാസം നൽകിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഇന്നലെ ബഹുമാനപ്പെട്ട തൊഴിൽകാര്യവകുപ്പുമന്ത്രി ഈ സഭയിൽ പ്രസ"താവിച്ചതുപോലെ 1982-83-ൽ കശുവണ്ടിമേഖലയിലെ തൊഴിലാളിക്ക് 70 ദിവസമായിരുന്നു തൊഴിൽ കിട്ടിയിരുന്നതെങ്കിൽ 1984-85-ൽ അത് 103 ദിവസമായി വർദ"ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട". അതുപോലെ തന്നെ കയർ വ്യവസായരംഗത്തെപ്പറ്റി നമ്മൾ എപ്പോഴും പറയാറുള്ളതാണ്. കയർവ്യവസായരംഗത്തെ സഹകരണവൽക്കരിക്കാൻ ഏറ്റവും ശക"തമായ നടപടിയുമായി മുന്നോട്ടു നീങ്ങിയതിന്റെ ഫലമായി 2 31 ലക്ഷം തൊഴിലാളികളെ സഹകരണവൽക്കരിക്കാൻ ഇവിടെ സാധിച്ചിട്ടുണ്ട്. 1983-84-ൽ 36 ലക്ഷമായിരുന്നു അവിടത്തെ കയറുൽപാദനമൂല്യമെങ്കിൽ 1984-85-ൽ അത" 144 ലക്ഷമായി വർദ"ധിപ്പിച്ചിട്ടുണ്ട്. നമുക്ക് ഏറ്റവും ആശ്വാസമായിട്ടുള്ള ഒരു പ്രഖ്യാപനവുമായിട്ടാണ് കഴിഞ്ഞ വാരം കടന്നുപോയത". കയർവ്യവസായരത്ന വിൽപ്പന നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ശ്രീ. അഹമ്മദുസാഹിബിന്റെ ഉദാത്തമായ ആശയങ്ങളും ധനകാര്യവകുപ്പുമന്ത്രിയുടെ ഉദാരമായ സമീപനങ്ങളും കൂടി സമന്വയിച്ചപ്പോൾ കയർവ്യവസായരംഗത്തെ പിരിമുറുക്കം ഗണ്യമായ തോതിൽ കുറയ"ക്കാൻ സാധിച്ചിട്ടുണ്ട". ഈ രണ്ട് ആശയങ്ങളും സമന്വയിച്ചപ്പോൾ കയർ വ്യവസായ മേഖലയിലെ പിരിമുറുക്കം കുറയ"ക്കുവാനും അതിന്റെ പുരോഗതി അനായാസമാക്കാനും സാധിച്ചിട്ടുണ്ട്.

അതുപോലെ കൈത്തറി വ്യവസായരംഗത്തും രചനാത"മകമായ ചില ചലനങ്ങൾ നടക്കുന്നുണ്ട്. എനിക്ക് ഇവിടെ പറയാനുള്ളത് കയർ വ്യവസായ മേഖലയിൽ കാണിച്ചിട്ടുള്ള ദയാവായ"പ കൈത്തറി വ്യവസായത്തോടും കശുവണ്ടി വ്യവസായത്തോടും കാണിക്കുവാൻ ഗവൺമെന്റ് സന്നദ"ധമാകണമെന്നാണ്. അങ്ങനെ ഇവിടത്തെ പരമ്പരാഗത വ്യവസായങ്ങളെ രക്ഷിക്കണം. ഓരോ താലൂക്കിലും ഓരോ വ്യവസായം സ"ാപിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട അബ"ദുസാഹിബ" ഇവിടെ ആക്ഷേപിച്ചു. പക്ഷേ ഔദ്യോഗികമായി പ്രഖ്യാപിച്ച രേഖയിൽ 25 താലൂക്കുകളിലായി 66 വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നു" വ്യക"തമാക്കിയിട്ടുണ്ട്. നമ്മുടെ വ്യവസായരംഗം ആകെ എടുത്ത" വിശകലനം ചെയ്യുകയാണെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 197.66 കോടി ഉറുപ്പിക മുതൽമുടക്കുള്ള 73 വ്യവസായങ്ങൾ ആരംഭിക്കുകയും അതിൽ ഇരുപതിനായിരത്തോളം ആളുകൾക്ക് ജോലി കൊടുക്കുവാനുള്ള സാദ"ധ്യത ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കേരളാസ"റ്റേറ്റ് ഇൻഡസ"ട്രിയൽ ഡവലപ്പ"മെന്റ് കോർപ്പറേഷൻ 1985-വരെ 137 വ്യവസായങ്ങൾ ഏറ്റെടുത്ത് ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ചെറുകിട വ്യവസായരംഗത്തെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു. ചെറുകിട വ്യവസായരംഗത്ത് ഒരു നവോത്ഥാനം തന്നെ ഈ സംസ്ഥാനത്ത് കാണാൻ സാധിക്കും. എക്കണോമിക് റിവ്യൂവിൽ പറയുന്ന ചില കണക്കുകൾ ഞാൻ ഇവിടെ അവലംബിക്കുകയാണ്. പ്രതിപക്ഷത്ത് നിന്നും പലപ്പോഴും ഉദ്ധരിക്കാറുള്ള ഒരു രേഖയാണ് എക്കണോമിക് റിവ്യൂ. അതിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ സംസ്ഥാനത്ത് കഴിഞ്ഞ പ്രാവശ്യം 744.88 കോടി രൂപയായിരുന്നു ഈ രംഗത്തെ ഉല്പാദനമൂല്യമെങ്കിൽ അതിൽ 11.2 ശതമാനം വർദ്ധനവുണ്ടാക്കാൻ വ്യവസായ നയത്തിന്റെയും, ആ രംഗത്ത് എടുത്തിട്ടുള്ള രചനാത്മകമായ സമീപനത്തിന്റെയും ഫലമായിട്ട് നമുക്ക് കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റമുണ്ടാക്കുന്ന ചില ഘടകങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ കുറെ കാര്യങ്ങൾ പറയാനുണ്ട്. സർ, നമ്മുടെ ചെറുകിട വ്യവസായ മേഖലയിൽതന്നെ 32.76 കോടി രൂപയുടെ മുതൽമുടക്കുള്ള വ്യവസായങ്ങൾ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. ഇരുപത്തിമൂവായിരത്തി അറുന്നൂറോളം പേർക്ക് ഈ മേഖലയിൽ ജോലി ഉണ്ടെന്നാണ് എക്കണോമിക് റിവ്യൂവിലെ കണക്ക്. ശ്രീ. ഇ. അഹമ്മദ് സാഹിബിന്റെ കണക്കല്ല. 1983-84-ൽ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പാദനം 890 കോടി രൂപയായിരുന്നത് ഈ വർഷമായപ്പോൾ 950 കോടി രൂപയുടേതാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സംസാരിക്കാൻ കഴിയുന്ന ഒരു കണക്കാണ്. ശ്രീ. പന്തളം സുധാകരൻ ഇവിടെ പറഞ്ഞതുപോലെ ഇതൊരു ഇലക്ട്രോണിക് കാലഘട്ടമാണ്. വ്യാവസായിക ശൃംഖലയിൽ ഇലക്ട്രോണിക്സ് ഒരു കീ സെക്ടർ എന്ന് അംഗീകരിക്കപ്പെടുകയാണ്. 21-ാം നൂറ്റാണ്ട് ഇലക്ട്രോണിക് നൂറ്റാണ്ടായിരിക്കും. 21-ാം നൂറ്റാണ്ടിലേക്ക് പ്രയാണം ചെയ്യാൻ അഭിമാനപുരസ്സരം നമ്മുടെ സംസ്ഥാനത്ത് കെൽട്രോൺ ഉണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കെൽട്രോണിനെക്കുറിച്ച് പറയുമ്പോൾ 1983-84-ൽ കെൽട്രോണിന്റെ കമ്പനികളുടെ ആനവൽ ടേൺ ഓവർ 33.92 കോടി രൂപയായിരുന്നത് 1984-85-ൽ 64.96 കോടി രൂപയായിയെന്നു പറഞ്ഞാൽ 91.5 ശതമാനമാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. നമ്മുടെ രാജ്യത്ത് വളർന്നുവരുന്ന വ്യാവസായിക മേഖലയിലെ ഈ സെക്ടർ നമ്മുടെ സംസ്ഥാനത്തിനു നൽകിയിട്ടുള്ള ഒരു സംഭാവനയായി ഞാൻ കെൽട്രോണിനെ കാണുകയാണ്.

സർ, പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന് ഇവിടെ പലരും പറഞ്ഞിട്ടുണ്ട്. അതു ഞാൻ അംഗീകരിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളിൽ ഇന്ന് നഷ്ടമുണ്ട്. ആ നഷ്ടം നികത്തിക്കൊണ്ടുവരണ്ടതേ രാജ്യത്തിന്റെ താൽപര്യത്തിന് അനിവാര്യവുമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളാസ്റ്റേറ്റ്, ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ഒഴികെ കേരളത്തിലെ 24 ഗവൺമെന്റ് കമ്പനികളും ലാഭമുണ്ടാക്കുന്നുവെന്നു ഞാൻ പറയുന്നില്ല. കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നാണ് റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് എടുത്തുവായിച്ചാലും എക്കണോമിക് റിവ്യൂ എടുത്തു വായിച്ചാലും മനസ്സിലാക്കാൻ സാധിക്കുന്നത്.

വ്യാവസായിക വളർച്ച വേണ്ടത്ര ഉണ്ടായിട്ടില്ലെന്ന് പലരും പറഞ്ഞത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ മന്ത്രിയെയും സംവിധാനങ്ങളെയും എന്തിനു കുറ്റം പറയുന്നു? ഇവിടെ വ്യാവസായിക വളർച്ച

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകാത്തതിന്റെ കാരണങ്ങളെക്കുറിച്ച് പലരും പല തരത്തിലുള്ള അഭിപ്രായങ്ങളാണ് പറഞ്ഞത്. പലരും ആക്ഷേപിക്കുവാൻ ശ്രമിക്കുന്നത് രാജ്യത്തെ പാവപ്പെട്ട തൊഴിലാളികളെയാണ്. ഈ നാട്ടിൽ വ്യവസായമുണ്ടാകാത്തതിന്റെ കാരണം കേരളത്തിലെ തൊഴിലാളിക്ക് ഏറെ കൂലി കൊടുക്കുന്നതുകൊണ്ടാണ്, കേരളത്തിൽ പ്രൊഡക്റ്റിവിറ്റി ഇല്ലാത്തതുകൊണ്ടാണെന്നൊക്കെയുള്ള ആരോപണം ഉത്തരവാദപ്പെട്ടവർപോലും പറഞ്ഞുവരുന്നുണ്ട്. അതിനെക്കുറിച്ച്. ഒരു വാക്കു പറയാൻ ഒരു തൊഴിലാളി പ്രവർത്തകനെന്നുള്ള നിലയിൽ ഞാനാഗ്രഹിക്കുകയാണ്. കേരളത്തിലെ തൊഴിലാളിക്ക് ഭീമമായ കൂലി കിട്ടുന്നതുകൊണ്ടാണ് ഇവിടെ വ്യവസായം വരാത്തത് എന്നു പറയുന്നത് യക്ഷിക്കഥയെപ്പോലും നാണിപ്പിക്കുന്ന കള്ളക്കഥയാണെന്ന് ഞാൻ പറയുന്നു. എക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ വീക്കിലിയിൽ ഇതിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്.

അഭിമാനപുരസരം കേരളത്തിലെ തൊഴിലാളിയെ ഉദ്ധരിച്ചുകൊണ്ട് പറയുന്നത്, കേരളത്തിലെ തൊഴിലാളികൾക്ക് ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് കിട്ടുന്ന കൂലിയുമായി താരതമ്യപ്പെടുത്തുമ്പോൾ അത്ര ഉയർന്ന കൂലി കിട്ടുന്നില്ല. കേരളത്തിലെ തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത മറ്റ് ആരെക്കാളും മുൻപന്തിയിൽ നിൽക്കുന്നുവെന്ന് ആ വീക്കിലിയിൽ പറയുന്നുണ്ട്. ഈ വീക്കിലിയിൽ മാത്രമല്ല ലേബർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണത്തിലും ഇക്കാര്യം തറപ്പിച്ചുപറഞ്ഞിട്ടുണ്ട്. കേരള ലേബർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു പ്രസിദ്ധീകരണത്തിന്റെ മുഖപ്രസംഗത്തിൽ പറഞ്ഞ കാര്യം ഞാൻ ഇവിടെ ഉന്നയിക്കുന്നു.

A recent study from the Centre for Development Studies (working paper No. 210) showed that viewing industrial backwardness (stagnation) of Kerala in terms of region, specific factors like labour militancy high wage cost and low productivity is illogical and irrelevant.

സർ, അങ്ങനെയൊരു ആരോപണം കേരളത്തിലെ തൊഴിലാളികളുടെ പേരിൽ ഉന്നയിക്കരുത്. കേരളത്തിൽ വ്യവസായം വളരാത്തതിന്റെ കാരണം കേരളത്തിലെ തൊഴിലാളിക്ക് ഏറെ കൂലി കിട്ടുന്നതുകൊണ്ടല്ല, പിന്നെ എന്താണെന്ന് പരിശോധിക്കണം. അക്കാര്യം പരിശോധിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. അങ്ങനെ പരിശോധിക്കുമ്പോൾ സത്യസന്ധമായ ചില കാര്യങ്ങൾ നമ്മൾ ഉൾക്കൊള്ളേണ്ടിവരും. ശ്രീ. പ്രഭാകരൻ ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്രം കാര്യമായി പരിഗണിക്കുന്നില്ലയെന്ന അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം അപ്പുറത്ത് നിന്നപ്പോൾ ഇക്കാര്യം സൂചിപ്പിച്ചതാണ്. കേന്ദ്രം കേരളത്തോട് വലിയ നീതികേടാണ് ചെയ്തതെന്നോ, പ്രതികാരം ചെയ്തെന്നോ ഒന്നുമല്ല ഞാൻ പറഞ്ഞത്. കേന്ദ്രം കേരളത്തോട് വേണ്ടത്ര കരുണ കാണിച്ചിട്ടില്ല എന്നുള്ള സത്യം നമ്മൾ പറയാൻ ബാദ്ധ്യസ്ഥരാണ്. ഭരണമുന്നണിയെന്നോ പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസമില്ലാതെ കേരളത്തിന്റെ ശബ്ദമാണിത്. ശ്രീ. പ്രഭാകരൻ ഇവിടെ പറഞ്ഞിട്ടുള്ള കണക്ക് പൂർണ്ണമായും ശരിയാണ്. ഞാൻ അത് അംഗീകരിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അദ്ദേഹം ഇരുളിന്റെ വശം മാത്രമേ കാണാൻ ശ്രമിച്ചുള്ളു. 148 കോടിരൂപയുടെ കാപ്രോലാക്ടം പ്രോജക്ടും, കൊച്ചിൻ റിഫൈനറിയുടെ സെക്കൻഡറി പ്രോസസ്സും അതുപോലെതന്നെ ബെൻസീൻ പ്രോജക്ടും ഫിനോം ആൻഡ് ആസിറ്റോം പ്രോജക്ടുമെല്ലാം നമുക്ക് കിട്ടിയിട്ടുണ്ട്. അതു പോരാ. അദ്ദേഹം പറഞ്ഞ കണക്കുകളും ശരിയാണ്. ഇനിയും കേന്ദ്രത്തിൽനിന്നും കൂടുതൽ വ്യവസായങ്ങളും കേരളത്തിനു നേടിയെടുക്കാനാവശ്യമായ പരിശ്രമം നടത്തണമെന്നു തന്നെയാണ് എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ഈ സഭയോടും അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. ഒ. ഭരതൻ: ബൻസീൻ ഫ്ലാക്ടറി നമ്മുടെ സ്വസ്ഥാനത്തിന് നഷ്ടപ്പെട്ടുവെന്നുള്ള കാര്യം ശ്രീ. ബഷീറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അത് നഷ്ടപ്പെട്ടുകഴിഞ്ഞിട്ടില്ല. അതിന്റെ നടപടികളും നിലനിൽക്കുകയാണ്. അത് നമുക്ക് അംഗീകരിച്ച് കിട്ടിയതാണ്. സർ, ഞാൻ അപ്പുറത്തുനിന്നും പറഞ്ഞത് കേന്ദ്രം കേരളത്തോട് കരുണ കാണിക്കുന്നില്ലെന്ന വാദത്തെ ഖണ്ഡിക്കുന്നില്ല. ഞാൻ അവർക്ക് പിന്തുണ പ്രഖ്യാപിക്കുന്നു. 3.7 ശതമാനമാണ് ഇൻഡ്യയിലെ ജനസംഖ്യയിൽ കേരളം പ്രതിനിധീകരിക്കുന്നത്. എന്നാൽ ഇൻഡ്യയുടെ തൊഴിലില്ലായ്മയുടെ 10.5 ശതമാനത്തെയാണ് കേരളം പ്രതിനിധീകരിക്കേണ്ടിവന്നിട്ടുള്ളത്. നമ്മളെ രക്ഷിക്കാൻ കേന്ദ്രം നൽകിയ വിഹിതമാകട്ടെ 1.80 ആണ്. ഇത് ശരിയല്ല. തീർച്ചയായും ഇക്കാര്യത്തിൽ ശക്തമായ നടപടികളും കേരളാഗവൺമെന്റ് മുന്നോട്ട് കൊണ്ടുവരണം. കേന്ദ്രത്തെക്കൊണ്ട് ന്യായമായ അവകാശങ്ങളും നമുക്ക് അംഗീകരിപ്പിച്ച് വാങ്ങണം. വ്യവസായങ്ങളും അംഗീകരിക്കുമ്പോൾ അതെല്ലാം ഹരിയാനയിലും പഞ്ചാബിലും പോകുന്ന സ്ഥിതിയാണ് നോക്കി നമ്മൾ വെറുതെയിരിക്കുന്നത് ശരിയല്ല. ഇവിടെ നാളികേരത്തിന്റെ നാട്ടിൽ നാലിടങ്ങഴി മണ്ണുമായി നമ്മൾ ഒരു കൂട്ടർ ജീവിക്കുന്നുവെന്നുള്ള ബോധം കേന്ദ്രത്തിലുണ്ടാക്കാൻവേണ്ടി ശക്തമായ പരിശ്രമങ്ങളും നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഇവിടെ വ്യാവസായിക വളർച്ച ഉണ്ടാകാത്തതിനെ സംബന്ധിച്ച് പലരും പറഞ്ഞു. നമുക്ക് വ്യാവസായിക വളർച്ചയുണ്ടാകാത്തതിന് കാരണമെന്താണ്? നമുക്ക് വ്യാവസായിക വളർച്ചയുണ്ടാകാത്തതിന്റെ പ്രധാനമായിട്ടുള്ള കാരണം ഇൻഡസ്ട്രിയൽ സിക്നസ് തന്നെയാണ്. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ സൂചിപ്പിച്ചപ്പോൾ ഇക്കാര്യത്തിൽ മന്ത്രിയെ ആക്ഷേപിച്ചു. അദ്ദേഹം പറഞ്ഞു ഇവിടെ വ്യവസായങ്ങൾക്ക് വന്നിച്ച സിക്നെസ് ഉണ്ടാക്കിയിരിക്കുന്നുവെന്ന്. അതും മന്ത്രിയുടെ കഴിവുകേടുകൊണ്ടാണെന്ന് അദ്ദേഹം പറയുന്നു. എന്നാൽ എനിക്ക് പറയാനുള്ളത് ഇൻഡസ്ട്രിയൽ സിക്നെസിന്റെ കാര്യത്തിൽ ആരെയെങ്കിലും പ്രതിക്കൂട്ടിലാക്കുന്നുവെങ്കിൽ ആദ്യം പ്രതിക്കൂട്ടിലാക്കേണ്ടത് പ്രഭാകരന്റെ പാർട്ടിക്കുകൂടി പങ്കാളിത്തമുള്ള പടിഞ്ഞാറൻ ബംഗാളിലെ ഗവൺമെന്റിനെയാണ്. ഇന്ത്യയിൽ ഏറ്റവും അധികം ഇൻഡസ്ട്രിയൽ സിക്നെസുള്ള സംസ്ഥാനം പടിഞ്ഞാറൻ ബംഗാളാണ്. സതേൺ ഇക്കോണമിസ്റ്റ് വാരികയിൽ വന്നിട്ടുള്ള പഠനാർഹമായ ഒരു ലേഖനത്തിൽ അവർ ഒരു കാര്യം പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

SOUTHERN ECONOMIST VOL. 24 of February I,1986.
INDUSTRIAL SICKNESS IN INDIA—CAUSES, CONSEQUENCES AND POLICY MEASURES

The incidence of Industrial sickness in India is perhaps the highest in West Bengal where the number of sick units rose from 108 in June 1983 to 112 at the end of December 1983. The reason is that traditional industries like jute, textiles, tea and engineering are located there and the lack of a modernization drive in these industries contributed to their sickness.

വളരെ ശരിയാണ്. ഞാൻ പറഞ്ഞുകൊണ്ടുവരുന്നത് വ്യവസായ മാന്ദ്യത്തെ സംബന്ധിച്ചാണ്. വ്യവസായ മാന്ദ്യത്തെക്കുറിച്ച് പറയുമ്പോൾ മന്ത്രിയെ പ്രതിക്കൂട്ടിലാക്കിയതുകൊണ്ട് കാര്യമില്ല. എന്റെ പോയിന്റ് എന്താണെന്നുവച്ചാൽ വ്യവസായ മാന്ദ്യത്തിന് പടിഞ്ഞാറൻ ബംഗാളിലെ ഗവൺമെന്റും ഉത്തരവാദിയല്ല. പടിഞ്ഞാറൻ ബംഗാൾ ഗവൺമെന്റിന്റെ അപാകതയല്ലിത്. എന്താണ് നമ്മുടെ രാജ്യത്ത് നടക്കുന്നത്? വ്യവസായ മാന്ദ്യം ഉണ്ടാകുന്നതിന് എന്താണ് കാരണം? ഇവിടെ മോഡ്ഡൈസേഷനെ എതിർക്കുന്നു. മോഡ്ഡൈസേഷനു പറ്റാത്ത ചില പ്രശ്നങ്ങളുണ്ട്. തൊഴിലില്ലായ്മ ഒരു കാര്യമാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകാര്യ വ്യവസായ സ്ഥാപനങ്ങളിലും റീട്രെഞ്ചുമെന്റ് കൂടാത്ത മോഡ്ഡൈസേഷൻ അതോടുകൂടിത്തന്നെ എക്സ്പാൻഷൻ എന്നീ മൂന്ന് ഘട്ടത്തോടുകൂടിയ ഒരു പരിപാടി ഏറ്റെടുത്തു നടപ്പിലാക്കി ഇവിടത്തെ വ്യവസായങ്ങളെ രക്ഷിക്കണമെന്നാണ്. പിരിച്ചുവിടൽ പാടില്ല. മോഡ്ഡൈസേഷൻ വരുമ്പോൾ തൊഴിലാളികൾ അധികമാകും. അവരെ എക്സ പാൻഷനിലേക്ക് ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ വ്യവസായങ്ങളെ രക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സർ, ഒന്നുരണ്ടു കാര്യങ്ങൾ കൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ചെറുകിട വ്യവസായത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ചെറുകിട വ്യവസായം തന്നെയാണ് നമ്മുടെ വ്യവസായത്തിന്റെ വളർച്ചയ്ക്ക് പ്രധാനമായ ഘടകം. അതിനെക്കുറിച്ച് ചില നടപടികളും ഇവിടെ നടക്കുന്നുണ്ട്. ചെറുകിട വ്യവസായങ്ങളെ സഹായിക്കാൻ എസ്. ഐ. എസ്. ഐ. യൂണിറ്റ് തൃശ്ശൂരിൽ പ്രവർത്തിക്കുന്നു. സിഡ്കോ പ്രവർത്തിക്കുന്നു. ജില്ലാതലങ്ങളിലുള്ള ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്ററുകളിൽനിന്ന് ഉപദേശം ലഭിക്കുന്നു. അതുപോലെ എക്സ്പോർട്ട് ഗ്രൂപ്പ് തുടങ്ങിയ കാര്യങ്ങളും നടക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ഇവിടത്തെ ചെറുകിട വ്യവസായങ്ങളെ രക്ഷിക്കാൻ കഴിയുകയില്ല. ഇവിടെ മി. പ്രഭാകരൻ പറഞ്ഞത് ശരിയാണ്. എന്താണ് കാരണം? ഇവിടത്തെ ചെറുകിട വ്യവസായങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളാണ് മാർക്കറ്റിങ്ങിന്റെ പ്രശ്നവും റാമെറ്റീരിയൽസിന്റെ പ്രശ്നവും. അതിലൊക്കെയുപരിയായി എന്താണ് തകരാറ്? ചെറുകിട വ്യവസായങ്ങൾ ലോകത്തവിടെ വർദ്ധിച്ചിട്ടുണ്ടോ അവിടെയൊക്കെയുള്ള വ്യാവസായിക പുരോഗതിയുടെ ചിത്രമെടുത്തു പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ചെറുകിടവ്യവസായങ്ങളൊക്കെ അനുബന്ധിത വ്യവസായങ്ങളായിട്ടാണ്, ആൻസിലറി യൂണിറ്റുകളായിട്ടാണ് എല്ലായിടത്തും പുരോഗതി

LIBRARY ARCHIVES Kerala Legislative Assembly

പ്രാപിച്ചിട്ടുള്ളത് എന്ന്. ജപ്പാനിലെ വ്യാവസായിക പുരോഗതിയുടെ മൂലഘടകംതന്നെ മാതൃഹാക ിറി അസംബ്ലിങ്ങ് യൂണിറ്റാക്കുകയും മറെല്ലാം അനുബന ധ വ്യവസായ ആയിത്തീരുകയും ചെയ തതാണ്. അതാണ് ജപ്പാനിലെ വ്യാവസായിക വളർച്ചയുടെ നിദാനം. ഈ ശൈലിതാന്നയാണ് ഹരിയാനയും പഞ്ചാബും സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഫലമായിട്ട് അവിടെ വ്യാവസായിക പുരോഗതി ഉണ്ടായിട്ടുണ്ട്. എനിക്ക് സമർത്ഥിക്കുവാനുള്ളത് ഇവിടത്തെ ചെറുകിട വ്യവസായരംഗത്തെ ആൻസിലറി യൂണിറ്റുകളാക്കി മാറ്റി നമ്മുടെ വ്യവസായങ്ങളെ രക്ഷിക്കണമെന്നാണ്. ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസിന് ഇതു സംബന്ധിച്ച് വ്യക്തമായ ഒരു ഗൈഡ് ലൈൻ കൊടുത്തിട്ടുപോലും അത് ഇവിടത്തെ വ്യവസായങ്ങൾ അംഗീകരിച്ചിട്ടില്ലായെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

മറെറാരു കാര്യം ഇലക്ട്രോണിക് വ്യവസായത്തിന്റെ പുരോഗതിയും വളർച്ചയും കണ്ടുകൊണ്ട് ആ രംഗത്ത് നമ്മുടെ സംസ്ഥാനം ചുമത്തുന്ന നികുതി കുടുതലാണ് എന്നതാണ്. മറു പല സംസ്ഥാനങ്ങളിലും നാലു ശതമാനത്തിൽതാഴെ മാത്രമേ നികുതിയുള്ളു. അതുകൊണ്ട് ഇത് എടുത്തുകളയണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

എങ്ങനെയൊക്കെയാണെങ്കിലും ശരി നമ്മൾ നമ്മുടെ വിഭവശേഷി ഉപയോഗിച്ച് ഇവിടെ വ്യവസായം എങ്ങനെ വളർത്തിയെടുക്കാൻ പറ്റുമെന്ന് പരിശോധിക്കണം. നമ്മുടെ വിഭവശേഷി നമ്മൾ ഉപയോഗിക്കുന്നില്ല എന്നതിൽ എനിക്ക് പരാതിയുണ്ട്. വ്യവസായത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻവേണ്ടി ഗവൺമെൻറ് നിയോഗിച്ചിട്ടുള്ള ഹൈ ലെവൽ കമ്മിറ്റി പറഞ്ഞിട്ടുള്ള റിപ്പോർട്ടിലെ ഒരു പ്രസക്ത ഭാഗത്തിലേക്ക് ഞാൻ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇതിൽ പറയുന്ന ഒരു കാര്യം നമ്മുടെ വിഭവശേഷി നമ്മൾ ഉപയോഗിക്കുന്നില്ലായെന്നാണ്. അത് നമ്മുടെ ഒരു പോരായ്മയാണ്. എന്താണ് കാര്യം?

Report of the High Level Committee on Industry, Trade and Power, Vol. II by State Planning Board.

While Kerala accounts for 90% of the total production of natural rubber in India, investment in rubber based industries in the State is only 8% of the all India Investment in such Industries. Moreover the rubber industry in Kerala covers only a small range of products and has not attained any diversity that the industry has achieved in other parts of the Country.

A comprehensive master plan may be prepared which will take a close hard look at the problems and prospects of the industry and project its growth through a realistic track up to 2000 A.D. One o the major objectives of this plan should be to create a 'Rubber Valley in the State on the lines as the 'Silicon Valley' in the United State of America which is the Centre of all electronic research and activity in that country.

നമ്മുടെ പ്രകൃതി ഏറെവും കനിഞ്ഞു അനുഗ്രഹിച്ചിട്ടുള്ള സാഹചര്യങ്ങൾ നമുക്കുണ്ട്. 90 ശതമാനം റബ്ബർ ഉല്പാദിപ്പിക്കുന്നു. പക്ഷേ റബ്ബർ അധിഷ്ഠിത വ്യവസായത്തിന്റെ 8 ശതമാനം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സ.സ"ഥാനത്തിലുള്ളുവെന്ന ചിത്രത്തിലേയ"ക്ക". ഞാൻ ഗവൺമെൻറിൻെറ ശ്ര"ദ്ധ ക്ഷണിക്കുകയാണ". അതുകൊണ്ട" നമ്മുടെ റിസോഴ"സസ" ഉപയോഗിച്ച" നമ്മുടെ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്ന ഒരു ശൈലി കണ്ടുപിടിക്കണമെന്നാണ" എനിക്ക" പറയാനുള്ളത".

ഇൻഡ്യയിലെ വ്യവസായ രംഗത്ത" ഒരു വലിയ പരിവർത്തനം വരുത്തുകയാണ" ഫാർമസ്യൂട്ടിക്കൽ ഇൻഡസ"ട്രി. ഒരുപക്ഷേ ഇൻഡ്യയിൽ ഇത്രമാത്രം വളർച്ച പ്രാപിച്ചിട്ടുള്ള മറെറാരു വ്യവസായ മേഖല ഉണ്ടോയെന്ന" സംശയമാണ". 1440 കോടി രൂപയാണ" 1981-ൽ ഫാർമസ്യൂട്ടിക്കൽ ഇൻഡസ"ട്രിക്ക" വരുമാനമുണ്ടായിട്ടുള്ളത". എന്നാൽ 1440 കോടി രൂപ ഇൻഡ്യയിൽ വരുമാനമുണ്ടായപ്പോഴും നമ്മുടെ ഷെയർ മൂന്നുകോടി മുതൽ നാലുകോടി രൂപവരെയാണ". നമ്മുക്ക" 40 കോടി രൂപയുടെ മരുന്ന" വേണ്ടിവരും. ഫാർമസ്യൂട്ടിക്കൽ ഇൻഡസ"ട്രി പ്രതിസന"ധിയില്ലാത്ത ഒരു ഇൻഡസ"ട്രിയാണ". ഇൻഡ്യാരാജ്യത്തു വളർന്നുവരുന്ന വ്യവസായമുന്നേറത്തിൽ ഫാർമസ്യൂട്ടിക്കൽ ഇൻഡസ"ട്രിയുടേതായിട്ടുള്ള സംഭാവന കൊടുക്കണമെന്നാണ" എനിക്ക" ചൂണ്ടിക്കാണിക്കാനുള്ളത".

നമ്മുടെ വ്യാവസായിക വളർച്ചക്ക" പ്ലാനും" പദ"ധതിയുമിട്ട" ചില പരിപാടികളും നമ്മം ആവിഷ്കരിക്കുകയാണെങ്കിൽ തീർച്ചയായും നമ്മുടെ സംസ"ഥാനത്തെയും ഇൻഡ്യയുടെ വ്യാവസായിക മേപ്പിലേക്ക" കൈപിടിച്ചുയർത്തുവാൻ നമുക്ക" കഴിയും എന്നാണ" എൻെറ പൂർണ്ണമായ വിശ്വാസം. ഏതായാലുംശരി ധീരോദാത്തമായ നടപടികളും എടുത്തുകാണ്ട" വ്യാവസായിക മുന്നേറത്തെ ത്വരിതപ്പെടുത്തുന്ന മന്ത്രിയുടെ നയങ്ങളും അതിന" അനുകൂലമായ ഗവൺമെൻറിൻെറ നയങ്ങളും നമ്മുടെ വ്യവസായ ശോചനീയാവസ"ഥ പരിഹരിക്കുവാൻ, സഹായിക്കും എന്ന പ്രത്യാശയോടുകൂടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി ശക"തിയായി അനുകൂലിച്ചുകൊണ്ട" ഞാൻ നിർത്തുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, വ്യവസായവകുപ്പിലേയ"ക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ ശക"തിയായി എതിർക്കുന്നു. മൂരിക്കുട്ടൻ കൈയേറിമെതിച്ച പിഞ്ഞാണിക്കടയുടെ അവസ"ഥയാണ" ഇന്ന" വ്യവസായവകുപ്പിൻേറത". സ സ"ഥാനത്തിൻെറ വളർച്ചയുടെ ഹൃദയത്തുടിപ്പാണ" വ്യവസായം. ചലനാത്മകമായി പ്രവർത്തിക്കേണ്ട ഈ വകുപ്പ" ഇന്ന" ചലനമറ്റുകിടക്കുന്ന സ"ഥിതിയാണ" കാണാൻ കഴിയുന്നത". ഈ കൊച്ചു സംസ"ഥാനത്തിൻെറ പ്രശ"നങ്ങളും മനുഷ്യശക"തിയും വിഭവസമാഹരണമാർഗ"ങ്ങളും കണക്കിലെടുക്കുമ്പോൾ മി. അഹമ്മദ" കഴിഞ്ഞ നാലര വർഷക്കാലം വ്യവസായവകുപ്പിൻെറ മന്ത്രി എന്നുള്ള നിലയിൽ നിങ്ങൾക്ക" എന്തെങ്കിലും ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ? ഉണ്ടെന്ന" പറയുവാൻ കഴിയുമോ? എനിക്ക" മുമ്പ" സ.സാരിച്ച ശ്രീ. മുഹമ്മദ" ബഷീർ വ്യാവസായികരംഗത്ത" വളരെ അത്ഭുതങ്ങൾ സൃഷ്ടിച്ചുവെന്ന" പറയുകയുണ്ടായി. കഴിഞ്ഞ നാലരവർഷക്കാലത്തെ ഈ സ.സ"ഥാനത്തിൻെറ വ്യാവസായികരംഗം എടുത്തുനോക്കിയാൽ എല്ലാമേഖലകളിലും തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്ന കാഴ"ച നമുക്കു കാണാൻ സാധിക്കും. ഇക്കണോമിക" റിവ്യൂതന്നെയാണ" ഇതിന" ആധാരം. ഇക്കണോമിക" റിവ്യൂവിൽ പറയുന്ന ഒരൊററ വാചകം മാത്രം ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

The number of workers in five districts viz Quilon, Alleppy, Ernakulam, Wynad and Cannanore decreased during 1984-85 when compared to 1983. ഈ കണക്കിന് ആധാരമായ രേഖകൾ എടുത്തു നോക്കിയാൽ അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിലെ പ്ലാനിങ്ങ് ബോർഡിന്റെ കണക്കുകൾ എടുത്തുനോക്കിയാൽ കഴിഞ്ഞ നാലുവർഷക്കാലം പൊതുമേഖലയിലായാലും സഹകാര്യമേഖലയിലായാലും ശരി നിലവിലുണ്ടായിരുന്ന തൊഴിലവസരങ്ങൾപോലും കുറഞ്ഞിരിക്കുകയാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഈ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര വ്യവസായങ്ങൾ കൂടുതലായി ഉണ്ടാക്കാൻ കഴിഞ്ഞു? ഉണ്ടായിരുന്ന വ്യവസായങ്ങൾ എത്രയെണ്ണം പൂട്ടി? ഇതിന്റെ ഫലമായി അതിന്റെ വാർഷിക കണക്ക് പറയാൻ കഴിയുമോ? മി. അഹമ്മദ്, ഞാൻ വരുന്ന ആലപ്പുഴ ജില്ലയിൽ ഒരു വ്യവസായം ഈ കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ, അങ്ങേയ്ക്ക് ആരംഭിക്കാൻ കഴിഞ്ഞുവെന്ന് പറയാമോ? അതേസമയം അവിടെ ഉണ്ടായിരുന്ന ആറു ഫാക്ടറികൾ പൂട്ടിക്കിടക്കുന്നു. ഫോം മാറ്റിംഗ്സ്, ഫോർമാലിൻ പ്ലാന്റ്, പ്രീമിയർ മൊറാർജി കെമിക്കൽസ്, സ്കൂട്ടർ ഫാക്ടറി, നിരവധി കയർ ഫാക്ടറികൾ, ഫ്രിസിങ്ങ് അടക്കമുള്ള ചെമ്മീൻ ഫാക്ടറികൾ, തുടങ്ങിയവയെല്ലാം ആലപ്പുഴ ജില്ലയിൽ പൂട്ടിക്കിടക്കുന്നു. എല്ലാ വ്യവസായത്തിന്റേയും സ്ഥിതി ഇതാണ്.

സർ, നമ്മുടെ നാട് അഗ്നിപർവ്വതം പോലെ പുകഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ നാടിന്റെ ഉൽക്കണ്ഠകൾ കേൾക്കാൻ ഈ സംസ്ഥാനത്ത് ഒരു ഗവൺമെന്റുണ്ടോ? മന്ത്രിമാരുണ്ടോ? 26 ലക്ഷം യുവതിയുവാക്കൾ തൊഴിലിനുവേണ്ടി യാചിക്കുന്ന ഈ സംസ്ഥാനത്ത് നാലര വർഷം അധികാരത്തിലിരുന്ന ഈ ഗവൺമെന്റിന് ഈ രംഗത്ത് യാതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല എന്ന് മാത്രമല്ല ഉള്ള വ്യവസായങ്ങൾപോലും തകർക്കുന്ന നടപടിയാണ് ഈ രംഗത്ത് ഈ മന്ത്രിമാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം" എന്ന ചിന്താഗതിയിലും തത്വത്തിലുമാണ് ഈ വ്യവസായ വകുപ്പിനേയും വകുപ്പുമന്ത്രിയേയും നയിച്ചുകൊണ്ടിരിക്കുന്നത്. ഓരോ വകുപ്പിലേക്കും ആവശ്യമായ സാധനങ്ങൾപോലും നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വാങ്ങിക്കുന്നില്ല. അതെല്ലാം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുകയാണ്; കമ്മീഷനു വേണ്ടി. ഓരോ മന്ത്രിയും അവരവരുടെ വകുപ്പ് ഓരോ സാമ്രാജ്യമാക്കി വച്ചുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങി കമ്മീഷൻ വാരിക്കൂട്ടുകയാണ്. ഈ നാട്ടിന്റെ താല്പര്യം സംരക്ഷിക്കാൻ താല്പര്യമുള്ള ഒറ്റ മന്ത്രിമാരും ഈ സംസ്ഥാനത്തില്ല. കയർ മേഖല, കശുവണ്ടി മേഖല തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെല്ലാം ആകെ തകർന്നിരിക്കുന്നു. 467 കോടി രൂപ ഈ വർഷം വിദ്യാഭ്യാസ വകുപ്പിന് വേണ്ടി വച്ചിരിക്കുന്ന ഈ സംസ്ഥാന് വ്യവസായ വകുപ്പിന് വേണ്ടി മാറ്റി വച്ചിരിക്കുന്നത് 35 കോടി രൂപ മാത്രമാണ്. ഈ 35 കോടി രൂപ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും മറ്റും കഴിഞ്ഞാൽ ആകെ ചാൽ ഇൻവെസ്റ്റ്മെന്റ് എന്ന് പറയുന്നത് വളരെ പരിമിതമാണ്. വ്യവസായം ആരംഭിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റ് മുതൽ മുടക്കണം. അതിനെ സംബന്ധിച്ചുള്ള എല്ലാ റിപ്പോർട്ടും എന്റെ കൈയിലുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത് നമ്മുടെ പബ്ലിക്ക് സെക്ടർ ഇൻവെസ്റ്റ്മെന്റ് 1.8 ശതമാനമായി കുറഞ്ഞിരിക്കുന്നുവെന്നാണ്. സംസ്ഥാന ഗവൺമെന്റിന്റെ മുതൽ മുടക്കും കുറഞ്ഞുവരുന്നു. സഹകാര്യ വ്യവസായികളാണെങ്കിൽ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ പണം മുടക്കാൻ തയ്യാറാകുന്നില്ല: വ്യവസായികളെ ഹരാസ് ചെയ്യുന്ന നടപടികളാണ് ഉള്ളത്., ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറ് ആയാലും വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയായാലും ഫിനാൻസ് വകുപ്പ്. ആയാലും ഏതുവകുപ്പായാലും ഇവിടെ വരുന്ന വ്യവസായികളെ ഹരാസ് ചെയ്യുന്ന നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്. മുമ്പ് പറഞ്ഞിരുന്നത് തൊഴിൽ പ്രശ്നങ്ങളാണെന്നാണ്. ഇന്ന് കേരളത്തിൽ അത് പറയുവാൻ ഒറ്റ മന്ത്രിക്കും ഒരു ഗവൺമെൻറിനുമാവില്ല. ഏത് വ്യവസായവും കേരളത്തിലേക്ക് കടന്ന് വരുന്നതിനെ എങ്ങനെയും സഹായിക്കാൻ ഇവിടത്തെ ജനങ്ങളും തൊഴിലാളികളും മുന്നോട്ട് വന്നിരിക്കുകയാണ്. എന്നാൽ ഈ ഗവൺമെൻറിൻറെ കൂട്ടുത്തരവാദിത്വമില്ലായ്മയും മന്ത്രിമാർ തമ്മിലുള്ള കിടമത്സരവുമാണ് അതിന് തടസ്സമായി നിൽക്കുന്നത്. എന്താണ് സർ കയർ വ്യവസായത്തിൻറെ സ്ഥിതി ? 5 ലക്ഷം തൊഴിലാളികളെ പണിയെടുക്കുന്ന ഒരു വ്യവസായ മേഖലയാണ്. കയർ വ്യവസായമേഖല. കഴിഞ്ഞ 35 വർഷക്കാലമായി കയർ സഹകരണ മേഖലയിലെ തൊഴിലാളികളെ ഗവൺമെൻറ് സഹായത്തോടുകൂടി പടുത്തുയർത്തിക്കൊണ്ടുവന്ന സഹകരണ മേഖലയെ തകർക്കുന്ന നയമായി ഇപ്പോൾ ലെവി സമ്പ്രദായം ഏർപ്പെടുത്താൻ പോകുകയാണ്. റെക്ടിഫൈഡ് പോയിൻറിൽ മാത്രം ലെവി ഏർപ്പെടുത്തിക്കൊണ്ട് കോടിക്കണക്കിന് രൂപ മുതൽമുടക്കുള്ള രണ്ടര കോടിയോളം തൊഴിലാളികളുള്ള സഹകരണ മേഖലയെ തകർത്തുകൊണ്ട് മുതലാളിമാർക്ക് ഏറാൻമൂളുന്ന നയമാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്.

സർ, നമ്മുടെ സംസ്ഥാനത്തെ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളിലെല്ലാം ഓരോ മന്ത്രിമാരുടെയും ആശ്രിതരെ തിരുകി കയറ്റിയിട്ടുണ്ട്. കഴിവില്ലാത്ത മൂന്നാം ഗ്രേഡ് ഉദ്യോഗസ്ഥൻമാരെയാണ് പൊതുമേഖലാസ്ഥാപനത്തിൻറെ തലപ്പത്ത് കുടിയിരുത്തിയിരിക്കുന്നത്. 85 പൊതുമേഖലാ കമ്പനികളുള്ളതിൽ 14 എണ്ണം മാത്രമാണ് നാമമാത്രമായി ലാഭമുണ്ടാക്കിയിരിക്കുന്നത്. ബാക്കിയെല്ലാം വൻനഷ്ടത്തിലാണ്. പെയ്ഡ് അപ്പ് ക്യാപ്പിറ്റലിൻറെകാര്യം കൂടുതൽ നഷ്ടത്തിലേക്ക് നമ്മുടെ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളും പോയിക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതിയെന്താണ് ? എത്രയെത്ര ഒഴിവുകളുണ്ടാക്കാൻ കഴിയും, അവിടെ ആരെയൊക്കെ നിയമിക്കാൻ കഴിയും എന്നത് മാത്രമാണ് നമ്മുടെ പൊതുമേഖലാ വ്യവസായ സംരംഭകരെ നയിച്ചുകൊണ്ടിരിക്കുന്നത്. മറിച്ച് ഈ നാടിനെ കുറിച്ചുള്ള ചിന്തയില്ല. ഞാൻ പറയുന്നു ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർ തൊഴിലില്ലാതെ അലയുകയാണ്. ആറുമാസത്തിന് മുമ്പ് ഒരു നിയമസഭാ കമ്മിറ്റി ഡൽഹിയിൽ പോയി. ഡൽഹിയിൽ കേരളാ ഹൗസിൽ ചെന്നപ്പോൾ ഞങ്ങൾ കേരളാ ഹൗസിലുണ്ടെന്നറിഞ്ഞുകൊണ്ട് രണ്ടുമൂന്നു ചെറുപ്പക്കാർ വന്നിട്ട് അവർ താമസിക്കുന്ന സ്ഥലത്തേയ്ക്ക് ചെല്ലണമെന്ന് പറഞ്ഞു. ഞാനും മറ്റ് രണ്ട് എം. എൽ. എ. മാരും നാരായൺപുരിയിലേയ്ക്ക് ചെന്നു. ഞങ്ങൾ അവിടെ എട്ടുമണിക്ക് ചെല്ലുമ്പോൾ അവിടെ പത്തഞ്ഞൂറോളം ചെറുപ്പക്കാർ കൂടി, അവർ ഞങ്ങളോട് പറഞ്ഞത് 250-ഉം, 300-ഉം രൂപ ശമ്പളം വാങ്ങിക്കൊണ്ട് പന്ത്രണ്ടുമണിക്കൂറും പതിനാല് മണിക്കൂറും അവർ ജോലി ചെയ്യുന്നുവെന്നാണ്. ഒരു ലക്ഷത്തോളം മലയാളികൾ നാരായൺപുരിയിൽ താമസിക്കുന്നുണ്ട്. അതിൽ കൂടുതലും സ്ത്രീകളാണ്. ദയവുചെയ്ത് ഈ കേരളത്തിലെ സഹോദരിമാരെ ഇങ്ങോട്ട് അയക്കാതിരിക്കണമെന്നാണ് അവർ ഞങ്ങളോട് ആവശ്യപ്പെട്ടത്. അത്തരം ഒരു സാഹചര്യത്തിലേക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ നാടിനെ ഈ ഗവൺമെൻറ് എത്തിച്ചിരിക്കുന്നത്. ആ നിലയിൽ ഈ നാടിനെ തകർത്ത് തരിപ്പണമാക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെൻറിനുള്ളത്. അങ്ങനെയുള്ള വ്യവസായ വകുപ്പിനുവേണ്ടി ഒരു പൈസ പോലും അനുവദിക്കാൻ പാടില്ല.

ശ്രീ. എ. എം. ഹസ്സൻ: സർ, ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. പ്രതിപക്ഷത്തുനിന്നുള്ള എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. താമരാക്ഷൻ വികാരവിക്ഷോഭംകൊണ്ട് വിങ്ങിപ്പൊട്ടുന്നത് ഞങ്ങളെല്ലാവരും കേട്ടു. സർ, കഴിഞ്ഞ നാലരവർഷക്കാലമായി ഈ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറ് കേരളത്തിലെ വ്യവസായരംഗത്ത് ഒന്നും ചെയ്തില്ല എന്ന് സമർത്ഥിക്കുവാൻ ശ്രീ. താമരാക്ഷൻ നടത്തിയ ശ്രമങ്ങൾ ദയനീയമായി പരാജയപ്പെട്ടുപോയി. കഴിഞ്ഞ പത്തിരുപത്തിയഞ്ചു വർഷക്കാലത്തെ കേരളത്തിന്റെയും, കേരള രൂപീകൃതമാകുന്നതിനു മുമ്പ് നമ്മുടെ നാട്ടുരാജ്യങ്ങളായിരുന്ന പ്രദേശങ്ങളുടെയും വ്യവസായ പുരോഗതി, ഇടതുപക്ഷ ഗവൺമെൻറ് ഈ സംസ്ഥാനം ഭരിച്ചപ്പോൾ വ്യവസായ രംഗത്തുണ്ടായിട്ടുള്ള മാറ്റം, അതെല്ലാമായി ഈ നാലര കൊല്ലക്കാലത്തെ പ്രവർത്തനങ്ങളെ താരതമ്യം ചെയ്തുകൊണ്ട് അക്കമിട്ട് ഇവിടെ വ്യാവസായിക പുരോഗതിയുണ്ടായിട്ടില്ലെന്ന് അദ്ദേഹം സമർത്ഥിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ വാദത്തോട് എനിക്ക് യോജിക്കാൻ കഴിയുമായിരുന്നു. സർ, ഒരുകാര്യം ഞാൻ പറയുകയാണ്. കഴിഞ്ഞ നാലരകൊല്ലക്കാലമായി പുതുതായി തൊഴിലുണ്ടാക്കിക്കൊടുക്കാൻ, (സഹകരണസംഘങ്ങൾപോലുള്ള സ്ഥാപനങ്ങളെ ഒഴിവാക്കിക്കൊണ്ട് പറയുകയാണ്—ഔദ്യോഗികമായ കൃത്യമായ കണക്കുകൾ മന്ത്രി ഇവിടെ മറുപടി പറയുമ്പോൾ പറയുന്നതാണ്). രണ്ടരലക്ഷം ചെറുപ്പക്കാർക്ക് ഇവിടെ തൊഴിലുണ്ടാക്കിക്കൊടുക്കാൻ കേരളത്തിലെ ചെറുകിട വ്യവസായ പരിപാടികൾ കൊണ്ട് സാധിച്ചിട്ടുണ്ടെങ്കിൽ 26-28 ലക്ഷം വരുന്ന നമ്മുടെ തൊഴിലില്ലാത്ത പട്ടാളം നമ്മുടെ യുവാക്കളുടെ ദീനരോദനം, നമ്മളെല്ലാം ഉൾക്കൊള്ളുന്നവരാണ്. ആ പ്രശ്നവുമായി തട്ടിച്ചുനോക്കുമ്പോൾ അത് വളരെ ചെറുതാണെന്ന് സമ്മതിക്കാനും ഞാൻ തയ്യാറാണ്. പക്ഷേ രണ്ടര ലക്ഷം ചെറുപ്പക്കാർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞത് വളരെ നിസ്സാരമായ കാര്യമായി നമുക്ക് തള്ളിക്കളയാവുന്നതല്ല. ഇവിടെ വ്യവസായങ്ങളൊന്നുമുണ്ടായില്ല. കഴിഞ്ഞ നാലര കൊല്ലത്തിനിടക്ക് എത്ര വ്യവസായങ്ങൾ ഇവിടെയുണ്ടായിയെന്ന് ശ്രീ. താമരാക്ഷൻ ചോദിച്ചു. ഈ കാലഘട്ടത്തിൽ നമ്മുടെ കെ.എസ്.ഐ.ഡി.സി. യിൽ തന്നെ 56 വ്യവസായങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു. അതിൽ 16 എണ്ണം ഉദ്ഘാടനം ചെയ്തു. അത് സംയുക്ത മേഖലയിലായിരിക്കും, അല്ലെങ്കിൽ ഗവൺമെൻറ് മേഖലയിലായിരിക്കും. വ്യക്തമായ കണക്കുകൾ നമ്മുടെ മുമ്പിലുണ്ട്. 56 പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും 16 എണ്ണം അതിൽ ഉദ്ഘാടനം ചെയ്യുന്നതിനും നമുക്ക് ഈ കാലഘട്ടത്തിൽ കഴിഞ്ഞു. ഇവിടെ ബഹുമാന്യപ്പെട്ട ശ്രീ. കെ.പി. പ്രഭാകരൻ പറഞ്ഞത് കേന്ദ്ര മേഖലയിലുള്ള നിക്ഷേപം വളരെ കുറഞ്ഞു, കേന്ദ്രം കേരളത്തെ അവഗണിച്ചുവെന്നാണ്. 1981-ൽ 481.96 കോടി രൂപയാണ് കേന്ദ്ര നിക്ഷേപമായി വ്യാവസായിക രംഗത്ത് ഇവിടെ മുതൽ മുടക്കിയിട്ടുള്ളത്. 1985 ആയപ്പോൾ 831.22 കോടിയായി വർദ്ധിച്ചു. അതിന്റെ ശതമാനം നിങ്ങൾ കൂട്ടിയാൽ മതി. 7-ാം പഞ്ചവൽസര പദ്ധതിയെ സംബന്ധിച്ചിടത്തോളം വളരെ മെച്ചപ്പെട്ട ഒരു സാമ്പത്തിക സഹായം കേരളത്തിന്റെ വ്യാവസായിക വികസനത്തിന് വേണ്ടി കേന്ദ്രത്തിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കിട്ടും. കേന്ദ്രത്തിന് വേണ്ടി പ്രത്യേക അച്ചാരവും വക്കാലത്തു മൊന്നും ഞാൻ ഇവിടെ ഹാജരാക്കുന്നീല്ല. സർ, ദേശീയമായ കാഴ്ച പ്പാടോടുകൂടി കേന്ദ്രവിഹിതം നിശ്ചയിക്കുന്ന അവസരത്തിൽ കേരള ത്തിന് അർഹമായത്. കിട്ടണമെന്ന കാര്യത്തിൽ എനിക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ കേരളത്തെ അവഗണിച്ച് അർഹമായതൊന്നും തന്നില്ല, കോച്ച് ഫാക്ടറി തന്നില്ല, ഏഴിമലയിൽനിന്ന് നാവിക അക്കാഡമി എടുത്തുകൊണ്ട് പോകുന്നു എന്നൊക്കെയുള്ള പ്രചരണം അടിസ്ഥാനരഹിതമാണെന്ന് മുഖ്യമന്ത്രി തന്നെ സഭയ്ക്കകത്ത് വ്യക്തമാക്കിയിട്ടുള്ളതാണ്. ബെൻസീൻ ഫാക്ടറിയെ സംബന്ധിച്ചുള്ള ആശങ്കകൾ ദൂരീകരിച്ചുകൊണ്ട് അദ്ദേഹം ഇവിടെ സംസാരിച്ചു. ഇതെല്ലാമായിട്ടും കേന്ദ്രം അവഗണിക്കുന്നു, കേന്ദ്രം പണം തരുന്നില്ല. കേന്ദ്രം അർഹമായ അംഗീകാരം തരുന്നില്ല. ഇങ്ങനെ കേന്ദ്രത്തിനെതിരായി നാഴികയ്ക്ക് നാല്പതുവട്ടം മന്ത്രോച്ചാരണംപോലെ ശ്വാസോച്ഛ്വാസ ത്തിൽപോലും കേന്ദ്രവിരുദ്ധ പ്രചരണം, ഒരു വ്രതമാക്കി മാറിയിട്ടുള്ള ആളുകളോട് ഈ കാര്യത്തിൽ ഞങ്ങൾക്ക് മറുപടി പറയാനില്ല. കേന്ദ്രം കൂടുതൽ നൽകണം. നട്ടെല്ലോടുകൂടി വാദിക്കാൻ കോൺഗ്രസ്സുകാരായ ഞങ്ങൾ തയ്യാറാണ്. കേന്ദ്ര അവഗണനയ്ക്കെതിരായി കേരളത്തിൽ പ്രത്യക്ഷമായി പ്രതിപക്ഷത്തോടൊപ്പം സമരം ചെയ്ത പാരമ്പര്യം കോൺഗ്രസ്സുകാരായ ഞങ്ങൾക്കുണ്ടെന്നുള്ള കാര്യം കഴിഞ്ഞകാല രാഷ്ട്രീയ സംഭവങ്ങൾ ഓർമ്മിച്ചുകൊണ്ട് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പീതാംബരൻ മാസ്റ്ററെപ്പോലുള്ള ആളുകൾ കേന്ദ്രത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ധാർമ്മികരോഷം കൊള്ളേണ്ടകാര്യമില്ല. കേന്ദ്രം കേരളത്തിനർഹമായത് നൽകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കേരളത്തിലെ തൊഴിലില്ലായ്മ, അഭ്യസ്തവിദ്യരുടെ തൊഴിലി ല്ലായ്മ വളരെ രൂക്ഷമായിരിക്കുന്ന കേരളത്തിന്റെ പ്രശ്നം കാണുവാനും അത് പരിഹരിക്കുവാനും ഒരു സമയബന്ധിതമായ സഹായം നൽകുവാനും കേന്ദ്രത്തോട് ഒറ്റക്കെട്ടായി നിന്ന് വാദിക്കണമെന്ന് നിങ്ങൾ പറഞ്ഞാൽ ഞങ്ങളതിനോട് യോജിക്കാൻ തയ്യാറാണ്. അതല്ല, രാഷ്ട്രീ യമായ മുഷ്ടലാക്കോടുകൂടി കേന്ദ്രത്തിനെതിരായി സംസാരിക്കുവാനും മുറവിളിക്കുവാനുമാണ് നിങ്ങളുടെ പുറപ്പാടെങ്കിൽ കേരളത്തിലെ ജനങ്ങൾ പലതും കണ്ടുമടുത്തവരാണ്. അതിനോടൊന്നും കേരളത്തിലെ ജനങ്ങൾക്ക് താൽപര്യമില്ല. ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നടപടി യെടുക്കുകയാണ് വേണ്ടത്.

ശ്രീ. താമരാക്ഷനോട് ചോദിക്കുകയാണ്, പരമ്പരാഗത വ്യവസായ ങ്ങളെക്കുറിച്ച് വളരെ ഊറ്റംകൊണ്ട് സംസാരിക്കുന്ന ആളാണല്ലോ അദ്ദേഹം. കയർ വ്യവസായത്തെക്കുറിച്ച് ചോദിക്കുകയാണ്. കയർ വ്യവസായവുമായി ബന്ധമുള്ള ഒരാളാണ് ഞാൻ. 1980-ൽ നായനാർ ഗവൺമെന്റ് ഈ സംസ്ഥാനം ഭരിച്ചിരുന്ന കാലഘട്ടത്തിൽ കയറിന്റെ സെയിൽസ്ടാക്സ് എടുത്തുകളയണമെന്ന് ഇപ്പുറത്തുനിന്ന് പലരും വാദിച്ചിരുന്നു. കേന്ദ്രവ്യവസായ മന്ത്രിയായിരുന്ന നാരായൺ തിവാരി എല്ലാ മുഖ്യമന്ത്രിമാർക്കും കത്തെഴുതി. ഇവിടുത്തെ മുഖ്യമന്ത്രി മറുപടി പറഞ്ഞതെന്താണെന്നോ? മറ്റ് സംസ്ഥാനങ്ങളിൽ പന്ത്രണ്ട് ശതമാനംവരെ കയർവ്യവസായത്തിന് സെയിൽസ് ടാക്സ് ഈടാക്കുന്നു; കയർ കേരളത്തിന്റെ കുത്തക ഉൽപ്പന്നമാണ്. അതുകൊണ്ട് കേരളത്തിൽ കയർ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായത്തിന് സെയിൽസ്ടാക്സ് നിറുത്തലാക്കിയാൽ മറ്റു സംസ്ഥാനങ്ങളും നിറുത്തലാക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നാണ്. മദിരാശിയിലും ഗോവയിലുമൊക്കെ കയറിന് സെയിൽസ്ടാക്സ് നിറുത്തലാക്കി. ഇവിടെ ശക്തിയുക്തം വാദിച്ചിട്ട് നായനാർ ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത് ഇത് നിറുത്തലാക്കാൻ കഴിഞ്ഞോ? ഇന്ന് ശ്രീ. തച്ചടി പ്രഭാകരൻ ഇവിടെ ധനകാര്യമന്ത്രിയായി രണ്ടാഴ്ച തികയുന്നതിനുമുമ്പ് കയറിനുള്ള സെയിൽസ്ടാക്സ് എടുത്തുകളഞ്ഞു. അമ്പതുലക്ഷം രൂപ കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽനിന്ന് മാർജിൻ മണിയായിട്ട് പരമ്പരാഗത വ്യവസായങ്ങൾക്ക് കൊടുത്തു. ഞങ്ങൾ കയർവ്യവസായ രംഗത്ത് ഐക്യം ഊട്ടി വളർത്തിയ കാലഘട്ടത്തിൽ അവർ ചെയ്തതെന്താണെന്നറിയാമോ? ഈ സെക്രട്ടറിയേറ്റിനു മുമ്പിൽ സമരം ചെയ്യാൻ വന്നപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ അനിഷേധ്യനായ നേതാവ് പോളിറ്റ് ബ്യൂറോയുടെ വ്ളദിമർ സുസിലോവ്—വി. എസ്. അച്ചുതാനന്ദൻ പാവപ്പെട്ട തൊഴിലാളികളുടെ സമര ഐക്യത്തെ തകർക്കാനാണ് ശ്രമിച്ചത്. ഇത്രയുംകാലം എത്തെല്ലാം രാഷ്ട്രീയ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും മാർക്സിസ്റ്റുകാർ കോൺഗ്രസ്സുകാരും പാവപ്പെട്ട കയർ തൊഴിലാളികളെ സംരക്ഷിക്കുന്ന കാര്യത്തിൽ രാഷ്ട്രീയമായ കാലുഷ്യം മാറ്റിവച്ചുകൊണ്ട് കൈകോർത്തു പിടിച്ച് ആ വ്യവസായത്തെ സംരക്ഷിക്കാൻ ശ്രമിക്കുകയായിരുന്നു. ഇവിടെ ശ്രീ. ഇ. അഹമ്മദിന്റെ വ്യവസായവകുപ്പും ശ്രീ. തച്ചടി പ്രഭാകരന്റെ ധനകാര്യവകുപ്പും കയർ വ്യവസായത്തെ പുനരുദ്ധരിക്കാൻ മുന്നോട്ടുവന്നപ്പോൾ അതിനെതിരായിട്ട് ഒരു നിലപാട് സ്വീകരിച്ചവരാണ് ഇവിടെ ധാർമ്മികരോഷം കൊള്ളുന്നത്.

വ്യവസായത്തെ സംബന്ധിച്ചിടത്തോളം വ്യാവസായിക പുരോഗതി നമുക്കാവശ്യമാണ്. കാരണം, മാർക്സിസത്തിൽ വിശ്വസിക്കുന്ന ജ്യോതിബാസു കുത്തക കമ്പനികളെവരെ ക്ഷണിച്ചുവരുത്തി ബംഗാളിൽ വ്യവസായത്തിനുവേണ്ടി സഹായം ചെയ്തുകൊടുത്ത്, അവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ ശ്രമിക്കുന്നതുപോലെ, പണ്ട് മുതലാളിത്ത രാജ്യമായ ജപ്പാനിൽ പോയി ടി.വി. തോമസ് അവിടെ നിന്ന് വ്യവസായം കൊണ്ടുവരാൻ ശ്രമിച്ചതുപോലെ, കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയായ ശ്രീ. ഇ.എം.എസ്. ബിർളയെ വിളിച്ച് കേരളത്തിൽ വ്യവസായം നടത്താൻ ശ്രമിച്ചതുപോലെ, സഖാവ് ഇ. കെ. നായനാർ നാടായ നാടൊക്കെ ഓടിനടന്ന് മുതലാളിമാരെ വരൂ, കേരളത്തിൽ വ്യവസായം തുടങ്ങാമെന്നു പറഞ്ഞതുപോലെ, കേരളത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ വളരെയധികം വികസനം വേണ്ട രംഗമാണ് വ്യാവസായികരംഗം. അതിന് അഹമ്മദ് സാഹിബ്ബ് മടിക്കേണ്ട. അക്കാര്യത്തിൽ കുത്തകമുതലാളിമാരെയും സഹകാര്യവ്യവസായത്തെയും പ്രോൽസാഹിപ്പിച്ചിട്ട് ഞങ്ങളെയൊക്കെ മുതലാളിമൂടുതാങ്ങി, ഗുജറാത്തി, മറാത്തിയെന്നൊക്കെ കമ്മ്യൂണിസ്റ്റുകാർ വിളിക്കുന്നതെന്തിനാണ"? ഞങ്ങൾക്ക് അടിസ്ഥാനപരമായ ബാദ്ധ്യതകളുള്ളത് ഇവിടത്തെ പാവപ്പെട്ടവരോടാണ്. അവരുടെ കഷ്ടപ്പാടും തൊഴിലില്ലായ്മയും പരിഹരിക്കുവാൻ തക്കവണ്ണമുള്ള ഒരു സമീപനം ഈ വ്യവസായവകുപ്പു സ്വീകരിക്കണമെന്നുതന്നെയാണ് എനിക്കും പറയാനുള്ളത്. അങ്ങനെയുള്ള സന്ദർഭത്തിൽ എനിക്ക് ചില പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് പറയാനുണ്ട്.

ഇന്ന് ഇവിടെ ഇലക്ട്രിസിറ്റിയുടെ കാര്യം പല മെമ്പർമാരും സൂചിപ്പിച്ചു. ഇന്ന് മലയാളമനോരമ പത്രത്തിൽ ഞാൻ വായിച്ചത്, വ്യാവസായിക രംഗത്ത് അമ്പതുശതമാനം വൈദ്യുതി കൊടുക്കുന്നുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് പ്രഖ്യാപിച്ചുവെങ്കിലും അതിൻെറ വില 90 പൈസയിൽ നിന്ന് 120 പൈസയായിട്ട് വർദ്ധിപ്പിച്ചുവെന്നാണ്. നികുതി കൊടുക്കേണ്ടിവന്നതുകൊണ്ടാണ് ഇങ്ങനെ വർദ്ധിപ്പിച്ചത് എന്നും കണ്ടു. അത് വളരെ ഭീകരമായ പ്രതിസന്ധിയുണ്ടാക്കുന്ന കാര്യമാണ്. നമ്മളെ സംബന്ധിച്ചിടത്തോളം ഒരുകാലത്ത് വിദ്യുച്ഛക്തിയുടെ കാര്യത്തിൽ മിച്ച സംസ്ഥാനമായിരുന്നു കേരളം. പക്ഷേ ഇന്ന് കമ്മിയായി മാറിയിരിക്കുന്നു. പ്രവചനാതീതമായി കാലാവസ്ഥ നിങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യുച്ഛക്തി മന്ത്രി പല പ്രഖ്യാപനങ്ങളും, തെർമ്മൽ പ്ലാൻറിനെക്കുറിച്ചും, ന്യൂക്ലിയർ പവ്വറിനെക്കുറിച്ചുമൊക്കെ പറഞ്ഞു. ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് നിന്ന് ചിന്തിക്കേണ്ടതല്ലേ നമ്മുടെ റാമെറീരിയൽസ് പൂർണ്ണമായും ഫൂഷ്ണം ചെയ്യുന്നതിനെപ്പറ്റി. നമ്മുടെ വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതി വളരെ കുറഞ്ഞ ചെലവിൽ നൽകി ആളുകളെ ആകർഷിക്കുന്ന കാര്യം ആലോചിക്കുമ്പോൾ ഇന്നല്ലെങ്കിൽ നാളെയിലേക്ക് കണ്ണുനട്ടുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടി പരിപാടി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. എനിക്ക് പറയാനുള്ളത്, തെർമൽ പവ്വറായാലും, ന്യൂക്ലിയർ പവ്വറായാലും നമുക്ക് സ്വീകാര്യമല്ലായെന്ന അഭിപ്രായമാണ്. ന്യൂക്ലിയർ പവ്വറിനെക്കുറിച്ച് ആശങ്ക പരത്തുന്ന വാർത്തകൾവരെ വന്നിട്ടുണ്ട്. ചെർണോവിൽ നടന്ന ദുരന്തം—ഷ്യയെപ്പോലെ അഡ്വാൻസ്ഡ് ടെക്നോളജിയും, സയൻസും സ്വായത്തമാക്കാൻ കഴിയുന്ന ഒരു രാജ്യത്തിന് പോലും ആ ന്യൂക്ലിയർപവ്വറിനെ തടയാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ കൊച്ചുകേരളത്തിൽ നമുക്ക് എങ്ങനെ തടയാൻ സാധിക്കും? പക്ഷേ ഒരുകാര്യം, പരിസ്ഥിതി സംരക്ഷകർ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ട് കേരളത്തിൻെറ വ്യവസായത്തെ ചോരയിൽ മുക്കി കൊല്ലരുത് എന്ന് ഞാൻ അവരോട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ രാജ്യം ജലസമ്പന്നരാജ്യമാണ്. കക്കാട്, കല്ലട, ലോവർപെരിയാർ, പൂയാംകുട്ടി, പള്ളിവാസൽ, മാനന്തവാടി, ചാലക്കുടി വലതുകര, കാക്കാവ് തുടങ്ങി ഇന്ന് പ്രൊപ്പോസലിലിരിക്കുന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ ജലവൈദ്യുതപദ്ധതികളൊക്കെ പൂർത്തീകരിക്കാൻ സാധിച്ചാൽ അടുത്ത പത്തുകൊല്ലത്തേയ്ക്ക് വൈദ്യുതിയുടെ കാര്യത്തിൽ നമുക്ക് സമ്പന്നമാകാൻ കഴിയും, വ്യവസായങ്ങളും വളർത്താൻ കഴിയും. അതല്ലാതെ തെർമ്മൽപവ്വർ വളരെയധികം പരിസരമലിനീകരണം ഉണ്ടാക്കുന്നതാണ്. ഒരുപക്ഷേ ചെലവു കൂടുതലാണെങ്കിലും, ന്യൂക്ലിയർ പവ്വറിനേക്കാളും ആപത്തുകുറവാണെന്ന് പറഞ്ഞ് തെർമ്മൽ പവ്വറിനെ ആശ്രയിക്കാനോ, ന്യൂക്ലിയർ പവ്വർ ചെലവു കുറവായതുകൊണ്ട് അതിലേക്ക് നീങ്ങുവാനോ ഉള്ള സ്വരം നമ്മുടെ രാജ്യത്ത് ഉണ്ടാകാൻ പാടില്ല. കൽപ്പാക്കത്തുനിന്നും, തെർമൽ പവ്വറാണ് നമുക്കു കിട്ടുന്നത്. അതുപോലെ മഹാരാഷ്ട്രയിലുണ്ട്, ഗുജറാത്തിലുണ്ട്. അവിടത്തെ തെർമ്മൽസ്റ്റേഷനുകളിൽനിന്ന് കേരളത്തിൽ വൈദ്യുതിവന്നാൽ പരിസ്ഥിതിക്കാർ അതിനെ എതിർക്കുകയില്ല. കാരണം, അവിടെ ചെർണോബ് ദുരന്തം സംഭവിച്ച് മുഴുവൻ ആളുകളും നശിച്ചാലും, നമുക്ക് വിരോധമില്ലായെന്നുള്ള സമീപനത്തോടുകൂടിയാണെങ്കിൽ അത് തെറ്റാണ്, എവിടെയാണെങ്കിലും അത് എത്രമാത്രം അപകടകരമാണെന്ന് അനുഭവത്തിൽ നിന്നും തെളിഞ്ഞതുകൊണ്ട് ഈ ജലവൈദ്യുതിയെ ആശ്രയിച്ചുകൊണ്ട് സമയബന്ധിതമായി ഈ പദ്ധതികളെ നടപ്പിലാക്കുക. പക്ഷേ ഈ ജലവൈദ്യുതപദ്ധതികളെ നടപ്പിലാക്കുമ്പോൾ അവിടത്തെ പരിസ്ഥിതി ഒരു പ്രത്യേക തരത്തിലുള്ള പ്രത്യേകമായ വാദം വരുന്നത് വളരെ അപകടകരമാണ്. നമ്മളെല്ലാവരും പ്രകൃതിയെ സ്നേഹിക്കുന്നവരാണ്. നമ്മുടെ അന്തരിച്ച നേതാവ് ഇന്ദിരാജി പ്രകൃതി

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണത്തിന് വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. അതു പോലെതന്നെ ശ്രീ. രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് ഇക്കോളജിയ്ക്ക് കൊടുക്കുന്ന പ്രാധാന്യവും വളരെ വലുതാണ്. നമ്മുടെ ബുദ്ധിജീവികളുടെയും സാഹിത്യകാരൻമാരുടേയും കലാകാരൻമാരുടേയും ഒക്കെ ഉദ്ദേശശുദ്ധിയെ ഞാൻ മാനിക്കുന്നു. പക്ഷേ കാര്യം വെട്ടിത്തെളിച്ചു കൊണ്ട് ജലവൈദ്യുതപദ്ധതികളും വരുന്നത് വളരെ അപകടകരമാണ്. അതിനു ഒരു ബദൽ മാർഗ്ഗമായി തെർമ്മൽ പവ്വറിനെയോ, ന്യൂക്ലിയർ പവ്വറിനെയോ ആശ്രയിക്കാൻപോയാൽ വായു, ജല, പരിസരമലിനീകരണത്തെ ഓർത്തുകൊണ്ട് ശക്തമായ പ്രചരണം നടത്തുക. ഇതുരണ്ടും കൂടിയായിക്കഴിഞ്ഞാൽ വളരെയധികം അപകടങ്ങൾ സംഭവിക്കും. അതുകൊണ്ട് ഇന്ന് വ്യവസായങ്ങൾ വളരണമെങ്കിൽ വിദ്യുച്ഛക്തി വേണം. അത് പരിഹരിക്കാനുള്ള അടിയന്തിരനടപടികളും വേണം.

മറ്റൊരുകാര്യം കൂടി എനിക്ക് പറയാനുണ്ട്. ഇന്ന് വ്യവസായരംഗത്ത് ഉള്ള ഒരു പ്രധാനപ്രശ്നമാണ് കോ-ഓർഡിനേഷൻ. ഇവിടെ കുറെക്കാലമായി ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണ ഭരിക്കുന്നത്. ഇവിടെ ഏത് ഗവൺമെന്റ് ഭരിക്കുമ്പോഴുമുള്ള കോ-ഓർഡിനേഷൻ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളവുമുണ്ടാകും. പക്ഷേ അതെല്ലാം അതിജീവിക്കാൻ നമുക്ക് കഴിഞ്ഞേ മതിയാകൂ. എനിക്ക് നിർദ്ദേശിക്കാനുള്ളത്, ഏത് പാർട്ടിയിൽപ്പെട്ടവർ ആയാലും നമ്മുടെ വ്യവസായവകുപ്പുമന്ത്രി ചെയർമാനായി സയൻസ്, ആൻഡ് ടെക്നോളജി, ഇലക്ട്രിസിറ്റി ബോർഡ്, ഫൈനാൻസ് കോർപ്പറേഷൻ, ദേശവൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നീ സ്ഥാപനങ്ങളുടെ ഒരു ഏകോപനസമിതി ഇവിടെ ഉണ്ടാകണം. അവർക്ക് on the spot decision എടുക്കാൻ കഴിയണം. ഈ നൂലാമാലകൾ അവസാനിപ്പിക്കാൻ കഴിയണം. ഗുജറാത്ത് സംസ്ഥാനത്തിൽ നടക്കുന്നതുപോലെ വ്യവസായം തുടങ്ങാൻ വരുന്നവരെ ഹരാസ് ചെയ്യുന്നു എന്ന് ഇവിടെ ശ്രീ. താമരാക്ഷൻ പറഞ്ഞതിൽ അൽപ്പമെങ്കിലും സത്യമുണ്ടെങ്കിൽ അത് പൂർണ്ണമായി തുടച്ചുനീക്കാൻ ഉള്ള ഒരു സമീപനം വ്യവസായവകുപ്പിൽനിന്നുമുണ്ടാകണം.

തലസ്ഥാനനഗരിയിലെ ചില സ്ഥാപനങ്ങളുടെ ദുസ്ഥിതിയെക്കുറിച്ച് ഇവിടെ ശ്രീ. വിജയദാസ് പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആസ്പിരിൻ പ്ലാന്റ് വളരെ പ്രതീക്ഷയോടുകൂടി തുറക്കപ്പെട്ടതാണ്. ഈ മുന്നണി ഗവൺമെന്റ് അധികാരത്തിൽവന്ന ആ മാസത്തിൽ ശ്രീ. കെ. കരുണാകരനാണ് തുറക്കപ്പെട്ടത്. ശ്രീ. അഹമ്മദും അവിടെ ഉണ്ടായിരുന്നു. എത്രയും വേഗം ആസ്പിരിൻ പ്ലാന്റിന്റെ ഉല്പാദനം ആരംഭിക്കാനുള്ള നടപടിയെടുക്കണം. തിരുവനന്തപുരത്തെ റബ്ബർ ഫാക്ടറി, ട്രാവൻകൂർ ടൈറ്റാനിയം, പ്രൊഡക്ട്സ്, ഫെറോപോളിറൻ കമ്പനി, ചാക്ക എഞ്ചിനീയറിംഗ് വർക്സ് എന്നീ പല സ്ഥാപനങ്ങളുടെയും ദുസ്ഥിതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. തിരുവനന്തപുരത്തെ ടൈറ്റാനിയം ഒരു മോണോപ്പോളി ഐറ്റമാണ്. അനട്ടേസ് അല്ലാതെ റൂട്ടെയിൻസ് ഉൽപ്പാദിപ്പിക്കാനുള്ള ബ്രിട്ടീഷ് കൊളാബറേഷൻ നമുക്കു നടപ്പിലാക്കുവാൻ കഴിയുന്നില്ല. റബ്ബർ വർക്സ് ആണെങ്കിൽ കെ.എസ്.ആർ.ടി.സിയെ ഏൽപ്പിച്ചുവെങ്കിലും അവർക്ക് വർക്കിംഗ് ക്യാപ്പിറ്റൽ ഇല്ലാതെ ഊർദ്ധശ്വാസം വലിച്ചുകൊണ്ടിരിക്കുകയാണ്. മെട്രോപോളിറ്റൻ കമ്പനിയിൽ നിന്ന് ഇലക്ട്രിസിറ്റിബോർഡ് യാതൊരു സാധനങ്ങളും വാങ്ങുന്നില്ല. അവിടത്തെ തൊഴിലാളികളെയൊക്കെ ബുദ്ധിമുട്ടിലാണ്. തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

തലസ്ഥാനനഗരിയാണ്. സർ സി. പി. രാമസ്വാമി അയ്യരും പട്ടംതാണു പിള്ളയും കഴിഞ്ഞാൽ തിരുവനന്തപുരത്തിന് ആരിൽനിന്നും വലിയ ഗുണമൊന്നും വ്യവസായത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടില്ല. മന്ത്രിമാരെല്ലാം തലസ്ഥാനത്താണ്, ഇവിടെയാണ് അവരുടെ ഭൗതിക സാന്നിദ്ധ്യം. തലസ്ഥാനനഗരിയിലെ വ്യവസായ പുരോഗതിക്കുവേണ്ടി നടപടിയെടുക്കാൻ കൂടി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി അനുകൂലിക്കുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, വ്യവസായമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. ഒരു രാജ്യത്തിന്റെ പുരോഗതി ആ രാജ്യത്തെ വ്യവസായ
12 noon] സംരംഭങ്ങളുടെ പുരോഗതിയെ ആശ്രയിച്ചിരിക്കുകയാണ്. കേരളത്തെപോലുള്ള ഒരു സംസ്ഥാനത്ത് കാർഷിക രംഗത്തിന്റെ പുരോഗതിയിലൂടെ ഇവിടത്തെ തൊഴിലില്ലായ്മയ്ക്കു പരിഹാരം കണ്ടെത്താൻ സാധിക്കും എന്ന് ആരെങ്കിലും പറയും എന്നു തോന്നുന്നില്ല. ഈ രാജ്യത്ത് വ്യവസായിക രംഗത്തെ പുരോഗതിയെക്കുറിച്ച് ആലോചിക്കുമ്പോൾ ഇത്രയും ഭാവനാശൂന്യത അനുഭവപ്പെടുന്ന മറ്റേതെങ്കിലും ഒരു രംഗം ഈ രാജ്യത്ത് നിലവിൽ ഉണ്ടോ എന്നു നമ്മൾ അന്വേഷിച്ചു കണ്ടെത്തേണ്ടിയിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. എം. എം. ഹസ്സൻ സംസാരിച്ചപ്പോൾ രണ്ടര ലക്ഷം ആളുകൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്താൻ ബഹുമാനപ്പെട്ട മന്ത്രി അധികാരത്തിൽ വന്നതിനുശേഷം സാധിച്ചതിനെക്കുറിച്ച് വാതോരാതെ സംസാരിക്കുകയുണ്ടായി. ഇവിടെ തൊഴിൽ വകുപ്പു മന്ത്രിയുടെ കണക്കുകൾ അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 16 ലക്ഷത്തോളം ആളുകളാണ് തൊഴിലവസരങ്ങൾ കാത്തുകൊണ്ട് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിരുന്നത്. ഇപ്പോൾ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ അത് 27 ലക്ഷത്തിലധികമായി വർദ്ധിച്ചിരിക്കുന്നു. ഈ നാലു വർഷക്കാലവും രണ്ടു മാസവും കൊണ്ട് അത് ഏതാണ്ട് 11 ലക്ഷത്തോളം വർദ്ധിച്ചു എങ്കിൽ ഈ രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ സർക്കാർ എന്തുമാത്രം പരാജയപ്പെട്ടു എന്ന് കണക്കിലെടുക്കേണ്ട ബാദ്ധ്യത വന്നുചേർന്നിരിക്കുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സാധാരണഗതിയിൽ ഒരു സർക്കാർ ഭാവനയോടുകൂടെ പ്രവർത്തിക്കുന്നു എന്നു ആ രാജ്യത്തെ ജനങ്ങൾക്ക്, ആ രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾക്ക് ബോദ്ധ്യം വരണമെന്നുണ്ടെങ്കിൽ രണ്ടു കാര്യങ്ങൾ കാര്യക്ഷമമായി നടത്തുന്നു എന്നു പറയാൻ അവർ ബാദ്ധ്യസ്ഥരാണ്. ഒന്ന്, നിലവിലുള്ള വ്യാവസായിക സംരംഭങ്ങൾ അതായത് നടന്നുകൊണ്ടിരിക്കുന്ന വ്യവസായങ്ങൾ കാര്യക്ഷമമായി, ലാഭകരമായി പ്രവർത്തിക്കുന്നു എന്നും രണ്ട്, പുതിയ വ്യാവസായിക സംരംഭങ്ങൾക്ക് രൂപം കൊടുത്ത് നടപ്പിൽ വരുത്തി ഇന്ന് തൊഴിൽ ഇല്ലാത്ത അഭ്യസ്തവിദ്യർക്ക് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കി കൊടുക്കുന്നു എന്നും തെളിയിക്കേണ്ട ബാദ്ധ്യതയുണ്ട്. 1984-85-ലെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് അനുസരിച്ച് ഈ രാജ്യത്ത് ഇന്നു നിലവിലിരിക്കുന്ന പ്രധാനപ്പെട്ട ചില വ്യവസായങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ 56 ഗവൺമെന്റ് കമ്പനികൾക്ക് ആകെയുള്ള മൂലധനം എന്നു പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

141.92 കോടിയാണ്. അതിന്റെ അക്യുമിലേറേഡ് ലോസിന്റെ കണക്ക നേഷിച്ച് മറ്റെവിടെയും പോകേണ്ട കാര്യമില്ല, സർക്കാരിന്റെ കൈകളിലുള്ള രേഖകൾ മാത്രം പരിശോധിച്ചാൽ മതിയാകും. അത് 129.54 കോടിയാണ്, ഇതിൽ 29 കമ്പനികളെ പ്രത്യേകം എടുത്ത് പരിശോധിക്കുകയാണെങ്കിൽ ഏതാണ്ട് 300 ശതമാനം നഷ്ടം കവിഞ്ഞിരിക്കുകയാണ്. 139.48 കോടി രൂപ മൂലധനമുള്ള 29 കമ്പനികളിൽ 111.67 കോടി രൂപ അക്യുമിലേറേഡ് ലോസ് വന്നു എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാവനയെക്കുറിച്ച്, കാര്യക്ഷമതയെ കുറിച്ച് അപ്പുറത്തിരിക്കുന്ന അംഗങ്ങൾ ആലോചിക്കേണ്ടതാണ്. ഇത്രയും കാര്യക്ഷമതയില്ലായ്മ അനുഭവപ്പെടുന്ന ഏതെങ്കിലും ഒരു വകുപ്പ് ഈ രാജ്യത്ത് നിലവിലിരിക്കുന്നുണ്ടോ എന്ന്, ആ കസേരയിൽ നിന്ന് ഒരുപക്ഷേ ഇറങ്ങിപ്പോകേണ്ട നാളുകൾ എണ്ണിക്കഴിയുന്ന ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. കണക്കനുസരിച്ച് 10 മാസങ്ങൾ മാത്രമേ ഉള്ളൂ. ഈ 10 മാസം കഴിഞ്ഞ് ആ കസേരയിൽ നിന്നും ഇറങ്ങിപ്പോകുമ്പോൾ താൻ ഉണ്ടാക്കിയ നേട്ടങ്ങളിൽ ഒന്നെങ്കിലും ജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കാൻ ബാദ്ധ്യതയുള്ള ഒരാളെന്ന നിലയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേട്ടം ഉണ്ടാക്കിയതിനു ശേഷം, കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ചതിനു ശേഷം ഇറങ്ങിപോകുവാൻ തയ്യാറാകണം എന്ന് ഞാൻ വളരെ ബഹുമാനപുരസരം അഭ്യർത്ഥിക്കുകയാണ്.

അതുപോലെ 5 കമ്പനികളിൽ 150% അക്യുമിലേറേഡ് ലോസ് വന്നുചേർന്നു എന്നു പറഞ്ഞാൽ ഈ സ്ഥാപനങ്ങളെ എവിടെ കൊണ്ടു എത്തിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയാൻ ബാദ്ധ്യസ്ഥനാണ്. ഇവിടെ ഒരു സബ്ജക്ട് കമ്മറ്റി റിപ്പോർട്ടുണ്ട്, ബഹുമാനപ്പെട്ട മന്ത്രിയാണ് അതിന്റെ അദ്ധ്യക്ഷൻ. ഈ നടന്നു കൊണ്ടിരിക്കുന്ന പല വ്യവസായ സ്ഥാപനങ്ങളിലും ഒരു പൈസ പോലും അതിന്റെ പുരോഗതിക്കുവേണ്ടി, കാര്യക്ഷമമായ പ്രവർത്തനത്തിനു വേണ്ടി ഉൾക്കൊള്ളിച്ചിട്ടില്ലെന്നു പറഞ്ഞാൽ, ഈ വകുപ്പുമായിട്ട് ബഹുമാനപ്പെട്ട മന്ത്രി എന്തിനാണ് മുന്നോട്ടു പോകുന്നതെന്ന് ചോദിക്കാതിരിക്കാൻ നിർവ്വാഹമില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ കണക്കനുസരിച്ച് ഈ സംസ്ഥാനത്ത് മിച്ച ബഡ്ജറ്റ് ആണ് ഉള്ളത്. അതുകൊണ്ട് ഇതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പു കൈകാര്യം ചെയ്യുന്ന മന്ത്രി, ഈ രാജ്യത്തെ തൊഴിലില്ലാത്ത ജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു കൊടുക്കുന്നതിന് ഏറ്റവും കൂടുതൽ പങ്കു വഹിക്കേണ്ട മന്ത്രി ഈ ആവശ്യങ്ങൾക്കുവേണ്ടി ധനം കണ്ടെത്തുന്നില്ല എന്നു പറഞ്ഞാൽ അത് മന്ത്രിയുടെ പിടിപ്പുകേടെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ടു നിർത്താൻ ഞാനാഗ്രഹിക്കുന്നു. സ്വജനപക്ഷപാതം ഈ രംഗത്ത് കൊടികുത്തി വാഴുന്നു എന്നു പറയാതിരിക്കാൻ നിവർത്തിയില്ല. ഒരുപക്ഷെ മന്ത്രി നേരിട്ടറിയാതെയാണ് ഇത് നടക്കുന്നതെങ്കിൽ അതിന് പരിഹാരം കണ്ടെത്തുവാൻ, ആ രംഗത്ത് പ്രവർത്തിക്കുന്ന മന്ത്രി എന്നുള്ള നിലയിൽ ബാദ്ധ്യസ്ഥനാണ്. സഹകരണ സ്ഥാപനങ്ങളിൽ ഹരിജനങ്ങളുടെ സഹകരണ സ്ഥാപനങ്ങളിൽ പോലും, മന്ത്രിയുടെ പാർട്ടിക്കാർ ഇടപെട്ട്, സ്വന്തം ആളുകാരെ തിരുകികയറ്റി, അതും വളരെ വിദൂര സ്ഥലങ്ങളിൽ നിന്നും ആളുകളെ നോമിനേറേഡ് മെമ്പേഴ്സ് ആയിട്ട്,

LIBRARY ARCHIVES Kerala Legislative Assembly

കയറിവയ്ക്കുന്നു. തിരഞ്ഞെടുപ്പിനു വേണ്ടി ദിവസം നിശ്ചയിച്ച് അതിന് അനുവാദം തരണമെന്നാവശ്യപ്പെട്ടാൽ തിരഞ്ഞെടുപ്പു നടത്താതെ നോമിനേറ്റഡ് ബോർഡുണ്ടാക്കി ഇതുപോലുള്ള സഹകരണസംഘങ്ങൾ, ഹരിജനങ്ങളുടേതായ സഹകരണ സ്ഥാപനങ്ങളെപോലും കഴുത്തിൽ ഞെക്കിക്കൊല്ലുന്ന പരിപാടിയുമായി മുന്നോട്ടു പോകുന്ന ആളുകളെ നിലക്കു നിർത്താൻ മന്ത്രി തയ്യാറാകണം, അല്ലെങ്കിൽ ഈ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ട് മുന്നോട്ടുപോയാൽ അതു ആത്മഹത്യാപരമായിരിക്കും എന്നു പറയാതിരിക്കുവാൻ നിവർത്തിയില്ല. തിരുവനന്തപുരം സ്പിന്നിംഗ് മില്ലിനെക്കുറിച്ച് ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇത്രയും കാര്യക്ഷമതയില്ലാത്ത ഒരു സ്ഥാപനം വേറെയില്ല. ഇതിന്റെ ഈ ദുഃസ്ഥിതി മാറാൻ വേണ്ട നടപടികളും എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൊഴിലില്ലായ്മയിൽ നിന്നും മോചനം കിട്ടാൻ വേണ്ടി സാഹസികമായിതന്നെ വളരെയധികം യുവതീയുവാക്കളും വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുന്നത് ശരിയാണ്. പക്ഷേ നടപടിക്രമങ്ങളുടെ നൂലാമാലകളിൽ പെട്ട് അവർ നട്ടം തിരിയുകയാണ്. ചെറുകിട വ്യവസായ സംരംഭകർക്കുപോലും പഞ്ചായത്ത് ലൈസൻസ്, ഫയർ ലൈസൻസ്, ഡി. എം. ഒ. യുടെ സർട്ടിഫിക്കറ്റ് തുടങ്ങി നിരവധി കടമ്പകൾ പിന്നിടേണ്ടതായിട്ടുണ്ട്. ഇതെല്ലാം കഴിഞ്ഞാൽ പിന്നെ ഇലക്ട്രിസിറ്റി കിട്ടാനുള്ള നീണ്ട കാത്തിരിപ്പാണ്, അപ്രതീക്ഷിതമായ അധിക ചിലവും, കാലതാമസംകൊണ്ട് ഉണ്ടാകുന്ന പലിശ ബാദ്ധ്യതയുംമൂലം വ്യവസായ സംരംഭകന്റെ നട്ടെല്ല് ഒടിയുന്നു. തൻമൂലം സ്വയം തൊഴിൽ കണ്ടെത്താനുള്ള പരിപാടിയനുസരിച്ച് സഹായധനം ലഭിച്ച് റൈസ് മില്ല് തുടങ്ങാൻ തയ്യാറായവർ ഐ. എസ്. ഐ. സ്പെസിഫിക്കേഷനുള്ള യന്ത്രസാമഗ്രികൾ തേടി വശംകെടുന്നു. ചെറുകിട വ്യവസായ സംരംഭങ്ങൾക്കുള്ള ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കണം. തമിഴ്നാട്ടിലെപോലെ 25 എച്ച്. പി. വരെയുള്ള ചെറുകിട വ്യവസായങ്ങളെ ഇത്തരം നിയന്ത്രണ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. തൃശ്ശൂരിലെ അത്താണിയിലും, കുന്നംകുളത്തുമുള്ള എല്ലാ വ്യവസായ ബ്ലോക്കുകളും വിതരണം ചെയ്തുകഴിഞ്ഞു. അടിയന്തിരമായി പുതിയ വ്യവസായ വികസന ബ്ലോക്കുകൾ അവിടെ അനുവദിക്കണം. തൃശ്ശൂരിലെ ഏറ്റവും പഴക്കംചെന്ന സീതാറാം മില്ല് ഇന്ന് ചത്തതിനൊപ്പമേ ജീവിച്ചിരിക്കിലും, എന്ന സ്ഥിതിയിലാണ്. സീതാറാം മില്ലിലെ തുണിത്തരങ്ങൾ വെച്ചപ്പെട്ടതാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അവിടുത്തെ തുണിത്തരങ്ങൾ ചുടുറൊട്ടിപോലെ വിപണിയിൽ വിറ്റഴിയുന്നതാണ്. പക്ഷെ ഓർഡർ അനുസരിച്ച് സാധനങ്ങൾ വിതരണം ചെയ്യാൻപോലും കഴിയുന്നില്ല. 700-ൽ അധികം തൊഴിലാളികൾ ജോലി ചെയ്യാൻ സാധിക്കാതെ മാസങ്ങളായി കഷ്ടപ്പെടുകയാണ്. അടിയന്തിരമായി വേണ്ട വിപുലീകരണ പ്രവർത്തനങ്ങൾ നടത്തണം. അസംസ്കൃത സാധനങ്ങൾ വാങ്ങിക്കാൻ വേണ്ട സാമ്പത്തിക സ്ഥിതിപോലും ഇല്ല. ജീവനക്കാർക്ക് ശമ്പളം കൊടുക്കാനും നിത്യനിദാന കാര്യങ്ങൾക്കും വേണ്ട സംഖ്യകൾ സ്വരൂപിക്കാനുമുള്ള ശ്രമകരമായ പ്രവർത്തനം അല്ലാതെ മില്ല് പ്രവർത്തിക്കുന്നതിനുവേണ്ട സംവിധാനമുണ്ടാക്കാൻ ഉദ്യോഗസ്ഥൻമാർക്കും സമയം ലഭിക്കുന്നില്ല. വിത്തെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കഞ്ഞി വയ്ക്കുന്നതുമൂലം സ്ഥാപനത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലായിരിക്കുകയാണ്. പേരുകേട്ട ഈ സ്ഥാപനത്തിൽ ഇന്ന് ഒരു ചെയർമാനോ, എം. ഡി. യോ ഇല്ല. തൃശ്ശൂർ ജില്ലാ കളക്ടർ മിടുക്കനായ, ആത്മാർത്ഥതയുള്ള, കാര്യശേഷിയുള്ള ഉദ്യോഗസ്ഥനാണ്. പക്ഷെ മറ്റു നിരവധി ചുമതലകളുടെ ഇടയിൽ മില്ലിന്റെ ചെയർമാന്റെ ചുമതലകൂടിയുണ്ട്. കറണ്ട് ചാർജ്ജ് അടയ്ക്കാത്തതുകൊണ്ട് മില്ലിന്റെ ഫ്യൂസ് ഊരാൻ മുനിസിപ്പൽ ചെയർമാന്റെ ചുമതല വഹിക്കുന്ന ജില്ലാ കളക്ടർ ഉത്തരവ് ഇട്ടണം. പക്ഷേ ഫ്യൂസ് ഊരൽ നടപടി നിർത്തിവക്കാൻ മില്ലിന്റെ ചെയർമാനായ ജില്ലാ കളക്ടർതന്നെ അവധിയ്ക്കു അപേക്ഷിക്കണം. ഇതാണ് അവിടത്തെ ധർമ്മസങ്കടം. ഇതിന് ഒരു പരിഹാരം കാണണം. ഒരു ചെയർമാനെ നിയോഗിക്കണം, എം. ഡി. യായി നിയോഗിക്കാൻ പറ്റിയ ആളിനെ കിട്ടാതെ വന്നാൽ പറ്റിയ ആളിനെ കണ്ടെത്തി നിയോഗിക്കണം.

1983-ൽ ഡൽഹിയിൽ വിളിച്ചുകൂട്ടിയ ഐ. എഫ്. സി. ഐ. യോഗ തീരുമാനം അനുസരിച്ച് നിയോഗിച്ച ഡോക്ടർ പി. സി. മേത്ത സമർപ്പിച്ച റിപ്പോർട്ടിൽ സ്പിന്നിംഗ് വിഭാഗം വികസിപ്പിക്കുക, പോളിസ്റ്റർ തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിക്കുക, പ്രോസസിംഗ് വിഭാഗം പരമാവധി പ്രയോജനപ്പെടുത്തുക, ആവശ്യം വന്നാൽ പുറമേനിന്നു തുണിത്തരങ്ങൾ സംഭരിക്കുക, വർക്കിംഗ് കാപ്പിറ്റൽ, പലിശ ഇളവ് തുടങ്ങിയ അടിയന്തിരമായ ആശ്വാസ നടപടികൾ നൽകുക തുടങ്ങിയ ശുപാർശകളുടെ വെളിച്ചത്തിൽ ഉണ്ടാക്കിയ പുതിയ പ്രോജക്റ്റിന്, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് അംഗീകാരം നൽകിയിട്ട് മാസങ്ങളായി. എന്നാൽ അടിയന്തിരമായി ആവശ്യമുള്ള 130 ലക്ഷം രൂപ സർക്കാർ ലഭ്യമാക്കാത്തതുമൂലം മില്ലിന്റെ സ്തംഭനാവസ്ഥ തുടരുകയാണ്. എനിക്കു ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതു നല്ലതുതന്നെ. പക്ഷെ നിലവിലുള്ളവയെ നിലനിർത്താൻ വേണ്ട സംവിധാനമെങ്കിലും ചെയ്യണ്ടേ. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രവുമായി പോലും അഭേദ്യമായ ബന്ധമുള്ള പ്രശസ്തമായ തൃശ്ശൂർ സീതാറാം മില്ലിനെ രക്ഷിക്കാൻ പ്രഗൽഭനായ വ്യവസായ മന്ത്രി അടിയന്തിര നടപടി കൈക്കൊള്ളുമെന്ന പ്രതീക്ഷയോടെ ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. ടി. വി. വിജയരാജൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. കോടിക്കണക്കിന് രൂപ മുടക്കി ഒരു വൻകിട വ്യവസായം തുടങ്ങുമ്പോൾ നാനൂറോ അഞ്ഞൂറോ പേർക്ക് അവിടെ ജോലി ലഭിക്കും. നമ്മുടെ പരമ്പരാഗത വ്യവസായരംഗത്ത് ലക്ഷക്കണക്കിന് ആളുകൾ ജോലിയെടുക്കുന്നു. ലക്ഷക്കണക്കിന് തൊഴിലാളികളുടെ താൽപ്പര്യത്തിനുവേണ്ടി ഈ രംഗത്ത് എല്ലാ ശ്രദ്ധകളും പതിപ്പിച്ചുകൊണ്ട് അസൂയാർഹമായ പുരോഗതി കൈവരിക്കാൻ ഇന്നത്തെ വ്യവസായ വകുപ്പുമന്ത്രിക്കും ഗവൺമെന്റിനും കഴിഞ്ഞിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെപ്പറ്റി വളരെ ദീർഘമായി ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞിരിക്കുകയാണ്.

സർ, കയറിനെപ്പറ്റിയാണ് എനിക്ക് പറയുവാനുള്ളത്. ഇവിടെ ശ്രീ. എ. വി. താമരാക്ഷൻ അഞ്ചുലക്ഷം തൊഴിലാളികൾ കയർ വ്യവസായ രംഗത്ത് ജോലിയെടുക്കുന്നുണ്ടെന്നും ഇന്ന് ലെവി സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിക്കൊണ്ട് സഹകരണ സംഘങ്ങളെ കഷ്ടത്തിലാക്കുന്നുവെന്നും പറഞ്ഞു. പക്ഷെ ഈ സഹകരണസംഘങ്ങളുടെ കീഴിൽ ഏത്ര ലക്ഷം തൊഴിലാളികളെ പണിയെടുക്കുന്നുവെന്ന് ശ്രീ. താമരാക്ഷൻ പറഞ്ഞില്ല. ഏതാണ്ട് അഞ്ച് ലക്ഷത്തോളം തൊഴിലാളികളെ ഇവിടെ മൊത്തമുണ്ടെന്ന അദ്ദേഹത്തിന്റെ കണക്ക് ശരിയാണെന്ന് അംഗീകരിച്ചാൽപ്പോലും 25 ശതമാനം തൊഴിലാളികളെപ്പോലും ഉൾക്കൊള്ളാൻ നമ്മുടെ സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെയധികം പുതിയ സൊസൈറ്റികളും തുടങ്ങുകയും അതിന്റെ പ്രവർത്തനം പുതിയ പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തെങ്കിൽത്തന്നെയും ഇന്നും ഏതാണ്ട് 10–60 ശതമാനത്തിലധികം കയർ തൊഴിലാളികളും സഹകരണ മേഖലയിലല്ല ജോലി ചെയ്യുന്നത്. ഈ 60 ശതമാനം തൊഴിലാളികളും എങ്ങനെ ജീവിക്കണമെന്നുകൂടി കണക്കാക്കണം. മുഴുവൻ തൊഴിലാളികളെയും സഹകരണ മേഖലയിൽ കൊണ്ടു വരുന്നതുവരെ അവർകൂടി ഈ രാജ്യത്തെ പൗരൻമാരാണെന്നും കയർ വ്യവസായ രംഗത്തു പണിയെടുക്കുന്ന തൊഴിലാളികളാണെന്നും കണ്ടുകൊണ്ട് പുതിയ നയം ആവിഷ്ക്കരിച്ചതിൽ ഈ വ്യവസായ മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഏതാണ്ട് 60 ശതമാനം.....

ശ്രീ. എ. വി. താമരാക്ഷൻ: ലെവി സിസ്റ്റം നാലു മേഖലയിൽ അതായത്, കൃഷിക്കാർ, കൊപ്രാക്കച്ചവടക്കാർ, വ്യവസായികളും, റെക്റ്റിഫൈഡ് പോയിന്റ്—എന്നീ നാലു മേഖലയിൽ ഏർപ്പെടുത്തണമെന്നാണ് ശ്രീനിവാസൻ കമ്മീഷൻ പറഞ്ഞിരിക്കുന്നത്. അതിനു വിരുദ്ധമായി റെക്റ്റിഫൈഡ് പോയന്റിൽ മാത്രം ഏർപ്പെടുത്തിയതിന്റെ ഫലമായി ഇന്ന് കോടിക്കണക്കിന് രൂപ മുടക്കി രണ്ടര ലക്ഷത്തിൽപ്പരം തൊഴിലാളികളും പണിയെടുക്കുന്ന സഹകരണ മേഖല ആകെ തകർന്നു പോകുമെന്നുള്ളതാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി. വി. വിജയരാജൻ: ഞാൻ യാഥാർത്ഥ്യമാണ് പറയുന്നത്. ശ്രീ. താമരാക്ഷൻ എന്റെകൂടെ വന്നാൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കയർ തൊഴിലാളികളെ ഞാൻ കാണിച്ചു തരാം. അവിടെ 5 ശതമാനം കയർ തൊഴിലാളികളെപ്പോലും സഹകരണ മേഖലയിൽ ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഏതാണ്ട് 70 ശതമാനത്തോളം ആളുകളും കയർതൊഴിലാളികളാണ്. അത് തീരപ്രദേശമാണ്: കായംകുളം കായലിന്റെ കിഴക്കേ തീരത്ത് താമസിക്കുന്ന, അവിടത്തെ ജനസംഖ്യയുടെ 70 ശതമാനത്തോളം പേരും കയർത്തൊഴിലാളികളാണ്. അഞ്ചു ശതമാനത്തെപ്പോലും ഉൾക്കൊള്ളാതെ കുറച്ച് പാർട്ടിക്കായി സൊസൈറ്റികളിൽ വരുന്ന തൊണ്ടെല്ലാം എടുത്തുകൊടുക്കുകയാണ്. അവരോട് കൈക്കൂലി വാങ്ങാൻ വരെ ഈ അവസരം ഉപയോഗിക്കുന്നു എന്നുമാത്രമേ ഇതുകൊണ്ട് ഞാൻ ഉദ്ദേശിച്ചുള്ളൂ. അതുകൊണ്ട് അവർക്ക് സഹകരണ സംഘങ്ങൾ വേണ്ടെന്നല്ല. സഹകരണസംഘങ്ങൾ വേണം. അത് പുതിയ മേഖലകളിലേക്ക് പടരണം. മുഴുവൻ തൊഴിലാളികളെയും. അതിൽ എപ്പോൾ ഉൾക്കൊള്ളാൻ കഴിയുമോ അതുവരെ ഈ നയം ഈ രാജ്യത്തെ കയർതൊഴിലാളികളെ സഹായിക്കുന്നതായിരിക്കും. സർ, ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. വ്യവസായ വകുപ്പിനെക്കുറിച്ച് ചിന്തിക്കുന്ന അവസരത്തിൽ പുതിയ വ്യവസായ സംരഭങ്ങൾക്ക് തുടക്കം കുറിക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പംതന്നെ നിലവിലുള്ള വ്യവസായങ്ങൾ ഏറ്റെടുക്കാനുള്ള ബാദ്ധ്യത നിറവേറണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു കാലഘട്ടത്തിൽ തെക്കുകിഴക്കൻ വെനീസ് എന്ന് അറിയപ്പെട്ടിരുന്ന ആലപ്പുഴ ജില്ലയോട് തൊട്ടു കിടക്കുന്ന നിയോജകമണ്ഡലത്തിലെ എം. എൽ. എ. യാണ് ഞാൻ. ആലപ്പുഴക്കാരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം എനിക്ക് പറയുവാനുള്ളത് ഒരു പുതിയ വ്യവസായം ആലപ്പുഴക്ക് തരണം; ഉള്ള വ്യവസായങ്ങളെ നിലനിർത്താനുള്ള ബാദ്ധ്യത ഏറ്റെടുക്കണമെന്നാണ്. ആലപ്പുഴ ജില്ലയിലെ ഒരു പൊതുമേഖലാ സ്ഥാപനമാണ് ഫോം മാറ്റിംഗ്സ്. അത് എത്ര വർഷമായി പൂട്ടിക്കിടക്കുന്നു? 100 കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുമായിരുന്ന ഒരു സ്ഥാപനം, അതും ഒരു പൊതുമേഖലാ സ്ഥാപനം. അത് പ്രവർത്തിപ്പിക്കാനുള്ള നടപടി ഇതുവരെ ഉണ്ടായിട്ടില്ല. ഇത് ആരോടാണ് പറയുക? പല സന്ദർഭങ്ങളിലും ഞങ്ങൾ പറഞ്ഞിട്ടുള്ളതാണ്. അതുപോലെതന്നെ മറ്റു സ്ഥാപനങ്ങളെപ്പറ്റി ഞാൻ പറയുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ സ്കൂട്ടർ ഫാക്ടറി, സ്കൂട്ടർ അസംബ്ലിംഗ് യൂണിറ്റ് എന്നു പറഞ്ഞുകൊണ്ടാണ് തുടങ്ങിയത്. ഇന്ന് അതൊരു ഫേബ്രിക്കേഷൻ യൂണിറ്റായി മാറിയിരിക്കുകയാണ്. അതിന് മൂലധനമില്ല. ധനകാര്യമന്ത്രിയുടേയും വ്യവസായമന്ത്രിയുടെയും ദയാദാക്ഷിണ്യമുണ്ടെങ്കിൽ മാത്രമേ ആ ഫേബ്രിക്കേഷൻ യൂണിറ്റ്പോലും നില നിർത്തിക്കൊണ്ടുപോകാൻ സാധിക്കുകയുള്ളു. അവിടെ സ്കൂട്ടർ അസംബ്ലിംഗ് ചെയ്യാനുള്ള സംവിധാനമുണ്ടാകുമായിരുന്നു. നമ്മൾ അതിൽ അല്പം താൽപ്പര്യം കാണിച്ചിരുന്നുവെങ്കിൽ അത് നടക്കുമായിരുന്നു. അത് നടന്നിട്ടില്ലയെന്ന് ഖേദപൂർവ്വം പറയുകയാണ്. ആലപ്പുഴയെ സംബന്ധിച്ചിടത്തോളം ഈ രണ്ടു പൊതു മേഖലാ സ്ഥാപനങ്ങളും ഫോം മാറ്റിംഗ്സ് ആയാലും ശരി സ്കൂട്ടർ ഫാക്ടറി ആയാലും ശരി അത് നിലനിർത്തി മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണം. അവിടെ പല സ്ഥാപനങ്ങളും പൂട്ടിക്കിടക്കുകയാണ്. മൊറാർജി കെമിക്കൽസ്, പിയർലസ് കമ്പനി, ഫോർമാലിൻ പ്ലാന്റ് ഇവയെല്ലാം നാലും അഞ്ചും വർഷങ്ങളായി പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളാണ്. ഇവ ഒന്ന് തുറന്നു തരണമെന്നാണ് ഞങ്ങൾ പറയുന്നത്. ഒരൊറ്റ പുതിയ വ്യവസായ സ്ഥാപനവും ആലപ്പുഴ ജില്ലയ്ക്ക് വേണ്ട. ഏതു വേണമെങ്കിലും ആരു വേണമെങ്കിലും കൊണ്ടുപോയ്ക്കോട്ടെ. നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. ആലപ്പുഴയിലെ പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ ഒഴികെയുള്ളവയെല്ലാം സിക്ക് യൂണിറ്റുകളാണ്. ഒന്നുകിൽ ഇതിനെ വിഷം കൊടുത്തെങ്കിലും കൊല്ലുക. അല്ലെങ്കിൽ ജീവിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുക. സിക്ക് എന്ന് പറഞ്ഞ് ജീവനോടെ കൊല്ലുന്ന, ഇഞ്ചിഞ്ചായി മരിക്കുന്ന അവസ്ഥ മാറ്റാനുള്ള നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഹൈവേയിലൂടെ പോകുന്ന അവസരത്തിൽ വ്യവസായ സ്ഥാപനങ്ങൾ കാടും പടലവും പിടിച്ച് കിടക്കുന്നതായി കാണാൻ സാധിക്കും. ആ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ, ദയവുചെയ്ത് വ്യവസായ വകുപ്പുമന്ത്രി ചുരുങ്ങിയ സമയംകൊണ്ട്—ആലപ്പുഴക്കാരോട് എല്ലാ നിലയിലും അനീതി കാണിക്കുന്ന സമീപനം മാറ്റി അൽപ്പം നീതി കാണിക്കാൻ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്തുകൊണ്ടാണ് നമ്മുടെ വ്യവസായ മാറു സ സ്ഥാനങ്ങളിലേക്ക് പോകുന്നത്? വ്യവസായികളും പറയുന്നത്, ഇവിടെ സെയിൽസ് ടാക്സ് കൂടുതലാണ്, കർണ്ണാടകത്തിലോ, തമിഴ്നാട്ടിലോ പോയാൽ വ്യവസായങ്ങളും വളർത്താൻ സാധിക്കും, എന്നാണ്. അവിടെ തൊഴിൽ സമാധാനമുണ്ട്. ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ ശല്യമില്ല. ഇങ്ങനെ പറഞ്ഞുകൊണ്ടാണ് വ്യവസായികളും മാറു സ സ്ഥാനങ്ങളിലേക്ക് പോകുന്നത്. ഈ സ സ്ഥാനത്തിന്റെ ഭാവിയെയെങ്കിലും ഓർത്തുകൊണ്ട് വ്യവസായ സമാധാനം നിലനിർത്തി ഉദാരമായ സമീപനം സ്വീകരിച്ച് വ്യവസായികളെ ആകർഷിക്കാനുള്ള നടപടി സ്വീകരിക്കണം. ഇപ്പോഴും സ്വയം തൊഴിൽ കണ്ടെത്തുന്ന ചെറുപ്പക്കാരുണ്ട്. അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സെയിൽസ് ടാക സ് ഈടാക്കുന്നു. അതൊന്ന് കിഴിവ് ചെയ്തു കൊടുക്കാനുള്ള നടപടി സ്വീകരിച്ചുകൂടേ? ഈയിടെ പത്രത്തിൽ ഒരു വാർത്ത വന്നു. 25,000 രൂപ മുതൽമുടക്കി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒരു സ്ഥാപനമുണ്ടാക്കി. അതിന് ഇലക്ട്രിക് കണക്ഷൻ കിട്ടാൻ വേണ്ടി വരുന്ന തുക 25,000 രൂപയാണ്. അപ്പോഴും എങ്ങനെ ചെറുപ്പക്കാർ സ്വയം തൊഴിൽ കണ്ടെത്തും? അതിനുവേണ്ട നടപടി സ്വീകരിക്കണം.

അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സ്തംഭനാവസ്ഥയിലാണ്. ഈ സ്തംഭനാവസ്ഥ അവസാനിപ്പിച്ച് പിന്നോക്ക വിഭാഗക്കാർക്ക് പരിഗണന ലഭിക്കുന്നതിനർഹമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുന്നു. ഒന്നര ലക്ഷം തൊഴിലാളികളുള്ള കേരളത്തിലെ 286 കശുവണ്ടി ഫാക്ടറികളിൽ 39 എണ്ണം നാലുവർഷമായി പൂട്ടിക്കിടക്കുകയാണ്. 130 ഫാക്ടറികളിൽ മിനിമം വേജസ്സിനുവേണ്ടി ഒരു മാസമായി സമരം നടക്കുകയാണ്. സർക്കാരിന്റെ 34 ഫാക്ടറികളിൽ ഈ വർഷം 40 ദിവസം മാത്രമാണ് ജോലി നടന്നിട്ടുള്ളത്. നാട്ടിൽ ആവശ്യമായ തോട്ടണ്ടി സംഭരിക്കുന്നതിലും, ഇറക്കുമതി ചെയ്യുന്നതിലും, സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഗവൺമെന്റ് കുത്തക മുതലാളിമാർക്ക് കൂട്ടു നിൽക്കുകയാണ്. കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ നൽകണം. സ സ്ഥാനത്തെ ഓടു വ്യവസായം നശിച്ചുകൊണ്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ നൂറിൽപ്പരം ഓട്ടു കമ്പനികളിൽ അയ്യായിരത്തിലേറെ തൊഴിലാളികളുണ്ട്. വിറകിന് പൊന്നിന്റെ വിലയാണ്. വിറക് വില കുറച്ച് നൽകാനും, വിറകിനു പകരം കൽക്കരി മുതലായ സാധനങ്ങൾ വില കുറച്ച് നൽകുന്നതിനുമുള്ള സംവിധാനമുണ്ടാകണം. തൃശ്ശൂർ ജില്ലയിൽമാത്രം പതിനായിരത്തിൽപരം നാടൻ ഇഷ്ടികത്തൊഴിലാളികളുണ്ട്. ഈ വ്യവസായത്തെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കണം. അവസാന കാലത്തെങ്കിലും ഉലകം ചുറ്റൽ അവസാനിപ്പിച്ച് താലൂക്ക് കേന്ദ്രമായ ഇരിങ്ങാലക്കുടയിൽ ഒരു വ്യവസായം ആരംഭിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ധൈര്യം ഉണ്ടോയെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. മിനി വ്യവസായ എസ്റ്റേറ്റുകളും വ്യവസായ എസ്റ്റേറ്റുകളും ഭാർഗവി നിലയങ്ങളായി മാറിയിരിക്കുന്നു. അഴിമതി മാത്രമാണ് ഇവിടത്തെ പ്രധാന വ്യവസായം. മാണി പോകുന്നതുവരെ ഇല്ലാത്ത കറണ്ട് കട്ട്, പിള്ള കാലുകുത്തിയതോടെ ആരംഭിച്ചിരിക്കുകയാണ്. പകുതിയിലേറെ

LIBRARY ARCHIVES Kerala Legislative Assembly

കറണ്ട് കട്ടുപോകുന്നതിൽ വൻ അഴിമതിയുണ്ട്. അതിനെപ്പറ്റി അന്വേഷിക്കണം. ക്ഷീണ സംസ്ഥാനങ്ങളിൽ ഏകീകൃത വിൽപ്പന നികുതിയും മിനിമം വേജസും നടപ്പാക്കണം.

കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളും ഇവിടെത്തന്നെ ആരംഭിക്കണം. വ്യവസായ സംരംഭകർ ഇന്ന് ഡൽഹിയിലേറെ വകുപ്പുകളുമായി ബന്ധപ്പെടണം. തമിഴ്നാട്ടിലേതുപോലെ ഇവിടെ ഏകോപന സംവിധാനമുണ്ടാക്കണം. ഇവിടെ കാലതാമസം വരുന്നതിന്റെ ഫലമായി വ്യവസായ സംരംഭകർ ആത്മഹത്യ ചെയ്തിട്ടുള്ള നിരവധി സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇവിടെ വ്യവസായ സമാധാനമില്ല. ഇവിടെ ശ്മശാന സമാധാനമാണുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)

ശ്രീ. ബെന്നി ബഹനാൻ: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. ശാസ്ത്ര—സാങ്കേതിക രംഗത്ത് ഉണ്ടാക്കാൻ കഴിഞ്ഞ വമ്പിച്ച നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ, 21-ാം നൂറ്റാണ്ടിലേക്കുള്ള പ്രയാണത്തിൽ നമ്മുടെ രാജ്യത്തെ ഒരു വ്യവസായ വികസന രാഷ്ട്രമാക്കി മാറ്റണമെന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി ആരംഭിച്ചിരിക്കുന്ന 7-ാം പദ്ധതിയുടെ കാലഘട്ടമാണിത്. ഇതിന്റെ ചുവടു പിടിച്ചുകൊണ്ടുതന്നെ പുതിയ ഒരു വ്യവസായിയുടെ കാൽവയ്പോടുകൂടിയാണ് നമ്മുടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ ധനാഭ്യർത്ഥന ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ വ്യവസായത്തെക്കുറിച്ച് ഇവിടെ ചർച്ച നടക്കുമ്പോൾ നമ്മുടെ വ്യവസായങ്ങൾ കറന്റ് കട്ടിന്റെ ഫലമായി വളരെ വലിയ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ്. ശ്രീ. ലോനപ്പൻ നമ്പാടൻ ഉൾപ്പെടെയുള്ള ആളുകൾ, ശ്രീ. മാണി മാറി, ശ്രീ. പിള്ള വന്നപ്പോൾ ആണ് കറന്റ് കട്ട് ഉണ്ടായതെന്ന് പറഞ്ഞു. ഇവിടെ വ്യവസായങ്ങൾ മാത്രമല്ല കറന്റ് കട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ ഒരു വ്യവസായട്ടിസ്ഥാനത്തിൽ കാണുന്ന നമ്മുടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ആ പാർട്ടിക്ക് കാലാകാലങ്ങളിൽ താപവും ഊർജ്ജവും പകർന്നുകൊടുത്തുകൊണ്ടിരുന്ന എ.വി.ആർ.—ചക്രപാണി നിലയങ്ങൾ വേണ്ടത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കാത്തതുമൂലം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇന്ന് ഒരു പവ്വർ കട്ടിനെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് നമ്മൾ ഇന്ന് ഈ ധനാഭ്യർത്ഥന ഇവിടെ ചർച്ചചെയ്യുന്നത്. തിരുവനന്തപുരത്തിലെ ഉൾപ്പെടെയുള്ള നമ്മുടെ ഞാറാടികൾ ചതിച്ചതുകൊണ്ട് നമുക്ക് വേണ്ടത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞില്ല. വടക്കുനിന്ന് വന്ന നമ്പൂതിരി—ബാലാനന്ദൻ ഞാറിലകൾ നമ്മുടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ചതിച്ചതുമൂലം അവരുടെ ഏറാവും വലിയ ക്യാച്ച്മെന്റ് ഏരിയയായ കേരളക്കരയും അതുപോലെതന്നെ പത്തനംതിട്ടയുമൊക്കെ ഇന്ന് —വരണ്ടിരിക്കുകയാണ്. ഇന്ന് വേണ്ടത്ര അസംസ്കൃതപദാർത്ഥങ്ങൾ ലഭിക്കാത്തതുമൂലം പിടിച്ചു നിൽക്കാൻ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന നമ്മുടെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഒരു പീഡിത വ്യവസായമായി പ്രഖ്യാപിച്ചുകൊണ്ട് അതിനെക്കൂടി സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട അഹമ്മദ് സാഹിബ് മുന്നോട്ടുവരണമെന്നാണ്, എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ബഹുമാനപ്പെട്ട ഹസ്സൻ നമ്മുടെ സഭയുടെ മുമ്പാകെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിച്ചു. അത് പരിസ്ഥിതി സംരക്ഷകരുടെ കാര്യമാണ്. ഇന്ന് നമ്മുടെ എറണാകുളം പ്രധാനപ്പെട്ട പ്രശ്നം വ്യവസായങ്ങൾ തുടങ്ങുമ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വായു മലിനീകരണം, ജലമലിനീകരണം തുടങ്ങിയവയാണ്. രണ്ടു മാസം മുമ്പ് സോവിയറ്റ് യൂണിയനിലെ ചെർണോബിൽ ഉണ്ടായ ഒരു ന്യൂക്ലിയർ എക്സ്പ്ലോഷന്റെ ഫലമായിട്ട് അവിടെയൊക്കെ ഇന്ന് റേഡിയോ ആക്റ്റിവിറ്റി തരംഗം കയറിയതിന്റെ ഫലമായി ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നു. എന്നാൽ ഇവിടെ രാഷ്ട്രീയ രംഗത്ത് ബുദ്ധിമുട്ട് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈയിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉണ്ടായ പൊട്ടിത്തെറിമൂലം ആഞ്ഞടിച്ചിരിക്കുന്ന രാഘവരംഗം, ഈ അസംബ്ലിയിൽ പോലും അതിന്റെ പരിസര മലിനീകരണം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് നമ്മൾ ഈ ധനാഭ്യർത്ഥനകൾ ചർച്ചചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്ത് വ്യവസായത്തിന് പറ്റിയ ഒരു അന്തരീക്ഷം, അതിന് പറ്റിയ ജലം, അതിനുപറ്റിയ വൈദ്യുതി, അതിനു പറ്റിയ വിദ്യാസമ്പന്നരായ മനുഷ്യശക്തി, അതുപോലെതന്നെ കരവിരുതുള്ള തൊഴിലാളികൾ, അതുപോലെ ട്രാൻസ്പോർട്ട് സൗകര്യങ്ങൾ എല്ലാമുണ്ട്. എന്നാൽപോലും ഇവിടെ വ്യവസായത്തിന് പറ്റിയ അന്തരീക്ഷം ഉണ്ടോ? വ്യവസായത്തിന് പറ്റിയ അന്തരീക്ഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാത്തതിന്റെ കാരണക്കാർ നാലരവർഷക്കാലമായി ഇവിടെ അധികാരത്തിലിരിക്കുന്ന അഹമ്മദ് സാഹിബും അതുപോലെതന്നെ ഈ ഗവൺമെന്റുമാണോ? അത് നമ്മൾ ആലോചിക്കണം. നേരത്തെ ശ്രീ. ഹസ്സൻ ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വ്യവസായത്തിന് പറ്റിയ ഒരു അന്തരീക്ഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാതിരുന്നതിന് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ആരും കുറ്റക്കാരല്ല. നമ്മുടെ സംസ്ഥാനത്ത് ഓരോ രാഷ്ട്രീയ പാർട്ടിയും അധികാരത്തിൽ വന്നപ്പോഴും, ഓരോ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും വ്യാവസായിക അന്തരീക്ഷം നമ്മുടെ രാജ്യത്ത് ഉണ്ടാക്കുമെന്ന് പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. 1930-ൽ വ്യവസായവകുപ്പു മന്ത്രിയായിരുന്ന ശ്രീ. പി.സി. ചാക്കോ പ്രഖ്യാപിച്ചു ഈ രാജ്യത്ത് ഒരു വ്യവസായ അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഏത് ചെകുത്താനുമായും കൂട്ടുപിടിക്കുമെന്ന്. അദ്ദേഹം ശ്രീ. ഇ.കെ. നായനാരുടെ കൂട്ടുപിടിച്ചുകൊണ്ട് ബോമ്പെയിൽ പോയി, വ്യവസായികളെ ക്ഷണിക്കുന്നതിനുവേണ്ടി. എന്നിട്ട് ഇവിടെ വ്യാവസായികാന്തരീക്ഷം ഉണ്ടായോ? ഇവിടെ വ്യാവസായിക അന്തരീക്ഷം തകരുന്നതെന്താണ്? അമിതമായ, സങ്കുചിതമായ, രാഷ്ട്രീയമായ ചിന്താഗതിക്ക് അപ്പുറത്തുനിന്ന് ആലോചിക്കുമ്പോൾ നമുക്ക് അറിയാം നമ്മുടെ രാജ്യത്ത് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലാളി സമരങ്ങൾ, തൊഴിൽ സമരങ്ങൾ. അതുപോലത്തന്നെ ട്രെയിഡ് യൂണിയനിസം, അൺഹെൽത്തി ട്രെയ്ഡ് യൂണിയനിസം ഇതൊക്കെ നമ്മുടെ രാജ്യത്തെ വ്യാവസായിക അന്തരീക്ഷം തകർക്കാൻ വേണ്ടിയാണ്. ഒരുപക്ഷേ കണക്കുകൊണ്ട് നഷ്ടപ്പെട്ടേക്കില്ല, നമ്മൾ ശ്രീ. തങ്കരാജ് ഉൾപ്പെടെയുള്ള ആളുകൾ ആലോചിക്കണം ഇവിടത്തെ അമിതമായ ട്രെയ്ഡ് യൂണിയനിസം നമ്മുടെ രാജ്യത്തെ വ്യാവസായിക മേഖലയെ തകർക്കുന്നു എന്ന്. തൊഴിലാളികൾക്ക് ആവശ്യങ്ങളും അവകാശങ്ങളും കൊടുക്കേണ്ട എന്ന അഭിപ്രായത്തിലല്ല ഞാൻ പറയുന്നത്. പലപ്പോഴും നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ തൊഴിൽ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന അൺഹെൽത്തി കോംപെറ്റീഷൻ നമ്മുടെ വ്യവസായ മേഖലയെ തകർത്തിട്ടുണ്ട്. ഇന്ന്, ഒട്ടും മുതൽമുടക്കില്ലാത്ത ഏറ്റവും വലിയ ഒരു വ്യവസായമായി നമ്മുടെ രാജ്യത്ത് ട്രെയ്ഡ് യൂണിയനുകൾ മാറിക്കൊണ്ടിരിക്കുന്നു. അതിന് എല്ലാവരും കുറ്റക്കാരല്ലേ? നമുക്ക് അറിയാം, ഇന്ന് ഒരു ഫാക്ടറിയുടെ ശിലാസ്ഥാപനകർമ്മം നടത്തുന്നതിന് മുമ്പ് അവിടെ ട്രെയ്ഡ് യൂണിയനുകളുടെ കൊടി ഉയരുകയാണ്. അതിനുശേഷം തർക്കങ്ങളാണ്. അതുപോലെതന്നെ ഇവിടെ കരാറുകൾ നടക്കുന്നു. ദീർഘകാലകരാറുകൾ ഉണ്ടാക്കുന്നു. മൂന്ന് വർഷത്തേക്ക് ദീർഘകാലകരാറ് ഉണ്ടാക്കിയാൽ രണ്ട് വർഷം കഴിയുമ്പോൾ വീണ്ടും നമ്മുടെ തൊഴിൽ മേഖലയിൽ, വ്യവസായിക മേഖലയിൽ തൊഴിൽതർക്കങ്ങളുണ്ടാകുന്നു. അത്തരം കാര്യങ്ങളൊക്കെ കണക്കിൽ എടുക്കുമ്പോൾ, അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്, ഇവിടത്തെ ഈ വ്യാവസായിക അന്തരീക്ഷം തകർക്കുന്നതിന് ഇന്ന് ഭരിക്കുന്നവരെ മാത്രം കുറ്റപ്പെടുത്തിയാൽ പോര എന്ന്. എല്ലാ രാഷ്ട്രീയ പാർട്ടികളും, അതുപോലെ ട്രെയ്ഡ് യൂണിയനുകളുമൊക്കെ ഈ കാര്യങ്ങളിൽ ഒരു ആത്മപരിശോധന നടത്തി ഈ രംഗത്ത് ഒരു നല്ല അന്തരീക്ഷം ഉണ്ടാക്കുന്നതിന് വേണ്ടി പരിശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ വ്യവസായങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ നമുക്ക് അറിയാം, നമ്മുടെ രാജ്യത്ത് വൻകിട വ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളും, പരമ്പരാഗത വ്യവസായങ്ങളുമുണ്ടെന്ന്. വൻകിട വ്യവസായങ്ങളുടെ കാര്യത്തെക്കുറിച്ച് സംസാരിക്കുമ്പോഴാണ് ഇവിടെ കേന്ദ്രത്തിന്റെ സഹായത്തെക്കുറിച്ച് ഒക്കെ വരുന്നത്. ബഹുമാനപ്പെട്ട ശ്രീ. കെ.പി. പ്രഭാകരൻ കേന്ദ്രസഹായം കുറഞ്ഞുപോയെന്ന് പറഞ്ഞു. ഇവിടെ കണക്കുകളാണ് സത്യമെങ്കിൽ ഈ കണക്കുകളെടുത്തു പരിശോധിക്കുമ്പോൾ കേരളത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി കേന്ദ്രം കേരളത്തെ സഹായിച്ചു എന്ന് പൂർണ്ണമായി ഞാൻ അവകാശപ്പെടുന്നില്ല. മറ്റ് ഏത് കാലഘട്ടത്തേക്കാൾ കൂടുതൽ ഈ കാലഘട്ടത്തിൽ കേന്ദ്രം നമ്മളെ സഹായിച്ചിട്ടില്ലേ? കേന്ദ്ര സഹായത്തോടുകൂടി തുടങ്ങിയിരിക്കുന്ന കാപ്രോലാക്ടം പ്രോജക്ട്, അതുപോലെ റിഫൈനറിയുടെ എക്സ്പാൻഷൻ സ്റ്റേജ്, എച്ച്.ഒ.സി., കയറുമുതൽ സംസ്കരണ കേന്ദ്രം, അങ്ങനെ കോടിക്കണക്കിന് രൂപ മുതൽമുടക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള വൻകിട വ്യവസായങ്ങളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ കേരളത്തിന്റെ പ്രത്യേക സാഹചര്യം വച്ച് നോക്കുമ്പോൾ വൻകിട വ്യവസായം വേണമെന്ന് നമുക്ക് അറിയാം. ജനസാന്ദ്രതയുള്ള സ്ഥാനമാണിത്. അപ്പോൾ ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ പൊല്യൂഷനൊക്കെ ഇന്ന് ബാധകമാകുന്നു. ഇവിടെ കേന്ദ്ര മേഖലയിൽ കൂടുതൽ ഉണ്ടാക്കേണ്ടത് എൻജിനീയറിംഗ് യൂണിറ്റുകളാണ്. ആ എൻജിനീയറിംഗ് യൂണിറ്റുകൾ നമ്മുടെ സ്ഥാനത്ത് തുടങ്ങുന്നതിനുവേണ്ടിയുള്ള സംരംഭങ്ങൾ നമ്മുടെ ഗവൺമെന്റ് വളരെവേഗം കാര്യക്ഷമതയോടുകൂടി നടത്തണം. ഇവിടെ കേന്ദ്ര ഗവൺമെന്റ് സഹായിക്കുമെങ്കിലും വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിൽ കെ.എസ്.ഐ.ഡി.സി.യെ പോലുള്ള സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വളരെയധികം വലുതാണ്. ഇവിടെ വ്യവസായങ്ങൾ തുടങ്ങുകയില്ല എന്ന് പറയുന്ന ആളുകൾ കണക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

വായിച്ചിട്ടുണ്ടോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ തന്നെ 33 ചെറുകിട വ്യവസായങ്ങൾക്കുള്ള പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നാണ് ഔദ്യോഗികമായ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ന് നമ്മുടെ രാജ്യത്ത് വൻകിട വ്യവസായങ്ങൾ വേണമെങ്കിൽ ഒരു പൊളിറ്റിക്കൽ പ്രെഷ്ടോണേജ് ഉണ്ടാക്കണം. യു.പി. യിൽ അല്ലെങ്കിൽ മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ലഭിക്കുന്നപോലുള്ള പൊളിറ്റിക്കൽ പ്രെഷ്ടോണേജ് കൂടി നമ്മുടെ സംസ്ഥാനത്ത് നല്ല അന്തരീക്ഷത്തിൽ വളർത്തിക്കൊണ്ടുവരണം. അതിൽ അഭാവമുണ്ടെങ്കിൽ അത് പരിഹരിച്ച് ഇവിടെ വൻകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ഒരു സംരംഭം ഉണ്ടാകണമെന്നാണ് എനിക്ക് വിനീതപൂർവ്വം അഭ്യർത്ഥിക്കുവാനുള്ളത്.

സർ, ചെറുകിട വ്യവസായങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നമ്മുടെ സംസ്ഥാനത്ത് ഇന്ന് ഏറ്റവും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നത്, ചെറുകിട വ്യവസായങ്ങൾ, ആണ്. ശ്രീ. മുഹമ്മദ് ബഷീറിനെപ്പോലുള്ള ആളുകൾ വ്യാപകമായി ആ മേഖലയെ കുറിച്ചു സംസാരിച്ചു. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. ഇന്ന് ചെറുകിട മേഖലയുടെ സ്ഥിതിയെന്താണ്? ചെറുകിട മേഖലയിൽ വ്യവസായ രംഗത്തേക്ക് കടന്നുചെല്ലാൻ ഇവിടെ വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർ മടിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഇന്ന് നിലവിലുള്ള ചെറുകിട വ്യവസായങ്ങളുടെ സ്ഥിതി ശോചനീയമാണ്. വളരെയേറെ പ്രതീക്ഷയോടുകൂടി ശ്രീ. രാജന്റെ നേതാവ് ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽത്തന്നെ ആരംഭിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുപോലുള്ള സംരംഭങ്ങൾ ഇന്ന് ശവപ്പറമ്പായി മാറിയിരിക്കുന്നു. നല്ല മുതൽമുടക്കുമായി ആ വ്യവസായരംഗത്തേക്കു കടന്നുചെല്ലാൻ ആഗ്രഹിക്കുന്ന ഇവിടത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. നേരത്തേ പലരും പറഞ്ഞതുപോലെ ഇന്ന് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണമെങ്കിൽ എന്തെല്ലാം ബുദ്ധിമുട്ടുകൾ ആണ് ഉള്ളത്. പഞ്ചാഗ്നി മദ്ധ്യത്തിലെ തപസ്സ് എന്ന് കേട്ടിട്ടുണ്ട്. പക്ഷേ ഇന്ന് ചെറുകിട വ്യവസായരംഗത്തേക്ക് കടന്നുചെല്ലാൻ ആഗ്രഹിക്കുന്നവർക്ക് അഞ്ചല്ല അതിൽ കൂടുതൽ ബുദ്ധിമുട്ടുകൾ ആണ് അഭിമുഖീകരിക്കേണ്ടിവരുന്നത്. പഞ്ചായത്ത് സർട്ടിഫിക്കറ്റ് മുതൽ പരിസ്ഥിതി സംരക്ഷകരുടെ എൻ.ഒ.സി. വരെയുള്ള കാര്യങ്ങൾ വേണം. അതൊന്നും വേണ്ട എന്ന അഭിപ്രായത്തിൽ ഞാൻ പറയുന്നതല്ല. പക്ഷേ ഇതൊക്കെ നേടിയെടുക്കുന്നതിന് വളരെയധികം കാലതാമസം വരുന്നു. ഭൂമികന്യകയേക്കാൾ കൂടുതൽ ക്ഷമാശീലം ഉണ്ടെങ്കിൽ മാത്രമേ ഈ സർട്ടിഫിക്കറ്റുകളൊക്കെ നമുക്ക് നേടിയെടുക്കാൻ സാധിക്കൂ. അതുകൊണ്ട് ഈ സർട്ടിഫിക്കറ്റുകൾ വളരെ പെട്ടെന്നു കിട്ടുന്നതിനുവേണ്ടി ശ്രീ. ഹസ്സൻ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഒരു കോ-ഓർഡിനേഷൻ വേണം. അത് ആര് ചെയർമാനായാലും വേണ്ടില്ല മറ്റു ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സംവിധാനം വേണം. ഗുജറാത്തുണ്ട്. ഗുജറാത്തിൽ ഒരു ചെറുകിട വ്യവസായ സംരംഭം ആരംഭിക്കാൻവേണ്ടി അവിടെ നടന്നുകൊണ്ടിരിക്കുന്ന ഏജൻസി ഒരു കത്തയച്ചിട്ട് ഒരു മാസത്തിനുള്ളിൽ അതിനുള്ള മറുപടി കിട്ടിയില്ലെങ്കിൽ, അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അനുവാദം കിട്ടിയെന്ന് കണ്ക്കിലെടുത്തുകൊണ്ട് അവർ മുന്നോട്ടു പ്രൊസീഡ് ചെയ്യുന്നു. അതുപോലുള്ള സാങ്കേതികമായ തടസ്സങ്ങൾ മാറുന്നതിനുവേണ്ടിയുള്ള ഒരു ഏർപ്പാട് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, അതുപോലെതന്നെ ടാക്സിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നമുക്ക് "ഇവിടെയുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് ആരംഭിക്കാവുന്ന വ്യവസായങ്ങൾ പോലും മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നു. ഉദാഹരണമായി റബ്ബർ വ്യവസായങ്ങൾ മദ്രാസിലേക്ക് പോകുന്നു. നമ്മുടെ ടാക്സും അവരുടെ ടാക്സും തമ്മിലുള്ള അന്തരമാണ് ഇതിനു കാരണം. ഇവിടത്തെ ഉത്പന്നങ്ങൾക്ക് വിലകൂടുന്നു. അതുകൊണ്ട് കോൺസ്റ്റന്റ് ആയ ഒരു ടാക്സ് വെയ്യ്നമ്മുടെ സംസ്ഥാനത്ത് നടത്തി അത്തരം സാങ്കേതികമായ തടസ്സങ്ങൾ പരിഹരിക്കണം. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ് മാർക്കറ്റിംഗ്. ഓരോ ജില്ലയിലും ഓരോ ഇൻഡസ്ട്രിയൽ സർവ്വേ നടത്തി ആ ജില്ലയ്ക്ക് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള സാങ്കേതിക പരിജ്ഞാനം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സാങ്കേതികമായ വിജ്ഞാനം ലഭിക്കാൻ ബുദ്ധിമുട്ടുള്ളതുമൂലം കയ്യിൽ പൈസയുള്ളവർ വ്യവസായം തുടങ്ങുന്നതിനുപകരം ഇന്ന് ബ്ലെയിഡ് കമ്പനികളെ ആശ്രയിക്കുന്നു. അവർക്ക് ഇലക്ട്രിസിറ്റിക്കാരെ ആശ്രയിക്കേണ്ട, പരിസ്ഥിതിക്കാരെ ആശ്രയിക്കേണ്ട, പഞ്ചായത്ത് ലൈസൻസിനുവേണ്ടി പോകേണ്ട ഒന്നും വേണ്ട. കൂടുതൽ ലാഭകരമായി ബിസിനസ് നടത്താൻ സാധിക്കും. അതുപോലെതന്നെ നമുക്ക് അറിയാം കേരളംപോലുള്ള ഒരു സംസ്ഥാനത്തിന് വളർത്തിയെടുക്കാൻ കഴിയുന്നത് അഗ്രിക്കൾച്ചറൽ ബെയ്സ്ഡ് ഇൻഡസ്ട്രിയാണ്. അഗ്രിക്കൾച്ചറൽ ബെയ്സ്ഡ് ഇൻഡസ്ട്രീസിന് പ്രോസസ്സിംഗിനും, മാനുഫാക്ചറിംഗിനും ഉള്ള യൂണിറ്റുകളും ഇന്ന് കേരളത്തിൽ ഉണ്ടാക്കണം. ഇന്ത്യയിൽ ഉത്പാദിപ്പിക്കപ്പെടുന്നതിന്റെ 90 ശതമാനം റബ്ബർ കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നു. പക്ഷേ ഇവിടെ റബ്ബറുൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളും ഉണ്ടോ? ഫരീദാബാദിലും ഡൽഹിയിലും മറ്റും മൂവായിരത്തിലധികം റബ്ബർ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളും ഉണ്ട്. ആ അപാകത പരിഹരിക്കണമെങ്കിൽ ഇവിടെ കൂടുതൽ അഗ്രിക്കൾച്ചറൽ ബേസ്ഡ് യൂണിറ്റ് ഉണ്ടാകണം. കേരളത്തിൽ ഏറ്റവും കൂടുതൽ വികസനസാദ്ധ്യതയുള്ള രണ്ടുവകുപ്പുകളാണ് ടൂറിസവും ഫിഷറീസും. ടൂറിസമൊക്കെ ഒരു വ്യവസായമായി ഇന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ അതിമനോഹരമായ പ്രകൃതി രമണീയത തന്നെ ഒരു അസംസ്കൃത പദാർത്ഥമാണ്. അത് ചൂഷണം ചെയ്തുകൊണ്ടുതന്നെ പുതിയ വ്യവസായ സംരംഭങ്ങൾ ഉണ്ടാക്കണം. ഇവിടെ പുതിയ വ്യവസായങ്ങൾ ഉണ്ടാകുന്നതുപോലെ തന്നെയാണ് സിക്ക് യൂണിറ്റിന്റെ കാര്യവും. ഇപ്പോൾ ഉള്ള ഒരപാകത ഞാൻ ചൂണ്ടിക്കാണിക്കാം. വൻകിട വ്യവസായങ്ങളാണ് സിക്ക് യൂണിറ്റുകളായിട്ട് പ്രഖ്യാപിച്ചിട്ടുള്ളതെങ്കിൽ ആ വ്യവസായങ്ങൾ രാഷ്ട്രീയ സമ്മർദ്ദങ്ങളുടേയും അതുപോലെ തന്നെ, മറ്റു സാഹചര്യങ്ങളുടേയും അടിസ്ഥാനത്തിൽ ഏറ്റെടുക്കാൻ സാധിക്കും. ഉദാഹരണമായി പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ്. അത് ഏറ്റെടുക്കണമെന്ന പെഴളിറ്റിക്കൽ സമ്മർദ്ദമുണ്ടായിരുന്നു. അത് ഏറ്റെടുത്ത് അതിന്റെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞ ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ നമ്മുടെ രാജ്യത്തുള്ള ചെറുകിട വ്യവസായങ്ങളും സിക്കു യൂണിറ്റുകളായി പ്രഖ്യാപിച്ചിരിക്കുന്ന വ്യവസായങ്ങളും ഏറ്റെടുക്കുന്നതിനു വേണ്ടി അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തുന്നതിനുവേണ്ടിയുള്ള ഒരു റീഹാബിലിറ്റേഷൻ ഏജൻസി ഉണ്ടാകണം. കാനേഷുമാരി മൂലം കണക്കാക്കാൻ കഴിയാത്ത വിധത്തിൽ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. അങ്ങിനെ ധാരാളം അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ കർമ്മശേഷി നമ്മുടെ സംസ്ഥാനത്തിനുണ്ട്. പത്തു പതിനഞ്ചു വർഷക്കാലം ഹൈസ്ക്കൂളിലും കോളേജിലും പഠിച്ച് ആകെക്കൂടി കൈമുതലായിട്ടുള്ള ഡിഗ്രി സർട്ടിഫിക്കറ്റുമായി ഒരു ആപ്ലിക്കേഷൻ അയക്കാൻ പത്തു പൈസപോലും കയ്യിലില്ലാത്ത മാതാപിതാക്കൻമാരുടെ മുന്നിൽ പോഷ്യചിഹ്നമായി നിൽക്കുന്ന അഭ്യസ്തവിദ്യരായ പതിനായിരകണക്കിന് ചെറുപ്പക്കാരുടെ വേദന മനസ്സിലാക്കി പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. പി. ഭാസ്കരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റിനു വ്യവസായരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചു എന്നു ഞാൻ അഭിപ്രായപ്പെടുകയാണ്. കണ്ണൂർ ജില്ലയിലെ ഏതാനും പ്രശ്നങ്ങൾ മാത്രം അവതരിപ്പിക്കുവാൻ ഞാൻ ഈ സമയം വിനിയോഗിക്കുകയാണ്. കൈത്തറിയുടെ ഈറ്റില്ലമാണ് കണ്ണൂർ. കോടിക്കണക്കിനു രൂപ വിദേശനാണ്യം നേടിക്കൊടുക്കുന്ന ഒരു വ്യവസായം എന്നുള്ള നിലയിൽ അതിനെ പുനരുദ്ധരിക്കേണ്ടതായിട്ടുണ്ട്. എട്ടുപത്തു വർഷമായി കൈത്തറി വ്യവസായം തകർന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് സഹകരണമേഖലയിൽ മാത്രമാണ് കൈത്തറി വ്യവസായം പ്രവർത്തിക്കുന്നത്. സർക്കാർ സബ്സിഡി നൽകുന്നതുകൊണ്ടുമാത്രമാണ് ഇത് പ്രവർത്തിക്കുന്നത്. തമിഴ്നാട്ടിലെ ചില പ്രദേശങ്ങളിൽനിന്നും മിൽതുണികൾ കൈത്തറിയുടെ ലേബലിൽ കേരളത്തിലേക്ക് ഒഴുകി വരുകയാണ്. ഇതിനെ നിയന്ത്രിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നൂലിന്റെ ക്ഷാമവും വിലവർദ്ധനവും തടയണം. ആവശ്യമായ ചായം കിട്ടാൻ നടപടിയുണ്ടാകണം. നൂലിന് ചായം മുക്കിക്കൊണ്ട് കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കാൻ സർക്കാരിന്റെ സംവിധാനം ഉണ്ടാകണം. കൈത്തറിക്ക് പുതിയ മാർക്കറ്റ് കണ്ടെത്താനും ശ്രമിക്കണം.

കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു വലിയ വ്യവസായമാണ് ദിനേശ് ബീഡി വ്യവസായം. കൂടുതൽ വ്യാപകമായി പ്രവർത്തിക്കുവാൻ ഇതിന് കഴിയണം. ബീഡിത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഗണന നൽകണം. ദിനേശ് ബീഡി വ്യവസായം കേരളത്തിന് ഒരു മുതൽക്കൂട്ടാണ്. അതുപോലെ തന്നെ ഖാദി വ്യവസായം പുനരുദ്ധരിക്കുവാൻ സർക്കാർ സംവിധാനമുണ്ടാക്കണം. പയ്യന്നൂർ, പാപ്പിനിശ്ശേരി എന്നീ കേന്ദ്രങ്ങളും ഖാദിയുടെ കേന്ദ്രങ്ങളാണ്. തുച്ഛമായ വേതനമാണ് അവിടത്തെ തൊഴിലാളികൾക്ക് കിട്ടുന്നത്. ഭൂരിപക്ഷവും സ്ത്രീതൊഴിലാളികളാണ്. ഖാദി വ്യവസായത്തിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികളെ പുനരുദ്ധരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിന് അവരുടെ സേവന, വേതന കാര്യത്തിൽ പ്രത്യേക ശ്രദ്ധിക്കണമെന്നുകൂടി ഈ അവസരത്തിൽ പറയുകയാണ്. കണ്ണൂരിൽ പ്രവർത്തിക്കുന്ന മില്ലുകളിൽ വൈദ്യുതിക്ഷാമം മൂലം പ്രവർത്തനം നടക്കുന്നില്ല. അങ്ങനെ തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുകയാണ്. ഇതിന് ശാശ്വതമായ പരിഹാരം കണ്ടെത്താൻ പരിശ്രമിക്കണമെന്ന അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ, വ്യവസായവകുപ്പിലേക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ ശക്തമായി എതിർക്കുന്നു. അപ്പുറത്തുനിന്ന് സംസാരിച്ച ആളുകൾ ഇവിടെ വന്നിച്ച നിലയിൽ വ്യവസായം വളരുന്നു എന്നും എന്നാൽ കേന്ദ്രത്തിൽ നിന്നും കൂടുതൽ സഹായം ആവശ്യമാണെന്നും ഉൾപ്പെടെയുള്ള കാര്യങ്ങൾ പറയുകയുണ്ടായി. എല്ലാവരും പറഞ്ഞ ഒരു കാര്യം നമ്മൾ അംഗീകരിക്കണം. എല്ലാ ജില്ലകളിലേയും ഭൂരിപക്ഷം വ്യവസായങ്ങളും ഇന്ന് പൂട്ടിക്കിടക്കുകയാണ്. അല്ലെങ്കിൽ ശരിയായി പ്രവർത്തിക്കുന്നില്ല. ഹസ്സൻ പ്രസംഗിച്ചപ്പോഴും തിരുവനന്തപുരത്ത് പൂട്ടിക്കിടക്കുന്ന വ്യവസായങ്ങളെപ്പറ്റി സംസാരിച്ചു. ഈ അവസരത്തിൽ എനിക്കു പറയാനുള്ളത് ഇൻഡ്യാഗവൺമെന്റിന്റെ വ്യവസായ നയത്തോട് ബന്ധപ്പെട്ടുമാത്രമേ ഏതൊരു സംസ്ഥാനത്തിനും വ്യവസായരംഗം വിപുലപ്പെടുത്തുവാൻ കഴിയുകയുള്ളു എന്നുള്ളതാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ വ്യവസായ നയം കുത്തക മുതലാളിമാരെ സഹായിക്കുന്ന വിധത്തിലുള്ളതാണ്. അതിന്റെ ഫലമായിട്ട് ചെറുകിടയും ഇടത്തരവുമായ പല വ്യവസായങ്ങളും തകർന്നുകൊണ്ടിരിക്കുകയാണ്. അതിനെ ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. ശ്രീ. ബെന്നി ബഹനാൻ പറയുകയുണ്ടായി രാജീവ്ഗാന്ധിയുടെ വ്യവസായനയം 21-ാം നൂറ്റാണ്ടിലേക്ക് നയിക്കുന്നു എന്ന്. ഇറക്കുമതിയിൽ ആയാലും ശരി ഓട്ടോമേഷനിലായാലും ശരി ചെറുകിട ക്കാരേയും ഇടത്തരക്കാരേയും തകർക്കുന്ന നയങ്ങൾ തന്നെയാണ് കേന്ദ്രം തുടർന്നുവരുന്നത്. കേരളത്തിൽ പല പരമ്പരാഗത വ്യവസായങ്ങളുമുണ്ട്. അതുപോലെതന്നെ പൊതുമേഖലാസ്ഥാപനങ്ങൾക്കെത്തുള്ള വ്യവസായങ്ങളുണ്ട്. പുതുതായി തുടങ്ങിയ ഒരുപാടു വ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളുമുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ മുഴുവനും ഗവൺമെന്റ് സബ്സിഡി മാത്രം ആശ്രയിച്ച് മുന്നോട്ടു പോകുന്നവയാണ്. കശുവണ്ടി ആയാലും ശരി, കൈത്തറി ആയാലും ശരി, കയർ ആയാലും ശരി. ഈ രംഗത്ത് എന്തുകൊണ്ട് കഴിഞ്ഞ അഞ്ചുവർഷക്കാലമായിട്ട് ഒരാശാവഹമായ മാറ്റം ഉണ്ടായില്ല. ബഹുമാനപ്പെട്ട മന്ത്രി കശുവണ്ടിയുടെ കാര്യം പറഞ്ഞു. അതിൽ 80 തൊഴിൽ ദിവസം എന്നുള്ളത് 110 തൊഴിൽ ദിവസമായിട്ട് ഉയർത്തി. അതൊരു വലിയ മാറ്റമൊന്നുമല്ല. ഏതായാലും ഈ പരമ്പരാഗത വ്യവസായരംഗത്ത് ആശാവഹമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ മറ്റു കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. മദ്യവ്യവസായത്തിന്റെ കാര്യം തന്നെയെടുക്കാം. ഇന്ന് മദ്യവ്യവസായം തകർച്ചയിലാണ്. വാറ്റു ചാരായവും ഇഷ്ടംപോലെ ചാരായഷാപ്പുകളും മറ്റും കൊടുത്തുകൊണ്ട് മദ്യവ്യവസായത്തെ തകർക്കുന്ന നയമാണ് ഈ ഗവൺമെന്റിനുള്ളത്. അതുപോലെതന്നെ ഖാദി ഗ്രാമ വ്യവസായം. വളരെ ചുരുങ്ങിയ കൂലി വാങ്ങുന്ന തൊഴിലാളികളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഖാദി വ്യവസായത്തിൽ ഉള്ളത്. അതും ഇന്ന് തകർച്ചയിലാണ്. അത് ഗവൺമെന്റ് സബ്സിഡി മാത്രം ആശ്രയിച്ചാണ് നിൽക്കുന്നത്.

സർ, അതുപോലെ കേരളത്തിൽ ഏറ്റവുമധികം സാദ്ധ്യതയുള്ള ഒരു വ്യവസായമാണ് മത്സ്യവ്യവസായം. പ്ലാനിംഗിനെപ്പറ്റി എല്ലാവരും ഘോരഘോരം പ്രസംഗിക്കാറുണ്ടല്ലോ. അറുനൂറോളം കിലോമീറ്റർ നീളത്തിലുള്ള കടൽ നമുക്കുണ്ട്. വർഷിച്ച വിലയേ സമാഹരണമാണുള്ളത്. വാസ്തവത്തിൽ മൽസ്യവ്യവസായത്തിന്റെ സ്ഥിതി യെന്താണ്? ചില കാലത്ത് കുറച്ച് അഡ്വാൻസ് ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് 1964 മുതൽ 1970 വരെയുള്ള കാലഘട്ടത്തിൽ കുറച്ച് അഡ്വാൻസ് ചെയ്തു. നൂൽവല മാറി റയോൺസ് വല ഉപയോഗിച്ചതുകൊണ്ട് കൂടുതൽ മൽസ്യം കിട്ടിയിട്ടുണ്ട്. ആ കാലത്ത് ഒരു കൊല്ലം ശരാശരി 4,48,269 ടൺ മൽസ്യം പിടിച്ച സ്ഥാനത്ത് 1973 മുതൽ 1983 വരെയുള്ള കാലത്ത് അതിന്റെ ഉല്പാദനം തകർച്ചയിലായിരുന്നു. 1981-ൽ മാത്രം 2,47,395 ടണ്ണാണ് ഉൽപ്പാദിപ്പിച്ചത്. 1981-ന് ശേഷമുള്ള കണക്ക് എന്റെ കൈയിലില്ല. അതാണ് മൽസ്യവ്യവസായത്തിന്റെ സ്ഥിതി.

അവിടെ കുത്തകമുതലാളിമാരുടെ ആധിപത്യം പുറം കടലിൽ നില്ക്കുന്നു. ടാറാ, തുടങ്ങിയ കുത്തക മുതലാളിമാരുടെ ആധിപത്യമാണ് ഇന്നു കടലിൽ. അതു നാം മനസ്സിലാക്കണം. ആ ആധിപത്യം ഇന്ന് നിലനിൽക്കുന്നതുകൊണ്ട് മൽസ്യവ്യവസായം ഇന്ന് തകർച്ചയിലാണ്. ഏറ്റവും നൂതനമായ യന്ത്രങ്ങളും ഉപയോഗിച്ചുകൊണ്ട് വമ്പിച്ച തോതിൽ മൽസ്യം പിടിക്കുന്നതിന്റെ ഫലമായി മൽസ്യം കരയ്ക്കടുത്ത കടലിൽ കുറയുമെന്നുള്ളതാണ് വസ്തുത.

അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള അഖിലേന്ത്യാ നയത്തിന്റെ പാപ്പരത്വം നമുക്കറിയാം. ബീഡി വ്യവസായത്തെപ്പറ്റി ഞാനൊന്നും പറയുന്നില്ല. അതിൽ ഒട്ടനവധി കുഴപ്പങ്ങളും ഗവൺമെന്റിന്റെ സഹായമില്ലാത്തതുകൊണ്ട് ഉണ്ടായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ രണ്ട് എണ്ണത്തിന്റെ കാര്യം ഞാനിവിടെ പറയാം. ഒന്ന് ട്രാൻസ്പോർട്ട്. അതിന് ഒരു പ്രത്യേക മന്ത്രിതന്നെ ഉള്ളതുകൊണ്ടും അതിന്റെ ചർച്ച വേറെ നടന്നതുകൊണ്ടും, ഞാൻ അതിലേക്ക് പോകുന്നില്ല. അതുപോലെ വിദ്യുച്ഛക്തി ബോർഡ് ഇന്നു നഷ്ടത്തിലാണ്. ഞങ്ങളുടെയിവിടെ കേരളാ സോപ്പുണ്ടാക്കുന്ന ഒരു ഫാക്ടറിയുണ്ട്. ഞാൻ ചോദിക്കട്ടെ, ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്ത് വൈസ്രോയിക്ക് കുളിക്കാനുള്ള സോപ്പുണ്ടാക്കാൻവേണ്ടിയാണ് അവിടെ അന്ന് സോപ്പുണ്ടാക്കിത്തുടങ്ങിയത്. ആ സോപ്പ് പുറത്ത് കൊടുത്തിരുന്നില്ല. അത്തരം ഉയർന്ന നിലയിൽ നടന്നിരുന്ന ആ സോപ്പു ഫാക്ടറി ടാറാ യെപ്പോലും കവച്ചുവയ്ക്കാൻ കഴിവുള്ള ഒരു ഫാക്ടറിയാണ്. പക്ഷേ അതിന്ന് വീണും തപ്പിത്തടഞ്ഞും മാത്രമേ മുന്നോട്ടുപോകാൻ ആവുന്നുള്ളൂ. അവിടെ 5,000 രൂപ ശമ്പളത്തിന് ഗവൺമെന്റ് നിയമിച്ച മാനേജരെ 15,000 രൂപ ശമ്പളത്തിന് ടാറാ കമ്പനിക്കാർ തട്ടിക്കൊണ്ടുപോയി. അങ്ങനെ ഇവിടത്തെ കുത്തക മുതലാളിമാർ ആ സോപ്പു ഫാക്ടറിയെ തകർക്കാനാണ് പരിശ്രമിക്കുന്നത്. ചന്ദ്രികാ സോപ്പുകമ്പനിതന്നെ ആകെ വിലയ ക്കെടുക്കാനാണെങ്കിൽ ടാറാ കമ്പനിക്കാർ തയ്യാറാണ്. കോഴിക്കോട്ടെ നാഗ്ജി സോപ്പു ഫാക്ടറി ടാറാ വിലയ്ക്കെടുത്തു. ഞാനിതു പറയാൻ കാരണം എല്ലാ വ്യവസായങ്ങളേയും വാസ്തവത്തിൽ തകർക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരാണിവിടെയുള്ളത് എന്നുള്ളതുകൊണ്ടാണ്. ട്രാവൻകൂർ റയോൺസ്, കുന്നത്തറ ടെക്സ്റ്റൈൽസ്, ഗ്വാളിയോർ റയോൺസ്, മാവൂർ എന്നിവകൾക്ക് ഈ സ്ഥിതിയാണുള്ളത്. നാലായിരത്തി അഞ്ഞൂറിലധികം തൊഴിലാളികൾക്കും, പതിനായിരം മറ്റു തൊഴിലാളികൾക്കും അവിടെ പണിയില്ല. അത് നമ്മൾ മനസ്സിലാക്കണം. കോഴിക്കോട്ടെ ഈർച്ചമിൽ മുഴുവൻ തകർന്നുകിടക്കുകയാണ്. അതിനെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിനുള്ള യാതൊരു നടപടിയും ഇതുവരെ ഗവൺമെന്റിനില്ല. ലോകത്തിലെ രണ്ടാമത്തെ ഈർച്ചമിൽ വ്യവസായ ശാലയായിരുന്നു കോഴിക്കോട്ടുള്ളത്. കോഴിക്കോട്ടെ ഈർച്ചമില്ലിലുള്ള മരത്തിന് പ്രത്യേക മാർക്കറുണ്ട്. അതിന് മാർക്കറു കൊടുക്കാനാവശ്യമായ നടപടി ഗവൺമെന്റ് എടുക്കുകയാണെങ്കിൽ തീർച്ചയായും അതു മുന്നോട്ടുപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചും വിദ്യുച്ഛക്തി സപ്ലൈയെ സംബന്ധിച്ചുമൊന്നും ഞാൻ ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. വ്യവസായ വളർച്ച ഉണ്ടാകുന്നില്ലായെന്ന് പലരും പറയാറുണ്ട്. എന്തുകൊണ്ട് ഇവിടെ വ്യവസായ വളർച്ച ഉണ്ടാകുന്നില്ല. തീർച്ചയായും ഇന്നത്തെ പ്ലാനിംഗിൽതന്നെയുള്ള തെറ്റായ നയത്തിന്റെ ഫലമായിട്ടാണ് ഇവിടെ അനുസ്യൂതമായിട്ടുള്ള വ്യവസായ വളർച്ച യില്ലാത്തത്. ഞാനൊന്നു ചോദിക്കട്ടെ, ഒരു വ്യവസായത്തിനാവശ്യമായിട്ടുള്ള പ്രധാന കാര്യങ്ങളെന്തെല്ലാമാണ്. ഒന്നാമതായി മൂലധനം, വിദ്യുച്ഛക്തി, അസംസ്കൃതസാധനങ്ങൾ, അതു നടത്താനാവശ്യമായ സ്ഥലം, അതുകൂടാതെ തൊഴിലാളികൾ മറ്റൊരു പ്രധാന ഘടകമാണ്. ഒരു വ്യവസായം തുടങ്ങുമ്പോൾ അത്തരം കാര്യങ്ങൾകൂടി പരിഗണിച്ചു കൊണ്ടാണോ ഇവിടെ വ്യവസായങ്ങൾ തുടങ്ങാറുള്ളത്? അല്ല. ഇവിടെ ഇൻഡ്യാ ഗവൺമെന്റിന്റെ നോസ് അനുസരിച്ച് വളരെ കുറച്ചു മാത്രമാണ് നമുക്കു പണം അനുവദിക്കുന്നത് എന്നും, അവഗണനയാണ്. കോൺഗ്രസ്സുകാർ ദേഷ്യം പിടിക്കേണ്ട. നാം ഒന്നായി അതു പറയേണ്ടതായിരുന്നു. 38 കൊല്ലമായിട്ടും അവഗണനയാണ്. നാഷണൽ പ്ലാനിൽനിന്ന് ആവശ്യമായിട്ടുള്ള പണം നമുക്ക് തരാറില്ല. ഇപ്പോഴത്തെ നോസ് അനുസരിച്ചും അവഗണനയാണ്.

സർ, എന്താണു വ്യവസായ മേഖലയിൽ ഇൻഡ്യാ ഗവൺമെന്റിന്റെ നോസ്? അവിടെ പിന്നോക്കാവസ്ഥ കണക്കാക്കുന്നത് സ.സ്ഥാനത്തെ പിന്നോക്കജില്ലകളെ കണക്കിലെടുത്തുകൊണ്ടാണ്. ഇൻഡ്യയാകെ ഒരു യൂണിറ്റായി കണക്കാക്കി പിന്നോക്കജില്ലകളെ അംഗീകരിക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ വിഹിതം നമുക്കു കിട്ടും. പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര, മദിരാശി, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ സ്റ്റേറ്റ് യൂണിറ്റടിസ്ഥാനത്തിൽ പിന്നോക്കജില്ല കണക്കാക്കുന്നതിന്റെ ഫലമായി അവിടത്തെ വരുമാന വിഹിതം വർദ്ധിക്കുന്നു. അവിടെയൊക്കെ ശരാശരി രണ്ടായിരം പിന്നോക്കജില്ലകൾക്ക് വരുമാനമുണ്ടെങ്കിൽ കേരളത്തിലെ വികസിത യൂണിറ്റുകൾക്ക് ശരാശരി 1500-ൽ താഴെയാണ് വരുമാനമുള്ളത്. അപ്പോൾ നമ്മൾ എന്നും പിന്നോക്കംതന്നെയാണ്. അതിന്റെ ഫലമായി ഇവിടെ ആവശ്യമായിട്ടുള്ള ഗവൺമെന്റിന്റെ വിഹിതം കിട്ടുന്നില്ലായെന്നുള്ളതാണ് ഒരടിസ്ഥാനം. മറ്റ് അവഗണനകൾ വേറെയുമുണ്ട്. നമുക്കറിയാമല്ലോ, ഇവിടെയുള്ള ഏതു വ്യവസായവും പുറത്തേക്ക് തട്ടിക്കൊണ്ടുപോകുന്ന ഒരു സ്ഥിതിയുണ്ട്. കേന്ദ്രത്തിലും അതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് മുസ്ലിംലീഗിന്റെ മന്ത്രിയോടല്ല അത് കൂടുതൽ ശക്തിയായി പറയാനുള്ളത്. കേന്ദ്രഭരണ കക്ഷിയുടെ ഭാഗമായി കേരളത്തിൽ പ്രവർത്തിക്കുന്ന കോൺഗ്രസ്സിന് ഇതിൽ വളരെ വ്യക്തമായ ഉത്തരവാദിത്വമുണ്ട്. മുഖ്യമന്ത്രിയുംപ്പെടെ വ്യവസായ മന്ത്രികൂടി ഈ കാര്യങ്ങൾ ശക്തിമത്തായി കേന്ദ്രത്തിൽ അവതരിപ്പിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഇവിടെ ഐ. എം. എഫിന്റെ പുതിയ നിബന്ധനകൾ നമ്മുടെ വ്യവസായത്തെ തകർത്തു. ഭാവിയിൽ ഇവിടെ വ്യവസായങ്ങൾ തകരുമെന്നുള്ളതിനെയാതൊരു സംശയവുമില്ല. പുതിയ ഇറക്കുമതിനയം മൂലം മാവൂർ ഗ്വാളിയർ റയോൺസ് പൂട്ടി. റയോൺസ വിലകുറച്ച് ഇവിടെ ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഇവിടെയുള്ള റയോൺസിന് വില കൂടുന്നില്ല. അതാണ് ഇവിടത്തെ വ്യവസായനയം. അത് വ്യവസായ വളർച്ചയെ തടസ്സപ്പെടുത്തുന്നു.

ഏതായാലും ഒന്നുരണ്ടു കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 1931-ൽ മാത്രം റോഡുവഴി കേരളത്തിൽ കൊണ്ടു വന്ന സാധനങ്ങളുടെ കണക്ക് ഞാൻ പറയാം. ഇവിടെ വ്യവസായ വികസനത്തിന് വമ്പിച്ച സാദ്ധ്യതയുണ്ടെന്നു കാണിക്കാൻവേണ്ടിയാണ്. ഞാനിത് ഇവിടെ അവതരിപ്പിക്കുന്നത്. 1981-ൽ മാത്രം ഇവിടത്തെ ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളും മറ്റു വ്യാവസായികാവശ്യത്തിനുള്ള സാധനങ്ങളും റോഡുവഴി ഇവിടെ ഇറക്കിയതിന്റെ കണക്കാണിത്. റബ്ബർ 46 കോടി രൂപ, സോപ്പ് 15 കോടി രൂപ, കളിമൺ വ്യവസായം 9 കോടി രൂപ, മീറായി 1.9 കോടി രൂപ, ഇലക്ട്രോണിക് വ്യവസായം 3.1 കോടി രൂപ, പെയിന്റ് 5.4 കോടി രൂപ, മോട്ടോർ പാർട്സ് 63.5 കോടി രൂപ, റേഡിയോ, ടെലിവിഷൻ തുടങ്ങിയവയ്ക്ക് 60.7 കോടി രൂപ, മദ്യം 59.8 കോടി രൂപ, മരുന്ന് 13 കോടി രൂപ, കൈത്തറി 10.4 കോടി രൂപ. ഇത്രയും കോടി രൂപയുടെ സാധനങ്ങൾ ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ട്. ഇതൊക്കെ ഇറക്കുമതി ചെയ്യാതെ ഉല്പാദിപ്പിക്കാൻ കഴിയുകയില്ലേ? അതിന് ആവശ്യമായ ചില കാര്യങ്ങൾ ചെയ്യണം. കേരളത്തിലെ ഉപഭോഗശേഷി ഇറക്കുമതി ചെയ്യുന്നതിന്റെ നാലിരട്ടി വരും. ഇവിടത്തെ റബ്ബർ ഉപയോഗിച്ചുകൊണ്ട് എന്തുകൊണ്ട് ഏറ്റവും നല്ല ഒരു ടയർ ഫാക്ടറി ഇവിടെ സ്ഥാപിച്ചുകൂടാ? ഇത് ഇവിടെ ഇറക്കാത്തതെന്ന ഉണ്ടാക്കാൻ കഴിയും.

ഒരു തുലാസ്സിലൊരു വ്യവസായമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഒന്നു വ്യക്തമാക്കേണ്ടത് എത്ര തുടങ്ങി, എത്ര തുടങ്ങി എന്നുള്ളതാണ്. ഉദാഹരണത്തിന് ഷൊറണ്ണൂരിൽ ഒരു ബീഡി വ്യവസായം തുടങ്ങി. അതിപ്പോൾ പ്രവർത്തിക്കുന്നില്ല. പിന്നെ ഇവിടെയുള്ള തീപ്പെട്ടിക്കൊള്ളി ഉണ്ടാക്കുന്ന വ്യവസായംപോലുള്ള, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയം ഗവൺമെൻറിനില്ല. നയമുണ്ടെങ്കിൽ ആവശ്യമായ അസംസ്കൃതസാധനങ്ങൾക്ക് ഉണ്ടാകുന്ന തടസ്സം നീക്കംചെയ്തുകൊടുക്കുകയാണ് ഗവൺമെൻറിന്റെ ചുമതല. 7-ാം പദ്ധതിയെസംബന്ധിച്ച് അതാണൊരു വ്യത്യാസം. കഴിഞ്ഞ ആറു പഞ്ചവത്സര പദ്ധതികളിലും നമ്മുടെ വ്യവസായങ്ങൾക്കുവേണ്ടി കാര്യമായി ഒന്നുമുണ്ടായിട്ടില്ല. അതിന്റെ കണക്ക് ഞാൻ പറയേണ്ടയാവശ്യമില്ല. ഉദാഹരണത്തിന് നിങ്ങൾ ഒരു ഫാക്ടറി പ്ലാൻചെയ്തു തുടങ്ങുന്നുവെങ്കിൽ അതിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

അസ് സ്കൃത്സാധനങ്ങളെല്ലാം തന്നെ ഇവിടെയുണ്ടായിരിക്കണം. ഞാൻ അതിന് ഒരു ഉദാഹരണം പറയാനാഗ്രഹിക്കുന്നു. പുനലൂർ പേപ്പർ മില്ലിനും മാവൂർ റയോൺസിനും കൂടി ആവശ്യമായ അസംസ്കൃത സാധനങ്ങൾ ഇവിടെ ഉണ്ടാകുന്നില്ല. അതുകൂടാതെ മലപ്പുറത്ത് ഒരു റയോൺസ് ഫാക്ടറി തുടങ്ങാൻ പോകുന്നെന്നു പറയുന്നു. അതിന് ഞാനെതിരല്ല. പക്ഷേ അതേസമയത്ത് അസംസ്കൃത സാധനങ്ങളുടെ ലഭ്യതകൂടി കണക്കിലെടുത്തുവേണം അത് സ്ഥാപിക്കാൻ. അതു പോലെതന്നെ 1990 ആവുമ്പോഴേക്കും നമുക്ക് ഏകദേശം 560 മെഗാവാട്ട് യൂണിറ്റ് വിദ്യുച്ഛക്തി ലഭിക്കാൻ സാധിക്കുമെന്നാണ് കണക്ക്. കാരണം ഇടമലയാറും അതുപോലുള്ള പദ്ധതികളും ആ സമയത്ത് പൂർത്തീകരിക്കപ്പെടാൻ കഴിയുമെന്നുള്ളതുകൊണ്ടാണ്. ഇപ്പോഴും ഇവിടെ വ്യവസായങ്ങൾക്കൊക്കെ പവർകട്ട് ഉണ്ട്. ഇവിടെ പവർകട്ട് ഉണ്ടായപ്പോഴും പ്രതിച്ഛായ നന്നാക്കാൻ നടന്ന സമയത്ത്, മറ്റു സംസ്ഥാനങ്ങളിൽനിന്ന് അതായത് രാമഗുണ്ടത്തുനിന്നോ, ആന്ധ്രയിൽനിന്നോ ഒക്കെ ഒരു അഡ്ജസ്റ്റ്മെന്റ് നടത്തി ഈ വ്യവസായങ്ങളും പൂട്ടാതിരിക്കത്തക്കനിലയിലുള്ള ഒരു സ്ഥിതി വിശേഷം ഉണ്ടാക്കാൻ കഴിയുമായിരുന്നില്ലേ? ഇവിടെ 7-ാം പദ്ധതിയിൽ നിങ്ങളും ഒരു അലുമിനിയം ഫാക്ടറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതിൽ 30,000 ടൺ അലുമിനിയം തീർച്ചയായും ഉണ്ടാക്കാം എന്നാണ് കണക്ക്. അതിന്റെ മുതൽമുടക്ക് 225 കോടി രൂപയാണ്. അതിന് ഉപയോഗിക്കേണ്ട വിദ്യുച്ഛക്തി 170 മെഗാവാട്ട് ആണ്. തൊഴിൽ സാദ്ധ്യത നാലായിരമാണ്. ഞാൻ ഇത് സൂചിപ്പിക്കാൻ കാരണം, അതിന്റെ ഫലമായി ഭാവിയിൽ വലിയ വിദ്യുച്ഛക്തിക്കുഴപ്പം ഉണ്ടാവും.

ഇവിടെ വളർന്നുവരുന്ന ഒരു വ്യവസായമാണ് ഇലക്ട്രോണിക്സ് വ്യവസായം. ഇലക്ട്രോണിക്സ് വ്യവസായത്തിൽ ഒരുകോടി രൂപ മുടക്കുമ്പോൾ 235 ആളുകൾക്ക് ജോലികൊടുക്കാൻ കഴിയും. അതേ സമയത്ത്, അലുമിനിയം വ്യവസായത്തിൽ ഒരുകോടി രൂപ മുടക്കുമ്പോൾ 33 ആൾക്കേ ജോലി കൊടുക്കാൻ കഴിയുകയുള്ളൂ. ഇലക്ട്രോണിക്സ് വ്യവസായത്തിൽ വാട്ടർ പൊല്യൂഷന്റെ പ്രശ്നവുമില്ല. വിദ്യുച്ഛക്തിയും കുറച്ചുമതി, കുഴപ്പവും ഉണ്ടാവുകയില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് ഇൻഡ്യാ ഗവൺമെന്റിനോട് ന്യായമായി കിട്ടേണ്ട വിഹിതം ശരിക്കു വാങ്ങാൻ, കണക്കുതീർത്തു വാങ്ങാൻ, അവരുടെ നോംസ് മാറാൻ ഇവിടെ തന്നതിന്റെ കണക്കുനോക്കി ബാക്കിയുള്ളതിന്റെ കൂടുതൽ കണക്ക് തീർത്തുവാങ്ങാൻ കേന്ദ്രഗവൺമെന്റിൽ സ്വാധീനമുള്ള കക്ഷിയും നമ്മുടെ വ്യവസായമന്ത്രിയും ആലോചിച്ച് വേണ്ടതു ചെയ്യണമെന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്. ഈ വ്യവസായ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. വി. വി. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന മുദ്രാവാക്യം കൂടുതൽ പ്രസക്തമായിരിക്കുന്ന കേരളത്തിൽ വ്യവസായ വൽക്കരണത്തിന് പുതിയ മാനം കണ്ടെത്താൻ കഴിഞ്ഞ നാലു വർഷക്കാലത്തിനുള്ളിൽ നമ്മുടെ ഈ മന്ത്രിക്ക് കഴിഞ്ഞു. കൃഷിഭൂമി നാം പരമാവധി ചൂഷണം ചെയ്തുകഴിഞ്ഞു. തൊഴിലില്ലായ്മ പരിഹരിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവൽക്കരണത്തിലേക്ക് നാം തിരിയേണ്ടിയിരിക്കുന്നു. കഴിഞ്ഞ നാലു വർഷക്കാലമായി കാര്യക്ഷമമായ പ്രവർത്തനം ഈ രംഗത്ത് കാഴ്ച വച്ചിട്ടുണ്ട്. 1957-ൽ കമ്മ്യൂണിസ്റ്റുപാർട്ടി കേരളത്തിൽ അധികാരത്തിൽ വന്നപ്പോഴും നമ്മുടെ വ്യവസായവൽക്കരണത്തിന് ശനിദശ ആരംഭിച്ചു. കേരളത്തിൽ വ്യവസായം തുടങ്ങാൻ വ്യവസായികൾ കടന്നുവരാൻ മടിച്ചു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ക്ഷീരമുള്ളോരകിടിൻചുവട്ടിലും ചോര തന്നെ കൊതുകിന് കൗതുകം' എന്നു പറഞ്ഞതുപോലെ എന്തിനാണ് ഈ കമ്മ്യൂണിസ്റ്റു വിരോധം?

ശ്രീ. വി.വി. ജോസഫ്: ഒരു വിരോധവുമില്ല. സത്യം പറഞ്ഞതാണ്. അന്ന് വ്യവസായികൾക്ക് കേരളത്തിൽ വ്യവസായം തുടങ്ങാൻ മടിയായിരുന്നു. 'കേരളമെന്നു കേട്ടാൽ പുളകിതമാകണം അന്തരംഗം' എന്നതിനുപകരം കേരളമെന്നുകേട്ടാൽ ഭീതിയാണ് അന്തരംഗത്തിനുള്ളത്. എന്ന സ്ഥിതി വ്യവസായികളുടെ മനസ്സിൽ വന്നു. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിൽ എവിടെയെങ്കിലും ഒരു വ്യവസായം തുടങ്ങാൻ ഒരു വ്യക്തി വന്നാൽ പിറ്റേ ദിവസം അവിടെ സമരം തുടങ്ങും. മുതലാളിയിന്നെ പിന്നെ കണ്ടോളാം എന്നു തുടങ്ങിയ മുദ്രാവാക്യങ്ങളും മറ്റുമായി എങ്ങനെയെങ്കിലും അതിനെ ഇല്ലാതാക്കി ആ വ്യവസായി നാട്ടിൽനിന്നും പുറത്തേക്ക് പോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. അങ്ങനെയാണ് കേരളത്തിൽ നിന്നു് ധാരാളം വ്യവസായങ്ങളും, നമ്മുടെ നാട്ടിലുള്ള ആളുകളും നമ്മുടെ വിവേകം ഉപയോഗിച്ച് നടത്താവുന്ന വ്യവസായങ്ങളും പുറത്തേക്ക് പോകുന്നത്. എന്നാൽ ഇന്ന് വ്യവസായത്തിന് അനുകൂലമായ കാലാവസ്ഥയുണ്ടാക്കാൻ നമുക്കു കഴിഞ്ഞു. സമാധാനാന്തരീക്ഷം നമ്മുടെ വ്യവസായമേഖലയിൽ ഉണ്ട്. വ്യവസായത്തിന് വായ്പ നൽകുവാൻ കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളും മുന്നോട്ടുവരുന്നുണ്ട്. അവയ്ക്കു വേണ്ട ഉപദേശം നൽകുവാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന വ്യവസായ വകുപ്പുണ്ട്. ഇവയെല്ലാംകൂടി സമുചിതമായി സമ്മേളിച്ച് നല്ലൊരു വ്യവസായാന്തരീക്ഷം ഉണ്ടാക്കുവാൻ, ഒരു മുന്നേറ്റമുണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞു എന്നുള്ളതു് ആർക്കും നിഷേധിക്കാൻ സാധ്യമല്ല.

സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം 100 കണക്കിന് ചെറുപ്പക്കാർക്ക് നമ്മൾ വായ്പ നൽകിയിട്ടുണ്ട്. 25,000 രൂപയുടെ സ്വയംതൊഴിൽ കണ്ടെത്താനുള്ള വായ്പ വാങ്ങിച്ചുകൊണ്ട് നമ്മുടെ ഗ്രാമഗ്രാമാന്തരങ്ങളിലും പട്ടണങ്ങളിലും നൂറുകണക്കിന് ചെറുപ്പക്കാർ ഇന്ന് ഓരോതരം തൊഴിൽ നടത്തുകയാണ്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ജോലിക്കുവേണ്ടി പേർ രജിസ്റ്റർ ചെയ്തിരുന്നവർ, കഴിഞ്ഞ കാലങ്ങളിൽ രാഷ്ട്രീയപാർട്ടികളുടെ പുറകെ മുദ്രാവാക്യവുമായി നടന്നിരുന്ന ചെറുപ്പക്കാർ ഇന്ന് വായ്പകളൊക്കെ വാങ്ങിച്ച് ചെറിയ ചെറിയ വ്യവസായങ്ങളും നാടുനീളെ നടത്തുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും. നമ്മുടെ നാട്ടിൽ ഈയിടെ നടന്ന പല സമരങ്ങളും ദയനീയമായി പരാജയപ്പെട്ട കാഴ്ച നാം കാണുകയുണ്ടായി. എന്താണ് അതിനു കാരണം? വിപ്ലവപാർട്ടിയുടെകൂടെ മുദ്രാവാക്യവും വിളിച്ച് സമരത്തിൽ നിന്നിരുന്ന ചെറുപ്പക്കാരെല്ലാം ഇന്ന് 25,000 രൂപ സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം വായ്പ വാങ്ങിച്ച് തൊഴിൽ ചെയ്യുന്നു. അതുകൊണ്ട് ഇന്ന് സമരത്തിന് ആളിനെ കിട്ടാത്ത സ്ഥിതി വന്നിരിക്കുന്നു. ഈ പദ്ധതി നമ്മുടെ രാജ്യത്തെ വളരെയേറെ ചെറുപ്പക്കാർക്ക് ആവേശ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുള്ള പദ്ധതിയാണ്. കൂടുതൽ ആളുകൾക്ക് ഇതുപോലുള്ള വായ്പ നൽകുവാൻ ശ്രമിക്കണമെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്. നമ്മുടെ രാജ്യത്തുള്ള യുവശക്തിയും, ബുദ്ധിശക്തിയും, മനുഷ്യശക്തിയും എല്ലാംകൂടി സമന്വയിപ്പിച്ച് വ്യവസായ രംഗത്തേക്ക് തിരിച്ചുവിട്ടാൽ അത് വൻ പുരോഗതിയുടെ നാന്ദിയായിരിക്കും. ചെറുകിടവ്യവസായങ്ങളാണ് നമുക്ക് കൂടുതൽ അഭികാമ്യമെന്ന് ഇന്ന് എല്ലാവരും സമ്മതിക്കുന്ന വസ്തുതയാണ്. ജപ്പാൻ, അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിൽ കാറുകളും മറ്റും നിർമ്മിക്കുന്ന വ്യവസായങ്ങളുടെ അനുബന്ധമായി ധാരാളം ചെറുകിടവ്യവസായങ്ങളുണ്ട്. അതുപോലെ പഞ്ചാബിലാണെങ്കിലും ചെറുകിട വ്യവസായങ്ങളുടെ ശൃംഖല തന്നെയുണ്ട്. പക്ഷേ കേരളത്തെ സംബന്ധിച്ചു പറഞ്ഞാൽ പല മെമ്പറൻമാരും ചൂണ്ടിക്കാണിച്ചതുപോലെ ഒരു ചെറുകിട വ്യവസായം ആരംഭിക്കുക എന്നു പറഞ്ഞാൽ ഒട്ടകം സൂചിക്കുഴയിൽ കൂടി കടന്നുപോകുന്നതുപോലെ ബുദ്ധിമുട്ടുള്ള, വളരെ വിഷമമുള്ള ഒരു കാര്യമാണ്. ഐ.ഡി.ബി.ഐ., കെ.എഫ്.സി., വൈദ്യുതീകരണം., പഞ്ചായത്ത് ഇങ്ങനെയുള്ള പല്ലങ്ങോളം ഓഫീസുകളിൽ കയറിയിറങ്ങി പാടുപെട്ടാലേ അത് തുടങ്ങാനൊക്കുകയുള്ളു എന്നുള്ള നില മാറണം. ഒരു കുടക്കീഴിൽ ഇതിനുള്ള എല്ലാ അനുപാതവും കിട്ടാനുള്ള ഒരു സംവിധാനമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ കാര്യം പറഞ്ഞു. അത് മിക്കതും തകർച്ചയിലാണ്. അത് പുനരുജ്ജീവിപ്പിക്കാൻ എങ്ങനെ സാധിക്കും, എന്തെല്ലാം മാർഗ്ഗം സ്വീകരിക്കണം എന്നുള്ളതിനെക്കുറിച്ച് നാം ആലോചിക്കേണ്ടതാണ്. മറ്റു സംസ്ഥാനങ്ങളുണ്ടാക്കുന്ന സാധനങ്ങൾ വിറ്റഴിയ്ക്കുന്ന ഒരു മാർക്കറ്റായി കേരളം മാറിയിട്ടുണ്ട്. ചെറുകിടവ്യവസായ സ്ഥാപനങ്ങൾ ഇവിടെയുണ്ടാക്കുന്ന സാധനങ്ങൾ ഇന്ന് വിറ്റഴിയ്ക്കാൻ വളരെയേറെ ബുദ്ധിമുട്ടുന്നുണ്ട്. ഉദാഹരണത്തിന് ഖാദിയുടെ കാര്യംതന്നെ എടുക്കാം. കേരളത്തിലുണ്ടാക്കുന്ന ഖാദി വിറ്റഴിയാതെ കെട്ടിക്കിടക്കുമ്പോൾ മദ്രാസിലുണ്ടാക്കുന്ന ഖാദി ഇവിടെ ചൂടപ്പംപോലെ വിറ്റഴിയുന്നു. ടാറായും ബിർലായും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളോട് മൽസരിക്കേണ്ട ഗതികേടാണ് നമ്മുടെ കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്നുള്ളത്. ശ്രീ. ടി.വി. തോമസിന്റെ കാലംമുതൽ നമ്മുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഒരു കോർപ്പറേഷൻ ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടായിരുന്നു. ആ കാര്യം ഇതുവരെ നടപ്പിലായിട്ടില്ല. നമ്മുടെ ചെറുകിട വ്യവസായികൾ ഉണ്ടാക്കുന്ന സാധനങ്ങൾ വിറ്റഴിക്കാൻ വേണ്ടിവന്നാൽ ഒരു കോർപ്പറേഷൻ ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഒരു വശത്ത് വ്യവസായങ്ങൾ തുടങ്ങാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുകയും മറുവശത്ത് ആ സാധനങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്താൽ ആ മേഖലയിൽ പുരോഗതി കൈവരിക്കുവാൻ കഴിയും. നമ്മുടെ ഉൽപ്പന്നങ്ങളെപ്പറ്റി നമുക്ക് അപകർഷതാബോധമുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഗസ്റ്റ് ഹൗസുകളിൽ ചെന്നാലും മറ്റു ഡിപ്പാർട്ടുമെന്റുകളുടേയും പൊതുമേഖലാസ്ഥാപനങ്ങളുടേയും ഓഫീസുകളിൽ ചെന്നുകഴിഞ്ഞാലും കേരളത്തിനുപുറത്തുള്ള ഉൽപ്പന്നങ്ങൾ വാങ്ങിക്കുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും. നമ്മുടെ സാധനങ്ങളെപ്പറ്റി നമുക്കുതന്നെ അപകർഷതാബോധമുള്ളതാണ് ഇതിനു കാരണം.

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റിബോർഡ്, കെ. എസ്. ആർ. ടി. സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും, ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളും ഇവയെല്ലാം കേരളത്തിലുൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളും വാങ്ങിക്കാൻ നിഷ്കർഷതപാലിച്ചുകഴിഞ്ഞാൽ കേരളത്തിലെ ചെറുകിട മേഖലയിലെ ഉൽപ്പന്നങ്ങളും വിറ്റഴിക്കാൻ സാധിക്കും.

അതുപോലെ ഇൻവെസ്റ്റ്മെൻറ് സബ്സിഡി കിട്ടുവാനുള്ള കാലതാമസത്തെക്കുറിച്ച് ഇവിടെ പലരും പറഞ്ഞതാണ്. അതിനു പരിഹാരമുണ്ടാക്കണം. വ്യവസായത്തിൻറെ പ്രോജക്ട് റിപ്പോർട്ടിൽ പത്തു പതിനഞ്ചു ശതമാനം ഇൻവെസ്റ്റ്മെൻറ് സബ്സിഡി കൊടുക്കുവാനുള്ള പ്രൊവിഷനുണ്ട്. 1985-86-ൽ 504 പേർക്കു നമ്മുടെ സംസ്ഥാനത്തുനിന്നു സബ്സിഡി നൽകിക്കഴിഞ്ഞു. 536 പേർക്കു സെൻട്രൽ സബ്സിഡി കൊടുത്തു. 31-3-1986 വരെ ലഭിച്ച അപേക്ഷകളിൽ 1158 യൂണിറ്റുകൾക്ക് സബ്സിഡി കൊടുക്കുവാനുണ്ടെന്നു മന്ത്രിയുടെ മറുപടിയിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. വ്യവസായം തുടങ്ങുമ്പോൾതന്നെ സബ്സിഡി കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കിയാൽ വ്യവസായികൾക്ക് വളരെയേറെ പ്രയോജനപ്രദമായിരിക്കും. മാർജിൻമണിയെപ്പറ്റി പറഞ്ഞു. കെ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങൾ 80 ശതമാനം കൊടുക്കുന്നതുകഴിച്ച് പത്തു ശതമാനം സിഡ്കോ തുടങ്ങിയവ കൊടുക്കുവാൻ പദ്ധതിയുണ്ട്. എങ്കിലും അത് രണ്ടുമൂന്നുകൊല്ലമായി കിട്ടുന്നില്ല എന്നുള്ള പരാതിയുണ്ട്. ആ പരാതി പരിഹരിച്ചുകൊണ്ട് മാർജിൻമണി വളരെവേഗം തന്നെ കൊടുക്കുവാൻ ശ്രദ്ധിക്കുകയും അങ്ങനെ ഈ വ്യവസായത്തിനു അനുകൂലമായ പരിതഃസ്ഥിതി ഉണ്ടാക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതിയുടെ കാര്യം ഇവിടെ പലരും സൂചിപ്പിച്ചതാണ്. കേരളത്തിൽ ഏത് വ്യവസായം തുടങ്ങുവാനും ആകർഷകമായ ഒരു വസ്തുവായിരുന്നു വൈദ്യുതി. എന്നാൽ ഇന്ന് അതൊരു എതിർഘടകമായി മാറിയിരിക്കുകയാണ്. വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയുടെ മാനേജരുമായി കഴിഞ്ഞദിവസം ഞാൻ സംസാരിച്ചു. അദ്ദേഹം പറഞ്ഞു ഞങ്ങൾ കേരളത്തിൽവന്നു ഇതുപോലെ വലിയ ഒരു ഫാക്ടറി തുടങ്ങിയത് മണ്ടത്തരമായിപ്പോയി എന്ന്. കാരണമെന്താണ്? വൈദ്യുതി കിട്ടാത്തതുകൊണ്ട്. 3,000 തൊഴിലാളികൾ ജോലി ചെയ്യുന്ന ആ ഫാക്ടറി ഇന്നു നാമമാത്രമായി പ്രവർത്തിക്കുകയാണ്. അവിടെ ജോലിയെടുക്കാൻ സാധിക്കുന്നില്ല. അവിടെ പ്രവർത്തനം നടത്താൻ സാധിക്കുന്നില്ല. വൈദ്യുതിയുടെ സമൃദ്ധിയിലാണ് കേരളം എന്നുള്ള ധാരണ നാം തിരുത്തിക്കുറിച്ചിരിക്കുന്നു. വലിയ വ്യവസായ സ്ഥാപനങ്ങളിൽ ഉൽപ്പാദന സ്തംഭനവും ലേ ഓഫുമുണ്ടായാൽ എത്രയെത്ര ചെറിയ വ്യവസായ സ്ഥാപനങ്ങളാണ് നിശ്ചലമാകുന്നത്. തുടങ്ങിവച്ച പദ്ധതികൾ മുടങ്ങിയതും കാലവർഷക്കെടുതിമൂലം ഉണ്ടായിട്ടുള്ള വൈദ്യുതി തകരാറുകളും കൂടി വ്യവസായ രംഗത്തിനു ശനിദശയായിരിക്കുകയാണ്. മുറിവാലൻകുരങ്ങനുവേണ്ടി സൈലൻറ്വാലി മാറ്റിവച്ചിട്ടുള്ളതിനുപകരം നമുക്ക് പദ്ധതി കിട്ടിയിട്ടില്ല. പൂയാംകുട്ടിക്ക് അനുവാദം കിട്ടിയെന്നു പറയുന്നു. പക്ഷേ രക്തം ചിന്താതെ മാംസം എടുക്കാൻ പറഞ്ഞ പോർഷ്യയുടെ മാതിരി വനംവെട്ടാതെ ആ പദ്ധതി തുടങ്ങാൻ കേന്ദ്രം നിഷ്കർഷ പാലിച്ചിരിക്കുന്നതുകൊണ്ട് ആ പദ്ധതിയും തുടങ്ങുമോയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

കണ്ടറിയേണ്ടിയിരിക്കുന്നു. ഇതുപോലെയുള്ള പല കാരണങ്ങളുംകൊണ്ട് വൈദ്യുതിയുൽപ്പാദനം പിറകോട്ടു പോവുകയും വ്യവസായവൽക്കരണത്തിനു ഒരു വിലങ്ങുതടിയായിത്തീരുകയും ചെയ്തിരിക്കുകയാണ്. ഇവിടെ പറഞ്ഞതുപോലെ 120 പൈസയ്ക്ക് കറണ്ട് വാങ്ങിച്ചുകൊണ്ട് കേരളത്തിലാർക്കും വ്യവസായം തുടങ്ങാൻ സാധ്യമല്ല. അതുകൊണ്ട് ഈ കാര്യത്തിൽ വ്യവസായവൽക്കരണത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഇന്ന് കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ വൈദ്യുതി ക്ഷാമത്തിന് പരിഹാരം കാണുവാൻ അടിയന്തിരമായി ശ്രമിച്ചില്ലെങ്കിൽ ഒരൊറ്റ വ്യവസായംപോലും കേരളത്തിനു വരികയില്ല. ഇവിടെ ലേ ഓഫും കറണ്ടുകട്ടും കൊണ്ട് ഇവിടത്തെ ഫാക്ടറികളെല്ലാം നിശ്ചലമാകുന്ന ഒരു സ്ഥിതിയുണ്ടാകുമെന്നുള്ളതുകൊണ്ട് അതിൽ അടിയന്തിരമായി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആണവനിലയം കേരളത്തിൽ സ്ഥാപിക്കുന്നത്. ബുദ്ധിമുട്ടാണെന്നുള്ള നിലയിൽ കേരളത്തിൽ അങ്ങോളമിങ്ങോളം അതിനെതിരായിട്ട് പ്രതികരണം ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. തെർമൽപ്ലാന്റായാലും ജല വൈദ്യുതപദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളായാലും ആ രംഗത്ത് ഒരു കുതിച്ചുചാട്ടമുണ്ടായില്ലെങ്കിൽ കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുവാൻ സാധ്യമല്ല എന്നുള്ളത് മനസ്സിലാക്കണം. ഏതെങ്കിലും പദ്ധതി കിട്ടിയാൽത്തന്നെ ഓരോ കാരണം പറഞ്ഞ് സമരം തുടങ്ങുന്നു. പണിയിടങ്ങളിൽ അടിപിടി നടക്കുന്നു. സിമന്റില്ലാതെ, കമ്പിയില്ലാതെ വാർക്കുവാൻ കഴിവുള്ള പ്രഗൽഭന്മാരായ കോൺട്രാക്ടർമാർ നമുക്ക് ഇവിടെയുണ്ട്. അങ്ങനെയുള്ള പ്രവർത്തനങ്ങളിൽകൂടിയെല്ലാമുള്ള ക്രമക്കേടുകൊണ്ട് നമുക്ക് കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധ്യമല്ല എന്നുള്ള വസ്തുത നമ്മുടെ വ്യവസായവൽക്കരണത്തിന് തടസ്സമാകുന്നതിന് ഒരു മാറ്റം ഇനിയെങ്കിലും വരുത്തേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് വ്യവസായം തുടങ്ങുവാൻ സാങ്കേതികമായ അറിവുകൊണ്ട് നമ്മുടെ നാട്ടിൽ വളരെ കുറവാണ്.

സർ, ഗൾഫ് നാടുകളിൽനിന്നും വളരെയധികം പണം കേരളത്തിലേക്ക് ഒഴുകി വരുന്നുണ്ട്. ഈ പണം ഉപയോഗിച്ച് ഇന്ന്

1 P. M.] വലിയ കെട്ടിടങ്ങൾ പണിയുകയും അതുപോലെതന്നെ ബ്ലേഡ് കമ്പനികൾ തുടങ്ങുകയും മറ്റുമാണ് ചെയ്യുന്നത്. വലിയ കാറുകൾ വാങ്ങുകയാണ്, സ്ഥലം വാങ്ങുകയാണ് ഇതിനൊക്കെയാണ് ആ പണം വിനിയോഗിക്കുന്നത്. പക്ഷേ ആ പണം നമുക്ക് കേരളത്തിലെ വ്യവസായവൽക്കരണത്തിന് ഉപയോഗിക്കണം. കഴിഞ്ഞ കാലങ്ങളിലൊക്കെ നമ്മുടെ മന്ത്രിമാർ ഗൾഫ് നാടുകളിൽ പോവുകയും അവിടെനിന്നുള്ള പണം കേരളത്തിലേക്ക് ആകർഷിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ടെങ്കിലും കാര്യമായ പ്രയോജനമൊന്നും ഉണ്ടായിട്ടില്ല. ആ രംഗത്ത് വേണ്ടവിധത്തിൽ ഒരു കോർപ്പറേഷൻ ആരംഭിച്ച് വിദേശ രാജ്യങ്ങളിൽനിന്ന് വരുന്ന പണം വ്യാവസായികാവശ്യത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചാൽ നമുക്ക് അത് വലിയ ഒരു അനുഗ്രഹമായിരിക്കും. അതുപോലെതന്നെ നമുക്ക് അതിനുള്ള സാങ്കേതിക വിജ്ഞാനത്തിന്റെ കാര്യവും.. ഞാൻ നേരത്തേ പറഞ്ഞു, ഈ പണം കൊണ്ടുവരുന്ന ആളുകൾ, വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്ന ആളുകൾ എന്തെങ്കിലും പ്രസ്ഥാനം തുടങ്ങുവാൻ ആഗ്രഹിച്ചാൽ അവർക്ക് ആ പ്രസ്ഥാനങ്ങൾ തുടങ്ങുവാൻ ആവശ്യമായ ശാസ്ത്രീയമായ സാങ്കേതിക വിജ്ഞാനമില്ല. അവർക്ക് എവിടെ നിന്നും പണം കിട്ടും,

LIBRARY ARCHIVES Kerala Legislative Assembly

എവിടെ നിന്നും സാങ്കേതികവിദ്യ ലഭിക്കും, എവിടെ നിന്നെല്ലാം ലോൺ ലഭിക്കും, എവിടെ നിന്നെല്ലാം അതിനുള്ള അനുവാദം ലഭിക്കും, എന്ത് വ്യവസായം തുടങ്ങണം, എന്തുവ്യവസായം ഇവിടെ തുടങ്ങിയാൽ അത് ലാഭകരമായി നടത്താൻ കഴിയും തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അവർക്ക് അറിവ് കിട്ടണം. കേരളത്തിൽ അങ്ങിനെയുള്ള വ്യവസായങ്ങൾക്ക് എന്തുമാത്രം പ്രസക്തിയുണ്ട് തുടങ്ങിയ കാര്യങ്ങളിൽ അവർക്ക് അറിവ് ലഭിക്കണമെങ്കിൽ സാങ്കേതിക വിജ്ഞാനത്തിന്റെ ആവശ്യമുണ്ട്. അതുകൊണ്ട് അവർക്ക് അത്തരം കാര്യങ്ങളിൽ സാങ്കേതികമായ അറിവ് കൊടുക്കുന്നതിനുവേണ്ടി നമ്മുടെ കാർഷിക സർവകലാശാലയെപ്പോലുള്ള ഒരു വ്യാവസായിക സർവകലാശാല ആരംഭിക്കുവാൻ സാധിക്കുമോയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഇവിടെ കാർഷിക സർവകലാശാലയുണ്ട്. കാർഷികമേഖലയുടെ പുരോഗതിക്കുവേണ്ടി ജനങ്ങളെ ബോധവാൻമാരാക്കുന്നതുപോലെ, തന്നെ വ്യാവസായികരംഗത്തും നമുക്ക് വിജ്ഞാനം ലഭിക്കുവാൻ, അതിനെക്കുറിച്ച് പഠിപ്പിക്കുവാൻ വ്യാവസായിക സർവകലാശാല ആരംഭിക്കണം.

സർ, കേന്ദ്ര ഗവൺമെൻറിന്റെ മേഖലയിലുള്ള വ്യവസായങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. എഫ്. എ. സി. ററി. യെപ്പറ്റി നമുക്ക് അറിയാം. വർഷങ്ങളായി പഴകി തുരുമ്പിച്ച യന്ത്രങ്ങളാണ് എഫ്. എ. സി. ററി. യിൽ ഉള്ളത്. സർ സി. പി. രാമസ്വാമിയുടെ കാലത്ത് തുടങ്ങിയ അവിടത്തെ യന്ത്രങ്ങളാണ് ഇന്ന് തുരുമ്പ് എടുത്തുകൊണ്ടിരിക്കുകയാണ്! ഈ യന്ത്രങ്ങൾ തൊട്ടുകഴിഞ്ഞാൽ സെപ്റ്റിക് ആകുന്ന സ്ഥിതി ഉണ്ടായിരിക്കുന്നു. ആ യന്ത്രങ്ങൾ ഒക്കെ മാററണം. അതിനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അതുപോലെതന്നെ അതിനോടനുബന്ധിച്ച്, കാപ്രോലാക്ടം പ്രോജക്ററും ബെൻസീൻ പ്ലാൻറും മറ്റും സ്ഥാപിക്കാൻ പോകുന്നതായി കേൾക്കുന്നതല്ലാതെ അവയെല്ലാം ഒരു മരീചികപോലെ അകന്നകന്ന് പോകുന്ന ഒരു സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിൽ നിന്ന് കൂടുതൽ വ്യവസായങ്ങൾ ഇവിടെ ആരംഭിക്കണം. ഭരണപക്ഷമാണെങ്കിലും പ്രതിപക്ഷമാണെങ്കിലും നമ്മൾ എല്ലാവരും യോജിച്ചുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കാൻ ആവശ്യപ്പെടണം. ഇവിടെ അദ്ധ്വാനിക്കുവാൻ കഴിവുള്ള ബുദ്ധിശക്തിയുള്ള ധാരാളം യുവജനങ്ങളുണ്ട്. ഇവിടെ നമുക്ക് ഇപ്പോൾ കിട്ടാൻ ബുദ്ധിമുട്ടുണ്ടെങ്കിലും, നാം കാര്യക്ഷമമായി പ്രവർത്തിച്ചാൽ വൈദ്യുതി ലാഭിക്കുവാൻ സാധിക്കും. നമുക്ക് ഇവിടെ ആവശ്യമുള്ള സ്ഥലമുണ്ട്, തുറമുഖമുണ്ട്, വെള്ളമുണ്ട്, വ്യവസായത്തിനു വേണ്ട എല്ലാം ഉണ്ട്. പക്ഷേ ഇവയെല്ലാം ഉണ്ടെങ്കിലും കേരളത്തിൽ കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള പണമില്ല. അതുകൊണ്ട് കേന്ദ്രമേഖലയിൽ കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ അത് കാപ്രോലാക്ടം പ്രോജക്ററാണെങ്കിലും ബെൻസീൻ പ്ലാൻറാണെങ്കിലും എന്തായാലും അതിനുവേണ്ടിയായിരിക്കണം നമ്മൾ ശ്രമിക്കേണ്ടത്. പുനലൂർ പേപ്പർ മിൽ അടഞ്ഞുകിടന്നു. അത് നമ്മുടെ വ്യവസായ വകുപ്പു മന്ത്രി മുൻകൈയെടുത്ത്, ശ്രീ. സുരേന്ദ്രൻ പിള്ളയുടെ നിരന്തരമായ ശ്രമത്തിന്റെയും ഫലമായി ആ ഫാക്ടറി ഇപ്പോൾ തുറന്നു കഴിഞ്ഞു. ട്രാവൻകൂർ റയോൺസ് തുറന്നു. ഇങ്ങനെ വളരെയേറെ ഫാക്ടറികൾ തുറക്കുകയും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്തു. നമ്മുടെ വ്യവസായ രംഗത്ത് ഒരു മുന്നേറ്റം, വിപ്ലവകരമായ ഒരു പുരോഗതി തന്നെ വരുത്തിയ വ്യവസായമന്ത്രിയെ അനുമോദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. മുഹമ്മദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഭർത്താവ് മരിച്ചാൽ തല മുണ്ഡനം ചെയ്യുന്ന സ്ത്രീകളുണ്ട്. അവർ ആഗ്രഹിക്കുന്നത് എല്ലാവരുടെയും ഭർത്താക്കൻമാർ മരിച്ചുപോകണം, അവരെല്ലാം തന്നെപ്പോലെ തല മുണ്ഡനം ചെയ്യണം എന്നുള്ളതാണ്. അതുപോലെതന്നെയാണ് അപ്പുറത്തിരിക്കുന്ന ആളുകളും ചർച്ചയിൽ പങ്കെടുത്തപ്പോൾ, ഞാൻ മനസ്സിലാക്കിയത്. അവർ ഭരിച്ചകാലത്തൊന്നും ഈ രാജ്യത്ത് യാതൊരു വ്യാവസായിക പുരോഗതിയും ഇല്ലാതെ വ്യവസായത്തെ ആകപ്പാടെ മുടിച്ച് നശിപ്പിച്ച ചരിത്രം മാത്രമുള്ള അവർക്ക് കഴിഞ്ഞ നാലര കൊല്ലക്കാലം ഈ രാജ്യത്ത് ഉണ്ടായ വ്യാവസായിക പുരോഗതിയെ കുറിച്ച് ഓർക്കുമ്പോൾ അതിനു നേതൃത്വം വഹിക്കുന്ന ഐക്യ ജനാധിപത്യമുന്നണിയോടും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. അഹമ്മദ് സാഹിബ്ബിനോടും എങ്ങനെ അസൂയ ഇല്ലാതിരിക്കും? പിന്നിട്ടുപോയ നാലര കൊല്ലക്കാലം ഇവിടത്തെ വ്യാവസായിക രംഗത്ത് ഒരു ജെറ്റു വിമാനത്തിന്റെ വേഗതയിലാണ് കാര്യങ്ങൾ നടന്നുപോയിട്ടുള്ളത്. അതുപോലെയായിരുന്നോ ശ്രീ. പി.സി. ചാക്കോ വ്യവസായ മന്ത്രിയായിരുന്നകാലത്ത് ഈ രാജ്യത്ത് ഉണ്ടായിരുന്നത്? ആറിങ്ങൽ മെമ്പർ പ്രസംഗിച്ചപ്പോൾ പി.സി. ചാക്കോ വ്യവസായ മന്ത്രിയായിരുന്നകാലത്ത് തുടങ്ങുവാൻ ആരംഭിച്ച കഥ മാത്രമേ പറഞ്ഞുള്ളൂ. ഏത് വ്യവസായം തുടങ്ങിയെന്നുള്ള കാര്യം അദ്ദേഹം പറഞ്ഞില്ല. ആരും പറഞ്ഞിട്ടില്ല. 1980, 81, 82 കാലഘട്ടങ്ങളിൽ നായനാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ രാജ്യം ഭരിച്ചിരുന്ന കാലത്ത് എത്ര വ്യവസായങ്ങൾ ഈ രാജ്യത്ത് ആരംഭിച്ചു എന്ന് അപ്പുറത്ത് പ്രസംഗിച്ചവർ ആരും പറഞ്ഞിട്ടില്ല. വ്യവസായങ്ങളുടെ കാര്യം പോകട്ടെ, ഒരു പത്ത് ആളുകൾക്കെങ്കിലും ജോലി നൽകുന്ന ഒരു സോഡാ ഫാക്ടറിയെങ്കിലും തുടങ്ങുവാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചിരുന്ന കാലത്ത് സാധിച്ചിട്ടുണ്ടോ? ബാക്കിയെല്ലാം പോകട്ടെ.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ രാജ്യം ഭരിക്കുമ്പോൾ വ്യവസായികൾ ആരും കേരളത്തിൽ വരാഞ്ഞിട്ട് വ്യവസായികളെ ആകർഷിക്കുവാൻ മുഖ്യമന്ത്രിയും വ്യവസായവകുപ്പു മന്ത്രിയും അന്ന് ബോംബെയിൽ പോയി കോൺഫറൻസ് നടത്തിയ കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. പി. വി. മുഹമ്മദ്: എനിക്കറിയാം. എന്നിട്ടും ആരും ഇവിടെ വന്നില്ല, കാരണം കേരളം വ്യവസായത്തിന് അനുകൂലമായ ഒരു സംസ്ഥാനമാകാത്തതുകൊണ്ടല്ല. അന്നത്തെ മുഖ്യമന്ത്രിയുടെയും വ്യവസായമന്ത്രിയുടെയും കഴിവുകേടുകൊണ്ടാണെന്ന് എനിക്കറിയാം. സർ, ഞാൻ ഇത് പറയുമ്പോൾ എന്റെ ഓർമ്മ 1969-ലേയ്ക്ക് പറക്കുകയാണ്. കേരളത്തിന്റെ പ്രിയങ്കരനായിരുന്ന നമ്മുടെയെല്ലാം പ്രിയപ്പെട്ട, മരിച്ചുപോയ ശ്രീ. ടി. വി. തോമസ് ഈ നിയമസഭയിൽ വച്ച് ചെയ്ത പ്രസംഗം ഞാൻ ഓർത്തുപോകുന്നു. ഞാൻ ഇന്നും വികാരഭരിതനായാണ് ആ പ്രസംഗം ഓർക്കുന്നത്. അന്ന് അദ്ദേഹം വ്യവസായവകുപ്പു മന്ത്രിയായിരുന്നു. സാക്ഷാൽ നമ്പൂതിരിപ്പാട് ആയിരുന്നു അന്നത്തെ മുഖ്യമന്ത്രി. കേരളത്തിന്റെ വ്യാവസായികാഭിവൃദ്ധിയ്ക്കുവേണ്ടി, അദ്ദേഹത്തെ ജപ്പാനിലേക്ക് അയച്ചു. എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ജപ്പാനിൽ പോയി, അവിടത്തെ വ്യാവസായിക പ്രമുഖൻമാരുമായിട്ടും അവിടത്തെ ഗവൺമെൻറുമായിട്ടും ചർച്ചകൾ നടത്തി, ബന്ധപ്പെട്ട എല്ലാവരുമായി ചർച്ചകൾ നടത്തി, കേരളത്തിൻെറ മുഖച്ഛായ തന്നെ മാറ്റത്തക്കവിധത്തിലുള്ള വ്യവസായത്തിൻെറ ഒരു രൂപരേഖ കൊണ്ടുവന്നു. ആ രേഖയെ സംബന്ധിച്ചിടത്തോളം ശ്രീ. നമ്പൂതിരിപ്പാട് അനുവർത്തിച്ച, നയം അതിനെ തുടർന്ന് അദ്ദേഹം ഇവിടെ ചെയ്ത പ്രസംഗം ഞാൻ ഓർക്കുകയാണ്. അദ്ദേഹത്തിൻെറ പ്രസംഗത്തിലെ വരികൾ ഞാൻ ഇന്നും ഓർത്തു പോകുന്നു. ''തിരുമേനീ, ഞാൻ ആരോഗ്യവാനല്ല, വളരെക്കുറച്ച് മൈലുകൾപോലും ദൂരെയുള്ള എൻെറ വീട്ടിലേയ്ക്ക് പോകാൻ പോലും ആരോഗ്യമില്ലാത്ത എന്നെ ആയിരക്കണക്കിന് മൈലുകൾക്ക് അപ്പുറം, ജപ്പാനിലേയ്ക്ക് അയച്ചു, എൻെറ അനാരോഗ്യത്തോടുകൂടി ഞാൻ ജപ്പാനിലേയ്ക്കു പോയി, അവിടെ താമസിച്ചു, അവിടത്തെ വ്യവസായ പ്രമുഖൻമാരുമായി കൂടിയാലോചനയും ചർച്ചകളും നടത്തി, വളരെ പ്രയാസപ്പെട്ട് കൊണ്ടുവന്ന ഈ രേഖ ഒരു നയാപൈസയുടെ വിലപോലുമില്ലാതെ അങ്ങ് കുപ്പത്തൊട്ടിയിലേയ്ക്ക് തള്ളിയില്ലേ?'' എന്നദ്ദേഹം തൊണ്ടപൊട്ടി ചോദിച്ചത് ഞാൻ ഓർത്തു പോവുകയാണ്. എക്കാലത്തും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ഈ രാജ്യത്തെ വ്യാവസായിക വളർച്ചയ്ക്ക് എതിരായിരുന്നുവെന്ന് പറയുവാനാണ് ഞാൻ ഇത് പറഞ്ഞത്.. ..... (ബഹളം) .... ഇവിടെ എന്തെങ്കിലും വ്യവസായം ആരെങ്കിലും ഉണ്ടാക്കിയാൽ, ഉണ്ടാക്കുമെന്ന് തോന്നിയാൽ അവർ സമരവും സമരത്തിൻെറ പുറത്ത് സമരവും, ഉണ്ടാക്കും. ഈ രാജ്യത്ത് അങ്ങനെയൊരു ദുഷ്പേര് ഉണ്ടാക്കി ഈ രാജ്യത്തിൻെറ വ്യാവസായിക വളർച്ചയെ മുടിച്ചിട്ടുള്ള ഒരു പാരമ്പര്യം മാത്രമാണ് അപ്പുറത്ത് ഇരിക്കുന്ന ആളുകൾക്ക് ഉണ്ടായിരുന്നത്. അതുകൊണ്ട്, ഇവിടെ നല്ല കാര്യങ്ങൾ ചെയ്താലും അത് അംഗീകരിക്കുകയില്ല.

ഇവിടെ ഫാക്ടറികൾ പൂട്ടി, തൊഴിൽ ശാലകൾ പൂട്ടി എന്ന് പറയുന്നു, ഒരു തൊഴിൽശാലയെങ്കിലും പൂട്ടിക്കിടന്നത് തുറന്നു എന്ന് പറയുവാനുള്ള സൻമനസ്സ് കാണിച്ചിട്ടില്ല. സർ, ഞാൻ ചോദിക്കട്ടെ, പെരുമ്പാവൂർ റയോൺസ് 4 കൊല്ലമായി പ്രവർത്തന രഹിതമായിട്ട്, ഒന്നര കൊല്ലമായി അത് പൂർണ്ണമായും പൂട്ടിയിരിക്കുകയാണ്. ആ ഫാക്ടറി ഇപ്പോൾ 18 കോടി രൂപ ഐ.ഡി.ബി. യുടെയും മറ്റു ബാങ്കുകളുടെയും സഹായത്തോടുകൂടി വാങ്ങി, ഇന്ന് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഇത്രയും ധീരമായ നടപടി ഏതെങ്കിലും ഒരു സർക്കാരിൻെറ കാലത്ത് നടന്നിട്ടുണ്ടോ? ഇന്ന് 300 ആളുകൾ അവിടെ ജോലിക്ക് കയറി അവിടെ പ്രവർത്തനം ആരംഭിച്ചു. അത് പറയാൻ ആരുമില്ല. പൂട്ടിയത് പറയാൻ ആളുകളുണ്ട്. ഒരു കണ്ണുകൊണ്ടു മാത്രം കാണുന്നത് ശരിയല്ല. ഞാൻ ചോദിക്കട്ടെ, ചില തൊഴിൽ സ്ഥാപനങ്ങൾ ചില തൊഴിൽ ശാലകൾ പൂട്ടിയിട്ടുണ്ടാകും പക്ഷേ പൂട്ടിയിട്ടതുകൊണ്ട് കഷ്ടപ്പെട്ട് ആ തൊഴിലാളികൾ ആത്മഹത്യചെയ്യേണ്ട സ്ഥിതി ഈ സർക്കാരിൻെറ കാലത്ത് ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ശ്രീ. ആർ. എസ്. ഉണ്ണി ഇവിടെ ഉണ്ടല്ലോ? നെടുമങ്ങാട്ടെ കശുവണ്ടി ഫാക്ടറി സമരം ചെയ്തു പൂട്ടിച്ചു. യാതൊരുവിധത്തിലും രക്ഷയില്ലാതെ തൊഴിലാളികൾ സമരം ചെയ്തു. ആ സമരം നടത്തിയ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെകൊണ്ട് രാജ്യം മുഴുവൻ ചുറ്റി, മുതലാളി തമിഴ് നാട്ടിലേയ്ക്ക് രക്ഷപ്പെട്ടു. അവിടെ ഫാക്ടറി സ്ഥാപിച്ചു. ഈ തൊഴിലാളികൾ തൊഴിലില്ലാതെ കഷ്ടപ്പെട്ടു. എത്ര ആത്മഹത്യയാണ് അവിടെ നടന്നതെന്നു ശ്രീ. ആർ. എസ്. ഉണ്ണിക്ക് അറിയാമല്ലോ, എത്ര സ്ത്രീകളാണ് ആത്മഹത്യചെയ്തതെന്ന്?

ശ്രീ. ആർ. എസ്. ഉണ്ണി: എവിടെയാണ് ഈ തൊഴിലാളികൾ സമരം ചെയ്തത് പൂട്ടിച്ചത്?

ശ്രീ. പി. വി. മുഹമ്മദ്: നെടുമങ്ങാട്ടെ കശുവണ്ടി ഫാക്ടറി.

ശ്രീ. ആർ. എസ്. ഉണ്ണി: ഏത് ഫാക്ടറി, അങ്ങനെയൊരു ഫാക്ടറിയില്ല.

ശ്രീ. പി. വി. മുഹമ്മദ്: നെടുമങ്ങാട്ടെ കശുവണ്ടി ഫാക്ടറി പൂട്ടി. പത്തുനാല്പതോളം സ്ത്രീകൾക്കാണ് ആത്മഹത്യചെയ്യേണ്ട ഗതികേട് ഉണ്ടായത്. ഇപ്പോൾ ആ ഫാക്ടറി തുറന്നിരിക്കുകയാണ്. തമിഴ്നാട്ടിലേയ്ക്ക് പൂട്ടിപ്പോയ എല്ലാ മുതലാളിമാരും കേരളത്തിലേയ്ക്ക് തിരിച്ചുവന്നിരിക്കുകയാണ്. കാരണം എന്താണെന്നറിയാമോ? കശുവണ്ടി വ്യവസായത്തോടുള്ള ഈ സർക്കാരിന്റെ നയം കൊണ്ടാണ്. ഈ നയമെന്താണ്? തൊഴിലാളികൾക്ക് നല്ലത്, മുതലാളിക്ക് നല്ലത് അതുപോലെതന്നെ കശുവണ്ടി കർഷകർക്കും നല്ലത്. അതുകൊണ്ട് നമ്മളെ വിട്ട് തമിഴ്നാട്ടിലേയ്ക്ക് പോയ എല്ലാ മുതലാളിമാരും കേരളത്തിലേയ്ക്കു വന്ന് അവരുടെ ഫാക്ടറികൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഇന്ന് കശുവണ്ടിത്തൊഴിലാളികൾക്ക് നല്ലകാലഘട്ടമാണ്.

കൈത്തറിത്തൊഴിലാളികളുടെ കാര്യം പറഞ്ഞു. കേന്ദ്രത്തിൽ നിന്ന് ഒരു നയാപൈസപോലും വാങ്ങാതെ ഈ കൈത്തറി രംഗം ആകപ്പാടെ നാശമാക്കിയിരിക്കുന്നു എന്നാണ് പറഞ്ഞത്. ചരിത്രത്തിൽ ഇത്രയധികം കേന്ദ്ര സഹായം കിട്ടിയ ഒരു കാലഘട്ടമുണ്ടോ? ഇത്രയധികം റിബേറ് കൈത്തറിയ്ക്ക് കൊടുത്ത ഒരു കാലഘട്ടം വേറെ ഉണ്ടായിട്ടുണ്ടോ? കൈത്തറിയുടെ വികസനത്തിനുവേണ്ടി നൂൽ ബാങ്കു സ്ഥാപിച്ച ഒന്നു രണ്ടു ജില്ലകളിൽ അത് മാതൃകാപരമായി പ്രവർത്തിക്കുകയാണ്. അതുപോലെ തന്നെ ഈ രാജ്യത്ത് കൈത്തറിയായാലും കശുവണ്ടിയായാലും അതുപോലുള്ള പരമ്പരാഗത വ്യവസായമായാലും ഈ ഗവൺമെന്റിന്റെ സമീപനം വളരെയധികം ഉദാരമാണ്. ഈ ഉദാരമായ സമീപനംകൊണ്ടാണ് ഈ രാജ്യത്ത് തൊഴിൽ അവസരങ്ങൾ കൂടിയത്. 1980, 81, 82 കാലഘട്ടങ്ങളിൽ കിട്ടിയ ജോലി എത്ര ദിവസമായിരുന്നു? ഇപ്പോൾ അതിന്റെ ഇരട്ടിയാണ് ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്നത്. ഇതാണ് ഈ ഗവൺമെന്റിന്റെ സമീപനം.

മറ്റൊരു കാര്യം ഇവിടെ പറയുവാനുള്ളത്, ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലാകാലമായി ഏത് സർക്കാർ വന്നാലും പിന്നോക്ക വിഭാഗങ്ങൾക്ക്, പട്ടികജാതി–പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള എല്ലാവർക്കും അർഹിക്കുന്ന സംവരണം നിയമനങ്ങളിൽ നൽകിയിരുന്നില്ല. എല്ലാ സർക്കാരും പറയും സംവരണതത്വം പാലിക്കുമെന്ന്. എന്നാൽ പാലിച്ചിട്ടില്ല. ഈ സർക്കാർ നിയമനങ്ങളിൽ പൂർണ്ണമായും സംവരണം പാലിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഇവിടത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും പട്ടിക ജാതി-പട്ടികവർഗ്ഗക്കാരടക്കമുള്ള എല്ലാ പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല അത് നിർബന്ധമായും പാലിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഇന്ന് സംവരണ തത്വം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പാലിക്കുന്നുണ്ട്. അത് നല്ലൊരു കാര്യമാണ്. ഇത് മാതൃകാപരമായ ഒരു കാര്യമല്ലേ യെന്ന് ചോദിക്കുവാൻ ഞാനാഗ്രഹിക്കുന്നു. വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് മലബാർ പ്രദേശം. തിരുവനന്തപുരം ജില്ലയിലുള്ള കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് മലബാർ. കോഴിക്കോട് ജില്ലയിലെ കൊടുവള്ളിയിലും കാസർകോട്ടും താനൂരുമൊക്കെ കെൽനിറ്റിന്റെ ചില യൂണിറ്റുകൾ തുടങ്ങാമെന്ന് ഇടക്കാലത്തായി വ്യവസായ വകുപ്പു മന്ത്രിതന്നെ സമ്മതിച്ചിട്ടുണ്ടായിരുന്നു. പക്ഷേ അങ്ങനെയൊരു പ്രസ്താവന വന്നുവെന്നല്ലാതെ നടപടികളൊന്നും പൂർത്തീകരിച്ചു കണ്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങൾ ഒന്ന് വ്യക്തമാക്കിയാൽ കൊള്ളാം. ഈ യൂണിറ്റുകൾക്ക് വേണ്ടത്ര പണം കണ്ടുവച്ചിട്ടുണ്ടോ, അത് അംഗീകരിച്ചിട്ടുണ്ടോ, അതിന്റെ പ്രവർത്തനങ്ങൾ എവിടെവരെ എത്തി, തുടങ്ങണമോ, തുടങ്ങുകയാണെങ്കിൽ എപ്പോഴാണ് തുടങ്ങുക, എവിടെയൊക്കെയാണ് തുടങ്ങുക ഇതൊക്കെയൊന്ന് വ്യക്തമാക്കിയാൽ കൊള്ളാം. കാരണം ഇവിടെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നതിനു ശേഷം 38,000 തൊഴിലില്ലാത്തവർക്കാണ് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം നൽകിയിട്ടുള്ളത്. തൊഴിലിനുവേണ്ടി അലഞ്ഞുകൊണ്ടിരുന്ന 38,000 പേർക്ക് 10,000-വും 15,000-വും 20,000-വും 25,000-വും രൂപവീതം സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി കൊടുത്തു സഹായിച്ച ഒരു സർക്കാരാണിത്. ഇത്തരത്തിൽ സഹായിച്ച വേറെ ഏതെങ്കിലും ഒരു സർക്കാരുണ്ടോ? ഇതൊന്നും നല്ല കാര്യങ്ങളല്ലേ? ഈ നല്ലകാര്യങ്ങളൊന്നും പറയാതെ ഏതെങ്കിലും ഒരു തൊഴിൽ സ്ഥാപനം പൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അതുമാത്രം പറയുന്നതിൽ എന്താണർത്ഥം? കോഴിക്കോട്ടുള്ള മാവൂർ റയോൺസ് ഫാക്ടറിയും കുന്നത്തറ ടെക്സ്റൈൽസും ഇന്നു പൂട്ടിക്കിടക്കുകയാണ്. അവിടത്തെ ജീവനക്കാർ മുഴുവൻ ഇന്നു പട്ടിണിയിലാണ്. പൂട്ടിക്കിടക്കുന്ന ഈ സ്ഥാപനങ്ങൾ തുറക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കണം. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ വ്യവസായ നയവും സമീപനവും രാജ്യത്തിലെ ജനങ്ങൾക്ക് ആശ്വാസം പകരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ സർക്കാരിന് വ്യക്തമായൊരു നയമില്ല. ഉള്ള വ്യവസായങ്ങൾ ഭംഗിയായി നടത്തുന്നതിനോ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ ഈ ഗവൺമെന്റിന് കഴിയുന്നില്ല. വ്യവസായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് 12.31 ശതമാനം കണ്ടുകുറഞ്ഞിട്ടുണ്ട്. ഇത് എക്കണോമിക് റിവ്യൂവിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ അത് വായിക്കുന്നില്ല. ഇവിടെ വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് തരുന്ന മുടക്കുമുതൽ കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നു

LIBRARY ARCHIVES Kerala Legislative Assembly

ളളതിനെ സംബന്ധിച്ച് എക്കണോമിക് റിവ്യൂവിൽത്തന്നെ പ്രത്യേകമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1983-ൽ 1.93 ശതമാനമായിരുന്നുവെങ്കിൽ 1984-ൽ 1.84 ശതമാനവും 1985-ൽ 1.20 ശതമാനവുമാണ്. നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാത്തവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. തൊഴിലില്ലാത്തവരുടെ എണ്ണം 26 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുവാൻ വ്യവസായവൽക്കരണമല്ലാതെ നമ്മുടെ നാട്ടിൽ വേറൊരു മാർഗ്ഗവുമില്ല. ആ രംഗത്ത് ഈ ഗവൺമെൻറ് അമ്പേ പരാജയമാണ്. 1975-ൽ അന്താരാഷ്ട്ര വനിതാ വർഷമെന്നു പറഞ്ഞുകൊണ്ട് ആരംഭിച്ച കുറെ വ്യവസായ യൂണിറ്റുകൾ ഉണ്ട്. ആ വ്യവസായ യൂണിറ്റുകളൊന്നും ഇന്ന് കാര്യമായി പ്രവർത്തിക്കാൻ കഴിയാത്ത നിലയിലാണ് ഈ സർക്കാരിന്റെ നയം കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത്. വ്യവസായികൾ ആവശ്യപ്പെട്ടിട്ടുള്ള ചില ആവശ്യങ്ങൾ ഉണ്ട്. അവരുടെ പ്രവർത്തനമൂലധനം ഡിപ്പാർട്ടുമെൻറുവഴി ലഭ്യമാക്കുകയെന്നുള്ളത് ഒരു പ്രധാനയാവശ്യമാണ്. സിഡ്കോയോ, സിവിൽ സപ്ലൈസ് കോർപ്പറേഷനോ, നമ്മുടെ സംസ്ഥാന ഗവൺമെൻറോ ഇടപെട്ട് അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നമെടുത്ത് വിതരണം നടത്തണമെന്നുള്ളത് ഒരു പ്രധാനപ്പെട്ട ആവശ്യമായിരുന്നു. സർക്കാർ, ഡിപ്പാർട്ടുമെൻറു മുഖേന ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിതരണം നടത്തുന്നതിനുവേണ്ടി ചില ഓർഡർ കൊടുത്തിട്ടുണ്ട്. പക്ഷേ ആ ഓർഡർ അനുസരിച്ച് പ്രവർത്തിക്കാൻ ബന്ധപ്പെട്ട അധികാരികൾ തയ്യാറല്ല. ആരോഗ്യവകുപ്പിൽ പോഷക്, എന്നു പറയുന്ന ഫാരക്സ് പോലെയുള്ള ഫുഡ് പ്രോഡക്ട്സ് വിറ്റഴിക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഓർഡർ പുറപ്പെടുവിച്ചെങ്കിലും ഡി.എച്ച്.എസ്. അത് നടപ്പിലാക്കുന്നില്ല. ഡോക്ടർ പൈ-യെ പോലുള്ള വിദഗ്ദ്ധൻമാരടങ്ങിയ ഡോക്ടർമാർ തയ്യാറാക്കിയ ഫോർമുലയനുസരിച്ചുള്ള ആ ഫുഡ് പ്രോഡക്ട്സ് വിറ്റഴിക്കുവാൻ കഴിയുന്നില്ല. അനുബന്ധ വ്യവസായങ്ങളെന്നനിലയ്ക്ക് ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കുകയും അവർക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻവേണ്ടി വിപണികൾ കണ്ടുപിടിക്കുകയുമാണ് ഈ ഗവൺമെൻറ് ചെയ്യേണ്ടത്. ആ രംഗത്തേക്ക് കടന്നുവന്ന തൊഴിലില്ലാത്ത ധാരാളം സ്ത്രീകൾ ഇന്ന് നിരാശയുടെ പടുകുഴിയിൽപ്പെട്ടിരിക്കുകയാണ്. അവരെ സെയിൽസ് ടാക്സിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതും ഈ ഗവൺമെൻറ് ചെയ്യുന്നില്ല.

സർ, 26 ലക്ഷത്തോളം തൊഴിലില്ലാത്ത ചെറുപ്പക്കാർ അലഞ്ഞുതിരിയുന്ന നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിലായി ജോലിചെയ്യുന്ന 10 ലക്ഷത്തോളം തൊഴിലാളികൾ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. കശുവണ്ടി വ്യവസായം ഇന്ന് തകർച്ചയിലാണ്. കൈത്തറി വ്യവസായം ഇന്ന് തകർച്ചയിലാണ്. കയർ വ്യവസായം ഇന്ന് തകർച്ചയിലാണ്. ഈ മൂന്നു വ്യവസായങ്ങളിൽക്കൂടി 10 ലക്ഷത്തോളം തൊഴിലാളികൾ ഉണ്ട്. 99 ശതമാനവും സ്ത്രീ തൊഴിലാളികളാണ്. കയർ വ്യവസായത്തിൽ തൊണ്ടു സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനുവേണ്ടി ഇടതുപക്ഷ സർക്കാർ സ്വീകരിച്ചിരുന്ന ഒരു നയമുണ്ടായിരുന്നു. ആ നയം ഈ ഗവൺമെൻറ് കാറ്റിൽപ്പറത്തിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘങ്ങളിൽനിന്നു ന്യായമായ വിലയ്ക്ക് തൊണ്ടു ലഭ്യമാക്കാത്തതുകൊണ്ട് ഇന്ന് തൊഴിലാളികളെല്ലാംതന്നെ തൊഴിൽ രഹിതരാണ്. ഇന്നവർ പട്ടിണിയിലാണ്.

അതുപോലെതന്നെയാണ് കയർ വ്യവസായത്തിന്റെയും കാര്യം. ഈ സഹകരണസംഘങ്ങളെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ റിബേറ്റ് സമ്പ്രദായം ഏർപ്പെടുത്തി. എന്നാൽ ആറു കോടിയോളം രൂപ റിബേറ്റിനത്തിൽത്തന്നെ സഹകരണസംഘങ്ങൾക്കു കൊടുക്കാനുണ്ടെന്നുള്ളതുകൊണ്ട് ഫലത്തിൽ ഈ സഹകരണസംഘങ്ങളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല. അവർക്ക് തൊഴിലില്ല. സ്ത്രീ തൊഴിലാളികളെല്ലാം പട്ടിണിയിലാണ്.

അതുപോലെതന്നെയാണ് കശുവണ്ടി വ്യവസായത്തിന്റെ കാര്യം. കശുവണ്ടി വ്യവസായത്തിൽ നമ്മുടെ ടോട്ടൽ വർക്കിംഗ് ഫോഴ്സിൽ 37 ശതമാനമാണ് കശുവണ്ടിത്തൊഴിലാളികൾ. 99 ശതമാനവും സ്ത്രീത്തൊഴിലാളികളാണ്. ഈ വ്യവസായം ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. അതിന് പ്രധാനപ്പെട്ട കാരണമെന്താണ്? 11 വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച മിനിമം കൂലി കൊടുക്കാത്തതുകൊണ്ട് ഈ തൊഴിലാളികൾ 188 സഹകാര്യ ഫാക്ടറികളുടെയും പടിക്കൽ നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. സത്യാഗ്രഹം തുടങ്ങിയിട്ട് നാളുകൾ ഏറെയായി. ആ സ്ത്രീകളോടുള്ള ഈ പരാക്രമം ഈ ഗവൺമെന്റിന് ഒന്ന് അവസാനിപ്പിച്ചുകൂടേ? 12.95 പൈസയാണ് മിനിമം കൂലി. അതിൽ 8.20 പൈസയും ഡി. എ. ഇനത്തിലുള്ളതാണ്. അഞ്ചു രൂപമുതൽ എട്ടു രൂപ വരെ ഡി.എ. ഇനത്തിലുള്ള കാശ് ഇന്ന് മുതലാളിമാർ വെട്ടിക്കുറച്ചിരിക്കുകയാണ്. അതിന്റെ ഫലമായി ഈ തൊഴിലാളികൾക്ക് മിനിമം കൂലി നഷ്ടപ്പെടുന്നു. 12.95 പൈസയ്ക്ക് ഇന്ന് കർഷകത്തൊഴിലാളികൾ പോലും പണിയെടുക്കുകയില്ല. മിനിമം കൂലി വെട്ടിക്കുറയ്ക്കുന്നതിനെതിരായി സമരം ചെയ്യുന്ന തൊഴിലാളികളെ എപ്പോഴും വ്യവസായ വകുപ്പു മന്ത്രിയും തൊഴിൽ വകുപ്പു മന്ത്രിയും വെല്ലുവിളിക്കാറുണ്ടായിരുന്നു. മിനിമം കൂലി വെട്ടിക്കുറച്ചതിന്റെ പേരിൽ ഇന്ന് ഒരു ലക്ഷത്തോളം തൊഴിലാളികൾ നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അവരെ ഒന്നു പോയി കാണാമോ? അവരുടെ കുടിലുകളിൽ നിന്നൊക്കെന്ന് സന്ദർശനം നടത്തിക്കൂടേ? എത്രയോ വീടുകൾ ഇതു മൂലം ഇന്നു പട്ടിണിയിലാണ്. കുട്ടികളെ പഠിപ്പിക്കാൻ നിർവ്വാഹമില്ല. ഒരുനേരത്തെ ആഹാരം കഴിക്കാൻ നിർവ്വാഹമില്ല. ഈ തൊഴിലാളികൾക്ക് 11 വർഷങ്ങൾക്കു മുൻപ് നിശ്ചയിച്ച മിനിമം കൂലി ലഭ്യമാക്കുന്നതിനു വേണ്ടി നിരന്തരമായ, ശക്തിയായ സമരം നടത്താൻ അവർ തീരുമാനിച്ചിരിക്കുന്നു. ഈ സർക്കാർ ഒരു അനുരഞ്ജന സംഭാഷണത്തിന് തയ്യാറാകുന്നില്ല. പൂർണ്ണ ഡി.എ. ഉൾപ്പെടെയുള്ള മിനിമം കൂലി ലഭിച്ചില്ലെങ്കിൽ അവർ വരുപ്പും തല്ലും നിറുത്തി മറ്റുള്ള ഫാക്ടറികളിൽ ജോലി നടത്താൻ സമ്മതിക്കുകയില്ലെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഓഗസ്റ്റ് 4-ാം തീയതി പൂർണ്ണമായ ബന്ദ് നടപ്പിലാക്കാൻ അവർ തീരുമാനിച്ചിട്ടുണ്ട്. പൊതുപണിമുടക്ക് നടത്താൻ അവർ തീരുമാനിച്ചിരിക്കുന്നു. ഫാക്ടറികളിൽ നിന്ന് പരിപ്പ് പുറത്തു കൊണ്ടുപോകാൻ അവർ അനുവദിക്കുന്നതല്ല. അവർ സ്ത്രീ തൊഴിലാളികളായതുകൊണ്ട് അവരുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നില്ല. മിനിമം കൂലി ആവശ്യപ്പെടുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അതിനു് എതിരായിട്ടു് തെറ്റായ നയം സ്വീകരിക്കുന്നതുകൊണ്ടു് ആ തൊഴിലാളികളെല്ലാം പട്ടിണിയിൽത്തന്നെയാണു്. വ്യവസായ നയം ഇല്ലാത്ത സർക്കാരിന്റെ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

ശ്രീ. തോപ്പിൽ രവി: സർ, ബഹുമാനപ്പെട്ട വ്യവസായവകുപ്പു് മന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. പണ്ടു് ഒരാൾ പട്ടാളത്തിൽ ചേർന്നു. ആസ്സാമിൽ പോയി കുറെക്കാലം കഴിഞ്ഞു് തിരിച്ചു വന്നപ്പോൾ വീടിന്റെ മുറ്റത്തു് തേങ്ങ ഇട്ടിരിക്കുന്നതു കണ്ട അമ്മയോടു് ചോദിച്ചു "ഇതു് എന്തു് കായ്?" എന്നു്. പരമ്പരാഗത വ്യവസായങ്ങളുടെ നേരെ, വ്യവസായ രംഗത്തു് നമ്മൾ ഇന്നു് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ നേരെ പ്രതിപക്ഷത്തിരിക്കുന്ന കക്ഷികളെ "ഇതു് എന്തു കായ്?" എന്നു് യാതൊരു പരിചയവും ഇല്ലാതെ ചോദിക്കുന്നതു് കണ്ടപ്പോൾ ഇത്രമാത്രം ക്രൂരത, ഇത്രമാത്രം കാപട്യം, ഇത്രമാത്രം ആത്മാർത്ഥതയില്ലാത്ത സമീപനം വ്യവസായത്തിന്റെ കാര്യങ്ങളിൽ, പരമ്പരാഗത വ്യവസായങ്ങളുടെ പ്രശ്നങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ചും നമ്മുടെ പ്രതിപക്ഷം സ്വീകരിക്കുന്നതു് ഹൃദയശൂന്യതയല്ലേ എന്നു് എനിക്കു് തോന്നിപ്പോയി. മേനകയുടെ മുമ്പിൽ പണ്ടു് വിശ്വാമിത്രൻ നിന്നതുപോലെ വ്യവസായരംഗത്തുള്ള പ്രശ്നങ്ങളുടെ കാര്യത്തിൽ നമ്മുടെ പ്രതിപക്ഷം ഇങ്ങനെ ഒരു സമീപനം സ്വീകരിക്കുന്നതു് ശരിയല്ല. വ്യവസായ വികസനത്തിന്റെ കാര്യത്തിലെങ്കിലും കക്ഷിരാഷ്ട്രീയത്തിന്റേതായ സമീപനം മാറിവച്ചു്, രാജ്യസ്നേഹത്തിന്റേതായ സമീപനം പ്രതിപക്ഷം സ്വീകരിക്കുമെന്നു് ഞാൻ ന്യായമായും പ്രതീക്ഷിച്ചു. കക്ഷിരാഷ്ട്രീയത്തിന്റെ ബഹുവർണ്ണത്തൊപ്പികൾക്കു പകരം ഉന്നതമായ രാജ്യസ്നേഹത്തിന്റെ കിരീടം അണിഞ്ഞു നിന്നുകൊണ്ടു് നാം സമീപിക്കേണ്ട ഒരു രംഗമാണു് നമ്മുടെ വ്യവസായ രംഗം. കാരണം, വ്യവസായവൽക്കരണത്തിലൂടെ മാത്രമേ നമ്മുടെ സ്വസ്ഥാനത്തെ പുരോഗതിയിലേക്കു് നയിക്കാൻ സാധിക്കുകയുള്ളു എന്നു് കരുതി നമ്മൾ അതിനായി തപസ്സു് അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണു്. സമൃദ്ധിയിലേക്കും സംതൃപ്തിയിലേക്കുമുള്ള നമ്മുടെ രാജ്യത്തിന്റെ തീർത്ഥയാത്രയിൽ നമ്മളെ എല്ലാവരേയും ദുഃഖാകുലരും അസ്വസ്ഥരുമാക്കുന്ന മുഖ്യ കഥാപാത്രങ്ങൾ എന്നെയും ഈ സഭയിൽ ഇരിക്കുന്ന മറ്റുള്ളവരുടെയും സമൂഹത്തിലുള്ള എല്ലാവരുടേയും വീടുകളിലുള്ള നമ്മുടെ കുട്ടികളുടെ, ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയാണു്. ഓടാൻ പാളങ്ങളും ഇല്ലാത്തതുമൂലം അനേകം കുതിരശക്തിയുള്ള തീവണ്ടി എഞ്ചിനുകൾ കെട്ടിക്കിടക്കുന്നതുപോലെ ജോലിചെയ്യാൻ അവസരം ഇല്ലാത്തതുമൂലം ചോരതുടിക്കുന്ന അനേകം കൈകൾ നിഷ്ക്രിയമായി കഴിയേണ്ടിവരുന്ന സാഹചര്യമാണു് ഇവിടെയുള്ളതു്. ദേവപുത്രന്റെ പിന്നാലെ മോക്ഷേച്ഛുക്കൾ എന്നപോലെ മന്ത്രിമാരുടെയും രാഷ്ട്രീയ നേതാക്കന്മാരുടെയും വ്യവസായ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരുടെയും അതുപോലെ സ്വാധീനമുള്ള മറ്റുള്ളുകളുടെയും പുറകെ മോചനത്തിനും മോക്ഷത്തിനും വേണ്ടി നമ്മുടെ ചെറുപ്പക്കാർ ഇന്നു് അലഞ്ഞുതിരിയുകയാണു്. പ്രതിഷേധംകൊണ്ടു് കത്തിപ്പടരുന്ന അവരുടെ കണ്ണുകളിലേക്കു് നോക്കുമ്പോൾ കുറ്റബോധംകൊണ്ടു് നമ്മുടെ ശിരസ്സു് കുനിഞ്ഞുപോകുന്നു. അവരുടെ മുൻപിൽ നമുക്കു് തുറക്കാൻ സാധിക്കുന്ന മോക്ഷത്തിന്റെ ഏക ജാലകം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണമാണ്. നമ്മുടെ വ്യവസായ രംഗത്ത് പ്രശ്നങ്ങളും ഇല്ലായെന്ന് പറയാനല്ല ഞാൻ നിൽക്കുന്നത്. ശ്രീ. ഇ. അഹമ്മദ് പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അനഭിമതൻമാരുടെ പട്ടികയിൽപ്പെട്ടിട്ടുള്ള ഒരാളാണെന്ന് എനിക്കറിയാം. അവർ അനഭിമതനായി പ്രഖ്യാപിച്ചിട്ടുള്ള അദ്ദേഹത്തോട് അവർക്ക് അരിശമുണ്ട്. ആ അരിശം തീർക്കുന്നതിനുള്ള ശ്രമങ്ങൾക്കിടയിൽ, പണ്ട് ചെന്നായ ആട്ടിൻകുട്ടിയോട് പറഞ്ഞ ന്യായം പറഞ്ഞു അദ്ദേഹത്തെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്നത് ശരിയാണോ എന്ന് അവരോട് ചോദിക്കാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്.

ഇവിടെ കശുവണ്ടി വ്യവസായരംഗത്തെപ്പറ്റി പറഞ്ഞു. പരമ്പരാഗത വ്യവസായങ്ങളെപ്പറ്റി പറഞ്ഞു. പരമ്പരാഗത വ്യവസായങ്ങൾക്ക് പരമ്പരാഗതമായിത്തന്നെ പിടിപെട്ടിട്ടുള്ള ചില രോഗങ്ങളുണ്ട്. 1965 മുതൽ കശുവണ്ടി വ്യവസായ രംഗത്ത് ഉണ്ടാകുന്ന വ്യത്യാസങ്ങൾ കൊല്ലത്തു പ്രവർത്തിക്കുന്ന ഒരാൾ എന്ന നിലയിൽ വളരെ താൽപ്പര്യപൂർവ്വം നോക്കിക്കണ്ടിട്ടുള്ള ഒരാളാണ് ഞാൻ. കശുവണ്ടി വ്യവസായരംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ നമുക്ക് സാധിക്കണം. ഒന്ന് ഒന്നര ലക്ഷത്തോളം വരുന്ന കശുവണ്ടിത്തൊഴിലാളികളുടെ പോറ്റമ്മയാണ് ഈ വ്യവസായം. കശുവണ്ടി വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ 1932-ൽ ശ്രീ. ഇ. അഹമ്മദ് വ്യവസായ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനു ശേഷം പെട്ടെന്നൊരു പ്രഭാതത്തിൽ പൊട്ടി വീണതല്ല. വർഷങ്ങളായി ചങ്ങലകുത്തി വളർന്ന പല കാരണങ്ങളും അതിനു പിറകിൽ ഉണ്ട്. വർഷങ്ങൾ പഴക്കമുള്ള വിവിധ കാരണങ്ങൾ കൊണ്ട്; അസംസ്കൃത വിഭവങ്ങളുടെ ദൗർലഭ്യംകൊണ്ട്, വിദേശ വിപണിയിൽ നേരിടുന്ന കടുത്ത മൽസരങ്ങൾകൊണ്ട് ഉണ്ടായിട്ടുള്ള ഈ പ്രശ്നങ്ങൾക്കെല്ലാം മുൻകാല പ്രാബല്യത്തോടുകൂടി ശ്രീ. ഇ. അഹമ്മദ് ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് പറയുന്നത് ശരിയാണോ? കശുവണ്ടി വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് അറിയാത്തവരല്ല അപ്പുറത്തിരിക്കുന്നവർ. ഇവിടെ കശുവണ്ടി വ്യവസായ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് എനിക്ക് ബഹുമാനമുള്ള അപ്പുറത്തിരിക്കുന്ന നേതാക്കൻമാർ സംസാരിച്ചതു കേട്ടപ്പോൾ തോന്നിയത് ഈ രംഗത്തിലൊന്നും അവർക്ക് പങ്കില്ലായെന്നാണ്. കഴിഞ്ഞ 10–20 വർഷക്കാലമായി കശുവണ്ടി വ്യവസായ രംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധികളേയും പ്രശ്നങ്ങളേയും സംബന്ധിച്ച് വ്യക്തമായി അറിയുന്ന ആളുകളെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യ ബോധത്തിന്റെ സമതലത്തിൽ നിന്നുകൊണ്ട് പരിശോധിച്ചാൽ തികച്ചും ബോദ്ധ്യമാകുന്ന ഒരു വസ്തുതയുണ്ട്. കശുവണ്ടി വ്യവസായത്തെ ഭദ്രമായ ഒരു അടിത്തറയിൽ ഉറപ്പിച്ചു നിറുത്തുന്നതിനുള്ള യന്ത്രങ്ങളും ഈ സംസ്ഥാനത്ത് സത്യസന്ധമായി നടത്തിയതും ഈ ഗവൺമെന്റാണ്. ഈ കാര്യത്തെപ്പറ്റി അപ്പുറത്തിരിക്കുന്നവർക്ക് തർക്കിക്കാൻ സാധിക്കുമോ എന്ന് ഞാൻ ചോദിക്കുന്നു.

1957-ൽ ഐക്യ കേരളം നിലവിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്ത് കടന്നുപോയിട്ടുള്ള വർഷങ്ങളിൽ അധികകാലവും വ്യവസായവകുപ്പ് കൈകാര്യം ചെയ്തിട്ടുള്ളത് സി. പി. ഐ. ആണ്. 1957-ൽ ശ്രീ. കെ. പി. ഗോപാലൻ, പിന്നീട് ശ്രീ. ടി. വി. തോമസ്, ശ്രീ. പി. കെ. വാസുദേവൻ നായർ, ശ്രീ. പി. എസ്. ശ്രീനിവാസൻ, ശ്രീ. പി. രവീന്ദ്രൻ, ശ്രീ. എൻ. ഇ. ബലറാം തുടങ്ങി കോൺഗ്രസ് (എസ്) കാരനായ ശ്രീ. പി. സി. ചാക്കോ വരെ വ്യവസായ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

കൈകാര്യം ചെയ്തിട്ടുള്ളപ്പോഴും കശുവണ്ടി വ്യവസായത്തിലെ ഒന്നര ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ എന്തുചെയ്യാൻ സാധിച്ചിട്ടുണ്ടെന്നു നെഞ്ചത്ത് കൈവച്ച് ചിന്തിച്ചതിനുശേഷം, സ്വന്തം മുഖം കണ്ണാടിയിൽ കണ്ടു പരിശോധിച്ചതിനു ശേഷം വേണം ഈ കുന്തമുന ഞങ്ങളുടെ നേരെ ഉയർത്താൻ എന്നു പറയാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നു.

കൈത്തറി വ്യവസായ രംഗത്ത് പ്രശ്നങ്ങളില്ലായെന്ന് ഞാൻ പറയുകയല്ല. കശുവണ്ടി വ്യവസായ രംഗത്തും കൈത്തറി വ്യവസായ രംഗത്തും കയർ വ്യവസായ രംഗത്തും ചില പ്രശ്നങ്ങൾ ഉണ്ട്. "ഞാനോ നീയോ കൂടുതൽ വിപ്ലവകാരിയെന്ന്" തർക്കിക്കുന്നതിനിടയിൽ പെൻമുട്ടയിടുന്ന ഈ താറാവിനെ കഴുത്തു ഞെരിച്ചു കൊല്ലർുതെന്നു മാത്രമാണ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കുടിവറുപ്പിനെക്കുറിച്ച് നിങ്ങൾ പറയുന്നു. ഡി.എ.-യെ കുറിച്ച് പറയുന്നു. മിനിമം വേജസ്സിനെക്കുറിച്ച് പറയുന്നു. മിനിമം വേജസ് തൊഴിലാളികൾക്ക് കൊടുക്കണമെന്ന് നിങ്ങൾക്ക് ആഗ്രഹം ഉണ്ടായത്, ശ്രീ. ഇ. അഹമ്മദ് മന്ത്രിയായതിനു ശേഷം മാത്രമാണോ? നമ്മുടെ സംസ്ഥാനത്തെ മുഴുവൻ തൊഴിലാളികൾക്കും അർഹമായ കൂലി കൊടുക്കണം. ആർക്കാണ് അതേ സംബന്ധിച്ച് തർക്കം? പക്ഷെ നിങ്ങളുടെ ആജ്ഞകൾക്കു വേണ്ടി, അധികാരം അനുസരണയോടെ കാത്തുനിന്ന കാലത്ത് നിഷ്പക്ഷ താൽപ്പര്യങ്ങളുമായി സന്ധി ചെയ്തുകൊണ്ട്, മുതലാളിമാരുമായി കൈകോർത്തു പിടിച്ചു കൊണ്ട് ഈ രാജ്യത്ത് ഒന്നും ചെയ്യാൻ സാധിക്കാതെ ഇരുന്ന നിങ്ങൾ ഇപ്പോൾ ഇങ്ങോട്ട് തിരിഞ്ഞുനിന്ന് കുറ്റപ്പെടുത്താൻ ശ്രമിക്കുന്നത് ഭംഗിയാണോ? കശുവണ്ടി വ്യവസായ രംഗത്തെ പ്രശ്നങ്ങളെപ്പറ്റി സമഗ്രമായി പഠിച്ച് അതിനെ പുഷ്ടിപ്പെടുത്താൻ എന്തു ചെയ്യണമെന്നുള്ളതിനെപ്പറ്റി ശാസ്ത്രീയമായി വിശകലനം ചെയ്ത് കശുവണ്ടി തൊഴിലാളികളെ രക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. 1967-ൽ ശ്രീ. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഈ സ്ഥാപനത്തോടുകൂടി കുടിവറുപ്പുശാലകൾ ആരംഭിച്ചതെന്ന കാര്യം നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന കുറെ നേതാക്കൻമാർ ഉണ്ട്. അവരുടെ വീട്ടിലെ പട്ടി പ്രസവിച്ചാൽ ആ പട്ടിയുടെ പ്രസവ ചിലവു പോലും വഹിക്കുന്നത് മുതലാളിമാരാണ്. തൊഴിലാളി സ്നേഹത്തെപ്പറ്റി അത്തരമാളുകൾ ഉജ്വലമായ പ്രഭാഷണങ്ങൾ നാട്ടിൽ നടത്തിക്കൊണ്ടിരിക്കുന്നത് കേൾക്കുമ്പോൾ പരിഹാസമല്ലാതെ മറെറന്തു തോന്നാനാണ്?

സർ, പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി ഇവിടെ ചിലർ പറഞ്ഞു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി പലപ്പോഴും സന്തോഷകരമല്ല. പക്ഷെ ഇത് ഒരു പുതിയ കാര്യമാണോ? 1971 ജൂലൈ 21-ാം തീയതി അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സി. പി. ഐ. നേതാവ് ശ്രീ. എൻ. ഇ. ബലറാം ഈ സഭയിൽ പറഞ്ഞ ചില വാചകങ്ങൾ ഞാൻ ഇവിടെ ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: "പൊതുമേഖലാ സ്ഥാപനങ്ങൾ പലതും നഷ്ടത്തിലാണ്. അതിന് ചരിത്രപരമായ കുറെ കാരണങ്ങൾ ഉണ്ട്, ഒരു ഫാക്ടറിയിൽ തൊഴിലാളികളേക്കാൾ കൂടുതൽ ക്ലാർക്കുമാരുണ്ട്, ഇതിനെയെല്ലാം പെട്ടെന്ന് ലാഭകരമാക്കണമെന്ന് പറഞ്ഞാൽ എളുപ്പമുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യമല്ല.'' ഇത് എല്ലാവരേയും ബാധിക്കുന്ന കാര്യമല്ലേ? സർ, കശുവണ്ടി വ്യവസായത്തിന്റെ അധോഗതിയുടെ ചരിത്രം വ്യക്തമാക്കാൻ 1971 ജൂലൈ 21-ാം തീയതി സി. പി. ഐ. അംഗമായ തെങ്ങമം ബാലകൃഷ്ണൻ ഈ സഭയിൽ പറഞ്ഞ ഒരു വാചകം ഞാൻ ഉദ്ധരിക്കട്ടെ. അദ്ദേഹം പറഞ്ഞു, ''കശുവണ്ടി വ്യവസായം ഇന്നും ഇന്നലെയും അല്ല തകർന്നത്, അധികാരക്കസേരയ്ക്കുവേണ്ടി ദാഹിച്ചു കൊണ്ടിരിക്കുന്ന ആളുകൾ അധികാരത്തിന്റെ പര്യംപുറത്തുകൂടി നടന്നിട്ട് ഇവിടെ കയറിപ്പറ്റാൻ സാധിക്കാത്തതുകൊണ്ട് അതുമിതും പറയാതെ രാജ്യസ്നേഹപരമായി പ്രശ്നങ്ങളെ സമീപിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്'' എന്ന്. 1976-ൽ മാർക്സിസ്റ്റ് മെമ്പറായിരുന്ന, ഇന്ന് നിങ്ങൾക്ക് ഇഷ്ടമില്ലാത്ത, ചാത്തുണ്ണി മാസ്റ്റർ ഈ സഭയിൽ നിന്ന് സി.പി.ഐ. യുടെ വ്യവസായ വകുപ്പു മന്ത്രിയുടെ മുഖത്തു നോക്കി തൊഴിലാളികളെ ഇങ്ങനെ ശപിക്കുന്ന ഗവൺമെന്റ് വേറെ ഉണ്ടായിട്ടുണ്ടോ സർ; എന്ന് ചോദിച്ച കാര്യം സി.പി.ഐ. കാർ മറന്നോ? ''കേരളം നശിച്ചാലും വേണ്ടില്ല, വ്യവസായം വന്നില്ലെങ്കിലും വേണ്ടില്ല, മന്ത്രിയായിരുന്നാൽ മതി, ആരുടെ തല്ലുകൊള്ളാനും തയ്യാറാണെങ്കിൽ കൊണ്ടുകൊള്ളൂ'' എന്ന് ഈ സഭയിൽ നിന്നുകൊണ്ട് ഇന്ന് നിങ്ങളുടെ നേതാവായ സാക്ഷാൽ ബാലാനന്ദൻ ശ്രീ. ടി. വി. തോമസ്സിനോട് പറഞ്ഞത് മാർക്സിസ്റ്റുകാർ മറന്നുപോകരുത്. 1967-ൽ വ്യവസായ വകുപ്പു മന്ത്രിയായിരുന്ന ടി.വി. തോമസ്, അന്ന് മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്സിനെ പറ്റി പിന്നീട് ഈ സഭയിൽ പറഞ്ഞ കാര്യംകൂടി ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ. ''1967-ൽ കയർ കോർപ്പറേഷൻ സംഘടിപ്പിക്കാൻ ഞാൻ തയ്യാറാക്കിയ ഫയൽ 22 ദിവസം പൂഴ്ത്തിവച്ചു. കയർ കോർപ്പറേഷൻ സംഘടിപ്പിക്കുന്നതിനുപോലും നേരിട്ട എതിർപ്പുകൾ. എനിക്ക് നന്നായി അറിയാം. ഇന്ന് കയർ വ്യവസായം തകർന്നു പോകുന്നതിനെ പറ്റി മാർക്സിസ്റ്റുകാർ മുതലക്കണ്ണീർ പൊഴിക്കുന്നതു കാണുമ്പോൾ എനിക്ക് ചിരിയാണ് വരുന്നതെന്ന്, ടി.വി. തോമസ് 1967-ൽ ഇവിടെ പറയുകയുണ്ടായി. എനിക്ക് ഒന്നേ എന്റെ സുഹൃത്തുക്കളോട് പറയാനുള്ളൂ. തൊഴിലാളി സ്നേഹമെന്നു പറയുന്നത് കാറൽമാർക്സ് നിങ്ങൾക്ക് തുന്നിച്ചുതന്ന ഒരു കിന്നരി തലപ്പാവാണ് എന്ന് തെറ്റിദ്ധരിക്കരുത്. ഞങ്ങളും ഈ രാജ്യത്തെ തൊഴിലാളികളെ സ്നേഹിക്കുന്നവരാണ്, തൊഴിലാളികളുടെ കൂടെ പ്രവർത്തിക്കുന്നവരാണ്; അവരുടെ സുഖത്തിലും ദുഃഖത്തിലും പങ്കെടുക്കുന്നവരാണ്. നിങ്ങൾ തൊഴിലാളികളെപ്പറ്റി സംസാരിക്കുന്നത്, പാലം കടക്കുവോളം നാരായണാ, പാലം കടന്നാൽ കൂരായണ, എന്നു പറയുന്നതുപോലെ മാത്രമാണ്. ഇങ്ങനെ പറഞ്ഞതുകൊണ്ട് പരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതി ഇവിടെ പൂർണ്ണമായും ഭദ്രമാണെന്ന് ഞാൻ പറയുന്നില്ല. നമുക്ക് അതിനെപ്പറ്റി കൂട്ടായി ചർച്ച ചെയ്യാൻ സാധിക്കണം. പക്ഷേ പത്ത്—ഇരുപത് വർഷക്കാലമായി നിലനിന്നു വരുന്ന ചില പ്രശ്നങ്ങൾക്ക് ഒന്നൊന്നായി പരിഹാരം കാണാനും പരമ്പരാഗത വ്യവസായങ്ങളെ പുഷ്ടിപ്പെടുത്താനും അതുമായി ബന്ധപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളിലെ തൊഴിലാളികൾക്ക് ഒരു പുതിയ ജീവൻ നൽകാനും ശ്രീ. ഇ. അഹമ്മദിന്റെ നേതൃത്വത്തിലുള്ള വ്യവസായ വകുപ്പും ഈ ഗവൺമെന്റും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. കെ.പി. പ്രഭാകരൻ ഇവിടെ പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന് സ്വാഭാവികമായി ഉണ്ടാകാവുന്ന അനുഭവമായ കേന്ദ്രവിരോധത്തിന്റെ ദുർമുഖം ഇവിടെ പുറത്തുവരികയുണ്ടായി. കേന്ദ്രം കേരളത്തെ

LIBRARY ARCHIVES Kerala Legislative Assembly

അവഗണിക്കുകയാണ് എന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്നത് കോൺഗ്രസ്സാണ്. കോൺഗ്രസ് നിങ്ങളുടെ മുഖ്യ ശത്രുവാണ്. കോൺഗ്രസ്സിനോട് നിങ്ങൾക്ക് വിരോധമുണ്ട്. ആ വിരോധം അവസരത്തിലും അനവസരത്തിലും അതിന്റെ മറ നീക്കി പുറത്തുവരുന്നതിൽ ഞങ്ങൾക്ക് വ്യസനമില്ല. പക്ഷേ നമുക്ക് കണക്കുകൂടി പരിശോധിക്കാം.

സർ, ജനാധിപത്യക്രമത്തിൽ ഒരു ഗവൺമെന്റിന്റേയും മന്ത്രിയുടേയും ചെയ്തികളെ വിലയിരുത്തുന്നത് അതിനുമുൻപ് ഉണ്ടായിരുന്ന ഗവൺമെന്റിന്റേയും മന്ത്രിയുടേയും ചെയ്തികളുമായി താരതമ്യപ്പെടുത്തിക്കൊണ്ടാണ്. അതേ നമുക്കു സാധിക്കൂ. 1982-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനിനുശേഷം 148 കോടി രൂപ മുതൽമുടക്കുള്ള കാപ്രോലാക്ടം പ്രോജക്ട്, 116.46 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിൻ റിഫൈനറിയുടെ സെക്കൻഡറി പ്രോസസ്സിംഗ് യൂണിറ്റ്, 15.93 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിൻ റിഫൈനറിയുടെ ശേഷി വികസനം, 7.50 കോടി രൂപ മുതൽമുടക്കുള്ള ഹിന്ദുസ്ഥാൻ ലാറെക്സിന്റെ വികസനം, 75 കോടി രൂപ മുതൽമുടക്കുള്ള ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിന്റെ ഫിനോൾ ആൻഡ് അസ്സറോൾ പ്രോജക്ട്, 22 കോടി രൂപ മുതൽമുടക്കുള്ള ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് പ്രോജക്ട്, 88.39 കോടി രൂപ മുതൽമുടക്കുള്ള ബെൻസിൻ പ്രോജക്ട് ഇവയൊക്കെ ഈ കാലഘട്ടത്തിൽ ലഭിച്ചതാണ്. സമരത്തിന്റെ മാർഗ്ഗം ഉപേക്ഷിച്ചുകൊണ്ട്, സൗഹൃദത്തിന്റേയും സമന്വയത്തിന്റേയും സഹകരണത്തിന്റേയും മാർഗ്ഗം സ്വീകരിച്ചുകൊണ്ട് കേന്ദ്രത്തോട് കണക്കുപറഞ്ഞ്. നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ വാങ്ങുന്ന കാര്യത്തിൽ കോൺഗ്രസ് പുറകോട്ടുപോകുന്ന പ്രശ്നമൊന്നുമില്ല. പക്ഷേ അന്ധമായ കേന്ദ്ര വിരോധത്തിന്റെ, നിങ്ങൾ നടത്തുന്ന അടിസ്ഥാനമില്ലാത്ത സമരങ്ങളിൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ, നശിച്ചുപോകുന്ന വിറകുകൊള്ളിയാക്കാമെന്നാണ്, നിങ്ങൾ വിചാരിക്കുന്നതെങ്കിൽ അതിന് ഈ സംസ്ഥാനത്തെ പ്രബുദ്ധരായ ജനങ്ങളെ കിട്ടാൻ പോകുന്നില്ല. അത്ര വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. പ്രതിഭാശാലിയായ നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ഈവക കാര്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ട്, അവയ്ക്ക് പരിഹാരം ഉണ്ടാക്കുമെന്നാണ് തീർച്ചയായും എന്റെ പ്രതീക്ഷ. ഞാൻ ഒരു വാചകം കൂടിപറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

എന്റെ നിയോജകമണ്ഡലത്തിലെ ഒന്നൊന്നര ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് ഐകൃ ജനാധിപത്യമുന്നണി ഗവൺമെന്റ് നൽകിയിട്ടുള്ള ഏറ്റവും വിലപ്പെട്ട ഒരു സമ്മാനമാണ് സ്പെഷ്യൽ റിഫാക്ടറീസ് പ്രോജക്ട്. അതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. എന്റെ നാട്ടിലെ ജനങ്ങൾക്ക് ഐശ്വര്യത്തിന്റെ കർപ്പൂരവും കളഭവുമായി വരുന്ന ആ ഫാക്ടറിയുടെ പുകക്കുഴൽ ഉയരുന്ന ദിവസവും നോക്കി വഴിക്കണ്ണുമായി ആബാലവൃദ്ധം ജനങ്ങൾ നോക്കി നിൽക്കുകയാണ്. ആ ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ധൃതഗതിയിൽ നീക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതിനുവേണ്ടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ സന്തോഷത്തോടുകൂടി വീണ്ടും അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ : സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണ്. എനിക്കു മുൻപ് സംസാരിച്ച തോപ്പിൽ രവി കേരളത്തിലെ വ്യവസായവൽക്കരണത്തെ സംബന്ധിച്ച് വളരെയധികം പറയുകയുണ്ടായി. ശ്രീമാൻ രവിയുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് പഠിക്കുന്ന കാലത്ത് കേട്ടിട്ടുള്ള ഒരു കഥയാണ് ഓർമ്മ വരുന്നത്. സാർവ്വദേശീയ അടിസ്ഥാനത്തിൽ ഒരു പ്രബന്ധമത്സരം സംഘടിപ്പിക്കുകയുണ്ടായി. ഇംഗ്ലീഷ് ഭാഷ അറിയാവുന്ന പല പണ്ഡിതൻമാരും പ്രശസ്തൻമാരായ പല എഴുത്തുകാരും ആ പ്രബന്ധമത്സരത്തിൽ പങ്കെടുക്കുകയുണ്ടായി. ആ പ്രബന്ധത്തിൻറെ വിഷയം 'അയർലാൻഡിലെ ഓന്തുകൾ' എന്നതായിരുന്നു. 14 ഫുൾസ്ക്യാപ്പ് പേജുകൾ എഴുതണമെന്നായിരുന്നു നിബന്ധന. ഒരെഴുത്തുകാരൻ 7 പേജ് നിറയെ അയർലാൻഡിനെപ്പറ്റി എഴുതി. ബാക്കി 7 പേജ് ഓന്തുകളെപ്പറ്റി എഴുതി. അവസാനം, ലേഖനം – അവസാനിപ്പിച്ചത് അയർലാൻഡിൽ ഓന്തുകളില്ലെന്നു പറഞ്ഞുകൊണ്ടാണ്. അതുപോലെതന്നെ തോപ്പിൽ രവിയുടെ പ്രസംഗത്തിൽ കേരളത്തെ സംബന്ധിച്ച് കുറെ കാര്യങ്ങൾ പറയുകയുണ്ടായി. കേരളത്തെപ്പറ്റി കുറേ കാര്യങ്ങൾ നമുക്ക് പറയാം. ഇവിടെ പണ്ട് ഡച്ചുകാർ വന്നിട്ടുണ്ടായിരുന്നു, ഇവിടത്തെ ഭരണാധികാരികൾ ചുവന്ന വിരിപ്പ് വിരിച്ചു കൊടുത്തു, പോർച്ചുഗീസുകാർ വന്നു, പച്ചപ്പരവതാനി വിരിച്ചുകൊടുത്തിട്ടുണ്ട്. ബ്രിട്ടീഷുകാർ വന്നു പച്ചപ്പരവതാനി വിരിച്ചു കൊടുത്തിട്ടുണ്ട്. കുവൈറ്റുകാർ വന്നു, പച്ചപ്പരവതാനി വിരിച്ചു കൊടുത്തു. കേരളത്തെപ്പറ്റി അങ്ങനെ പറയാം. വ്യവസായവൽക്കരണത്തെപ്പറ്റിക്കുറേയും പറയാം. നമ്മുടെ രാജ്യത്തിന് നൻമ ചെയ്യുന്നതിന് പറ്റുന്നതാണ് വ്യവസായവൽക്കരണം, ധാരാളം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സാധിക്കും എന്നൊക്കെ വ്യവസായവൽക്കരണത്തെക്കുറിച്ച് പറയാം.

കേരളത്തിൽ കഴിഞ്ഞ നാലുകൊല്ലത്തെ അനുഭവങ്ങൾ എടുത്തു പരിശോധിച്ചുനോക്കിയാൽ ഒരു വാചകംകൊണ്ട് പ്രസംഗം അവസാനിപ്പിക്കേണ്ടിവരും. പക്ഷേ കേരളത്തിൽ വ്യവസായവൽക്കരണം ഇല്ല, എന്നു പറഞ്ഞ് അവസാനിപ്പിക്കേണ്ടിവരും. ആരോടെങ്കിലുമുള്ള വിരോധംകൊണ്ടല്ല ഞാൻ ഇതു പറയുന്നത്. വസ്തുതകൾ സത്യസന്ധമായി പരിശോധിച്ചു നോക്കണം. ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനു മുമ്പ് തിരഞ്ഞെടുപ്പിൽ എന്തായിരുന്നു നിങ്ങളൊക്കെ വാചാലമായി പ്രസംഗിച്ചിരുന്നത്? ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നാൽ മാത്രമേ നമ്മുടെ സംസ്ഥാനത്ത് ന്യായമായിട്ടുള്ള, അർഹതപ്പെട്ട വിഹിതം നേടിയെടുക്കാൻ സാധിക്കുകയുള്ളു എന്നു പറഞ്ഞ് ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നാൽ കേരളത്തെ അഭിവൃദ്ധിയുടെ രാജപാതയിലൂടെ നയിക്കാൻ സാധിക്കുമെന്നല്ലേ എല്ലിച്ചാത്ത നാക്കുകൊണ്ട് നിങ്ങൾ പ്രസംഗിച്ചത്. ഇപ്പോൾ പബ്ലിക് റിലേഷൻസ് വകുപ്പ് അച്ചടിച്ച് വിതരണം ചെയ്ത ലഘുലേഖയുണ്ട് എൻറെ കയ്യിൽ. ശ്രീ. തോപ്പിൽ രവി ഒരു ഖണ്ഡിക ഒഴികെ ബാക്കിയെല്ലാ ഭാഗങ്ങളും ബൈ ഹാർട്ടായിട്ട് ഇവിടെ പ്രസംഗിച്ചു. ഞാൻ പറയുന്നതല്ല. അക്ഷര വിരോധിയായിട്ടുള്ള ശ്രീ. സീതിഹാജി ഇതെടുത്ത് ആരെക്കൊണ്ടെങ്കിലും വായിച്ച് മനസ്സിലാക്കണമെന്നാണ് ഞാൻ പറയുന്നത്. 1979-80വരെ കേരളത്തിൽ, കേന്ദ്രം മുടക്കിയ മൂലധന നിക്ഷേപം ഇൻഡ്യയിലൊട്ടാകെ ഇതുവരെ കേന്ദ്രം മുടക്കിയ സംഖ്യയുടെ 2.33 ശതമാനമായ 423 കോടി രൂപയായിരുന്നുവെങ്കിൽ 1980-81-ൽ അത് 2.27 ശതമാനമായ 482 കോടി രൂപയായി.

LIBRARY ARCHIVES Kerala Legislative Assembly

1981-82-ൽ 2.10 ശതമാനമായ 536 കോടി രൂപയും 1982-83-ൽ 1.93 ശതമാനമായ 618 കോടി രൂപയുമായിരുന്നു. ഈ 1.93 ശതമാനം 1983-84 ആയപ്പോഴേക്കും 1.80 ശതമാനമായി വീണ്ടും കുറഞ്ഞു. അതായത് കേന്ദ്രഗവൺമെന്റ് ഓരോ വർഷവും വ്യവസായരംഗത്ത് മുടക്കിയ ഭീമമായ സംഖ്യയിൽ ചെറിയ ഒരു അംശം മാത്രമേ കേരളത്തിൽ മുടക്കിയിട്ടുള്ളു; അർഹതപ്പെട്ടത് മുടക്കിയില്ല എന്നതാണ് അതിന്റെ അർത്ഥം. ഇത് ഞാൻ പറയുന്നതല്ല, ഈ സംസ്ഥാനത്തിലെ ജനങ്ങളെ മുഴുവൻ വഞ്ചിച്ച്, ഈ സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ പിടിച്ചു വാങ്ങുമെന്ന് വാഗ്ദത്തം ചെയ്ത് അധികാരത്തിൽ വന്നിട്ട് നാലുകൊല്ലം കഴിഞ്ഞപ്പോൾ ശ്രീ. അഹമ്മദ് ചെയ്ത കൺഫെഷനാണ്, ഞങ്ങൾക്ക് കിട്ടേണ്ടത് കിട്ടിയില്ല എന്ന്. കിട്ടേണ്ടത് കിട്ടുകയില്ല. ഈ ഗവൺമെന്റ്, ഭരണാധികാരികൾ ആ രീതിയിലുള്ള സമീപനമാണ് പൊതുമേഖലയിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ കാലത്തും കേരളം അവഗണിക്കപ്പെട്ടിരിക്കുകയാണ്.

ഈ സംസ്ഥാനത്തിലെ ജനങ്ങളെയാകെ യോജിപ്പിന്റെ പാതയിലൂടെ നയിച്ച് നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നേടിയെടുക്കുന്നതിന് ഇവിടത്തെ ജനങ്ങൾ കേന്ദ്രത്തിന്റെ മുൻപിൽ ശക്തമായ സമ്മർദ്ദങ്ങളും നിർബന്ധവും ചെലുത്തിയാൽ മാത്രമേ നമ്മുടെ സംസ്ഥാനത്തെ വ്യവസായവൽക്കരിക്കാൻ സാധിക്കയുള്ളു. ശ്രീ. തോപ്പിൽ രവിയുടെ പ്രസംഗംകൊണ്ടൊന്നും നമ്മുടെ സംസ്ഥാനത്തെ പുനരുദ്ധരിക്കാൻ സാദ്ധ്യമല്ല. 1986 ജൂൺ മാസം 30-ാം തീയതി ഈ നിയമസഭയിൽ ഒരു ചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി പറഞ്ഞത് സംസ്ഥാന വ്യവസായ രംഗത്ത് കേന്ദ്രഗവൺമെന്റിന്റെ മുതൽമുടക്ക് കുറവായതുകൊണ്ട്, ആ ന്യൂനത പരിഹരിക്കാൻ പ്രത്യേക പരിഗണന നൽകണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ്. ഞാൻ മാത്രം പറയുന്നതല്ല. മുഖ്യമന്ത്രി അത് സമ്മതിച്ചതാണ്. കേന്ദ്രഗവൺമെന്റ് കേരളത്തോട് തുടർച്ചയായി അവഗണന കാണിക്കുകയാണ്. എത്രയോ ആയിരം ആളുകൾക്ക് തൊഴിൽകൊടുക്കാൻ പര്യാപ്തമായ കോച്ചു ഫാക്ടറി പാലക്കാട്ട് നൽകാമെന്ന് ഏറ്റിട്ടുള്ള കാര്യം നമുക്കറിയാം. അന്തരിച്ച പ്രധാനമന്ത്രി നമ്മുടെ സംസ്ഥാനത്തോട് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. പാർലമെന്റിനകത്തും പുറത്തും പരസ്യമായിട്ട് പ്രഖ്യാപിച്ചിട്ടുള്ളതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പു കാലത്ത് മുഖ്യമന്ത്രി പാലക്കാട്ട് കോട്ടമൈതാനത്ത് വന്ന്, ആ നിയോജകമണ്ഡലത്തിൽനിന്ന് കോൺഗ്രസ്സ് എം. പി. ജയിച്ചാൽ അടിയന്തിരമായി കോച്ചുഫാക്ടറി അവിടെ ആരംഭിക്കുമെന്നുപറഞ്ഞത് മെമ്പർക്കറിയാമോ?

ശ്രീ. ഒ. ഭരതൻ: മുഖ്യമന്ത്രി അതുമാത്രമല്ല പ്രസംഗിക്കുന്നത്. ഈ ഐക്യജനാധിപത്യമുന്നണി ഇനിയും അധികാരത്തിൽ വരികയാണെങ്കിൽ ഇൻഡ്യാരാജ്യത്തിന്റെ തലസ്ഥാനം കേരളത്തിൽ കൊണ്ടുവരുമെന്ന് ഈ സ്ഥാനത്തിലെ ജനങ്ങളോട് പറയും. അങ്ങനെയൊന്നും പ്രസംഗിക്കാൻ മടിക്കാത്തയാളാണ് മുഖ്യമന്ത്രി. നാവ് തുറന്നാൽ കളവു മാത്രം പറയുമെന്ന് പ്രതിജ്ഞ ചെയ്ത മുഖ്യമന്ത്രിയാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. പിന്നെ സി. ടി. കൃഷ്ണൻ എന്തിനാണ് വെറുതെ കൊള്ളുന്നത്. ഞാൻ കോച്ചു ഫാക്ടറിയുടെ കാര്യം പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും ഇവിടെ പറഞ്ഞ ബെൻസീൻ ഫാക്ടറിയും നമ്മുടെ സംസ്ഥാനത്തിന് കിട്ടാൻ പോകുന്നില്ല. കാപ്രോലാക്ടം പ്രോജക്ടും നമ്മുടെ സംസ്ഥാനത്തിന് കിട്ടുമോയെന്നുള്ള കാര്യത്തിൽ സംശയമാണ്. അതാണ് ഈ സ സ്ഥാനത്തിന്റെ അനുഭവം. ഏഴിമലയിൽ സ്ഥാപിക്കാൻ പോകുന്നുവെന്നു പറയുന്ന നാവിക അക്കാഡമി എപ്പോഴെങ്കിട്ടും. 1990-ൽ കിട്ടുമോ? 1995-ൽ കിട്ടുമോ? 2000 ആണ്ടാകുമ്പോഴേക്ക് കിട്ടുമോ? ഇപ്പോഴും അത് ഗോവയിൽ കൊണ്ടുപോകാനുള്ള ഏർപ്പാട് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതാണ് നമ്മുടെ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണന. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും വ്യവസായവകുപ്പുമന്ത്രി എല്ലാവരെയും ആവേശംകൊള്ളിക്കത്തക്ക രീതിയിൽ അമിതമായ വാഗ്ദാനങ്ങളും ജനങ്ങളോട് ചെയ്തു. ഒരുകോടി രൂപയുടെ മൂലധനത്തിൽ ഓരോ താലൂക്കിലും ഓരോ വ്യവസായസ്ഥാപനം ആരംഭിക്കുമെന്ന് പരസ്യമായി പറഞ്ഞു. ഇപ്പോഴും 31 വ്യവസായങ്ങളും ആരംഭിച്ചിട്ടുണ്ടെന്ന് ജൂൺ 26-ാം തീയതി നൽകിയിട്ടുള്ള മറുപടിയിൽ മന്ത്രി പറഞ്ഞു. ഈ വ്യവസായങ്ങളും വാഗ്ദാനങ്ങളും ഇരുളിലെ ഇല്ലാത്ത കരിമ്പൂച്ചകളും മാത്രമാണ്. കണ്ണൂർ ഡിസ്ട്രിക്ടിൽ ഒരുകോടി രൂപ മൂലധനം മുടക്കി ആരംഭിച്ചിട്ടുള്ള വ്യവസായസ്ഥാപനം എവിടെയാണെന്ന് ഞാൻ തെരഞ്ഞുനോക്കി. പകലിൽ ചൂട്ടും കത്തിച്ച് നടന്നുനോക്കി. മാലോകരോട് അന്വേഷിച്ചു. എവിടെയാണ് ഈ വ്യവസായങ്ങളും ആരംഭിച്ചിട്ടുള്ളതെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. കള്ളമെന്ന് ഞാൻ പറയുന്നില്ല. വെറുതെ ഇമ്മാതിരിയുള്ള പ്രസ്താവനകൾ ഇറക്കേണ്ട ആവശ്യമുണ്ടോ? പൊതുമേഖലയിലും സംയുക്തമേഖലയിലുമായിട്ട് 88 വൻകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നേ മന്ത്രി പറഞ്ഞതാണ്. 88 വൻകിട ഇടത്തരം വ്യവസായസ്ഥാപനങ്ങളും പൊതുമേഖലയിലും സംയുക്തമേഖലയിലും ആരംഭിച്ചിട്ടുണ്ടെന്നും അതിന്റെ പേരുകളും പറയുന്നുണ്ട്. പേരുകൾ കേൾക്കാൻ രസമാണ്. ഗാന, ഹോട്ടൽ, കണയന്നൂർ, കേരളാഹോട്ടൽ, തിരുവനന്തപുരം. അങ്ങനെയുള്ള ഹോട്ടലുകളൊന്നും ഇതുവരെ തുടങ്ങിയിട്ടില്ല. കേരളാഹോട്ടൽ, തിരുവനന്തപുരമെന്നും പറഞ്ഞ് അഞ്ചോ ആറോ വരി കല്ലുവച്ചിട്ടുണ്ട്. വ്യവസായസ്ഥാപനം ആരംഭിച്ചിട്ടില്ല. മേഫ്ളവർ ഹോട്ടൽ, കണയന്നൂർ. ഇത് മറെറാരു സ്ഥാപനം. മലയാളമനോരമ കോട്ടയം. ഇതെല്ലാം ശ്രീ. അഹമ്മദിന്റെ സംഭാവനയാണോ? 20-ാമത്തെ പേരായിട്ടാണ് മലയാള മനോരമ കോട്ടയം പറഞ്ഞിട്ടുള്ളത്. 28-ാമത്തെ പേര് ഹോട്ടൽ കണ്ടേത്ത്. എത്ര കാലമായി ഹോട്ടൽ കണ്ടേത്ത് പാലക്കാട് ആരംഭിക്കാൻ പോകുന്നുവെന്ന് പറഞ്ഞിട്ട്, 68-ാമത്തെ പേര് നാം ടി. വി. (പി) ലിമിറെറഡ്, കണ്ണൂർ. അത് എവിടെയാണ് സിറിയിലാണോ, ടൗണിലാണോ ഞാൻ അന്വേഷിച്ചു. കാണാൻ സാധിച്ചില്ല. ഇമ്മാതിരി ആളെ പററിക്കുന്ന ഏർപ്പാടുമായിട്ട് എന്തിനാണ് നടക്കുന്നത്? മറെറാരു വ്യവസായ, 76-ാമത്തെ പേര് പി. ശ്രീകുമാർ, സരോജാലയം, തിരുവനന്തപുരം. ഇതെല്ലാം വ്യവസായ സ്ഥാപനങ്ങളുടെ പേരാണ്, പി. ശ്രീധരൻ, കണ്ണൂർ വ്യവസായ സ്ഥാപനത്തിന്റെ പേരാണ്. ഇങ്ങനെയാണെങ്കിൽ എന്തിനാണ് 88 എണ്ണം മാത്രമാകുന്നത്. കരുണാകര വിലാസം കള്ളുഷാപ്പ് മാള, അഹമ്മദ് വിലാസം ഹേർ കട്ടിംഗ് സലൂൺ, കണ്ണൂർ, നഹാബ് വിലാസം ടെയിലറിംഗ് കമ്പനി. ഇങ്ങനെ എന്തെല്ലാം പേരുകളാണ് എഴുതി കൂട്ടിയിരിക്കുന്നത്..... (ബഹളം) സർ പണ്ട് പട്ടർ പറഞ്ഞതുപോലെ ഞാൻ തിന്നുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നു. ലഡ്ഡു, ജിലേബി എന്നൊക്കെ. ശ്രീ. സീതിഹാജി തിന്നുന്നത് സീതിഹാജി വിളിച്ചു പറയുന്നു. ഇതിനെപ്പറ്റി ഞാൻ അത്രയേ കാണുന്നുള്ളൂ. എനിക്ക് . അതിൽ പരാതിയൊന്നുമില്ല. ശ്രീ. സീതിഹാജി എന്താണ് പറയുന്നത്? ചീത്ത പറയുന്നവർ ചീത്തയാകുമെന്നല്ലാതെ, അത് കേൾക്കുന്നവർ ചീത്തയാകുന്നില്ല എന്നുള്ളതാണ് നമ്മുടെ രാജ്യത്തിന്റെ സംസ്കാരം. ശ്രീ. സീതിഹാജി രാഷ്ട്രീയത്തിന്റെ എ, ബി, സി, ഡി പഠിക്കുന്നതിനുമുൻപ് സീതിഹാജി മരംവെട്ടി നടക്കുമ്പോൾ ഈ രാജ്യത്തെ രാഷ്ട്രീയത്തിലിടപെട്ടയാളാണ് ഭരതൻ, അറിയാമോ? ഊതിക്കാച്ചിയ പൊന്നിനും ഞാൻ മറുപടി പറയും. നിങ്ങളുടെയൊക്കെ സംസ്കാരത്തെപ്പറ്റിയും ഞാൻ മറുപടി പറയും. നിങ്ങൾക്കെതിരായി ഈ രാജ്യത്തിലെ ജനങ്ങൾ അണി നിരക്കുന്ന കാഴ്ചയെ പറ്റിയും ഞാൻ മറുപടി പറയും. അതിനൊക്കെ അവസരം വരുന്നുണ്ട്. . . (ബഹളം) . . നമ്മുടെ രാജ്യത്തുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതിയെ സംബന്ധിച്ച് ഇവിടെ പ്രസംഗിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം വരെ കണക്കുകൾ തയ്യാറാക്കപ്പെട്ട 30 കമ്പനികളിൽ 16 എണ്ണം 14.78 കോടി രൂപയുടെ നഷ്ടത്തിലാണ്. അതിന്റെ എക്കണോമിക്കൽ ലോസ് എന്നു പറഞ്ഞാൽ, ലാഭമുണ്ടാക്കിയ കമ്പനികളുടെ മൊത്തം ലാഭം 7.03 കോടി രൂപ മാത്രമാണ്. അപ്പോൾ 30 കമ്പനികളുടെ അക്കുമിലേറ്റഡ് ലോസ് (accumulated loss) എന്നു പറയുന്നത് 555.23 കോടി രൂപയാണ്. എന്നാൽ ലാഭമുണ്ടാകത്തക്ക രീതിയിൽ വ്യവസായസ്ഥാപനങ്ങൾ നടത്താൻ സാധിക്കും. പക്ഷെ നമ്മുടെ സംസ്ഥാന ഖജനാവിൽനിന്ന് കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടാക്കുന്ന നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഉദാഹരണമായി തിരുവനന്തപുരം ടൈറ്റാനിയം പ്രോഡക്ടിൽ ടൈറ്റാനിയം ഡയോക്സൈഡ് സാധാരണയായി വിൽപ്പന നടത്തിയിരുന്നത്. ഈ സംസ്ഥാനത്തിൽ 1972-ൽ രൂപീകൃതമായ ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രേഡിംഗ് കോർപ്പറേഷൻ എന്നു പറയുന്ന സ്ഥാപനം മുഖേനയായിരുന്നു. ഇപ്പോഴത്തന്നെ, മറ്റൊരു പൊതുമേഖലാസ്ഥാപനമായ കേരളാ മിനറൽസ് ആൻഡ് മെറ്റൽസ് എന്ന സ്ഥാപനത്തിൽ ഉല്പാദിപ്പിക്കുന്ന റൂട്ടൈൽ ടൈറ്റാനിയം എന്നു പറയുന്ന വസ്തു കെ. എസ്. ഐ. പി. ടി. സി. മുഖേന വില്ക്കുന്നതിനു പകരം സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചതിന്റെ ഫലമായി ഒരുകൊല്ലം നമ്മുടെ സംസ്ഥാനത്തിന് 4 കോടിയിൽപ്പരം രൂപ നഷ്ടം വന്നുകൊണ്ടിരിക്കുന്നു. കള്ള സിമന്റിന്റെ കാര്യം നമുക്കറിയാം. ബഹുമാനപ്പെട്ട സീതിഹാജിയുടെ മകനും, കുഞ്ഞഹമ്മദ്ഹാജിയും ചേർന്ന് സിമന്റ് കമ്പനി നടത്തിയിട്ട് നമ്മുടെ സംസ്ഥാനത്തിനകത്ത് കള്ള സിമന്റ് കച്ചവടം നടത്തി. അങ്ങനെ നമ്മുടെ സംസ്ഥാനത്തിനകത്ത് കറുത്ത സിമന്റ് കച്ചവടം നടന്നു. ഈ സംസ്ഥാനത്തിലെ വെള്ള സിമന്റിന്റെ ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ അവിടെ ഉല്പാദിപ്പിക്കുന്ന വെള്ള സിമന്റ് മുഴുവൻ കെ.എസ്.ഐ.പി.ടി.സി. മുഖേന 'വില്പന നടത്തുന്നതിനു പകരം സ്വകാര്യ വ്യക്തികൾക്ക് ഇഷ്ടമുള്ള ആളുകളെ ഏല്പിച്ചു കൊടുത്തതിന്റെ ഫലമായി ഒരു കൊല്ലക്കാലം കൊണ്ട് കോടിക്കണക്കിനു രൂപയുടെ നഷ്ടം സംഭവിച്ചിരിക്കുന്നു. ഈ പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളിൽ സ്വന്തം ആളുകൾക്ക് പ്രവേശനം കൊടുക്കുന്നതിനുവേണ്ടിയാണ് നമ്മുടെ സംസ്ഥാനഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർ, 1986 ജനുവരി മാസം 9-ാം തീയതി പ്രസിദ്ധീകരിച്ച മാതൃഭൂമി പത്രത്തിൽ ആ അഴിമതിയെ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനമായ കേരളാ ഇലക്ട്രിക്കൽസ് ആൻഡ് അലൈഡ് കമ്പനിയുടെ കുണ്ടറയിലുള്ള പാണ്ടറി ഡിവിഷനിലേക്ക് അടുത്ത കാലത്ത് നടന്ന നിയമനങ്ങളിൽ വ്യാപകമായ അഴിമതി നടന്നുവെന്ന് ആക്ഷേപമുണ്ടായിരുന്നു. പാണ്ടറി വിഭാഗത്തിലേക്ക് 30 അർദ്ധവിദഗ്ദ്ധ തൊഴിലാളികളെയും 88 അവിദഗ്ദ്ധ തൊഴിലാളികളേയും കമ്പനി നേരിട്ട് എടുത്തു. അര ലക്ഷം പേരിൽ നിന്നാണ് അവരെ തെരഞ്ഞെടുത്തത്. കോഴ കൊടുത്തവർക്കും ഉന്നതങ്ങളിൽ പിടിയുള്ളവർക്കും മാത്രമേ നിയമനം ലഭിച്ചുള്ളു. സെലക്ഷൻ ലഭിച്ച ബഹുഭൂരിപക്ഷം പേരിൽനിന്നും 15,000 ഉറുപ്പിക മുതൽ 25,000 ഉറുപ്പികവരെ കൈക്കൂലി വാങ്ങിച്ചിരുന്നത്രെ. അങ്ങനെ നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളിൽ സ്വന്തം ആളുകളെ കുത്തിത്തിരുകുന്നതിനുവേണ്ടിയും സ്വന്തം സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുമാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ അഭിവൃദ്ധിയും പൊതുവായ പുരോഗതിയും ലാക്കാക്കിക്കൊണ്ടുള്ള പ്രവർത്തനമല്ല ഈ സർക്കാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കശുവണ്ടി വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ എത്രയോ ദശവർഷങ്ങളായി പ്രക്ഷോഭണങ്ങളും സമരങ്ങളും സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് കശുവണ്ടിവ്യവസായം ഫാക്ടറിയടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചത്. ഫാക്ടറിയടിസ്ഥാനത്തിൽ ആ വ്യവസായം വന്നതിനെത്തുടർന്നാണ് വ്യാവസായികമായ എല്ലാ ആനുകൂല്യങ്ങളും നേടിയെടുക്കാൻ കശുവണ്ടിത്തൊഴിലാളികൾക്ക് സാധിച്ചത്. ഇന്ന് അത് കുടിവ്യവസായകേന്ദ്രത്തിലേക്ക് മാറ്റാനും കശുവണ്ടിത്തൊഴിലാളികൾക്ക് നിയമപരമായിട്ടുള്ള ആനുകൂല്യങ്ങളും സംരക്ഷണങ്ങളും ഇല്ലാതാക്കുവാനുമാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കണ്ണൂർ, കാസർകോട് ജില്ലകൾ വ്യാവസായികമായി ഏറ്റവുമധികം പുറകിൽ നിൽക്കുന്ന ജില്ലകളാണ് കാസർകോട് ജില്ലയെ ഇൻഡസ്ട്രി ജില്ലയായി പ്രഖ്യാപിച്ച ജില്ലയാണ്. പുതിയ വ്യവസായങ്ങളാരംഭിക്കുന്നതിനാവശ്യമായ അസംസ്കൃതവസ്തുക്കളിലൊന്നായ ചൈനാക്ലേയുടെ ഏറ്റവുമധികം ഡെപ്പോസിറ്റുള്ള പ്രദേശങ്ങളാണ് കണ്ണൂർ, കാസർകോട് ജില്ലകൾ. അവിടത്തെ കളിമണ്ണ് ഉപയോഗിച്ചുകൊണ്ട് ആധുനിക വ്യവസായങ്ങളാരംഭിച്ചാൽ ആയിരക്കണക്കിനാളുകൾക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിന് സാധിക്കും. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. ആ രീതിയിൽ നമ്മുടെ സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി ശക്തിയായി എതിർത്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, കഴിഞ്ഞ മൂന്നു മൂന്നര മണിക്കൂറുകളായി വ്യവസായ വകുപ്പിനുവേണ്ടിയുള്ള ധനാഭ്യർത്ഥന ചർച്ചയിൽ ക്രിയാത്മക നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച എല്ലാ മെമ്പർമാർക്കും ഞാൻ ആദ്യമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പംതന്നെ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ വ്യവസായവകുപ്പിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചുകൂടി ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. എല്ലാ പ്രശ്നങ്ങളും പരിഹരിച്ചെന്നോ, പരിഹരിക്കാൻ ഇനി പ്രശ്നങ്ങളില്ലെന്നോ, അല്ല ഞാൻ പറയുന്നത്. പക്ഷെ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ വ്യവസായ വകുപ്പിലൂടെ നടത്താൻ ശ്രമിച്ച പല പ്രവർത്തനങ്ങളിലും, നടത്തിയിട്ടുള്ള പല കാര്യങ്ങളിലും, ഒന്ന് കണ്ണോടിച്ചുകൊണ്ട് ഞാൻ ഈ സഭയുടെ മുന്നിൽ നിൽക്കുന്നുവെന്നേയുള്ളു.

സർ, 1967-നു ശേഷം 1983-ൽ മാത്രമാണ് ഇവിടെ ഒരു വ്യവസായനയ പ്രഖ്യാപിച്ചത്. ആ വ്യവസായനയം വായിക്കുവാനുള്ള സൻമനസ്സ് കാണിച്ചിരുന്നുവെങ്കിൽ ഈ ഗവൺമെൻറിന്റെ വ്യവസായങ്ങളെ സംബന്ധിച്ചുള്ള വീക്ഷണം എന്താണെന്നു മനസ്സിലാക്കുവാൻ സാധിക്കുമായിരുന്നു. വ്യവസായങ്ങളെ ആകർഷിക്കുവാൻ ഏറ്റവും അനുകൂലമായ ഒരു സാഹചര്യം ഇവിടെ സൃഷ്ടിയായി എന്നതിൽ എനിക്ക് അഭിമാനമുണ്ട്. പുരോഗമനപരമായ തൊഴിൽബന്ധങ്ങളെ സൃഷ്ടിക്കുവാനും, വ്യവസായ സമാധാനം സുജാതമാക്കുവാനും, നിലനിർത്തുവാനും തൊഴിലാളി—തൊഴിലുടമ പ്രതിനിധികളുൾക്കൊള്ളുന്ന ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് കൗൺസിൽ രൂപീകരിക്കാനും ഈ കാലഘട്ടത്തിൽ കഴിഞ്ഞു. യോഗങ്ങളും, ചർച്ചകളും നടത്തുകയും പ്രശ്നങ്ങളെ പരിഹരിക്കുന്നതിനാവശ്യമായ നടപടികളെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് കയറ്റുമതി സാദ്ധ്യതകളെ കണ്ടെത്താനായി ഒരു പ്രത്യേക കയറ്റുമതി വികസന കൗൺസിൽ രൂപീകരിച്ചു വ്യവസായങ്ങളാരംഭിക്കാനുള്ള ലൈസൻസുകളും, പെർമിറ്റുകളും സുഗമമായി ലഭിക്കുന്നതിനുവേണ്ടി എല്ലാ കാര്യങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ തലവരെ എസ്. കോർട്ട്, സർവ്വീസ് ഗ്രൂപ്പ്, കളക്ടറേയും വ്യവസായവുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളേയും ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ചു. സംസ്ഥാനതലത്തിൽ കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ ലൈസൻസ് വ്യവസ്ഥകൾ ഉദാരമാക്കുന്നതിനും, ആരു കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കാനുമായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എംപവേഡ് കമ്മിറ്റിയും രൂപീകരിച്ചു. വ്യവസായവികസനം ലക്ഷ്യം വച്ചുകൊണ്ട് ഒരു പാക്കേജ് ഓഫ് ഇൻസെൻറീവ് ഈ കാലഘട്ടത്തിൽ കൊടുത്തു.

വളരെ പിന്നോക്കം നിൽക്കുന്ന കാസർകോട് ജില്ല ഒരു വ്യാവസായിക പിന്നോക്ക ജില്ല എന്നതിനേക്കാളുപരി ഒരു വ്യവസായരഹിത ജില്ല കൂടിയാണ്. ആ ജില്ലയിൽ വ്യവസായങ്ങളെ ആകർഷിക്കുന്നതിന് ഈ ഗവൺമെൻറ് 25 ശതമാനം സബ്സിഡി നൽകി.

പീഡിതവ്യവസായങ്ങളെ പുനരുദ്ധരിപ്പിക്കാൻ പ്രത്യേക നടപടികളെടുത്തു. കയർ, കൈത്തറി, കശുവണ്ടി, കരകൗശല, പനമ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ ഹ്രസ്വകാല-ദീർഘകാല പദ്ധതികളെ നടപ്പിലാക്കി.

കയർ വ്യവസായത്തിനുവേണ്ടി 6-ാം പദ്ധതിയിലുൾക്കൊള്ളിച്ച 8 കോടി രൂപയ്ക്ക് പകരം 16 കോടി രൂപ വിനിയോഗം ചെയ്തു. കയർ ഉൽപ്പന്നങ്ങളെ ആഭ്യന്തരവിപണി കണ്ടെത്താൻവേണ്ടി ഷോറൂമുകളും, വിപണനത്തിനുള്ള മറ്റു സൗകര്യങ്ങളും പ്രദർശനങ്ങളും ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ സംഘടിപ്പിച്ചു കയർത്തൊഴിലാളികൾക്ക് വിശിഷ്യാ കയർപിരി മേഖലയിൽ 100 ശതമാനത്തോളം കൂടി വേതനം വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അഞ്ഞൂറ് കിന്നം കശുവണ്ടി ഫാക്ടറികളെ നവീകരിച്ചുകൊണ്ട് മോഡേണൈസേഷൻ നടപ്പാക്കുകയുണ്ടായി. കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകുവാനും കശുമാവ് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുവാനുമുള്ള നടപടികളും ഈ കാലഘട്ടത്തിൽ സ്വീകരിച്ചു. കശുവണ്ടി വികസന കോർപ്പറേഷനെ കടബാദ്ധ്യതകളിൽനിന്ന് ഒഴിവാക്കി.

കൈത്തറി കയറ്റുമതി വർദ്ധിപ്പിക്കാനും, 63 ദിവസമുണ്ടായിരുന്ന കൈത്തറി റിബേറ്റ് 101 ദിവസമായി വർദ്ധിപ്പിക്കാനും, ഈ 4 വർഷത്തിനിടയിൽ ഈ ഗവൺമെന്റിനു സാധിച്ചു. സഹകരണ സംഘങ്ങളുടെ റിബേറ്റ് കുടിശ്ശിക തീർക്കാൻ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഏറ്റവുമധികം തുക വകയിരുത്തിയതും ഈ കാലഘട്ടത്തിലായിരുന്നു. നെയ്ത്തുകാർക്കുവേണ്ടി ത്രിഫ്റ്റ് ഫണ്ടും, ഒരു പുതിയ ഭവന നിർമ്മാണ പദ്ധതിയും ഏർപ്പെടുത്തി.

ഈറയുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കുകയും പനമ്പിന്റെ സംഭരണ വില കൂട്ടി തൊഴിലാളികൾക്ക് 40 ശതമാനം കൂലി വർദ്ധിപ്പിക്കുകയും ചെയ്തു. പനമ്പ് ഷീറ്റ് നിർമ്മാണത്തിനായി ഒരു ഫാക്ടറി ആരംഭിച്ചു.

കരകൗശല വ്യവസായത്തിന് കൂടുതൽ പ്രോൽസാഹനം നൽകി. അസംസ്കൃത പദാർത്ഥങ്ങൾ സൗജന്യ വിലയ്ക്ക് ലഭ്യമാക്കുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ പുതിയ വിൽപ്പനശാലകൾ ആരംഭിക്കുകയും ചെയ്തു.

കൂടുതൽ ഖാദിഗ്രാമവ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും, നെയ്ത്തുകാർക്കും, നൂൽ നൂൽപ്പുകാർക്കും കൂലി വർദ്ധനവും ഈ കാലഘട്ടത്തിലുണ്ടായി. വർഷം മുഴുവൻ ഖാദിക്ക് റിബേറ്റ് ഏർപ്പെടുത്തി.

മറുനാടൻ മലയാളികൾക്കുവേണ്ടി 180 പ്രോജക്ടുകൾ പ്രൊഫൈലുകൾ തയ്യാറാക്കി. ഗൾഫ് മലയാളികളുടെ 62 വ്യവസായങ്ങൾ ആരംഭിച്ചു. 3,000-ൽ പരം അഭ്യസ്തവിദ്യർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സാമ്പത്തിക സഹായം ലഭ്യമാക്കി. 1,500 പട്ടികജാതി സംരംഭകർക്ക് വ്യവസായങ്ങൾ തുടങ്ങാൻ പലിശയില്ലാത്ത വായ്പ നൽകി. ചെറുകിട വ്യവസായരംഗത്ത് 13,688ൽപ്പരം പുതിയ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. ഇതു കേരളത്തിലെ മൊത്തം ചെറുകിട വ്യവസായ യൂണിറ്റുകളുടെ 36 ശതമാനമാണ്. എല്ലാ ജില്ലാതലസ്ഥാനങ്ങളിലും വ്യാവസായിക വളർച്ചാകേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികളെടുത്തു. ഇടുക്കിയിലും വയനാട്ടിലും അതിനുള്ള നടപടികൾക്കുവേണ്ടി ഉത്തരവുകൾ പാസാക്കിക്കഴിഞ്ഞു. പൊതുമേഖലയിലുള്ള വിശിഷ്യാ കേന്ദ്ര പൊതുമേഖലയിൽ വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കാൻ ശ്രമങ്ങൾ നടത്തി. കൊച്ചിയിലെ എക്സ്പോർട്ട് പ്രോസസിംഗ് സോൺ ഈ കാലഘട്ടത്തിലാണ് ആരംഭിച്ചത്.

മറ്റൊരു എടുത്തു പറയാവുന്ന നേട്ടം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 3 സ്പിന്നിംഗ് മില്ലുകൾ ഈ ഗവൺമെന്റ് ദേശസാൽക്കരിച്ചു. അതോടൊപ്പംതന്നെ കണ്ണൂരിലെ സൂപ്പർമ്മേ എന്ന കമ്പനിയും ദേശസാൽക്കരിക്കാൻ സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൽമാത്രം 12,071 പേർക്ക് നേരിട്ട് തൊഴിൽ സാദ്ധ്യതയുള്ളതും 250 കോടി രൂപ മുതൽമുടക്കുള്ളതുമായ 88 വൻകിട-ഇടത്തരം വ്യവസായങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 6241 പേർക്ക് നേരിട്ടു ജോലി ലഭിച്ചതും 169 കോടി രൂപ മുതൽ മുടക്കുള്ളതുമായ 53 വ്യവസായങ്ങൾ ഈ കാലഘട്ടത്തിൽ ഉൽപ്പാദനം തുടങ്ങി. അതിൽ 34 എണ്ണം ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം നിർമ്മാണ പ്രവർത്തനം ആരംഭിച്ച് ഉൽപ്പാദനം തുടങ്ങിയവയാണ്.

സർ, ഈ സഭയിലെ മെമ്പർമാർക്ക് ആവശ്യമാണെങ്കിൽ ഞാൻ ആ പേരുകളിൽ പ്രധാനപ്പെട്ടവ ഇവിടെ വായിക്കാം. ശക്തി

2 P.M. സോഫ്റ്റ് ഡ്രിംഗ്സ് (ഏറനാട്), കെ.ടി.സി. ഓയിൽസ് (ഏറനാട്), കാനറാ പേപ്പർമിൽസ് (ചങ്ങനാശ്ശേരി), പിഗ് മെൻസ് ഇൻഡ്യാ ലിമിറ്റഡ് (മുകുന്ദപുരം), സെവൻസീസ് നൈലോൺസ് ലിമിറ്റഡ് (കണ്ണയന്നൂർ), ഒ. ഇ. എൻ. മൈക്രോ സിസ്റ്റംസ് (കണയന്നൂർ), ട്രാവൻകൂർ ഓക്സിജൻ ലിമിറ്റഡ് (മാവേലിക്കര), ശ്രീ. ഭഗവതി ടെക്സ്റ്റയിൽസ് ലിമിറ്റഡ്—എക്സ്പാൻഷൻ ആൻഡ് ഡൈവേഴ്സിഫിക്കേഷൻ (ചിറ്റൂർ), മലബാർ ബിൽഡിംഗ് പ്രോഡക്ട്സ് (തൃശ്ശൂർ).

ശ്രീ. ബേബി ജോൺ: O.E.N. മൈക്രോ സിസ്റ്റം നിങ്ങൾ വന്നതിനുശേഷം തുടങ്ങിയതെന്ന് പറഞ്ഞതുകൊണ്ടാണ് ചോദിക്കുന്നത്, എക്സ്പാൻഷനും പഴയതിന്റെ കൂടെയല്ലേ

ശ്രീ. ഇ. അഹമ്മദ്: No, that is also a separate project. സെപ്പറേറ്റ് പ്രോജക്റ്റ് തയ്യാറാക്കി ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷന്റെ സാമ്പത്തിക സഹായം വാങ്ങണം. അത് ഒരു പ്രോജക്റ്റാണ്. അങ്ങനെ കുറച്ചു മാത്രമേയുള്ളു. B. P. L. India Ltd., (Palakkad), B. P. L. System and projects Ltd., Palakkad ഇവ രണ്ടും എക്സ്പാൻഷനാണ്. ആദ്യത്തേതിന്റെ പ്രോജക്റ്റ് കോസ്റ്റ് 105 ലക്ഷവും രണ്ടാമത്തേതിന്റെത് 120 ലക്ഷവുമാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട ശ്രീ. ബേബിജോൺ പറഞ്ഞ ഒ. ഇ. എൻ. മൈക്രോ സിസ്റ്റത്തിന്റെ പ്രോജക്റ്റ് കോസ്റ്റ് 95 ലക്ഷം രൂപയാണ്. അതുപോലെ കേരളാ സ് പിന്നേഴ്സ് (അമ്പലപ്പുഴ), ഡി.ജി. കപ്യൂട്ടേഴ്സ് (തിരുവനന്തപുരം), ആസ്ട്രൽ വാച്ചസ് (കാസർഗോഡ്) ഇത്രയും കെ.എസ്.ഐ.ഡി.സി. പ്രൊമോട്ട് ചെയ്തിട്ടുള്ളതും കമ്മീഷൻ ചെയ്തിട്ടുള്ളതുമായതിൽ പ്രധാനപ്പെട്ടവയാണ്. ഞാൻ ഇനി കെൽട്രോണിന്റെ കണക്ക് വായിക്കാം. ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ചതും, കമ്മീഷൻ ചെയ്തതുമാണ് ചുരുക്കി പറയുന്നത്. കോഷിസ് എലക്ട്രോണിക്സ് (തിരുവല്ല), സിഡ്ക്കൽ (Sidkel) ടെലിവിഷൻ യൂണിറ്റ് (മഞ്ചേരി), മാസ്പ്രോണിലൻ ഇൻഡ്യ ലിമിറ്റഡ് (മാള), ഇലക്ട്രോണിക് വാച്ച് യൂണിറ്റ് (വയനാട്), ടെൽട്രോണിക്സ് വിഷ്വൽസ് ടി. വി. പ്രോജക്ട് (തൃശ്ശൂർ), യോഹാൻ എലക്ട്രോണിക്സ് കോർപ്പറേഷൻ (ചെങ്ങന്നൂർ), മാർ ഇവാനിയോസ് എലക്ട്രോണിക്സ് സെന്റർ (മാവേലിക്കര), മാസ്റ്റർ എലക്ട്രോണിക്സ് (തിരുവനന്തപുരം), കാഡ്ബ്രോ (Kadbro) ഇലക്ട്രോണിക്സ് (പൊന്നാനി), ടെൽട്രോണിക്സ് കളർ ടെക്സ് (തൃശ്ശൂർ), ഫെൻഡസ് ഇലക്ട്രോണിക്സ്

LIBRARY ARCHIVES Kerala Legislative Assembly

(പാലക്കാട്), ടെലിസ്റ്റാർ ഇലക്ട്രോണിക്സ് (കണ്ണൂർ), ദർപ്പൺ ഇലക്ട്രോണിക്സ് (തിരുവനന്തപുരം), ദാമോദർ ഇലക്ട്രോണിക്സ് (കൊച്ചിൻ).

ടെക്സ്റ്റയിൽസ്, കോർപ്പറേഷന്റെ കെലാസ്റ്റിക് ടേപ്പ്സ് (തിരുവനന്തപുരം) യൂണിറ്റും ഹോംഡിംഗ് കമ്പനിയായ K.S.I.E.യുടെ കുണ്ടറയിലെ ഫൗണ്ടറി പ്രോജക്റ്റും സ്റ്റീൽ ഇൻഡസ്ട്രീസ് കേരളയുടെ തൃശ്ശൂരിലെ ഫോർജിംഗ് യൂണിറ്റും, ബാംബു കോർപ്പറേഷന്റെ അങ്കമാലിയിലെ ബാംബു ബോർഡ് പ്രോജക്റ്റും ഈ ഗവൺമെന്റ് വന്നതിനുശേഷം നിർമ്മാണ പ്രവർത്തനം ആരംഭിച്ച് ഉൽപ്പാദനം തുടങ്ങിയ വ്യവസായങ്ങളാണ്. അങ്ങനെ മൊത്തം 34 വൻകിട ഇടത്തരം വ്യവസായ യൂണിറ്റുകളും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നിർമ്മാണമാരംഭിച്ച് ഉൽപ്പാദനം തുടങ്ങി. ഇതിനുവേണ്ടിമാത്രം 43 കോടി രൂപ ചെലവായിട്ടുണ്ട്. ഇതിനുപുറമെ പഴയ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച് സാമ്പത്തികവും സാങ്കേതികവുമായ കാരണങ്ങളാൽ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടന്ന കെ. എസ്. ഐ. ഡി. സി. യുടെയും കെൽട്രോണിന്റേയും ഗവൺമെന്റിന്റേയും മറ്റും 24 വ്യവസായ യൂണിറ്റുകളും കൂടി ആ കാലഘട്ടത്തിൽ ഉൽപ്പാദനം തുടങ്ങി. 34-ഉം 24-ഉം, അങ്ങനെ 58 എണ്ണമാണ് ഈ കാലഘട്ടത്തിൽ ഇവിടെ കമ്മീഷൻ ചെയ്തത്.

ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. താരാക്ഷൻ ചോദിച്ചു, അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലുള്ള ആട്ടോ കാസ്റ്റിന്റെ സ്ഥിതിയെന്തായിയെന്ന്? സർ, അതു പഴയ ഗവൺമെന്റിന്റെ പ്രാരംഭ പ്രവർത്തനമാരംഭിച്ചതാണെങ്കിലും ഐ.ഡി.ബി.ഐ. പണം കൊടുത്തില്ല. മറ്റ് സാമ്പത്തിക സ്ഥാപനങ്ങളൊന്നും പണം കൊടുത്തില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് ആട്ടോ കാസ്റ്റിനുവേണ്ടി കേന്ദ്രത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പോയി. അന്നത്തെ ധനകാര്യ വകുപ്പു മന്ത്രിയേയും ബന്ധപ്പെട്ട മറ്റ് ആളുകളേയും കണ്ടതനുസരിച്ച് ഐ.ഡി.ബി.ഐ. സ്പെഷ്യലായി സാങ്ഷൻ ചെയ്ത 19 കോടി രൂപയിൽ 14 കോടി രൂപ അതിനുവേണ്ടി ചിലവഴിച്ചു. ഞാൻ പറയുന്നത് എന്തെന്നു വച്ചാൽ, കുഞ്ഞാലിയെ കടൽപ്പുറത്തു പോയാൽ കാണാൻ കഴിയുകയില്ല. ദയവുചെയ്ത് ഇതൊന്ന് നോക്കണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളു.

സർ, ഇനി ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഈ ഗവൺമെന്റിന്റെ കാലത്ത് പുതുതായി നിർമ്മാണം ആരംഭിച്ച 88 പ്രോജക്റ്റുകളുടെ വിശദവിവരം വേണമെങ്കിലും, ഞാൻ നൽകാം. ഒരു വ്യവസായം ആരംഭിക്കുന്നതിന് ഒരു കമ്പനി രൂപീകരിക്കണം. കമ്പനി രൂപീകരിച്ചാൽ പ്രവർത്തനം തുടങ്ങണം. ഈ 88 വ്യവസായങ്ങളും ഈ ഗവൺമെന്റ് വന്നതിനു ശേഷം പ്രവർത്തനം തുടങ്ങിയതിൽ 34 എണ്ണം ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഉൽപ്പാദനവും തുടങ്ങി. അതോടൊപ്പംതന്നെ പഴയ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതിൽ പലതും ഈ ഗവൺമെന്റിന്റെ കാലത്ത് ഉൽപ്പാദനം തുടങ്ങി. അതിലൊന്നായ കേരളാ ഓട്ടോമൊബൈൽസ് ഉൽപ്പാദനം തുടങ്ങിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. അതുപോലെ കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ഒഫിഷ്യലായിട്ട് ഉൽപ്പാദനം നടത്താൻ പോകുകയാണ്. പഴയ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതായിരുന്നു ഇത്, പക്ഷെ ഇതിന്റെ പ്രവർത്തനം മുടങ്ങിക്കിടന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന് പണം കൊടുക്കുകയില്ലെന്ന് പറഞ്ഞപ്പോഴും, 104 കോടി രൂപ മുതൽമുടക്കു വരുന്ന ഈ പ്രോജക്റ്റിന് കേന്ദ്ര ഗവൺമെന്റും ധന കാര്യ സ്ഥാപനങ്ങളും പണം കൊടുക്കാൻ സാദ്ധ്യമല്ലെന്നു പറഞ്ഞപ്പോഴും 63 കോടി രൂപ അതിനുവേണ്ടി ഈ ഗവൺമെന്റ് പ്രത്യേക താൽപ്പര്യ മെടുത്ത് ലഭ്യമാക്കി.

സർ, മലബാർ സിമന്റ്സിന്റെ സ്ഥിതിയെന്തായിരുന്നു? സർ, എനിക്ക് ബഹുമാനപ്പെട്ട മെമ്പറൻമാരോട് പറയുവാനുള്ളത് വ്യവസായ വൽക്കരണത്തിന് ഈ ഗവൺമെന്റ് ആൽമാർത്ഥമായ ഒരു ശ്രമം നടത്തി. ആ ശ്രമത്തിൽ തെറ്റുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണം. വിരോധമില്ല. പക്ഷെ ഇവിടെയൊന്നും നടന്നിട്ടില്ലെന്ന് പറയരുത്. പറഞ്ഞാൽ എനിക്ക് വളരെ വിനയപൂർവ്വം അവരോട് പറയാനുള്ളത് ഒന്ന് മാത്ര മാണ്. കരിമ്പിന് കയ്പ്പുണ്ടെന്നു തോന്നുന്നെങ്കിൽ അത് കരിമ്പിന്റെ കുഴപ്പമല്ല അത് രുചിച്ചറിയുന്ന വായയുടെ കുഴപ്പമാണ്.

സർ, ഇനി ഇൻവെസ്റ്റ്മെന്റിന്റെ കാര്യം പറയാം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ആക്ച്വൽ ഇൻവെസ്റ്റ്മെന്റ് പറയാം. ഞാൻ പറയുന്നത് പ്രോജക്ട് കോസ്റ്റല്ല. ആക്ച്വൽ ഇൻവെസ്റ്റ്മെന്റ് ആണ്. ആ ഗവൺമെന്റിന്റെ കാലത്ത് വ്യാവസായിക വകുപ്പിന്റെ പ്രവർത്തനങ്ങൾകൊണ്ടു മാത്രം 560 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റുണ്ടായിട്ടുണ്ട്. വിശദ വിവരം വേണമെങ്കിൽ പറയാം. കെ. എസ്. ഐ. ഡി. സി 75 കോടി. ഇത് കെ. എസ്. ഐ. ഡി. യുടെ ബഡ്ജറ്റ് മണി മാത്രമല്ല, സാമ്പത്തിക സ്ഥാപനങ്ങളും പ്രത്യേകിച്ചും ഐ. ഡി. ബി ഐ. യുടെ അസിസ്റ്റൻസും ഉൾപ്പെടെയാണ്. അതുകൊണ്ട് 560 കോടി രൂപ ബഡ്ജറ്റിലുണ്ടോയെന്ന് ചോദിച്ചാൽ ശരിയായിരിക്കുകയില്ല. ഇൻവെസ്റ്റ്മെന്റ് എന്നുള്ളത് ബഡ്ജറ്റിലുള്ളത് മാത്രമല്ല. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കിയതുകൂടി ഉണ്ട്. അങ്ങനെ 560 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഇവിടെയുണ്ടായിട്ടുണ്ട്.

വൻകിട—ഇടത്തരം മേഖലയിൽ സ്വസ്ഥാന ഗവൺമെന്റിന്റെയും, കെ. എസ്. ഐ. ഡി.സി. യുടെയും, ഹോൾഡിംഗ് കമ്പനിയുടെയും, സ്റ്റേറ്റ് ഇൻഡസ്ട്രീസ് കേരളായുടെയും എല്ലാംകൂടി 283.63 കോടി രൂപ ഉൾപ്പെടും. സ്മാൾ ഇൻഡസ്ട്രിയൽ സെക്ടറിൽ പതിമൂവായിരത്തിൽപ്പരം രജിസ്റ്റർ ചെയ്ത് ആരംഭിച്ച ചെറുകിട വ്യവസായങ്ങളിലെ മുതൽമുടക്ക് 140 കോടി രൂപയാണ്. സ്വയം തൊഴിൽ പദ്ധതിപ്രകാരം വായ്പ അനുവദിച്ചുകൊടുത്തത് 68 കോടി രൂപയാണ്. അതുപോലെ ആർട്ടിസാൻസ് ഡവലപ്പ്മെന്റ്, കോർപ്പ റേഷൻ വഴി ആർട്ടിസാൻസിന് ഉപകരണങ്ങളും മറ്റും വാങ്ങാൻ ഗവൺമെന്റും ബാങ്കുകളും കൂടി മുതൽമുടക്കിയത് 2 കോടി രൂപ. കയർ, ഹാൻഡ്ലൂം വിഭാഗത്തിൽ കേന്ദ്രത്തിൽനിന്ന് ലഭ്യമായതും സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയതുമായ 17 കോടി രൂപ. ഖാദിക്ക് കഴിഞ്ഞ നാലുകൊല്ലമായി ഖാദി കമ്മീഷനിൽനിന്ന് സംസ്ഥാന ഗവൺമെന്റ് മുഖേന കിട്ടിയ 15 കോടി രൂപ. ഇതെല്ലാം കൂടി 526 കോടി രൂപ വരും. കൂടാതെ അലിൻഡ്, ട്രാവൻകൂർ ഇലക ട്രോകെമിക്കൽസ്, ട്രാവൻകൂർ റയോൺസ്, മറ്റു സഹകാര്യ വ്യവസായങ്ങളും ഇവയിലെല്ലാംകൂടി 35 കോടി രൂപയുടെ മുതൽ

LIBRARY ARCHIVES Kerala Legislative Assembly

മുടക്കുണ്ട്. അങ്ങനെ എല്ലാം കൂടി ചേരുമ്പോൾ കഴിഞ്ഞ നാലു വർഷങ്ങൾക്കകം കേരളത്തിൽ, വ്യാവസായിക രംഗത്ത് 560 കോടി രൂപ മുതൽമുടക്കുണ്ടായിയെന്ന് ഞാൻ പറയുകയാണ്. അതോടൊപ്പംതന്നെ കൂടുതൽ തൊഴിലവസരങ്ങളും ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഞാൻ വിടുവായത്തം പറയുന്നതല്ല. ഉൽപ്പാദനം തുടങ്ങിയ 58 വ്യവസായ സ്ഥാപനങ്ങളിൽ (24 പഴയതു, 34 പുതിയതും ഉൾപ്പെടെ) 6241 പേർക്ക് തൊഴിൽ ലഭിച്ചു. 13688 ചെറുകിട വ്യവസായ യൂണിറ്റുകളിൽ, ഒരു യൂണിറ്റിൽ എട്ടു പേരെന്നമാത്രം വച്ച് തൊഴിൽ ലഭിച്ചവരുടെ എണ്ണമെടുത്താൽ ചിലത് 30 ആയിരിക്കും, ചിലത് 20 ആയിരിക്കും, ചിലത് 10 ആയിരിക്കും, ചിലത് 5 ആയിരിക്കും. ഒരുലക്ഷത്തി ൻപതിനായിരത്തി അഞ്ഞൂറ്റി നാല് പേർക്ക് തൊഴിൽ കിട്ടി. 37955 സ്വയം തൊഴിൽ കണ്ടെത്തൽ വായ്പയിൽ 1.22 പ്രകാരം തൊഴിൽ സാദ്ധ്യത കണക്കാക്കിയാൽ, തൊഴിൽ ലഭിച്ചവർ 46,000. 1746 ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളിൽ 27025 പേർക്ക് തൊഴിൽ കിട്ടി. ആർട്ടിസാൻസ് ഡവലപ്പുമെൻറ് കോർപ്പറേഷൻ പുതുതായി രൂപീകരിച്ച 7 യൂണിറ്റുകൾ വഴിയും മറ്റു പദ്ധതികൾ വഴിയും 3111 പേർക്ക് തൊഴിൽ കിട്ടി. പനമ്പ് വ്യവസായത്തിൽ 2498 പേർക്ക് തൊഴിൽ ലഭിച്ചു. കയർ വ്യവസായത്തിൽ പുതുതായി ഉണ്ടായ തൊഴിലവസരങ്ങൾ പതിനാലായിരം. കൈത്തറി വ്യവസായത്തിൽ 32500 പേർ പുതുതായി സഹകരണമേഖലയിൽ വന്നു. അടഞ്ഞുകിടന്ന 10 കശുവണ്ടിഫാക്ടറികൾ ഗവൺമെൻറ് ഏറ്റെടുത്തു പ്രവർത്തനം ആരംഭിച്ചതുവഴി 4619 പേർക്ക് തൊഴിൽ കിട്ടി.

സഹകരണ മേഖലയിൽ ഉണ്ടായ തൊഴിലവസരം ഞാൻ കൂട്ടുന്നില്ല. അങ്ങനെ കഴിഞ്ഞ നാലു വർഷങ്ങൾക്കകം 560 കോടി രൂപയുടെ ഇൻവെസ്റ്റ്മെൻറും, 2,42,498 തൊഴിൽ അവസരങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ.

സർ, ഇനി ഈ സംസ്ഥാനത്തിലെ വ്യാവസായിക വളർച്ചയ്ക്കു വേണ്ടി എടുത്തിട്ടുള്ള പദ്ധതിപ്രവർത്തനങ്ങളെ സംബന്ധിച്ചുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. നടപ്പുവർഷത്തിൽ സംസ്ഥാന ഗവൺമെൻറ് ചില പുതിയ വ്യവസായ യൂണിറ്റുകൾകൂടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 11 കോടി രൂപ മുതൽമുടക്കുള്ള തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്തെ ആസ്പിരിൻ പ്ലാൻറിനെപ്പറ്റി ശ്രീ. വിജയദാസ് ഇവിടെ പറഞ്ഞു, കഴിഞ്ഞ ഗവൺമെൻറിൻറെ കാലത്ത് ആരംഭിച്ചതാണെന്ന്. സർ, അതു ശരിയല്ല. 1982 ഒക്ടോബർമാസമാണ് ഇതിനുള്ള ലൈസൻസ് കിട്ടിയത്. മാത്രമല്ല ഇത് ആലപ്പുഴ ജില്ലയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് ഷിഫ്റ്റ്, ചെയ്ത ഓർഡറും ഈ കാലഘട്ടത്തിലാണ് ഉണ്ടായത്. അത് ഈ സാമ്പത്തികവർഷം തന്നെ ഉൽപ്പാദനം തുടങ്ങുന്നതാണ്. മലപ്പുറം ജില്ലയിലെ എടരിക്കോട് സ്പിന്നിംഗ് മിൽസ് 7 കോടി രൂപ മുതൽമുടക്കുള്ളതാണ്. അതും ഈ സാമ്പത്തികവർഷംതന്നെ ഉൽപ്പാദനം തുടങ്ങുന്നതാണ്. 104 കോടി രൂപ മുതൽമുടക്കുള്ള കൊല്ലം ജില്ലയിലെ കേരള മിനറൽസ് ആൻറ് മെറ്റൽസ് ഈ കാലഘട്ടത്തിൽതന്നെ ഔപചാരികമായി ഉൽപാദനം തുടങ്ങുമെന്ന് ഞാൻ നേരത്തെ പറഞ്ഞു.

സർ, ഇനി ഞാൻ കെ. എസ്. ഐ. ഡി. സി. പ്രോജക്ടുകളെ സംബന്ധിച്ച് പറയാം. സഭയിലെ ബഹുമാനപ്പെട്ട പല മെമ്പർമാർക്കും താല്പര്യമുള്ളതുകൊണ്ട് വളരെ വിശദമായിത്തന്നെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുകയാണ്. Hyatkum Exports Ltd. എന്നു പറഞ്ഞ് നെടുമങ്ങാട്ട് ഉള്ള 1.9 കോടി രൂപ ചെലവുള്ള പദ്ധതി, അതിന് കേന്ദ്ര ഗവൺമെൻറിൽ നിന്നും ഫോറസ്റ്റ് ലാൻറിലെ മരം മുറിക്കാൻ അനുമതി കിട്ടിയാൽ ഈ സാമ്പത്തികവർഷത്തിൽതന്നെ ഉൽപ്പാദനം ആരംഭിക്കുന്നതാണ്. അതുപോലെതന്നെ എറണാട്ടിലെ കൊണ്ടോട്ട് ടെൽസ്, കണ്ണൂരിലെ തളിപ്പറമ്പിൽ മോത്തി കെമിക്കൽസ്, പാലക്കാട് ജില്ലയിലെ വാളയാറിലുള്ള ഡിൻജാസ് ഇൻഡ്യാ ലിമിറ്റഡ് (ജെ.സ് ഉണ്ടാക്കുന്ന രണ്ടരക്കോടി രൂപയുടെ പദ്ധതി) ചെങ്ങന്നൂരിലെ എൻ. സി. മെഷീൻ ടൂൾസ് (ഒരു കോടി രൂപയുടെ പദ്ധതി) തൃശ്ശൂരിലെ തലപ്പള്ളിയിൽ ഓറിയൻറൽ പ്ലാസ്റ്റിക് ആൻറ് ലാമിനേഷൻസ് (1.90 കോടി രൂപ). അതുപോലെ തന്നെ ബ്ലഡ് നിറയ്ക്കാൻ കുപ്പികൾക്കുപകരം Blood Bags ഉണ്ടാക്കാനുള്ള തിരുവനന്തപുരം ജില്ലയിൽ വള്ളക്കടവിൽ 1.90 കോടി രൂപ മുതൽമുടക്കുള്ള Pensular Polymers Ltd., ചേർത്തലയിലുള്ള 1.50 കോടി മുതൽമുടക്കുള്ള ഇൻറർനാഷണൽ ക്രിയേറ്റീവ് ഫൂട്ട്സ്, 2.50 കോടി രൂപ മുതൽ മുടക്കുള്ള നിലമ്പൂരിലെ തോംസൺ ഡ്രഗ്സ് ആൻറ് കെമിക്കൽസ്, ഇടുക്കിയിലെ തൊടുപുഴയിലുള്ള 58 ലക്ഷം രൂപ മുതൽമുടക്കുള്ള മോഡേൺ കേരള ടൈൽസ്, ഇത്രയും വ്യവസായ യൂണിറ്റുകൾ ഈ വർഷംതന്നെ ഉല്പാദനം ആരംഭിക്കുന്നതാണ്.

അതുപോലെതന്നെ വളരെയടുത്ത് പുതുതായി ആരംഭിക്കാൻ പോകുന്ന ചില പദ്ധതികൂടി ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. നാലുകോടി രൂപ മുതൽ മുടക്കുവരുന്ന തിരുവനന്തപുരത്ത് കുളത്തൂരിലെ കെൽട്രോണിൻറെ ഡിജിറ്റൽ മാസ്റ്റർ പ്ലാസ്മിംഗ് ഏകോപിപ്പിക്കൽ പ്രോജക്ട് ഈ കൊല്ലം തന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. 50 കോടി രൂപ മുതൽമുടക്കുവരുന്ന കൊല്ലംജില്ലയിൽ, സംസ്ഥാന ഗവൺമെൻറിൻറെ ഉടമയിലുള്ളതുമായ പെരുമണിലുള്ള സ്പെഷ്യൽ റിഫ്രാക്ടറി പ്രോജക്ടിൻറെ പ്രാരംഭ പ്രവർത്തനവും ഏതാണ്ട് പൂർത്തിയായി. അതിൻറെ നിർമ്മാണപ്രവർത്തനവും 1986-87-ൽ ആരംഭിക്കുന്നതാണ്. 20 കോടി രൂപ മുതൽമുടക്കുള്ള തിരുവല്ലായിലെ ജെല്ലിഫിൽഡ് കേബിൾസ് പ്രോജക്ടിൻറെയും, ഫോറിൻ കൊളാബൊറേഷൻ സംബന്ധിച്ച പ്രവർത്തനങ്ങളും ഏതാണ്ട് പൂർത്തിയായിരിക്കുന്നു. 11 കോടി രൂപ മുതൽമുടക്കുള്ള പാലക്കാട് ടെലഫോൺസ് ഇൻസ്ട്രുമെൻറ്സ് നിർമ്മാണ ഫാക്ടറിയും, രണ്ടരക്കോടി രൂപ മുതൽമുടക്കുള്ള പെരിന്തൽമണ്ണയിലെ 'എൽസീറ സബ്ട്രേറ്റ്സ്' എന്നു പറയുന്ന എൻ. ആർ. ഐ. സഹായത്തോടുകൂടിയ ഫാക്ടറിയും, 20 കോടി രൂപ മുതൽമുടക്കുള്ള കണ്ണൂരിലെ കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിൻറെ വികസനവും നടപ്പുസാമ്പത്തികവർഷം ആരംഭിക്കുന്നതാണ്. കൂടാതെ കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനീയറിങ്ങ് ലിമിറ്റഡിൻറെ കീഴിൽ നാലു പുതിയ പദ്ധതികളും ഈ കാലഘട്ടത്തിൽ തന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. 12 കോടി രൂപ മുതൽമുടക്കിൽ കാസർകോട് ഒരു ജനറൽ പർപ്പസ് ആംപ്ലിഫയർ പ്രോജക്ട്, 8 കോടി രൂപ മുതൽമുടക്കിൽ കോഴിക്കോട് ജില്ലയിൽ, നിക്കൽ കാഡ്മിയം ബാറ്ററി പ്രോജക്ട്, 5 കോടി രൂപ മുതൽമുടക്കിൽ മലപ്പുറം ജില്ലയിൽ ഒരു ആട്ടോമൊബൈൽ ആംപ്ലിഫയർ പ്രോജക്ട്, 31.50 കോടി രൂപ മുതൽമുടക്കിൽ തൃശ്ശൂർ ജില്ലയിൽ ഒരു ടൂ വീലർ പ്രോജക്ട് മുതലായവയാണ് കേരളാ ഇലക്ട്രിക്കൽ ആൻറ് അലൈഡ്

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് കമ്പനി പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങളും. കൂടാതെ 75 ലക്ഷം രൂപ മുതൽമുടക്കിൽ കണ്ണൂരിലെ കേരള ക്ലേയ്സ് ആൻറ് സിറാമിക്സിൽ, ഗ്ലേസ്ഡ് ടൈൽസ് ആൻറ് സാനിട്ടറി വെയർ പ്രോജക്ടും ഈ കാലഘട്ടത്തിൽത്തന്നെ തുടങ്ങുന്നതാണ്.

സർ, കെൽട്രോണിനെ സംബന്ധിച്ച് ചില തീരുമാനങ്ങളും ഗവൺമെൻറ് എടുത്തിട്ടുണ്ട്. അതിൽ ഒന്ന്, 1990 ആകുമ്പോഴേക്കും ഇൻഡ്യയിലുള്ള ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ 10 ശതമാനം കേരളത്തിനേതായിരിക്കണം എന്ന ലക്ഷ്യത്തിൽ എത്തുക എന്നുള്ളതാണ്, ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ള നയമാണ്. അതുപോലെതന്നെ, ഇവിടെ എഞ്ചിനീയറിങ്ങിൽ ബിരുദംനേടി ഉയർന്നുവന്നിട്ടുള്ള ധാരാളം ചെറുപ്പക്കാരുണ്ട്. എന്നാൽ അവർക്ക് ഹൈടെക്നോളജിയിൽ വേണ്ട പരിശീലനം ഇല്ല. അതുകൊണ്ട് തിരുവനന്തപുരത്തുള്ള കെൽട്രോൺ സൈബർനെട്രിക്സ് പ്രോജക്ടിനോട് ബന്ധപ്പെട്ടുകൊണ്ടും അരൂരിലുള്ള കെൽട്രോൺ കൺട്രോൾസിനോട് അനുബന്ധിച്ചുകൊണ്ടും കണ്ണൂരിലുള്ള കെൽട്രോൺ കമ്പോണൻറ്സ് കോപ്ലക്സിൻറെ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടും 50 വീതം എഞ്ചിനീയറിങ്ങ് ബിരുദധാരികൾക്ക് ഓരോ കൊല്ലത്തെ പരിശീലനകോഴ്സ് കെൽട്രോൺ ഏർപ്പെടുത്തുന്നതാണ്.

സർ, മറെറാരു കാര്യം എനിക്ക് പറയുവാനുള്ളത് കെൽട്രോൺ നിർമ്മിക്കുന്ന പല ഉല്പന്നങ്ങളുമായും ജനങ്ങൾക്ക് ഒരു മാസ് കോൺടാക്ട് ഉണ്ടാക്കുവാൻ ഇലക്ട്രോണിക് എക്സ്പോ എന്ന പേരിൽ ഓരോ കൊല്ലവും ജില്ലാതലസ്ഥാനങ്ങളിൽ കെൽട്രോൺ ഒരു എക്സിബിഷൻ സംഘടിപ്പിക്കുന്നതാണ്.

ശ്രീ. ബേബിജോൺ: സർ, കെൽട്രോണിൻെറ കാര്യം പറഞ്ഞു. വളരെ നല്ലകാര്യമാണ്. നമുക്ക് അഭിമാനിക്കാവുന്നതാണ്. ഇപ്പോൾ ചെറിയ യൂണിറ്റ്സിലൊക്കെ ടി. വി. ഉണ്ടാക്കിക്കൊണ്ട് കെൽട്രോണിൻെറ ലേബൽ ഒട്ടിച്ച് വിൽക്കുന്ന ഏർപ്പാടിനെക്കുറിച്ച് അറിയാമോ?

ശ്രീ. ഇ. അഹമ്മദ്: സർ, പുതിയ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുക, പ്രത്യേകിച്ച് നോൺറെസിഡൻസിനെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിറുത്തി, ടെലിവിഷൻ നിർമ്മാണത്തിനു വേണ്ടി മുന്നോട്ടുവരുന്നവർക്ക് യൂണിറ്റുകളാരംഭിക്കാൻ കെൽട്രോൺ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. കെൽട്രോണിൻെറ കൊളാബറേഷനോടുകൂടി യൂണിറ്റുകളും ആരംഭിക്കുന്നുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി: സർ, നിങ്ങൾ അസംബ്ലിചെയ്യുന്നത് മാത്രമേയുള്ളു. വെറുതെ ഉല്പാദിപ്പിക്കുന്നുവെന്നൊക്കെ പറയുകയാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, കെൽട്രോൺ കൺട്രോൾസിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് അറിഞ്ഞുകൂടെ? കെൽട്രോൺ കൺട്രോൾസ് നിർമ്മിക്കുന്നത് ഇവിടെ നിർമ്മിക്കുന്നതല്ലേ? ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ നിയോജകമണ്ഡലമായ അരൂരിൽ ഉൽപാദിപ്പിക്കുന്നത് ഇവിടെ ഉൽപാദിപ്പിക്കുന്നതല്ലേ? അവിടെയുള്ളത് മുഴുവൻ വിദേശത്തുനിന്ന് കൊണ്ടുവന്നതാണോ ? ഇൻഡ്യയിലെ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും വലിയ ഫാക്ടറികൾ, ഇൻഡ്യയിലെ തന്നെ വലിയ പ്രോജക്ടുകൾ പോലും വാങ്ങിക്കുന്നത് കെൽട്രോൺ കൺട്രോൾസിൽനിന്നല്ലേ?

ശ്രീ. ഇ. കെ. നായനാർ : സർ, പാലക്കാട്ടെ ടെലഫോൺസിനെ പറ്റി ഇവിടെ പറഞ്ഞല്ലൊ. ഇൻഡ്യാഗവൺമെന്റ് ഇപ്പോൾ തീരുമാനം എടുത്താണ് 700 കോടി രൂപയ്ക്കുള്ള മെഷിനറി ഇമ്പോർട്ട് ചെയ്യാൻ. അതുസംബന്ധിച്ച് വല്ല വിവരവുമുണ്ടോ? BPL-ൽ ഉണ്ടാക്കാൻ കഴിയുന്ന മെഷിനറിയാണ് ഇമ്പോർട്ട് ചെയ്യാൻവേണ്ടി ഇപ്പോൾ തീരുമാനം എടുത്തിരിക്കുന്നത്.

ശ്രീ. ഇ. അഹമ്മദ് : സർ, പാലക്കാട്ടെ ഫാക്ടറി നിലവിൽ വന്നാൽ ഇൻഡ്യാഗവൺമെന്റിന്റെ ഇറക്കുമതി കുറയുമെന്നാണ് എന്റെ വിശ്വാസം.

ഇവിടെ പീഡിത വ്യവസായത്തെപ്പറ്റി ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. പീഡിത വ്യവസായത്തെ സഹായിക്കാൻവേണ്ടി ഇന്ന് ഇൻഡസ്ട്രിയൽ റീ കൺസ്ട്രക്ഷൻ ബാങ്ക് ഓഫ് ഇൻഡ്യ (IRBI)....

.....

ശ്രീ. സി. പി. മുസ്സാൻകുട്ടി : സർ, മങ്ങാട്ടുപറമ്പിൽ റൂറൽ ടെലഫോൺ എക്യുപ്മെന്റ് ഫാക്ടറി എന്ന് തുടങ്ങാൻ സാധിക്കും? അതുസംബന്ധിച്ച് വല്ലതും പറയാൻ സാധിക്കുമോ?

ശ്രീ. ഇ. അഹമ്മദ് : സർ, കേന്ദ്രഗവൺമെന്റ് അതിന്റെ ടെക്നിക്കൽ കൊളാബറേഷൻ തീർച്ചപ്പെടുത്താത്തതുകൊണ്ട് ആണ് പറയാഞ്ഞത്. അതുപോലെതന്നെ പാലക്കാടിനെ സംബന്ധിച്ചിടത്തോളം തീരുമാനിച്ചുകഴിഞ്ഞു. ഇനി അത് മാത്രമേ തീരുമാനിക്കാനുള്ളൂ. തീരുമാനിച്ച് കഴിഞ്ഞാൽ ആരംഭിക്കുന്നതാണ്.

സർ, ഞാൻ പറഞ്ഞുവന്നത് പീഡിതവ്യവസായങ്ങളെപ്പറ്റിയാണ്. ഇടത്തരം വൻകിട വ്യവസായങ്ങളിലെ പീഡിതവ്യവസായത്തെ സമുദ്ധരിക്കുന്നതിനുള്ള ഒരു പദ്ധതി നമുക്ക് പ്രത്യേകമായിട്ട് ഇല്ല. ആ പദ്ധതിക്കുവേണ്ടി കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ഒരു പ്രത്യേക ഡിവിഷൻ ആരംഭിക്കുന്നതാണ്. അതോടൊപ്പംതന്നെ വിദേശങ്ങളിൽനിന്ന് വരുന്ന മലയാളികളെ സംബന്ധിച്ചിടത്തോളം, അവരിൽനിന്ന് വിദേശ മൂലധനം സ്വരൂപിക്കാനായി വളരെയേറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഈയിടെയായിട്ടുതന്നെ ഏതാണ്ട് ഏഴ് വ്യവസായ യൂണിറ്റുകൾ—കെൽട്രോണിന്റെ നേതൃത്വത്തിൽ നാലും, കെ. എസ്. ഐ. ഡി. സി. യുടേത് മൂന്നും ഏതാണ്ട് പ്രവർത്തനം ആരംഭിച്ചു. അതിൽ കെൽട്രോണിന്റേത് ഉല്പാദനം ആരംഭിച്ചു. എൻ. ആർ. ഐ. ഇൻവെസ്റ്റ്മെന്റ് കൂടുതൽ സ്വരൂപിക്കുന്നതിനുവേണ്ടി അതുസംബന്ധിച്ച് ഇൻഡ്യാഗവൺമെന്റുമായി പല എഴുത്തുകുത്തുകളും നടത്തിയിരുന്നു. ഇൻഡ്യാഗവൺമെന്റിനോട് വിദേശ മൂലധനം സ്വരൂപിക്കാനായി ഒരു ട്രസ്റ്റ് രൂപീകരിക്കാൻ സമ്മതം വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. പക്ഷേ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യമന്ത്രി ഈ അടുത്ത ആഴ്ച ഡൽഹിയിൽ ഇതുസംബന്ധിച്ച് ചർച്ചചെയ്യാൻ പ്രത്യേക യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ഐ. ഡി. സി. യുടെ കീഴിൽ എൻ. ആർ. ഐ. ഇൻവെസ്റ്റ്മെന്റ് സ്വരൂപിക്കാനായി

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രത്യേക ഡിവിഷൻ ആരംഭിക്കുന്നതാണ്. ചെറുകിട മേഖലയിലുള്ള പിന്നിതവ്യവസായങ്ങളെ സഹായിക്കാൻ ഒരു പദ്ധതിയുണ്ടെങ്കിലും സാമ്പത്തിക പരാധീനതകൊണ്ട് മുഴുവൻ പിന്നിത വ്യവസായങ്ങളേയും പുനരധിവസിപ്പിക്കാൻ സാധിക്കുന്നില്ല. ഇതിന്റെ മുഴുവൻ ചുമതലയും സിഡ്കോയെ ഏൽപ്പിച്ചുകൊണ്ട് ഇതിനെ ഒരു പ്രത്യേക പ്രോജക്ടായി എടുക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഈ രംഗത്ത് ഒരു കാര്യം പറയാനുള്ളത് ത്രികക്ഷി സമ്മേളനത്തെ സംബന്ധിച്ചാണ്. ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടി. ഒന്നുകൂടി ത്രികക്ഷിസമ്മേളനം വിളിച്ചുകൊണ്ട് ഉല്പാദനം കാര്യക്ഷമമാക്കാനുള്ള നടപടികളും ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സർ, പല മെമ്പർമാരും പറഞ്ഞതിൽ ഒരു കാര്യം എനിക്ക് ഇവിടെ എടുത്തുകാണിക്കണമെന്നുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ വളരെ കൂടുതലാണ്. അത് കുറയ്ക്കണമെങ്കിൽ കൂടുതൽ ഉല്പാദനം ഉണ്ടായിരിക്കണം. നമ്മുടെ പ്രധാനമന്ത്രി തന്നെ ഇതുസംബന്ധിച്ച് ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. അതായത് നമ്മുടെ നാട്ടിലുള്ള ഉല്പാദനം.

We have for various reasons came up with the high cost economy, a very high cost of inputs whether it is energy, transport or raw materials that have to go in and we are slowly pricing ourselves out of the world market and it will only be a matter of time before we price ourselves out of our own market.

സർ, ഇതാണ് കേരളത്തിലെ പല ഉല്പാദനങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി. അതുപോലെതന്നെ വളരെ പ്രസക്തമായ മറെറാന്നുകൂടി ഞാൻ പറയുകയാണ്. Irresponsible Trade Unions are warned that affecting the growth of industries will not be tolerated and said workers should take equal interest with the Government in the economic development of their respective unit areas.

സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾക്കുകൂടി ഇതിനോട് അഭിപ്രായവ്യത്യാസം ഉണ്ടാവുകയില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. The workers might have demands and difficulties but those should be solved through meaningful discussion and in a disciplined manner.

സർ, ഇത് ശ്രീ. ജ്യോതിബാസുവിന്റെ അഭിപ്രായമാണ്. ഇതും കൂടി നമ്മൾ സ്വീകരിക്കേണ്ടതാണ്. ശ്രീ. ജ്യോതിബാസു മാർച്ച് നാലാം തീയതിയിലെ ഹിന്ദുവിൽ പറഞ്ഞതാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. അതിനുവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ മുഴുവൻ സഹകരണം എനിക്കും എന്റെ സഹപ്രവർത്തകനായ തൊഴിൽ മന്ത്രിക്കും ഉണ്ടായിരിക്കണമെന്നാണ് ഞാൻ പറയുന്നത്. മറെറാരു കാര്യം എനിക്ക് പറയാനുള്ളത് നമ്മുടെ സംസ്ഥാനം ഒരു കൺസ്യൂമർ സ്റേറ്റാണ്. അത് മാറി ഒരു പ്രൊഡ്യൂസിംഗ് സ്റേറ്റായി മാറണം. 13,000 ചെറുകിട യൂണിറുകളും ഇവിടെ വന്നതിൽ 10,000-ൽ പരം യൂണിറുകളും കൺസ്യൂമർ പ്രൊഡക്ടാണ് ഉണ്ടാക്കുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, മറെറാരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് ഇവിടെ പല മെമ്പർമാരും ടൈറാനിയത്തെക്കുറിച്ച് പറയുകയുണ്ടായി. ടൈറാനിയത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് ഒരു അലസതയും കാണിച്ചിട്ടില്ല. ഡയോക്സൈഡ് ഗ്രൂപ്പുമായി ഉണ്ടായ ചർച്ച വളരെക്കാലമായി മുടങ്ങിക്കിടക്കുകയായിരുന്നു. ഈ ഗവൺമെൻറ് വന്നതിനുശേഷം അത് പുനരാരംഭിച്ചു. അതിനുശേഷം ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ ഞാൻതന്നെ പോവുകയുണ്ടായി. അവർ പറയുന്നത് 51 ശതമാനം ഇക്വിറ്റി പാർട്ടിസിപ്പേഷൻ വേണമെന്നാണ്. 40 ശതമാനം ഞങ്ങൾ സമ്മതിച്ചു. ഇൻഡ്യാ ഗവൺമെൻറ് അനുവദിച്ചത് 40 ശതമാനം മാത്രമാണ്. ആ 40 ശതമാനം 49 ശതമാനമാക്കി വർദ്ധിപ്പിക്കാൻ പറഞ്ഞു എന്നിട്ടും അവർ സമ്മതിക്കുന്നില്ല. ഡയോക്സൈഡ് ഗ്രൂപ്പ് പറയുന്നത് 51 ശതമാനം ഷെയർ പാർട്ടിസിപ്പേഷൻ അവർക്ക് കൊടുക്കണമെന്നാണ്. അത് സമ്മതിക്കാൻ നിർവാഹമില്ല. ഒരു പൊതുമേഖലാസ്ഥാപനത്തെ സ്വകാര്യമേഖലയിലേക്ക് കൊണ്ടുപോകുന്നത് ഒരിക്കലും ശരിയല്ല. അതുപോലെ ഇവിടെ ഫോം മാറ്റിംഗ്സിനെക്കുറിച്ച് പറഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ എക്സൽ ഗ്ലാസ് ഫാക്ടറി റൊമാനിയയ്ക്ക് എങ്ങനെയാണ് കൊടുത്തത്, അത് ലാഭകരമായി നടക്കുമ്പോൾ?

ശ്രീ. ഇ. അഹമ്മദ്: സർ, എക്സൽ ഗ്ലാസ് ഫാക്ടറി ജോയിൻറ് സെക്ടറിലുള്ളതാണ്. എക്സൽ ഗ്ലാസ് ഫാക്ടറി പൊതുമേഖലയിൽ ഉള്ളതല്ല. അത് കെ.എസ്.ഐ.ഡി.സി. പ്രൊമോട്ട് ചെയ്തതാണ്. ഇത് അതല്ല സ്വസ്ഥാന ഗവൺമെൻറ് ഉടമയിലുള്ളതാണ്.

സർ, അതുപോലെത്തന്നെ സീതാറാം മിൽസിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞത് ആ പ്രോജക്ടിനു ഒരു കോടി രൂപ കണ്ടെത്തണമെന്നാണ്. ഇതിനെ സംബന്ധിച്ച് മുഖ്യമന്ത്രിതന്നെ ഒരു യോഗം വിളിച്ചുകൂട്ടിയിരിക്കുകയാണ്. റിബോറിനെപ്പറ്റി ചില ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമാണ് ഹാൻറ്ലൂമിന് ഏറ്റവും മധികം റിബേറ്റ് കൊടുത്തത്. 470 ലക്ഷം രൂപയാണ് കുടിശ്ശികയുള്ളത്. 400 ലക്ഷം രൂപ ഈ ബഡ്ജറ്റ് പാസ്സാക്കിയാൽ ഉടനെ തന്നെ കൊടുക്കാൻ സാധിക്കും.

സർ, പരമ്പരാഗത വ്യവസായത്തെപറ്റിയാണ് എനിക്ക് ഇനിയൊരു കാര്യം പറയാനുള്ളത്. ഈ ഗവൺമെൻറിനു പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഒരു കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാടിൻറെ ഫലമായിട്ട് കശുവണ്ടി വ്യവസായരംഗത്ത് അടഞ്ഞുകിടക്കുന്ന ഫാക്ടറികളെല്ലാം തുറന്നു എന്നു ഞാൻ പറയുന്നില്ല. ഈ ഗവൺമെൻറിനു മാത്രമേ അടഞ്ഞുകിടന്ന ഫാക്ടറികളിലെ 4,000-ൽപ്പരം ആളുകൾക്ക് ജോലി കൊടുക്കാൻ സാധിച്ചിട്ടുള്ളു. കൂടുതൽ ഫാക്ടറികൾ കാപ്പെക്സിനെക്കൊണ്ട് എടുപ്പിക്കണമെന്നും പറഞ്ഞ കൂട്ടത്തിൽ കാഷ്യു ഡവലപ്പ്മെൻറ് കോർപ്പറേഷനെ സംബന്ധിച്ചും ശ്രീമതി ഗൗരിയമ്മ പറഞ്ഞു. അവർ പൊതുമേഖലയെ സംബന്ധിച്ച് പറയുമ്പോൾ ഒന്ന് ചൊടിച്ചു പറഞ്ഞു. പക്ഷേ ശ്രീമതി ഗൗരിയമ്മ അറിയുന്നതിനുവേണ്ടി ഞാൻ പറയുകയാണ്, കാഷ്യു ഡവലപ്പ്മെൻറ് കോർപ്പറേഷനു ഇരുപത്തിയെട്ട് കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ അക്യുമുലേറേഡ് ലോസ് ഉണ്ടായിരുന്നു. അത്, ഈ ഗവൺമെൻറിന്റെ ഷെയറാക്കിക്കൊണ്ട് സാമ്പത്തികമായ വിഷമങ്ങളിൽനിന്ന് രക്ഷിച്ചു.

ശ്രീ. ബേബിജോൺ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇങ്ങനെ കടം കൊടുക്കുന്ന അവസരത്തിൽ ചിലപ്പോൾ അവരെ സഹായിക്കുന്നതിനുവേണ്ടി ഷെയറായി കൺവർട്ട് ചെയ്യുന്നത് ഒരു പുതിയ കാര്യമാണോ?

ശ്രീ. ഇ. അഹമ്മദ്: സർ, അത് പുതിയ കാര്യമാണ്. ഇതിനു മുമ്പ് ഒരു ഗവൺമെൻറും ഇത് ചെയ്തിട്ടില്ലെന്നുള്ളതുകൊണ്ട് പുതിയ കാര്യമാണ്.

സർ, കയറിനെ സംബന്ധിച്ചിടത്തോളം ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും ചർച്ച നടത്തിയതാണ്. കയർ വ്യവസായത്തെ സഹായിക്കാൻവേണ്ടി കയർ ഫെഡിനുതന്നെ ഗവൺമെൻറ് പണം നൽകിയിട്ടുണ്ട്. ഹാൻറ്ലൂമിനെ സംബന്ധിച്ചിടത്തോളം ഒരു ഭവനനിർമ്മാണ പദ്ധതി ഈ ഗവൺമെൻറ് ഏറ്റെടുത്തിട്ടുണ്ട്. ഇതൊക്കെ നടന്നിട്ട് ഞങ്ങൾ ഒന്നും കണ്ടില്ല കേട്ടില്ല എന്ന് നടിച്ച്, ഇത്രയധികം നിർദ്ദയമായി പെരുമാറണമോയെന്ന് ഞാൻ ചോദിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർമാരോട് ഞാൻ ഒന്നേ പറയുന്നുള്ളൂ. കേരളീയർ പ്രബുദ്ധരാണ്. കേരളത്തിലെ ജനങ്ങൾക്ക് ഈ വ്യവസായരംഗത്ത് നടത്തിയിട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായരംഗത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾ വിലയിരുത്തുമ്പോൾ ഈ കഴിഞ്ഞ നാലു വർഷവും, 1982-ന് മുമ്പുള്ള വർഷവുമായി താരതമ്യപ്പെടുത്തിനോക്കണം. ഈ നാലു വർഷത്തിലുണ്ടായ പുരോഗതി, ഈ നാലു വർഷത്തിനുള്ളിൽ ഉണ്ടായ വ്യവസായ നേട്ടങ്ങൾ ഇവയൊന്നുംതന്നെ മുമ്പ് ഉണ്ടായിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പരോട് ഞാൻ പറയുന്നു, വ്യവസായവകുപ്പിനെപ്പറ്റി നമുക്ക് അടുത്ത കൊല്ലവും ഒരു ചർച്ച നടത്താം. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ നിങ്ങൾ ആ ഭാഗത്തും ഞങ്ങൾ ഈ ഭാഗത്തും ഇരുന്നുകൊണ്ട് വീണ്ടും ചർച്ച നടത്താം. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച വെട്ടിക്കുറയ്ക്കൽ നിർദ്ദേശം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച വെട്ടിക്കുറയ്ക്കൽ നിർദ്ദേശം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച വെട്ടിക്കുറയ്ക്കൽ നിർദ്ദേശം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച വെട്ടിക്കുറയ്ക്കൽ നിർദ്ദേശം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച വെട്ടിക്കുറയ്ക്കൽ നിർദ്ദേശം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച വെട്ടിക്കുറയ്ക്കൽ നിർദ്ദേശം സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. പി. വിജയദാസ് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. കെ. അബ്ദു അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഡോ. എ. സുബ്ബറാവു അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

വ്യവസായങ്ങളും എന്ന മുപ്പത്തിയെട്ടാം നമ്പർ ധനാഭ്യർത്ഥനകളുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സംബന്ധിച്ച് .....

ശ്രീ. ബേബിജോൺ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—72

1. ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, സി. ടി. അഹമ്മദാലി
5. ,, കെ. അവുക്കാദർകുട്ടിനഹ
6. ,, ആർ. ബാലകൃഷ്ണപിള്ള
7. ,, പി. കെ. കെ. ബാവ
8. ,, യു. എ. ബീരാൻ
9. ,, ബെന്നി ബഹനാൻ
10. ,, പി. ടോസ്കരൻ
11. ,, വി. ദിനകരൻ
12. ,, എ. ജോർജ്ജ്
13. ,, കെ. എം. ഹംസക്കുഞ്ഞ്
14. ,, എം. എം. ഹസ്സൻ
15. ,, എ. എൽ. ജേക്കബ്
16. ,, ടി. എം. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. സി. ജി. ജനാർദ്ദനൻ
18. ,, ടി. എസ്. ജോൺ
19. ,, എ. സി. ജോസ്
20. ഡോക്ടർ കെ. സി. ജോസഫ്
21. ശ്രീ. കെ. സി. ജോസഫ്
22. ,, പി. ജെ. ജോസഫ്
23. ,, വി. വി. ജോസഫ്
24. ,, കെ. കെ. നായർ
25. ശ്രീമതി എം. കമലം
26. ശ്രീ. കെ. ജി. ആർ. കർത്താ
27. ,, ജി. കാർത്തികേയൻ
28. ,, കെ. കരുണാകരൻ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ,, മണിമംഗലത്ത് കുട്ട്യാലി
31. ,, ഇ. ജെ. ലൂക്കോസ്
32. ,, കെ. പി. എ. മജീദ്
33. ,, കെ. എം. മാണി
34. ,, എം. വി. മാണി
35. ,, കെ. മുഹമ്മദാലി
36. ,, ഇ. ടി. മുഹമ്മദ് ബഷീർ
37. ,, പി. എ. മുഹമ്മദ്കണ്ണ്
38. ,, പി. വി. മുഹമ്മദ്
39. ,, ടി. എച്ച്. മുസ്തഫ
40. ,, കെ. എസ്. നാരായണൻ നമ്പൂതിരി
41. ,, കെ. പി. നൂറുദ്ദീൻ
42. ,, ഉമ്മൻചാണ്ടി
43. ,, തച്ചടി പ്രഭാകരൻ
44. ,, കെ. രാഘവൻ മാസ്റ്റർ
45. ,, രാഘവൻ പൊഴക്കടവിൽ
46. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
47. ,, കെ. പി. രാമചന്ദ്രൻ നായർ
48. ,, എസ്. രാമചന്ദ്രൻ പിള്ള
49. ,, തേറമ്പിൽ രാമകൃഷ്ണൻ
50. ,, കെ. പി. രാമൻ
51. ,, രമേശ് ചെന്നിത്തല
52. ,, തോപ്പിൽ രവി
53. ,, വയലാർ രവി
54. ,, എൻ. ശക്തൻനാടാർ
55. ,, പി. സീതിഹാജി
56. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
57. ,, കടവൂർ ശിവദാസൻ
58. ,, നാലകത്ത് സൂപ്പി
59. ,, കെ. കെ. ശ്രീനിവാസൻ
60. ,, എൻ. ശ്രീനിവാസൻ
61. ,, പന്തളം സുധാകരൻ
62. ,, കോട്ടക്കുഴി സുകുമാരൻ
63. ,, സി. എം. സുന്ദരം
64. ,, എൻ. സുന്ദരൻനാടാർ

LIBRARY ARCHIVES Kerala Legislative Assembly

65. ശ്രീ. വി. സുന്ദരൻ പിള്ള
66. ,, പി. പി. തങ്കച്ചൻ
67. ,, സി. എഫ്. തോമസ്
68. ,, കെ. കെ. തോമസ്
69. ,, പി. സി. തോമസ് (തിരുവല്ല)
70. ,, പി. കെ. വേലായുധൻ
71. ,, ടി. വി. വിജയരാജൻ
72. ,, സ്റ്റീഫൻ പാദുവ

പ്രതികൂലിക്കുന്നവർ—54

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. ഭരതൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
9. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
10. ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
11. ശ്രീമതി പി. ദേവൂട്ടി
12. ശ്രീ. കെ. ജെ. ജോർജ്ജ്
13. ശ്രീമതി കെ. ആർ. ഗൗരി
14. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
15. ,, ടി. കെ. ഹംസ
16. ,, കെ. ഇ. ഇസ്മയിൽ
17. ,, എം. ജിനദേവൻ
18. ,, ഇ. കെ. നായനാർ
19. ,, വി. സി. കബീർ
20. ,, കെ. ടി. കണാരൻ
21. ,, എം. കെ. കേശവൻ
22. ,, വി. കേശവൻ
23. ,, സി. ടി. കൃഷ്ണൻ
24. ,, കെ. കൃഷ്ണൻകുട്ടി
25. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ,, കെ. ടി. കുമാരൻ
27. ,, പി. കുമാരൻ
28. ,, പി. വി. കുഞ്ഞിക്കണ്ണൻ
29. ,, ലോനപ്പൻ നമ്പാടൻ
30. ,, സി. പി. മുസ്സാൻകുട്ടി
31. ,, കെ. മൂസ്സക്കുട്ടി
32. ,, എ. കെ. പത്മനാഭൻ
33. ,, ഇ. പത്മനാഭൻ
34. ,, കെ. പങ്കജാക്ഷൻ
35. ,, ടി. പി. പീതാംബരൻ മാസ്റ്റർ
36. ,, കെ. പി. പ്രഭാകരൻ
37. ,, കെ. പുരുഷോത്തമൻ
38. ശ്രീമതി റെജി സക്കറിയ പനവേലി

LIBRARY ARCHIVES Kerala Legislative Assembly

39. ശ്രീ. വർക്കല രാധാകൃഷ്ണൻ
40. ,, വി. കെ. രാജൻ
41. ,, കാനം രാജേന്ദ്രൻ
42. ,, കെ. ശങ്കരനാരായണ പിള്ള
43. ,, എ. കെ. ശശീന്ദ്രൻ
44. ,, എ. സി. ഷൺമുഖദാസ്
45. ഡോക്ടർ എ. സുബ്ബറാവു
46. ശ്രീ. എ. വി. താമരാക്ഷൻ
47. ,, സി. കെ. തങ്കപ്പൻ
48. ,, വി. ജെ. തങ്കപ്പൻ
49. ,, എസ്. ആർ. തങ്കരാജ്
50. ,, പി. സി. തോമസ് (കടുത്തുരുത്തി)
51. ,, ആർ. എസ്. ഉണ്ണി
52. ,, ജി. വരദൻ
53. ,, സി. വാസുദേവമേനോൻ
54. ,, പി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

അനുകൂലിക്കുന്നവർ — 72
പ്രതികൂലിക്കുന്നവർ — 54
നിഷ്പക്ഷർ — ഇല്ല

പ്രമേയം പാസ്സായതായും ഗ്രാന്റ് അനുവദിച്ചതായും പ്രഖ്യാപിക്കപ്പെട്ടു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഡിമാന്റുകൾ

സംസ്ഥാന നിയമസഭയെന്ന ഒന്നാം നമ്പർ ധനാഭ്യർത്ഥനയുടേയും തെരഞ്ഞെടുപ്പ് എന്ന നാലാം നമ്പർ ധനാഭ്യർത്ഥനയുടേയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന ഏഴാം നമ്പർ ധനാഭ്യർത്ഥനയുടേയും ട്രഷറികളും അക്കൗണ്ടുകളും എന്ന പത്താം നമ്പർ ധനാഭ്യർത്ഥനയുടേയും സ്റ്റേഷനറിയും അച്ചടിയും ഭരണപരമായ മറ്റു സർവ്വീസുകളുമെന്ന പതിനാലാം നമ്പർ ധനാഭ്യർത്ഥനയുടേയും പെൻഷനും പലവകയും എന്ന പതിനാറാം നമ്പർ ധനാഭ്യർത്ഥനയുടേയും വാർത്താവിതരണവും പ്രചരണവും എന്ന ഇരുപത്തിനാലാം നമ്പർ ധനാഭ്യർത്ഥനയുടേയും പ്രകൃതിക്ഷോഭത്തിനിരയായവർക്ക് ദുരിതാശ്വാസം എന്ന ഇരുപത്തിയേഴാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന ഇരുപത്തിയൊൻപതാം നമ്പർ ധനാഭ്യർത്ഥനയുടേയും നഷ്ടപരിഹാരവും അവകാശക്കൈമാറ്റങ്ങളും എന്ന നാൽപത്തിനാലാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക വായ്പകളും മുൻകൂറുകളും എന്ന നാൽപത്തിയാറാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 1986-'87 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ഗ്രാന്റുകൾ അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലൈ 23-ാം തീയതി ബുധനാഴ്ച വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.37-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly